**PONTIFICAL COUNCIL FOR CULTURE**
**PONTIFICAL COUNCIL FOR INTERRELIGIOUS DIALOGUE**

# *JESUS CHRIST*
## *THE BEARER OF THE WATER OF LIFE*

***A christian reflection on the "New Age''***

# യേശുക്രിസ്തു ജീവജലത്തിന്റെ വാഹകൻ

## *"ന്യൂ ഏജ്"* നെക്കുറിച്ചൊരു ക്രിസ്ത്യൻ വിചിന്തനം

**CHILDREN OF THE IMMACULATE HEART OF HOLY MARY**

Malayalam
**YESUKRISTHU JEEVAJALATHINTE VAHAKAN**
(A Christian  Reflection on the New Age)
*(www.vatican.va/roman-curia/pontifical-councils/interelg-doc20030203-new-age-en.html)*

Transalated by:
**John Jose Chiramel**

Page layout & Designing
**Modern Angamaly**

Cover Design
**Jinto Joseph K.**

Published  by:
**Children of The Immaculate Heart of Holy Mary**
P.B.NO: 122, IRINJALAKUDA, 680121, Ph : +91 9496 28 81 33, +91 9447 64 45 77
email: childrenofimmaculateheart@gmail.com

First Edition
**June  2016**

**Price: Rs.100/-**

**All rights reserved.**
No part of this malayalam publication may be reproduced in any form or by any means, electronic, or mechanical, including photo copying, recording, or any information storage and retrieval system without permission in writting from the publisher

Printed  at:
**Modern Graphics Angamaly**

# കാലഘട്ടത്തിന്റെ ആവശ്യം

ക്രൈസ്തവ വിശ്വാസ സമൂഹം തങ്ങളുടെ വിശ്വാസ ജീവിത ക്രമീകരണത്തിൽ വലിയ ആശയക്കുഴപ്പത്തിലായിരിക്കുന്ന ഒരു സമയത്തിലൂടെയാണ് കടന്നുപോയികൊണ്ടിരിക്കുന്നത്. ചുറ്റുപാടുമുള്ള ആചാരാനുഷ്ഠാനങ്ങളിൽനിന്ന് തന്റേത് ഏതെന്ന് തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിലാണ് ഇന്ന് വിശ്വാസി. താൻ അനുഷ്ഠിക്കുന്നവ പലപ്പോഴും ദൈവപ്രമാണങ്ങളെ ലംഘിക്കുന്നതാണെന്നും പാപമാണെന്നും അവന് മനസ്സിലാക്കാനാവുന്നില്ല. മതാനുകരണങ്ങളെ സാംസ്കാരികാനുരൂപണമാക്കികൊണ്ടുള്ള കാട്ടികൂട്ടലുകളിൽ അങ്ങനെ അവൻ അകപെടുന്നു. ഇത്തരം അനുകരണങ്ങൾ ആധുനിക സാമൂഹ്യ ക്രമത്തിൽ അവനെ യേശുക്രിസ്തുവിൽ നിന്നും കൂടുതൽ അകറ്റികൊണ്ടിരിക്കുന്നു.

എന്റെ അജപാലന ശുശ്രൂഷാ ജീവിതത്തിൽ ഇത്തരത്തിലുള്ള ആശയകുഴപ്പങ്ങളിൽപെട്ട് ഉഴലുന്നവരെ നിരവധി കണ്ടിട്ടുണ്ട്. ഇന്ന് ഇത്തരം ആശയകുഴപ്പങ്ങൾ വിശ്വാസികളെ സൗകര്യപൂർവ്വമായ ഒരു സമവായത്തിലേക്ക് എത്തിച്ചിരിക്കുന്നു. സമൂഹത്തിന് കൂടുതൽ സ്വീകാര്യമായ ധ്യാനരീതികളെ (യോഗ, ആർട്ട് ഓഫ് ലീവിങ്ങ്, പ്രാണിക് ഹീലിങ്ങ്, റെയ്കി......തുടങ്ങിയവ) തങ്ങളുടെ വിശ്വാസ ജീവിതത്തിന്റെ ഭാഗമാക്കുക എന്നതാണ് ആ സമവായം. ഇത്തരം തീരുമാനങ്ങൾ വിശ്വാസത്തെ സംബന്ധിച്ച് (ആത്മീയ മനുഷ്യനെ സംബന്ധിച്ച്) വലിയ ദുരന്തമാകുന്ന സമയത്താണ് **വിമലഹൃദയത്തിന്റെ മക്കൾ** വിശ്വാസികൾക്ക് ഏറെ സഹായകരമാകുന്ന സഭയുടെ ഔദ്യോഗിക പഠനരേഖകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാൻ തയ്യാറായിരിക്കുന്നത്.

കത്തോലിക്ക തത്വങ്ങളേയും, ആത്മീയതയേയും കുറിച്ച് വ്യക്തമായ അറിവുണ്ടാക്കി ഇത്തരം ധ്യാനരീതികളെ വിവേചിക്കാൻ വിശ്വാസികളെ പഠിപ്പിക്കാൻ ഞാനുൾപ്പെടെയുള്ള അജപാലകർക്ക് ഈ പഠനരേഖകൾ സഹായകരമാണ്. ഇന്ന് ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടതും ജാതിമത വ്യത്യാസമില്ലാതെ ഏവരും നിരുപാധികം പുണരുന്ന പൗരസ്ത്യ ധ്യാനരീതികൾ, രക്ഷകനായ ദൈവത്തെ അവഗണിച്ച് തന്നിലേയ്ക്ക് തന്നെ തിരിയുന്നതിന് ലോക ജനതയെ പ്രേരിപ്പിക്കുന്നു. ആത്മീയവും ശാരീരികവുമായ താല്കാലിക ആശ്വാസങ്ങൾ ഇവയിൽ തേടിപ്പോകുന്നവർ വിശ്വാസപരമായ വലിയ വഞ്ചനയ്ക്ക് വശംവദരാകുന്നത് ഇന്നു നമ്മൾ കണ്ടു വരുന്നു.

ഏകരക്ഷകനും ദൈവപുത്രനുമായ യേശു ക്രിസ്തുവിനെ വിശ്വസിച്ച് ഏറ്റുപറയുക എന്നത് മാത്രമാണ് രക്ഷിക്കപ്പെടുന്നതിനുള്ള ഏകമാർഗ്ഗം എന്നതിനാൽ, കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് സഭയുടെ ഈ പഠനങ്ങൾ സാധാരണ വിശ്വാസികളിൽ എത്തിക്കുന്നതിന് **വിമലഹൃദയത്തിന്റെ മക്കൾ** ഇത്തരത്തിൽ ഒരു ശ്രമം നടത്തിയത് ശ്ലാഘനീയമാണ്. യേശുക്രിസ്തുവിലുള്ള നമ്മുടെ ജീവിതങ്ങൾ നേർരേഖയിലുള്ളതും കൃത്യതയിലുള്ളതുമാകുന്നതിന് ഈ പഠനരേഖകളുടെ സൂക്ഷ്മമായ വായനയും വിചിന്തനവും സാധാരണ വിശ്വാസികളെ സഹായിക്കുമെന്നത് നിസ്തർക്കമാണ്. അതിനാൽ തന്നെ ഇവയുടെ ഗൗരവപൂർവ്വമായ വായനയ്ക്ക് മുഴുവൻ അജപാലകരേയും വിശ്വാസികളേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു.

ഫാ. ഫ്രാൻസീസ് ഏഴാനിക്കാട്ട് MST
Spiritual Director

## പ്രസാധക കുറിപ്പ്

കത്തോലിക്ക സഭ പഠിച്ച് അംഗീകരിച്ച് പ്രസിദ്ധീകരിച്ച ഫാത്തിമ സന്ദേശത്തിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് ഫാത്തിമ സന്ദേശങ്ങളുടെ പ്രചാരണവും മറിയത്തിന്റെ വിമലഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെടേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചുള്ള ബോധവത്ക്കരണവും നടത്തികൊണ്ടിരിക്കുമ്പോൾ വിശ്വാസികളുമായുള്ള സമ്പർക്കത്തിൽ നിന്നും ഒരു കാര്യം മനസിലാക്കി. അതായത്, ഭക്താഭ്യാസങ്ങൾക്ക് ഒരുവന്റെ മാനസികവും ശാരീരികവുമായ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ സാധിക്കുന്നില്ല, അതിനാൽ അവൻ ഉണർവിനും ഉന്മേഷത്തിനും മാനസികവും ശാരീരികവുമായ സൗഖ്യത്തിനും വേണ്ടി നവീകരണ ധ്യാനങ്ങൾക്കു പുറമേ പുതിയ ഉറവിടങ്ങൾ തേടുന്നതായി മനസ്സിലാക്കാൻ സാധിച്ചു. അതായത് ഏകാഗ്രതക്കും ശരീരത്തിന്റെ താൽകാലിക ആശ്വാസങ്ങൾക്കും വേണ്ടി നവയുഗ അത്മീയതയെ (യോഗ, ആർട്ട് ഓഫ് ലിവിങ്, പ്രാണിക് ഹീലിങ്, റെയ്കി...... തുടങ്ങിയവ) അവർ ആശ്രയിക്കാൻ തുടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന്, ഒരു ക്രൈസ്തവ വിശ്വാസി ദിവ്യബലിക്കു മുൻപ് പരിശുദ്ധാത്മാവ് മനസിലേയ്ക്ക് കൊണ്ടുവരുന്ന വ്യക്തികളേയും സാഹചര്യങ്ങളേയും അപ്പത്തിനും വീഞ്ഞിനുമൊപ്പം സമർപ്പിച്ച് പ്രാർത്ഥിക്കാൻ കടപ്പെട്ടവനാണ്. എന്നാൽ ഇപ്പോൾ സ്വാഭാവേനയുള്ള ഈ ദൈവാത്മാവിന്റെ പ്രവർത്തനങ്ങളെ നിർബന്ധമായി ന്യൂ ഏജ് ടെക്നിക്കുകളിലൂടെ ഇല്ലാതാക്കി 'ഏകാഗ്രത' പ്രാപിക്കാൻ കുറുക്കുവഴി തേടുന്നു. ആത്മീയതയുടെ മേഖലകളിൽ എന്നതുപോലെതന്നെ ഇത്തരം തന്ത്രങ്ങൾ വിദ്യാഭ്യാസ ഉദ്യോഗസ്ഥ രംഗങ്ങളിലും ഇന്ന് സഫലമാക്കിവരുന്നു. ഇതിലൂടെ സംഭവിക്കുന്ന വിശ്വാസച്യുതി രക്ഷകനായ (വ്യക്തിയായ) ദൈവത്തെ അവഗണിച്ചുകൊണ്ട് പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി തന്നിലേക്ക് തന്നെ തിരിയുന്ന ഒരു അവസ്ഥ സംജാതമാക്കുന്നു. (സ്വയം ദൈവമാകുക എന്ന ന്യൂ ഏജ് കാഴ്ചപ്പാട്)

സാത്താൻ ഹൗവ്വായെ പ്രലോഭിപ്പിച്ചത് നീ ദൈവമാകും എന്ന കാഴ്ചപ്പാട് കൊടുത്തുകൊണ്ടാണ്. ദൈവമാകാനുള്ള വ്യഗ്രതയിൽ സാത്താനെപോലെ ആയതിന്റെ ദുരന്തങ്ങൾ അന്നുമുതൽ മനുഷ്യവംശം അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ തന്നെ "സ്വയം പൂജ" നടത്തി "സ്വയം ദൈവ"മാകാനുള്ള ന്യൂ ഏജ് ടെക്നിക്കുകളെ കുറിച്ച് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ഉത്തരവ് അനുസരിച്ച് അന്നത്തെ വിശ്വാസ തിരുസംഘത്തിന്റെ തലവനായിരുന്ന കർദ്ദിനാൾ ജോസഫ് റാറ്റ്സിംങ്ങർ (ഇപ്പോഴത്തെ പോപ്പ് എമിററ്റസ് ബനഡിക്ട് XVI) കത്തോലിക്കാ സഭയിലെ ബിഷപ്പുമാർക്കായി 15-11-1989 ൽ നല്കിയ ഒറാസിയോന്നിസ് ഫോർമാസ് (ORATIONIS FORMAS), Jesus Christ the Bearer of the Water of the Life എന്നീ രേഖകൾ മുന്നറിയിപ്പ് നല്കിയിട്ടുണ്ട്.

ഈ രേഖകളുടെ പരിഭാഷ മലയാളി ക്രിസ്ത്യാനികൾക്ക് എത്തിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് **വിമലഹൃദയത്തിന്റെ മക്കൾ** മനസിലാക്കുകയും അറിവില്ലായ്മ മൂലം സാധാരണ വിശ്വാസികൾ ഈ കെണികളിൽ വീഴാതിരിക്കാൻ ഇവയുടെ മലയാള പരിഭാഷ പ്രസിദ്ധീകരിക്കാൻ തയ്യാറാവുകയുമാണ്. ന്യൂ ഏജ് പ്രസ്ഥാനത്തിൽ

ഉൾപ്പെടെ എല്ലാവർക്കും ഇന്ന് ക്രിസ്തു എന്ന പദം സ്വീകാര്യമായിരിക്കുന്നു. എന്നാൽ അവർ പറയുന്ന ഈ ക്രിസ്തു അമലോത്ഭവ മറിയത്തിന്റെ പുത്രനായ, ലോകരക്ഷകനും ഏകദൈവവുമായ നസ്രായനായ യേശുക്രിസ്തുവല്ല. മറിയത്തിന്റെ പുത്രനായ യേശുവിന് പ്രാപഞ്ചിക ശക്തിയുടെ (Universal Consciousness / Christ) ഭാഗമായ ചരിത്രപുരുഷന്മാരിലൊരാളായി കണക്കാക്കുന്നു (JCBWL 2.3.4.2....). ഇതുമൂലം സാധാരണ വിശ്വാസികൾ കബളിപ്പിക്കപ്പെടുന്നു.

ഈ പ്രാമാണിക രേഖ തന്നെ വ്യക്തമാക്കുന്നതുപോലെ, അജപാലന രംഗത്ത് പ്രവർത്തിക്കുന്നവർക്കായിട്ടാണ് മുഖ്യമായും ഈ വിചിന്തനങ്ങൾ നല്കുന്നത്. ന്യൂ ഏജ് പ്രവണതകൾ എപ്രകാരമാണ് ക്രിസ്തീയ വിശ്വാസത്തിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നത് എന്ന് വിശദീകരിക്കുവാൻ അതുവഴി അവർക്കു സാധിക്കും. വി. പൗലോസ് തിമോത്തിയോസിനോട് പറയുന്നതുപോലെ ...... എന്നിൽ നിന്നും കേട്ടവ മറ്റുള്ളവരെകൂടി പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്ക് പകർന്നുകൊടുക്കുക (2 തിമോ 2:2) എന്ന ദൗത്യം ഏറ്റെടുക്കാൻ സത്യവിശ്വാസം പരിശീലിപ്പിക്കാൻ ഏൽപ്പിക്കപ്പെട്ടവർ തയ്യാറാകണം. "ന്യൂ ഏജ് പ്രതിപാദ്യവിഷയങ്ങളെ വേണ്ട രീതിയിൽ വിലയിരുത്താനായി കത്തോലിക്കർ, പ്രാമാണിക കത്തോലിക്ക തത്വങ്ങളേയും ആത്മീയതയേയും കുറിച്ച് വ്യക്തമായ അറിവുണ്ടാക്കണമെന്ന് ഈ പ്രസിദ്ധീകരണം ആവശ്യപ്പെടുന്നു" (JCBWL ആമുഖം).

അമേരിക്കയിലെ മെത്രാൻ സംഘത്തോട് വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞതുപോലെ "നമ്മുടെ രക്ഷകനായ ക്രിസ്തുവിന് മാത്രം നല്കാൻ കഴിയുന്ന യഥാർത്ഥ ജീവജലത്തിനുവേണ്ടിയുള്ള മനുഷ്യ ഹൃദയത്തിന്റെ ദാഹത്തിനു നേരെ വേണ്ടത്ര ശ്രദ്ധ കൊടുത്തിട്ടുണ്ടോ എന്ന് അജപാലകർ സത്യസന്ധമായി അവരോട് തന്നെ ചോദിക്കേണ്ടിയിരിക്കുന്നു."

സത്യവിശ്വാസമെന്ന മഹാനിധിയെ എന്തുവിലകൊടുത്തും കാത്തുസൂക്ഷിക്കുന്നവരാകുവാനും നവയുഗ ആത്മീയതയുടെ ഉപാസകരും, പ്രചാരകരും ആകാതിരിക്കാനും സഭാമക്കൾ എല്ലാവരും പ്രതിജ്ഞാബദ്ധരാകട്ടെ. അല്ലാത്തപക്ഷം അവർ കർത്താവിന്റെ ചിലവിൽ സാത്താന്റെ സാമ്രാജ്യം വിസ്തൃതമാക്കുന്നവരായി ഭവിക്കും.

ഇത് പരിഭാഷപ്പെടുത്തുവാൻ അഞ്ച് വർഷത്തിലധികമായി പലരേയും ഞാൻ സമീപിച്ചു. കഴിവുള്ളവർ പലരും അതുബുദ്ധിമുട്ടാണ് എന്നു പറഞ്ഞും ചിലർ കുറച്ചു തർജ്ജമ ചെയ്തു അസ്വസ്ഥരായും തിരിച്ചുതന്നു. ഈ സാഹചര്യത്തിലാണ് ഈ കൂട്ടായ്മയിലെ ശ്രീ. ജോൺ ജോസ് ചിറമേൽ മുന്നോട്ട് വന്നത്. ജോണിന്റെ അക്ഷീണ പരിശ്രമത്തിന്റെ ഫലമായും കൂട്ടായ്മയിലെ അംഗങ്ങളുടെ പ്രാർത്ഥന, പ്രായ്ശ്ചിത്ത പരിഹാര പ്രവൃത്തികളുടെ ഫലമായാണ് ഇത് പ്രസിദ്ധീകരിക്കാൻ സാധിച്ചത്. കൂട്ടായ്മയിലെ അംഗങ്ങൾക്കും പ്രത്യേകിച്ച് ജോണിനും നന്ദിയും അഭിനന്ദനങ്ങളും അർപ്പിക്കുന്നു. എല്ലാററിനുപരി എല്ലാം സാധ്യമാക്കുന്ന ദൈവത്തിനു സ്തുതി!

**വിമല ഹൃദയത്തിന്റെ മക്കൾക്കുവേണ്ടി,**
യേശു മറിയത്തിൽ
മാർട്ടിൻ പഞ്ഞിക്കാരൻ



**മാർ ജേക്കബ് മനത്തോടത്ത്**

പാലക്കാട് രൂപതയുടെ മെത്രാൻ

## *To do what pleases Him ........ (John 8:29)*

## അവതാരിക

ആധുനിക കാലഘട്ടത്തിൽ കത്തോലിക്ക സഭാകേന്ദ്രത്തിൽ നിന്ന് പ്രസിദ്ധീകരിക്കപ്പെട്ട രണ്ട് പ്രബോധനങ്ങളാണ് "യേശു ജീവ ജലത്തിന്റെ വാഹകൻ" **(Jesus Christ the Bearer of the Water of Life)** എന്ന രേഖയും ക്രിസ്ത്യൻ പ്രാർത്ഥനയേയും ധ്യാനരീതികളേയും സംബന്ധിച്ച് കത്തോലിക്ക സഭയിലെ ബിഷപ്പുമാർക്ക് അയച്ച ഒറാസിയോന്നിസ് ഫോർമാസ് **(ORATIONIS FORMAS)** എന്ന രേഖയും. ഈ രണ്ട് രേഖകളും യഥാക്രമം ന്യൂ ഏജ് പ്രവണതകളുടെ അടിസ്ഥാന തത്വങ്ങൾ എപ്രകാരമാണ് കത്തോലിക്ക വിശ്വാസത്തിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നതെന്നും, അക്രൈസ്തവ പ്രാർത്ഥനാ രീതികൾ എപ്രകാരമാണ് ക്രിസ്ത്യൻ പ്രാർത്ഥനാ ധ്യാന രീതികളിൽ നിന്ന് വ്യത്യസ്തമായിരിക്കുന്നതെന്നും സൂക്ഷ്മമായി വിശദീകരിക്കുന്നുണ്ട്. യേശു ജീവ ജലത്തിന്റെ വാഹകൻ എന്ന രേഖയിൽ ഇങ്ങനെ പറയുന്നു; "ഈ വിചിന്തനത്തിന്റെ സംഭാവന എന്നു പറയുന്നത്, കത്തോലിക്കരെ ന്യൂ ഏജ് ചിന്താഗതിയുടെ അടിസ്ഥാന തത്വങ്ങളെ കുറിച്ച് മനസ്സിലാക്കുവാൻ സഹായിക്കുക എന്നതാണ്. അതുവഴി അവർ നേരിടുന്ന ന്യൂ ഏജിന്റെ ഘടകങ്ങളെ കുറിച്ച് ക്രിസ്തീയ വിലയിരുത്തൽ നടത്താൻ അവർക്ക് സാധിക്കും" (അധ്യായം-2). ലോകം വെച്ചു നീട്ടുന്ന എല്ലാറ്റിനേയും കണ്ണുമടച്ച് ക്രിസ്തുവിശ്വാസി സ്വീകരിക്കാൻ പാടില്ല. ഏറ്റവും മഹത്തായ ക്രിസ്തിയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെ നിർബന്ധമായും പരിശോധിക്കണമെന്ന് ഈ രേഖയിൽ ആവശ്യപ്പെടുന്നുണ്ട്.

പാപം എന്ന യാഥാർത്ഥ്യത്തെ ന്യൂ ഏജ് പ്രവണതകൾ തന്ത്രപരമായി നിഷേധിക്കുന്നുണ്ട്. അതുവഴി നമ്മുടെ രക്ഷകനായ യേശു

ക്രിസ്തുവിനെയും നിഷേധിക്കുന്നു എന്ന സത്യം ഈ രേഖ തുറന്നു കാണിക്കുന്നു. "ന്യൂ ഏജിൽ നന്മയായതും പാപമായതും തമ്മിലുള്ള വേർതിരിവില്ല. എല്ലാ മാനുഷിക പ്രവർത്തികളും ഒന്നുകിൽ പ്രകാശിപ്പിക്കപ്പെട്ട മനസ്സിന്റെയോ അല്ലെങ്കിൽ അറിവില്ലായ്മയുടെയോ ഫലങ്ങളാണ്. അതുകൊണ്ട് ന്യൂ ഏജ് ചിന്താഗതി അനുസരിച്ച് ആരെയും കുറ്റം വിധിക്കാൻ കഴിയില്ല, ആർക്കും പാപമോചനത്തിന്റെ ആവശ്യവും ഇല്ല." പാപത്തിന്റെ അസ്തിത്വത്തെ വിശ്വസിക്കുന്നത് ഭയവും നിഷേധാത്മകത്ത്വവും ഉണ്ടാക്കാനേ ഉപകരിക്കുകയുള്ളു എന്നാണ് അവർ കരുതുന്നത്" (അധ്യായം-2.2.2). വീണ്ടും ആ രേഖയിൽ ഇങ്ങനെ നാം വായിക്കുന്നു; "ന്യൂ ഏജ്, പൗരസ്ത്യ മതാനുഷ്ഠാനങ്ങളെ കുറേശ്ശെ കുറേശ്ശെയായി ഇറക്കുമതി ചെയുകയും അവയെ പാശ്ചാത്യർക്ക് അനുയോജ്യമായി പുനർവ്യാഖ്യാനം ചെയ്യുകയും ചെയ്യുന്നു. ഇതിൽ പാപം (Sin), മോക്ഷം (Salvation) തുടങ്ങിയ മൊഴികളുടെ നിരാകരണം അടങ്ങിയിരിക്കുന്നു. അവയ്ക്ക് പകരം ധാർമ്മികമായി നിഷ്പക്ഷ മൊഴികളായ ആസക്തി (Addiction), മോചനം (Recovery)എന്നിവ വയ്ക്കുന്നു." (അധ്യായം-2.4). ഈ കാലഘട്ടത്തിൽ ഒരു സാധാരണ ക്രിസ്തുവിശ്വാസിയുടെ മുന്നിലെ ചതികുഴികൾ എന്തൊക്കെയാണ് എന്ന് ഈ രേഖ വ്യക്തമായി കാണിച്ചുതരുന്നു. എന്തെന്നാൽ പാപത്തെപ്പറ്റി ശരിയായ ആശയത്തേയും ക്രിസ്തുവിലൂടെയുള്ള പാപമോചനത്തിന്റെ അവശ്യകതയേയും ന്യൂ ഏജിൽ കിഴ്മേൽ മറിക്കുന്നു (അധ്യായം-6.1).

ക്രൈസ്തവ കാഴ്ച്ചപാടിൽ പരിശുദ്ധാത്മാവിലൂടെയുള്ള വെളിച്ചത്തിന് മാത്രമെ പാപമെന്ന യാഥാർത്ഥ്യത്തെ പ്രത്യേകിച്ചും മനുഷ്യരാശിയുടെ ഉത്ഭവപാപത്തെ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ ഈ വെളിപാടിന്റെ അറിവ് കൂടാതെ, പാപത്തെ നമ്മുക്ക് പൂർണ്ണമായി മനസ്സിലാക്കുവാൻ സാധിക്കുകയില്ല. ഇതിനെ നിഷേധിച്ചാൽ പാപത്തെ വളർച്ചയിലെ കുറവ്, മാനസിക ദൗർബല്യം, ഒരു തെറ്റ് അല്ലെങ്കിൽ അപര്യാപ്തമായ സാമൂഹ്യഘടനയുടെ ഒഴിച്ചുകൂടാനാവത്ത അനന്തരഫലം എന്നിങ്ങനെ വിശദീകരിക്കാൻ തുടങ്ങും. മനുഷ്യനെ കുറിച്ചുള്ള ദൈവിക പദ്ധതിയുടെ അറിവിലൂടെ മാത്രമെ ദൈവം, തന്നെ സ്നേഹിക്കാനും മറ്റുള്ളവരെ സ്നേഹിക്കാനും ശക്തരാക്കുന്നതിന് താൻ സൃഷ്ടിച്ച ആളുകൾക്ക് കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം ആണ് പാപം എന്നത് ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ

(അധ്യായം-4). ഇതിൽ നിന്നും ഒരുകാര്യം വ്യക്തമാകുന്നു. അതായത്, ക്രിസ്തീയ ദർശനങ്ങളേയും ന്യൂ ഏജിന്റെ ദർശനങ്ങളേയും യോജിപ്പിലെത്തിക്കുക അസാധ്യമാണ് (അധ്യായം-2.1). പാപത്തേയും യേശുക്രിസ്തുവിലുള്ള രക്ഷയേയും നിഷേധിക്കുന്ന ന്യൂ ഏജ്, പരിപൂർണ്ണത പ്രാപിക്കുന്നതിന് അതിന്റേതായ കാഴ്ച്ചപാടുകൾ വെച്ചുപുലർത്തുന്നുണ്ട് എന്ന് ഈ രേഖ വിശദീകരിക്കുന്നു. ആ കാഴ്ച്ചപാടുകൾ ക്രിസ്തീയ കാഴ്ച്ചപാട് അനുസരിച്ചുള്ള ദൈവീകകൃപയോടുള്ള സഹകരണം എന്നതിന് തികച്ചും വിരുദ്ധമാണ് (അധ്യായം-2.3.4.1). ചുരുക്കത്തിൽ പാപം, യേശുക്രിസ്തുവിലൂടെയുള്ള രക്ഷ എന്നീ യാഥാർത്ഥ്യങ്ങളെ സൗകര്യപൂർവ്വം ന്യൂ ഏജ് അവഗണിക്കുന്നു(അധ്യായം -2.2.3). ഒറാസിയോന്നീസ് ഫോർമാസ് എന്ന രേഖയിൽ പറയുന്നത് പോലെ മനുഷ്യനൊരു സൃഷ്ടിയായതുകൊണ്ട് കൃപയിലൂടെ മാത്രമെ ദൈവവുമായി അടുക്കാൻ സാധിക്കുകയുള്ളൂ; അത് ഏതെങ്കിലും തരത്തിലുള്ള വിദ്യകൾ കൊണ്ട് സാധ്യമല്ല (ഖണ്ഡിക-23).

നാം ഒരു സൃഷ്ടി മാത്രമാണ്. ദൈവം എന്നത് എന്റെ ഏറ്റവും അടിത്തട്ടിനുള്ളതിനേക്കാൾ അഗാധമായതും എന്റെ ഏറ്റവും ഉന്നത സ്ഥിതിയെക്കാൾ ഉയർന്നതുമാണ് (ഖണ്ഡിക-19); മനുഷ്യനായി അവതരിച്ച യേശുവിനെ ഒരുവൻ ഉപേക്ഷിക്കുന്നുവെങ്കിൽ അവന് പൂർണ്ണമായ ദൈവസ്നേഹത്തലേക്ക് കടന്നുവരുക അസാധ്യം ആണ് (ഖണ്ഡിക-20). മേല്പ്പറഞ്ഞ രേഖയിലെ ഈ വെളിപ്പെടുത്തലുകൾ ക്രിസ്ത്യാനികൾക്ക് തെറ്റായ ധ്യാനരീതികളിൽ നിന്നും പ്രാർത്ഥന രീതികളിൽ നിന്നും കൃത്യമായ അകലം പാലിക്കാൻ വളരെയധികം സഹായകരമാകും.

ഈ രേഖകൾ മലയാളത്തിലേക്ക് തർജ്ജമചെയ്ത് പ്രസിദ്ധീകരിക്കുന്ന ഉദ്യമത്തിന് എന്റെ പ്രാർത്ഥനാശംസകൾ നേരുന്നു. ഇതിനു മുൻകൈ എടുക്കുന്ന **വിമലഹൃദയത്തിന്റെ മക്കൾക്ക്** യേശു നാമത്തിൽ അഭിനന്ദനങ്ങൾ!. ഈ മലയാള പരിഭാഷ പ്രസിദ്ധീകരണത്തിന് പ്രചുരപ്രചാരം ലഭിക്കട്ടെ എന്ന് ആശംസിക്കുന്നു.

പാലക്കാട്, **മാർ ജേക്കബ് മനത്തോടത്ത്**
31.05.2016. പാലക്കാട് രൂപതയുടെ മെത്രാൻ



**മാർ ജെയ്ക്കബ് തൂങ്കുഴി,**
**ആർച്ച് ബിഷപ്പ് എമിററ്റസ്, തൃശ്ശൂർ.**

## *ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നത് വരെ .......*

### അവതാരിക

ക്രിസ്ത്യൻ ധ്യാനരീതികളെ കുറിച്ചും പ്രാർത്ഥന രീതികളെ കുറിച്ചും  വിശുദ്ധനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ സഭയിലെ ബിഷപ്പ്മാർക്ക് 1989 ൽ അയച്ച കത്ത് **(ഒറാസിയോന്നിസ് ഫോർമാസ്)** അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നവർ നിർബന്ധമായും ഹൃദിസ്ഥമാക്കേണ്ട ഒരു രേഖയാണ്. അന്നത്തെ വിശ്വാസതിരുസംഘത്തിന്റെ പ്രീഫെക്റ്റ്  ആയിരുന്ന, പിന്നീട് ബെനഡിക്റ്റ്  പതിനാറാമൻ മാർപാപ്പയായി സഭയെ നയിച്ച, കർദ്ദി.ജോസഫ് റാറ്റ്സിംങ്ങർ ആണ് ഈ രേഖയുടെ ശിൽപി. പ്രസ്തുത രേഖയിൽ ഇങ്ങനെ നാം വായിക്കുന്നു. “ ധാരാളം ക്രിസ്ത്യാനികൾ തങ്ങളുടെ പരമ്പരാഗത പ്രാർത്ഥനാരീതികൾ നിഷ്പ്രയോജനമായി എന്ന നിഗമനത്തിൽ എത്തിചേർന്നിട്ടുണ്ട്. അതിനാൽ ക്രിസ്ത്യൻ പ്രാർത്ഥനയിൽ ഇതുവരെ അന്യമായ വീജാതീയ പ്രാർത്ഥന രീതികളെ ഉൾകൊള്ളിച്ച്, ക്രിസ്ത്യൻ പൈതൃകത്തെ സമ്പന്നമാക്കാൻ ഇപ്പോൾ സാധിക്കുമോ എന്ന് അവർ ആകാംഷയോടെ ആരായുന്നുണ്ട്.”(ഒറാ ഫോ, ഖണ്ഡിക 2).

ക്രിസ്ത്യൻ പ്രാർത്ഥനയുടെ അതിർത്തി രേഖയും അതിർവരമ്പുകളും ഈ രേഖയിൽ മാർപാപ്പ കൃത്യമായി വരച്ചു കാണിക്കുന്നുണ്ട്. ക്രിസ്ത്യൻ പ്രാർത്ഥനയുടെ അടിസ്ഥാനം ക്രിസ്ത്യൻ വെളിപാടാണ് എന്ന കാര്യം ക്രിസ്ത്യാനികൾ അവഗണിക്കുന്നു. പുത്രനായ യേശുക്രിസ്തു പിതാവായ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തി എന്നതാണ് ക്രിസ്ത്യൻ വെളിപാട്.  അതുകൊണ്ട് ദൈവത്തെ വെളിപ്പെടുത്തിയ യേശുക്രിസ്തുവും പ്രാർത്ഥനയും തമ്മിൽ കൃത്യമായ ബന്ധമുണ്ട് (ഒറാ ഫോ, ഖണ്ഡിക 6). ക്രിസ്ത്യൻ ധ്യാനരീതികളിൽ  പൗരസ്ത്യമായതോ അക്രൈസ്തവമായതോ ആയ ധ്യാനരീതികൾ സംയോജിപ്പിക്കുന്നത് അപകടകരവും തെറ്റുകൾ നിറഞ്ഞതുമാണെന്നും പാപ്പ വ്യക്തമായി ചൂണ്ടിക്കാട്ടിയിട്ടുണ്ട് (ഒറാ ഫോ, ഖണ്ഡിക 12). പുതിയ രീതിയിലുള്ള ധ്യാനരീതികൾ ആവിഷ്കരിക്കുന്നവരെ ശരിക്കും കണ്ണ് തുറപ്പിക്കുന്നതാണ് ഈ രേഖ.

പ്രാർത്ഥനാനുഭവത്തിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള വിദ്യകളും മരുന്നുകളും അവലംബിക്കുന്നതിനെതിരേയും പാപ്പ ഈ രേഖയിൽ പ്രതിപാദിക്കുന്നുണ്ട്. “ ക്രിസ്ത്യൻ ധ്യാനത്തിന്റെ ഒരേയൊരു ലക്ഷ്യമായ

ദൈവസ്നേഹമെന്ന യാഥാർത്ഥ്യം ഏതെങ്കിലും വിദ്യകൾ വഴി കരസ്ഥമാക്കാൻ കഴിയുന്നതല്ല. മറിച്ച്, നമ്മുടെ ദൃഷ്ടി നമ്മോടുള്ള സ്നേഹത്തെ പ്രതി, ദൈവസ്നേഹത്താൽ കുരിശിലേക്ക് എത്തിക്കപ്പെടുകയും ബലിയായി അർപ്പിക്കപ്പെടാൻ പിതാവിനാൽ കൈവിടപ്പെടുകയും ചെയ്ത യേശുക്രിസ്തുവിൽ ഉറപ്പിച്ചുകൊണ്ടായിരിക്കണം അത് പ്രാപിക്കേണ്ടത്" (ഒറാ ഫോ, ഖണ്ഡിക 31). ക്രിസ്ത്യൻ പ്രാർത്ഥനയുടെ വ്യക്തമായ രൂപരേഖയാണ് പാപ്പ ഇവിടെ വരച്ചുകാണിക്കുന്നത്.

ന്യൂ ഏജ് എന്ന സങ്കീർണ്ണ പ്രതിഭാസം മനുഷ്യ സംസ്കാരത്തിന്റെ വളരെയധികം മേഖലകളെ ഇന്ന് സ്വാധീനിച്ചുകൊണ്ടിരിക്കുന്നുണ്ട്. ശരിയായ അറിവില്ലാത്തതുകൊണ്ട് വളരെയധികം ക്രിസ്ത്യാനികൾ ന്യൂ ഏജ് പ്രവണതകളെ ക്രിസ്തീയതയ്ക്ക് പകരം വെയ്ക്കാവുന്നതായിപോലും കണക്കാക്കുന്നു. ന്യൂ എജ് പ്രവണതകളെക്കുറിച്ച് വർഷങ്ങളോളം പഠിച്ച് ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പയുടെ കാലത്ത് 2003 ൽ "യേശു ജീവജലത്തിന്റെ വാഹകൻ" ***(Jesus Christ the Bearer of the Water of Life***) എന്ന പഠനരേഖ പുറത്തിറങ്ങി. "*ന്യൂ ഏജ് ആത്മീയതയെ* കുറിച്ച് ധാരണരൂപപ്പെടുത്തി പ്രതികരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിക്കുന്ന അജപാലകർക്ക് ഈ രേഖ ഒരു ഉത്തമ മാർഗ്ഗദർശിയാകുന്നു" (അദ്ധ്യായം 1, ആമുഖം).

ദൈവം, യേശു, ക്രിസ്തു, പരിശുദ്ധാത്മാവ് , മാലാഖമാർ.... എന്നിങ്ങനെയുള്ള ക്രിസ്ത്യൻ നാമങ്ങൾ തന്നെയാണ് ന്യൂ ഏജ് പ്രവണതകളിൽ ഉപയോഗിക്കപ്പെടുന്നത്. എന്നാൽ ഈ നാമങ്ങൾ ന്യൂ ഏജിൽ ഉപയോഗിക്കുമ്പോൾ ക്രിസ്തീയകാഴ്ചപ്പാടിൽ നിന്നും തികച്ചും വ്യത്യസ്തമായ അർത്ഥമാണ് അവയ്ക്ക് നല്കപ്പെടുക എന്ന് ഈ രേഖകൾ വിളിച്ചറിയിക്കുന്നു.

ഈ രണ്ട് രേഖകളും വിശ്വാസികൾക്കും പ്രത്യേകിച്ച് അജപാലകർക്കും അനിവാര്യമാണ്. ഈ രണ്ട് രേഖകളുടെ മലയാള പരിഭാഷ നടത്തിയിരിക്കുന്ന **പരിശുദ്ധകന്യകാമറിയത്തിന്റെ വിമല ഹൃദയത്തിന്റെ മക്കൾക്ക്** അഭിനന്ദനങ്ങളും ദൈവാനുഗ്രഹങ്ങളും നേരുന്നു. ഈ മലയാള പരിഭാഷ കാലഘട്ടത്തിന്റെ ആവശ്യമാണ്; അല്ല അത്യാവശ്യമാണ്! ഒറാസിയോന്നിസ് ഫോർമാസ് എന്ന രേഖയിൽ പറയുന്നതുപോലെ ശരിയായ പ്രാർത്ഥനാരീതികളെ വിവേചിച്ചറിഞ്ഞ് അവയിലൂടെ ദൈവജനം മുഴുവനും - വൈദീകർ, സന്ന്യസ്തർ, വിശ്വാസികൾ - പുതിയ ചൈതന്യത്തോടെ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ആത്മാവിലൂടെ പിതാവായ ദൈവത്തോട് പ്രാർത്ഥിക്കാൻ വീണ്ടും കടന്നുവരട്ടെ.

തൃശ്ശൂർ, മാർ ജെയ്ക്കബ് തൂങ്കുഴി
17 -05-2016.



ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS

## അവതാരിക

ക്രൈസ്തവരുടെ യുഗമായ മീനായുഗം(Pisces age) കഴിഞ്ഞുവെന്നും, ജ്യോതിഷ പ്രകാരം എല്ലാ മതങ്ങളേയും സമൂഹങ്ങളേയും പരസ്പരവും, പ്രപഞ്ചവും ദൈവവുമായി കൂട്ടിയിണക്കിയതും ആയുള്ള ഒരു മതം, ഒരു രാഷ്ട്രം, ഒരു ദൈവം എന്ന ആശയവവുമായി കുംഭംരാശി (Age of aquarius) ആരംഭിച്ചുവെന്നും പറഞ്ഞ് 1960 കളിലും 1970 കളിലും കടന്നുവന്ന 'ന്യൂ ഏജ്' പ്രസ്ഥാനത്തിന്റെ ക്രൈസ്തവ വിരുദ്ധമായ നിഗൂഢ അജണ്ട ഏവർക്കും മനസ്സിലാക്കാവുന്നതാണ്. 'ന്യൂ ഏജ്' പ്രസ്ഥാനത്തിൽ പതിയിരിക്കുന്ന അപകടവും ചതിയുടെ കുരുക്കുകളും മനസ്സിലാക്കുവാനും പ്രതികരിക്കുവാനും തിന്മയായിട്ടുള്ളതിനെ തിരസ്കരിക്കുവാനും വിശുദ്ധനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ നിർദ്ദേശപ്രകാരം 2003 ഫെബ്രുവരിയിൽ വത്തിക്കാനിൽ നിന്ന് പുറപ്പെടുവിച്ച പേപ്പൽ ഡോക്യുമെന്റിന്റെ മലയാള പരിഭാഷ എന്റെ ആദ്ധ്യാത്മിക സുഹൃത്തായ ഫ്രാൻസിസ് ഏഴാനിക്കാട്ടിലച്ചന്റെ ആദ്ധ്യാത്മിക നേതൃത്വത്തിലുള്ള 'വിമല ഹൃദയത്തിന്റെ മക്കൾ' പ്രസിദ്ധീകരിക്കുന്നതിൽ അതീവ സന്തോഷത്തോടെ ഞാൻ ദൈവത്തെ സ്തുതിക്കുന്നു. റോമിൽ അത് പ്രസിദ്ധീകരിക്കപ്പെട്ടപ്പോൾ തന്നെ, ന്യൂ ഏജ് മനോഭാവക്കാരായ സഭാനേതൃത്വത്തിലെ ചിലർ അതിനെ എതിർക്കുകയും പരസ്യപ്പെടുത്തുവാൻ മടിച്ചതിനാലും അതിന്റെ തർജ്ജമ യുറോപ്യൻ രാജ്യങ്ങളിൽ ദുർലഭമാണ്. അതിനാൽ ഇന്നും ഭൂരിപക്ഷം കത്തോലിക്കർക്കും ഇങ്ങേയറ്റം വൈദിക കന്യാസ്ത്രീകൾ പോലും ഈ പേപ്പൽ ലിഖിതത്തെ പറ്റി അജ്ഞരാണ്.

പരിശുദ്ധാത്മാവിന്റെ അഭിഷേകം സ്വീകരിച്ച് കഴിഞ്ഞ മുപ്പത് വർഷങ്ങളായി കരിസ്മാറ്റിക് നവീകരണവുമായി ബന്ധപ്പെട്ട് വടക്കെ ഇൻഡ്യയിൽ സുവിശേഷ പ്രഘോഷണത്തിനായി ജീവിതം മുഴുവൻ മാറ്റിവെയ്ക്കുകയും ഈ മലയാള പരിഭാഷ പ്രസീദ്ധികരണത്തിന് മുൻ കൈ എടുക്കുകയും പ്രസാധക കുറിപ്പ് എഴുതുകയും ചെയ്ത മിസ്റ്റർ മാർട്ടിൻ പഞ്ഞിക്കാരനെ യേശു നാമത്തിൽ അനുമോദിക്കുന്നു. ഗ്രീക്ക്, ഹീബ്രൂ,

ലത്തീൻ, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലെ കടിച്ചാൽ പൊട്ടാത്ത , മലയാള നിഘണ്ടുവിൽപോലും ഇല്ലാത്ത വാക്കുകളും ശൈലികളും വായനക്കാർക്ക് ലളിതമായും ഇന്പമായും മനസ്സിലാകത്തക്കവിധം മികച്ച പരിഭാഷ നടത്തിയ മിസ്റ്റർ ജോൺ ജോസ് ചിറമേലിന്റെ ശ്ലാഘനീയ പ്രവൃത്തിക്ക് എന്റെ അഭിനന്ദനത്തിന്റെ പൂചെണ്ടുകൾ! ഈ പേപ്പൽ പ്രസിദ്ധീകരണം 1970 കളിൽ തന്നെ വെളിച്ചം കണ്ടിരുന്നുവെങ്കിൽ പാശ്ചാത്യരാജ്യങ്ങളിലെ ക്രിസ്തീയ ജീവിതം ഇത്രമാത്രം തകർക്കപ്പെടുകയില്ലായിരുന്നു. വിവിധ മാധ്യമങ്ങളിലൂടെ പാശ്ചാത്യരെ അനുഗമിക്കുന്ന കേരളത്തിലെ ക്രൈസ്തവർ ഈ മലയാള വിവർത്തനം വായിച്ചു മനസ്സിലാക്കി ആദ്ധ്യാത്മീക പ്രബുദ്ധതയുള്ളവരായി ന്യൂ ഏജ്, എസ്സോതെറിക് പ്രസ്ഥാനങ്ങളിലൂടെ തിരുസഭയിൽ കടന്നുവരാനിടയുള്ള വിപത്തുകളെ ചെറുത്തുനിൽക്കുകയും അതിജീവിക്കുകയും ചെയ്യട്ടെ എന്ന് ഞാൻ പ്രത്യാശിക്കുകയും ചെയ്യുന്നു.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി യൂറോപ്യൻ രാജ്യങ്ങളിൽ വചനപ്രഘോഷണം നടത്തുന്ന ഞാൻ എന്റെ അധിക സമയവും ചിലവഴിക്കുന്നത് ന്യൂ ഏജിലും എസ്സോത്തെറിക്കിലും പോയി ആത്മീയ ശാരീരിക തലങ്ങളിൽ രോഗികളായവരെ വിമോചിപ്പിക്കുവാനും സുഖപ്പെടുത്തുവാനുമാണ്. യുറോപ്പിലെ ബഹുഭൂരിപക്ഷം പേരും ന്യൂ ഏജ് എസ്സോത്തെറിക് ദുരനുഭവങ്ങളിലൂടെ കടന്നുപോയവരാണ്. വഴിയും സത്യവും ജീവനും ഞാനാകുന്നു, എന്നിലൂടെയല്ലാതെ ഒരുവനും എന്റെ പിതാവിന്റെ പക്കലേയ്ക്ക് വരുന്നില്ല എന്നു പറഞ്ഞ യേശു ക്രിസ്തുവിനെ ഏക രക്ഷകനും കർത്താവുമായി അംഗീകരിക്കുകയോ അവനിൽ വിശ്വാസമർപ്പിച്ച് രക്ഷ പ്രാപിക്കുകയോ ചെയ്യുന്നതിന് തടസ്സങ്ങളായ സിദ്ധാന്തങ്ങളും പ്രക്രിയകളുമാണ് ന്യൂ ഏജ് പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും. തന്നെയുമല്ല സ്വേച്ഛതയുടെ മൂർദ്ധന്യത്തിൽ താൻ തന്നെയാകുന്ന ദൈവമല്ലാതെ മറ്റൊരു ദൈവം ഇല്ലെന്നും, തന്നിൽ തന്നെ വസിക്കുന്ന ദൈവത്തെ യോഗ, സെൻ, അതീന്ദ്രിയ ധ്യാനം, വിപാസന, ചീകുങ്ങ് (chikung) കൂടാതെ ചില താന്ത്രിക അഭ്യാസങ്ങൾ തുടങ്ങിയവയിലൂടെ സ്വതന്ത്രമാക്കി തന്നെ തന്നെ ദൈവമാക്കി തീർക്കാമെന്ന് പഠിപ്പിക്കുന്ന ന്യൂ ഏജ് വിശ്വാസങ്ങളും പ്രക്രിയകളും ദൈവമായ കർത്താവിന്റെ ഒന്നാം പ്രമാണത്തിന്റെ ലംഘനമാണെന്ന് ന്യൂ ഏജിന്റെ വലയത്തിലായിരിക്കുന്ന ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും മനസ്സിലാക്കുന്നില്ല.

ഈ പ്രപഞ്ചത്തിന്റെ അധിപനായ പിശാചിന്റെ ശക്തി വലയത്തിലാണ് ഈ ലോകം മുഴുവനും എന്ന ദൈവവചനം ഓരോ ക്രിസ്ത്യാനിയുടേയും മനസ്സിലുണ്ടായിരിക്കട്ടെ (യോഹ 12:31, 16:11, 1 യോഹ 5:19). പ്രപഞ്ചത്തിൽ നിന്നും അതിലെ സൃഷ്ടവസ്തുക്കളിൽ നിന്നും ശക്തിയും ഊർജ്ജവും സ്വീകരിച്ചും ഉപയോഗിച്ചും സൗഖ്യവും മോചനവും

ശാന്തിയും സമാധാനവും ആരോഗ്യവും ദീർഘായുസ്സും നേടാമെന്ന് അവകാശപ്പെടുന്ന alternative therapy കളാകുന്ന അക്യുപങ്ചർ, അക്യുപ്രഷർ, ബയോഫീഡ്ബാക്ക്, ചിറോപ്രാക്ടിക്, കിനിസിയോളജി, ഹോമിയോപ്പതി. ഔഷധസസ്യങ്ങൾ കൊണ്ടുള്ള ചികിത്സകൾ, ആയുർവേദ സിദ്ധൗഷധങ്ങൾ, ഇറിഡോളജി മസാജ്, പൊളാരിറ്റി മസാജ്, റിഫ്ളക്സ് മസാജ്, റെയ്കി, പുനർജന്മ ചികിത്സകൾ, അരോമ തെറാപ്പി, ക്രിസ്ററലുകൾ; ലോഹങ്ങൾ; സംഗീതം; വർണ്ണങ്ങൾ എന്നിവകൊണ്ടുള്ള ചികിത്സകൾ, തുടങ്ങിയവയ്ക്ക് വശംവദരാകുന്നവർ തങ്ങളുടെ ഹൃദയത്തിൽ വസിക്കുന്ന ത്രിയേകദൈവത്തെ നിഷ്കാസനം ചെയ്ത് പകരം പ്രപഞ്ചത്തിന്റെ അധിപനായ പിശാചിനെ പ്രതിഷ്ഠിക്കുകയാണെന്നതിൽ രണ്ടു പക്ഷമില്ല.

എന്നാൽ ഇവയിൽ ചിലതിനെ 'ക്രിസ്ത്യൻ' എന്ന വിശേഷണം നൽകിക്കൊണ്ട് ക്രിസത്യൻ യോഗ, റെയ്കി, ഹോമിയോ, ആയുർവേദം, അക്യുപങ്ചർ എന്നുള്ള വിവിധ ലേബലുകൾ നൽകി കേരളത്തിൽ വൈദീകരും കന്യാസ്ത്രികളും നടത്തുന്ന യോഗാധ്യാനകേന്ദ്രങ്ങൾ, മഠത്തോട് ചേർന്നുള്ള കന്യാസ്ത്രീകൾ തന്നെ നടത്തുന്ന റെയ്കി യോഗ കളരികൾ ദൈവവചന വിരുദ്ധമായ ചികിത്സകൾ നടത്തുന്ന 'ഹോളിസ്റ്റിക്' കേന്ദ്രങ്ങൾ തുടങ്ങിയവ ക്രിസ്തുവിന് എതിർസാക്ഷ്യം നൽകലല്ലേ എന്ന് ചന്തിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള സാത്താനിക പ്രവണതകളോടുള്ള വിട്ടുവീഴ്ചയുടെയും കൂട്ടികലർത്തലിന്റെയും ഫലമല്ലേ, ഇന്ന് വൈദീക സന്യാസ ജീവിതത്തിലേക്കുള്ള ദൈവവിളികൾ കുറയുന്നതിനും തൽഫലമായി യൂറോപ്പിലും, അമേരിക്കയിലും പല സെമിനാരികളും മഠങ്ങളും ശൂന്യമാകുന്നതിന് കാരണം. താമസംവിന ഒരു പക്ഷേ ഇതു കേരളത്തിലും സംഭവിച്ചേക്കാം, കാരണം 'മതസഹിഷ്ണുത' സംസ്കാരിക അനുരൂപണങ്ങൾ എന്നൊക്കെ പറഞ്ഞാണല്ലോ ഇപ്രകാരമുള്ള അക്രൈസ്തവ രീതികളെ അംഗീകരിക്കുന്നതും സ്വീകരിക്കുന്നതും.

മനുഷ്യൻ നല്ല ആരോഗ്യവും ദീർഘായുസ്സുമാണല്ലോ എപ്പോഴും അഭിലഷിക്കുന്നതും അന്വേഷിക്കുന്നതും ; മരണത്തെപ്പറ്റിയും മരണാനന്തരജീവിതത്തെപ്പറ്റിയും ആരും കേൾക്കുവാൻ ഇഷ്ടപ്പെടുന്നില്ല. അമർത്യതയ്ക്കുള്ള ഔഷധമോ ചികിത്സാമാർഗ്ഗങ്ങളോ ചെകുത്താൻ തന്നെ നേരിട്ടിറക്കിയാലും അവ എന്തു വിലകൊടുത്തും ഇന്നത്തെ ക്രിസ്ത്യാനികൾ വാങ്ങിയേക്കാം! അതുകൊണ്ടാണല്ലോ പാപം, മാനസാന്തരം, പാപവിമോചകൻ അഥവാ രക്ഷകൻ, മരണം, വിധി, നരകം, മോക്ഷം തുടങ്ങിയവയെപ്പറ്റി വ്യക്തമായ യാതൊരു പഠനങ്ങളുമില്ലാത്ത അഥവാ അവയെ എതിർക്കുന്ന ന്യൂ ഏജ് പ്രസ്ഥാനം ഏവർക്കും ആകർഷകമാക്കുന്നത്. അതുപോലെ രോഗവും സഹനവും പ്രകൃതിവിരുദ്ധമാണെന്നും അന്തരീക്ഷത്തിലെ ഊർജ്ജവുമായി നമ്മുടെ ഉള്ളിലെ ഊർജ്ജത്തെ ബന്ധിപ്പിച്ചാൽ സൗഖ്യപ്പെടാമെന്നും, ഒരു പക്ഷേ മരണത്തെപ്പോലും

അതിജീവിക്കാമെന്ന് വാഗ്ദാനം ചെയ്യുന്ന സിദ്ധാന്തങ്ങൾ അടങ്ങുന്ന ന്യൂ ഏജിനെ എല്ലാവരും ഇഷ്ടപ്പെടുന്നത്. സ്വയം ശൂന്യവൽക്കരിച്ച് അനുദിന കുരിശുമെടുത്ത്, സഹനങ്ങളെ യേശുവിന്റെ സഹനങ്ങളോടു കൂട്ടിച്ചേർത്ത് പീഡനങ്ങളിലും വേദനകളിലും കർത്താവിൽ സന്തോഷിക്കുവാനുള്ള ദൈവത്തിന്റെ ആഹ്വാനം 'ന്യൂ ഏജിന്റെ' ന്റെ ആദർശത്തിൽ വിഡ്ഢിത്തം തന്നെ! മദ്യത്തിലൂടെയും മയക്കുമരുന്നിലൂടെയും 'ഹർഷോന്മാദവും നിർവൃതിയും' തേടി നടക്കുന്നവർക്ക് ന്യൂ ഏജിലെ ചാനലിങ്ങ് തുടങ്ങിയ വിദ്യകളിലൂടെ ഭൂമിക്കതീതമായി വസിക്കുന്ന 'മാലാഖമാരെ' വരുത്തി 'ആനന്ദാനുഭൂതി' നൽകുന്നത് ഏവർക്കും തികച്ചും ഹരം നൽകുന്ന സദ്വാർത്തയാണുപോലും!

ന്യൂ ഏജിൽ പുതിയതൊന്നും തന്നെ എടുത്തുപറയുവാനില്ല; എല്ലാം തന്നെ പഴയതും പുളിച്ചതുമായ വീഞ്ഞിനെ പുതിയ തോൽക്കുടങ്ങളിൽ വിളമ്പാനുള്ള പരിശ്രമങ്ങൾ മാത്രം. യേശുവിനെ അനുഗമിക്കുന്ന ഏവരും യേശു കൊണ്ടുവന്ന നവയുഗത്തിലാണ്. പരിശുദ്ധകന്യകാമറിയം പരിശുദ്ധാത്മാവിന്റെ ആവാസത്താൽ ലോകരക്ഷകനായ യേശുവിനു ജന്മം കൊടുത്തപ്പോൾ തന്നെ **യഥാർത്ഥ നവയുഗം ഉദയം ചെയ്തു** (ലൂക്കാ 1:35)

പഴയകാലത്തെപ്പോലെ വിലക്കുകളും അരുതുകളുമില്ലാത്ത "യേശുക്രിസ്തു ജീവജലത്തിന്റെ വാഹകൻ" ***(Jesus Christ the Bearer of the Water of Life)*** എന്ന പേപ്പൽ ഡോക്യുമെന്റ് മനസ്സിരുത്തി വായിക്കുന്ന ഏവർക്കും ന്യൂ ഏജ് എസ്സോത്തെറിക് പ്രസ്ഥാനങ്ങൾ നൽകുന്ന ധ്യാനരീതികളും ചികിത്സാരീതികളും പഠനങ്ങളും സിദ്ധാന്തങ്ങളും യഥാർത്ഥ ഉത്തമ ക്രിസ്തീയജീവിതത്തിന് കടകവിരുദ്ധമാണെന്ന് മനസ്സിലാക്കുവാൻ കഴിയും. " നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും" (യോഹ 8:32). ഈ പുസ്തകത്തിലെ സത്യങ്ങൾ മനസ്സിലാക്കി അറിഞ്ഞോ അറിയാതെയോ ന്യൂ ഏജ്, എസ്സോത്തെറിക് കെണികളിൽ അകപ്പെട്ടവർ കെട്ടുകൾ പൊട്ടിച്ച് ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിലേക്ക് മടങ്ങിവരുവാനും അഥവാ ഇവയെപ്പറ്റി തീർത്തും അജ്ഞരായിട്ടുള്ളവർ ഒരിക്കലും ഇവയുടെ പൈശാചികവലയത്തിൽ ചെന്ന് അകപ്പെടാതിരിക്കുവാനും ഇടയാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു. ഒരിക്കൽകൂടി ഇതിന്റെ തർജ്ജമയും പ്രസിദ്ധീകരണവും നടത്തിയവർക്ക് എന്റെ അഭിനന്ദനങ്ങളും നൽകുന്നതോടൊപ്പം ഇതുവായിക്കുന്നവർക്ക് എന്റെ പ്രാർത്ഥനയും ആശീർവാദവും നൽകുന്നു.

ജർമ്മനി, ഫാ. ജെയിംസ് മഞ്ഞാക്കൽ MSFS

23-05-2016.

## ഉള്ളടക്കം


പേജ്

**യേശുക്രിസ്തു ജീവജലത്തിന്റെ വാഹകൻ – ആമുഖം** 17

**1. എന്ത് തരത്തിലുള്ള വിചിന്തനം?** 19

1.1 എന്തുകൊണ്ട് ഇപ്പോൾ? 19
1.2 ആശയവിനിമയം 23
1.3 സാംസ്കാരിക പശ്ചാത്തലം 23
1.4 *ന്യൂ ഏജും* കത്തോലിക്കാ വിശ്വാസവും 24
1.5 *ന്യൂ ഏജ്* - ക്രിയാത്മകമായൊരു വെല്ലുവിളി 26

**2. ന്യൂ ഏജ് ആത്മീയത : ഒരു അവലോകനം** 28
2.1 *ന്യൂ ഏജിൽ* എന്താണ് പുതിയതായിട്ടുള്ളത്? 32
2.2 *ന്യൂ ഏജ് നൽകും എന്ന്* അവകാശപെടുന്നത് എന്താണ്? 37
2.2.1 ആനന്ദാനുഭൂതി : ഒരു മാലാഖ ഉണ്ടായിരുന്നിരിക്കണം 37
2.2.2 യോജിപ്പും ധാരണയും : നല്ല സ്പന്ദനങ്ങൾ 38
2.2.3 ആരോഗ്യം : സന്തുഷ്ട ജീവിതം 39
2.2.4 പൂർണ്ണത : ഒരു മാന്ത്രിക നിഗൂഢ യാത്ര 42
2.3 *ന്യൂ ഏജ്* ചിന്താഗതിയുടെ അടിസ്ഥാന തത്വങ്ങൾ 43
2.3.1. ഒരു പ്രതിസന്ധിഘട്ടത്തിലെ സാർവ്വത്രിക പ്രതികരണം 43
2.3.2 *ന്യൂ ഏജ്* ചിന്താഗതിയുടെ ഉറവിടം 46
2.3.3 *ന്യൂ ഏജിന്റെ* മുഖ്യ ആശയങ്ങൾ 51
2.3.4 *ന്യൂ ഏജിന്* പറയാനുള്ളത് .... 52
2.3.4.1 .... മനുഷ്യനെപറ്റി? 52
2.3.4.2 .... ദൈവത്തെപറ്റി? 57
2.3.4.3 .... പ്രപഞ്ചത്തെപ്പറ്റി? 59
2.4 *ന്യൂഏജും* സംസ്കാരവും : "ചരിത്രത്തിലുപരി ഐതിഹ്യത്തിൽ ജീവിക്കുന്നവർ" 62
2.5 *എന്തുകൊണ്ട് ന്യൂ ഏജ്* ഇത്ര വേഗത്തിൽ ഫലപ്രദമായി വളർച്ച പ്രാപിക്കുകയും വ്യാപിക്കുകയും ചെയ്തു? 68

**3. *ന്യൂ ഏജും* ക്രിസ്തീയ ആത്മീയതയും** 72
3.1 *ന്യൂ ഏജ്* ആത്മീയതലത്തിൽ 72
3.2 സ്വദേഹപ്രേമം : ആത്മീയതയോ? 74
3.3 പ്രാപഞ്ചിക ക്രിസ്തു 76
3.4 ക്രൈസ്തവ രഹസ്യാത്മകതയും ന്യൂ ഏജ് രഹസ്യാത്മകതയും 79
3.5 ഉള്ളിനുള്ളിലെ ദൈവവും ദിവ്യത്വം പ്രാപിക്കലും 80

**4. *ന്യൂ ഏജും* ക്രൈസ്തവ വിശ്വാസവും – വൈരുദ്ധ്യങ്ങൾ** 83

**5. യേശു ക്രിസ്തുവാണ് നമുക്ക് ജീവന്റെ ജലം പ്രദാനം ചെയ്യുന്നത്** 96

6. ശ്രദ്ധിക്കേണ്ട കാര്യങ്ങൾ 99
6.1 വഴിനടത്തലും ശരിയായ രൂപികരണവും ആവശ്യമാണ് 99
6.2 പ്രായോഗിക നടപടികൾ 104

7. അനുബന്ധം 110
7.1 *ന്യൂ ഏജ്* ആശയങ്ങളെക്കുറിച്ച് ചില സംക്ഷിപ്ത ആവിഷ്ക്കരണങ്ങൾ 110
7.2 തിരഞ്ഞെടുക്കപ്പെട്ട പദവിവരണ സഞ്ചയം 112
7.3 പ്രധാനപ്പെട്ട *ന്യൂ ഏജ്* സ്ഥലങ്ങൾ 126

8 **RESOURCES** 128
8.1 Documents of the Catholic Church's magisterium 128
8.2 Christian studies 129

9. **GENERAL BIBLIOGRAPHY** 131
9.1 Some New Age books 131
9.2 Historical, descriptive and analytical works 132

**NOTES (1 to 107)** 133

## ഭാഗം 2

## LETTER TO THE BISHOPS OF THE CATHOLIC CHURCH ON SOME ASPECTS OF CHRISTIAN MEDITATION (ORATIONIS FORMAS)

I ഒറാസിയോന്നിസ് ഫോർമാസ് – ആമുഖം 142
II ദൈവിക വെളിപ്പാടിന്റെ വെളിച്ചത്തിലുള്ള ക്രിസ്ത്യൻ പ്രാർത്ഥന 145
III തെറ്റായ പ്രാർത്ഥന രീതികൾ 148
IV ദൈവവുമായുള്ള ഐക്യത്തിനുള്ള ക്രിസ്ത്യൻ വഴികൾ 152
V ദിവ്യത്വവത്കരണ രീതികളിലെ വിഷയങ്ങൾ 154
VI മനഃശാസ്ത്ര ശാരീരിക രീതികൾ 159
VII ഞാനാകുന്നു വഴി 161

**END NOTES (1 to 36)** 164

# യേശുക്രിസ്തു ജീവജലത്തിന്റെ വാഹകൻ – ആമുഖം

സമകാലീന മനുഷ്യസംസ്കാരത്തിന്റെ വളരെയധികം മേഖലകളെ സ്വാധീനിച്ചുകൊണ്ടിരിക്കുന്ന സങ്കീർണ്ണ പ്രതിഭാസമായ "ന്യൂ ഏജ്" നെ സംബന്ധിച്ചുള്ള പഠനത്തിന്റെ സോപാധിക റിപ്പോർട്ടാണിത്. പരിശുദ്ധ സിംഹാസനത്തിന്റെ കീഴിലുള്ള സംസ്കാരത്തിനും മതാന്തര സംവാദത്തിനും വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലുകളിൽ നിന്നുള്ള (ഈ കൗൺസിലുകൾ ഈ വിചിന്തനത്തിന്റെ മുഖ്യനീരിക്ഷകരാണ്) അംഗങ്ങളെ ഉൾപ്പെടുത്തി രൂപം കൊടുത്തിട്ടുള്ള, പുതിയ മതപ്രവണതകൾക്കായുള്ള വർക്കിംങ്ങ് ഗ്രൂപ്പും ആഗോള സുവിശേഷ വൽക്കരണത്തിനുള്ള തിരുസംഘവും ക്രൈസ്തവ ഐക്യത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലും സംയുക്തമായി വിചിന്തനം ചെയ്തതിന്റെ ഫലമാണ് ഈ റിപ്പോർട്ട്. (*It is the fruit of the common reflection of the Working Group on New Religious Movements, composed of staff members of different dicasteries of the Holy See: the Pontifical Councils for Culture and for Interreligious Dialogue (which are the Principal redactors for this Project), the Congregation for the Evangelization of Peoples and the Pontifical Council for Promoting Christian Unity* - ***(Jesus Christ the Bearer of the Water of Life - hereinafter the name of this document will appear as JCBWL*** **wherever referred to)**

അജപാലന രംഗത്ത് പ്രവർത്തിക്കുന്നവർക്കായിട്ടാണ് മുഖ്യമായിട്ടും ഈ വിചിന്തനങ്ങൾ നൽകുന്നത്. *ന്യൂ ഏജ്* പ്രവണതകൾ എപ്രകാരമാണ് ക്രിസ്തീയ വിശ്വാസത്തിൽ നിന്ന് വ്യത്യസ്ത മായിരിക്കുന്നത് എന്നു വിശദീകരിക്കുവാൻ അവർക്ക് അതുവഴി സാധിക്കും. *ന്യൂ ഏജ്* മതാത്മകതയ്ക്ക് എങ്ങനെയാണ് ഈ കാല ഘട്ടത്തിൽ മനുഷ്യരുടെ ആത്മീയതയ്ക്കായുള്ള വിശപ്പിനെ ശമിപ്പിക്കാൻ കഴിയുന്നത് എന്നതിനെക്കുറിച്ച് മനസിലാക്കാൻ ഈ പഠനം വായനക്കാരെ ക്ഷണിക്കുന്നു.

**ന്യൂ ഏജ് മതാത്മകതയോടുള്ള ആകർഷണം, ക്രിസ്ത്യാനികളിൽ കുറച്ചുപേർക്ക്, അവരുടെ തന്നെ സ്വന്തം സമുദായത്തിൽ നില നിൽക്കുന്ന അതേസമയം യഥാർത്ഥത്തിൽ കത്തോലിക്കാ സത്യങ്ങളുടെ ഭാഗമായ വിഷയങ്ങളിലുള്ള ഗുരുതരമായ ശ്രദ്ധ കുറവ് കൊണ്ടാകാം ഉണ്ടായിട്ടുള്ളത് എന്ന കാര്യം അംഗീകരിച്ചേ മതിയാകൂ.** ആ വിഷയങ്ങൾ താഴെ പറയുന്നു:-

- ▶▶ മനുഷ്യന്റെ ആത്മീയ വശത്തെക്കുറിച്ചുള്ള പ്രാധാന്യവും അവന്റെ മുഴുവൻ ജീവിതവുമായുള്ള അതിന്റെ സമന്വയവും
- ▶▶ ജീവിതത്തിന്റെ അർത്ഥം തേടിയുള്ള മനുഷ്യന്റെ അന്വേഷണം
- ▶▶ ഇതര സൃഷ്ടികളുമായുള്ള ബന്ധം
- ▶▶ വൈയക്തികവും സാമൂഹ്യപരവുമായ രൂപാന്തരീകണത്തിനുള്ള വാഞ്ഛ
- ▶▶ മനുഷ്യജീവിതത്തെക്കുറിച്ച് കേവലം യുക്തിപരവും ഭൗതികപരവുമായ കാഴ്ചപ്പാടുകളുടെ നിരാകരണം തുടങ്ങിയവയാണ് ആ വിഷയങ്ങൾ.

*ന്യൂ ഏജ്* എന്നത് ഒരു സംസ്കാരിക പ്രവണതയാണെന്ന് അറിയേണ്ടത് ആവശ്യമാണ്. ***ന്യൂഏജ്*** **പ്രതിപാദ്യ വിഷയങ്ങളെ വേണ്ട രീതിയിൽ വിലയിരുത്താനായി കത്തോലിക്കർ, പ്രാമാണിക കത്തോലിക്കാ തത്വങ്ങളെയും ആത്മീയതയേയും കുറിച്ച് വ്യക്തമായ അറിവ് ഉണ്ടാക്കണമെന്ന് ഈ പ്രസിദ്ധീകരണം ആവശ്യപ്പെടുന്നു.** ആദ്യത്തെ രണ്ട് അധ്യായങ്ങളിൽ *ന്യൂ ഏജിനെ* ഒരു ബഹുമുഖ സാംസ്കാരിക പ്രവണത എന്ന രീതിയിൽ അവതരിപ്പിക്കുകയും അതിന്റെ പശ്ചാത്തലത്തിൽ ന്യൂ ഏജിന്റെ അടിസ്ഥാനമായി നിൽക്കുന്ന ചിന്തകളെ അപഗ്രഥിക്കുകയും ചെയ്യുന്നു. മൂന്നാം അധ്യായം മുതൽ ന്യൂ ഏജും ക്രൈസ്തവ സന്ദേശവുമായി ഒരു താരതമ്യാധിഷ്ഠിതമായ അന്വേഷ ണത്തിനുള്ള സൂചകങ്ങൾ നൽകപ്പെടുന്നു. കൂടാതെ അജപാലനപരമായ കുറച്ച് നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

*ന്യൂ ഏജ്* നെക്കുറിച്ച് ആഴത്തിലുള്ള പഠനം ആഗ്രഹിക്കുന്നവർക്ക് സഹായകരമായ ഗ്രന്ഥങ്ങളുടെ പേരുകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. വ്യത്യസ്തങ്ങളായ സാംസ്കാരിക പശ്ചാത്തലത്തിന് അനുയോജ്യ മായ വിധത്തിൽ നടത്തുന്ന തുടർ പഠനങ്ങൾക്ക് യഥാർത്ഥത്തിൽ ഇത് പ്രേരകശക്തിയാകും എന്നു പ്രതീക്ഷിക്കുന്നു. ആത്മസാക്ഷാത്കാരം തേടുന്നവരുടെ വിവേചനാശക്തിയെ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പഠനത്തിന് ഉദ്ദേശ്യമുണ്ട്. കൂടാതെ ഈ കാലഘട്ടത്തിൽ ദൈവത്തെ അന്വേഷിക്കുന്ന അനേകരിലൂടെ ദൈവത്തിനുവേണ്ടിയുള്ള യഥാർത്ഥ ദാഹം കണ്ടെത്താനാകുമെന്ന് ഞങ്ങൾക്ക് പൂർണ്ണ ബോധ്യമുണ്ട്. അമേരിക്കയിലെ മെത്രാൻ സംഘത്തോട് ജോൺപോൾ രണ്ടാമൻ മാർപാപ്പ പറഞ്ഞതുപോലെ : "**നമ്മുടെ രക്ഷകനായ ക്രിസ്തുവിന് മാത്രം നൽകാൻ കഴിയുന്ന യഥാർത്ഥ ജീവജലത്തിനു വേണ്ടിയുള്ള മനുഷ്യ ഹൃദയത്തിന്റെ ദാഹത്തിനുനേരെ വേണ്ടത്ര ശ്രദ്ധ കൊടുത്തിട്ടുണ്ടോ എന്ന് അജപാലകർ സത്യസന്ധമായി തങ്ങളോട് തന്നെ ചോദിക്കേണ്ടിയിരിക്കുന്നു.** *(Pastors must honestly ask whether they have paid sufficient attention to the thirst of the human heart for the true 'living water' which only Christ our Redeemer can give -* ***JCBWL*)*** (cf. *Jn* 4:7–13)". "സുവിശേഷ സന്ദേശത്തിന്റെ ശാശ്വതമായ പുതുമയിലും അത് സ്വീകരിക്കുന്നവരെ രൂപാന്തരപ്പെടുത്താനുമുള്ള വചനത്തിന്റെ കഴിവിലും" (AAS 86/4,330) പരിശുദ്ധപിതാവിനെപ്പോലെ ആശ്രയം വെയ്ക്കുവാൻ ഞങ്ങളും ആഗ്രഹിക്കുന്നു.

---

* JCBWL - ***Jesus Christ the Bearer of the Water of Life*** ( original document in English)

# അധ്യായം 1

# എന്ത് തരത്തിലുള്ള വിചിന്തനം?

**സു**വിശേഷം പ്രസംഗിക്കുന്നതിലും സഭയിൽ ഏത് തലത്തിലായാലും വിശ്വാസം പഠിപ്പിക്കുന്നതിലും ഏർപ്പെട്ടിരിക്കുന്ന കത്തോലിക്കർക്ക് മാർഗ്ഗ ദർശനം നൽകുവാൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇനി പറയുന്ന വിചിന്തനങ്ങൾ നൽകുന്നത്. അതേസമയം സായൂജ്യം, മനുഷ്യജീവിതത്തിന്റെ അർത്ഥം, ആത്മരക്ഷ എന്നിവയെക്കുറിച്ച് എന്നും നിരന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന മറ്റേതെങ്കിലും സമകാലീന അന്വേഷണങ്ങളോ അല്ലെങ്കിൽ ന്യൂ ഏജോ ഉന്നയിക്കുന്ന നിരവധി ചോദ്യങ്ങൾക്കുള്ള സമ്പൂർണ്ണമായ ഉത്തരം നൽകാൻ ഈ രേഖ ലക്ഷ്യമിടുന്നില്ല. *ന്യൂ ഏജ്* എന്താണെന്ന് മനസ്സിലാക്കാനും *ന്യൂ ഏജ്* ചിന്താഗതികളാൽ സ്വാധീനിക്കപ്പെട്ട വ്യക്തികളുമായി അർത്ഥവത്തായ സംവാദത്തിൽ ഏർപ്പെടാനുള്ള ക്ഷണം ആണിത്. "ന്യൂ ഏജ് ആത്മീയ കതയെക്കുറിച്ച്" ധാരണ രൂപപ്പെടുത്തി, പ്രതികരിക്കുന്ന ദൗത്യത്തിൽ ഏർപ്പെട്ടിരിക്കുന്ന അജപാലകർക്ക് ഈ രേഖ ഒരു ഉത്തമ മാർഗ്ഗദർശിയാകുന്നു. ന്യൂ ഏജ് ആത്മീയതയിൽ എവിടെവച്ചാണ് അത് കത്തോലിക്കാവിശ്വാസത്തിൽ നിന്ന് വിപരീതമായിരിക്കുന്നത് എന്ന് മനസ്സിലാക്കാനും ന്യൂ ഏജ് വക്താക്കൾ സ്വീകരിച്ചിരിക്കുന്ന ക്രൈസ്തവ വിരുദ്ധ നിലപാടുകളെ നിരാകരിക്കാനുമുള്ള കാരണങ്ങൾ വിശദീകരിക്കാനും ഈ രേഖ അവർക്ക് മാർഗ്ഗദർശിയാവുന്നു. **ക്രിസ്ത്യാനികളിൽ നിന്ന് നിർബന്ധമായും ആവശ്യപ്പെടുന്ന പ്രഥമവും പ്രധാനവുമായ കാര്യം വിശ്വാസത്തിൽ അവർക്ക് ഒരു ഉറച്ച അടിസ്ഥാനം ഉണ്ടായിരിക്കുക എന്നതാണ്.** ഈ ഉറച്ച അടിസ്ഥാനത്തിൽ നിന്ന് അവർക്ക് വിശുദ്ധ പത്രോസിന്റെ ആദ്യലേഖനത്തിൽ നൽകിയിട്ടുള്ള ആഹ്വാനത്തിന് അനുസരിച്ചുള്ള ഒരു ജീവിതം കെട്ടിപ്പടുക്കാൻ സാധിക്കും. "നിങ്ങൾക്കുള്ള പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സദാ സന്നദ്ധരായിരിക്കുവിൻ. എന്നാൽ അത് ശാന്തതയോടും ബഹുമാനത്തോടും നിർമ്മലമനസ്സാക്ഷിയോടും കൂടെ ആയിരിയ്ക്കട്ടെ. (1 പത്രോസ് 3 : 15)

## 1.1 എന്തുകൊണ്ട് ഇപ്പോൾ ?

മൂന്നാം സഹസ്രാബ്ദത്തിന്റെ ആരംഭം, ക്രിസ്തുവിന്റെ ജന

നത്തിനുശേഷം രണ്ടായിരം വർഷങ്ങൾ പിന്നിട്ടാണ് കടന്നു വരുന്നത് എന്നത് മാത്രമല്ല, അത് ജ്യോതിഷികളുടെ വിശ്വാസമനുസരിച്ചുള്ള മീന യുഗത്തിന്റെ (Pisces Age) - ജ്യോതിഷികളുടെ ഭാഷയിൽ ക്രിസ്ത്യൻ യുഗം -അവസാനം കുറിക്കുന്ന സമയം കൂടിയാണ്. ഇവിടെ പരാമർശിക്കപ്പെടുന്ന *ന്യൂ ഏജ്*, അതിന്റെ *ന്യൂ ഏജ്* എന്ന നാമം സ്വീകരിച്ചിട്ടുള്ളത് ജ്യോതിശ് ചക്രത്തിലെ ഇനി തൊട്ടടുത്ത് കടന്നു വരുന്ന കുംഭംരാശി (Age of Aquarius) എന്നതിൽ നിന്നാണ്. സമകാലീന സംസ്കാരത്തിൽ പ്രത്യേ കിച്ച് പാശ്ചാത്യ സംസ്ക്കാരത്തിൽ ഈ സമയത്തിന്റെ ചരിത്രപരമായ പ്രാധാന്യം വിശദീകരിക്കാനുള്ള അനേകം ചിന്താധാരകളിൽ ഒന്നു മാത്രമാണ് *ന്യൂ ഏജ്*. **വ്യക്തമായിട്ട് ഇതിൽ എന്താണ് ക്രൈസ്തവ വിശ്വാസവുമായി പൊരുത്തപ്പെടുന്നത്, എന്താണ് ക്രൈസ്തവ *വിശ്വാസ വുമായി പൊരുത്തപ്പെടാത്തത് എന്ന് കണ്ടെത്തുക ദുഷ്കരമാണ്.*** *(The New Age is one of many explanations of the significance of this moment in history which are bombarding contemporary (particularly western) culture, and it is hard to see clearly what is and what is not consistent with the Christian message-* ***JCBWL)*** അതിനാൽ *ന്യൂ ഏജ്* ചിന്താധാരകളെക്കുറിച്ചും *ന്യൂ ഏജ്* പ്രവണതകളെക്കുറിച്ച് മൊത്തത്തിലും ഒരു ക്രൈസ്തവ വിലയിരുത്തൽ നടത്താനുള്ള ഏറ്റവും അനുയോജ്യമായ സമയം ഇപ്പോൾ തന്നെയാണ് എന്നു  കാണുന്നു.

ധാരാളം ആളുകൾ  ഈ കാലട്ടത്തിൽ പ്രത്യേകിച്ചും സ്വന്തം അസ്തിത്വത്തെക്കുറിച്ചുള്ള വിഷയങ്ങളിൽ ഉറപ്പിനും ഉറപ്പില്ലായ്മയ്ക്കും ഇടയിൽ ചിന്തിച്ചുഴലുന്നവരാണ് എന്ന് പറയപ്പെടുന്നത് ശരിയാണ്**([1])**. ക്രൈസ്തവ മതം പിതൃഅധികാര സ്വഭാവമുള്ളതും (Patriarchal)  അധി കാരം പുലർത്തുന്നതുമാണെന്നും രാഷ്ട്രീയ സംവിധാനങ്ങൾക്ക് ലോക ത്തെ പുരോഗമനത്തിലേയ്ക്ക് നയിക്കാൻ കഴിയുന്നില്ലായെന്നും ഇംഗ്ലീഷ് (Allopathic) മരുന്നുകൾ ആളുകളെ ഫലപ്രദമായി സുഖപ്പെടുത്തുന്നതിൽ പരാജയപ്പെടുന്നു എന്നു ചിലർ പറയുന്നു. ഒരു കാലത്ത് സാമൂഹ്യ ജീവിതത്തിന്റെ കേന്ദ്രബിന്ദുക്കളായി നിന്നവ, ഇന്ന് വിശ്വാസം അർപ്പിക്കാൻ യോഗ്യതയില്ലാത്തതും അല്ലെങ്കിൽ അവയ്ക്ക് യഥാർത്ഥമായ അധികാരം നഷ്ടപ്പെട്ടതായും കരുതുന്നു. അതിനാൽ നിലനിൽപ്പിനെ സംബന്ധിച്ച്, ആഴമുള്ള അർത്ഥത്തിനും ശക്തിയ്ക്കും വേണ്ടി ജനങ്ങൾ ഉള്ളിലേയ്ക്കും അവരവരിലേയ്ക്ക്തന്നെയും നോക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്ക പ്പെട്ടിരിക്കുന്നു. ഒപ്പം തന്നെ ആളുകൾ അവരുടെ അന്തർദാഹത്തെ ശമി പ്പിക്കാൻ കെൽപ്പുണ്ട് എന്ന് അവർ കരുതുന്ന 'പകരം വെയ്ക്കാവുന്ന സംവിധാനങ്ങളെ' അന്വേഷിക്കുന്നു. 1970 കളിലെ ഘടനാ സ്വഭാവ

മില്ലാത്തതോ കുത്തഴിഞ്ഞതോ ആയ അന്നത്തെ സാമൂഹ്യജീവിത രീതികൾ, ചിട്ടയുള്ളതും ഘടനാ സ്വഭാവമുള്ളതുമായ സംവിധാനങ്ങൾ കണ്ടെത്താൻ വഴിമാറി കൊടുത്തിട്ടുണ്ട്. ചിട്ട, ഘടനാസ്വഭാവം എന്നിവ, 'മനസ്സിലാക്കാൻ പറ്റാത്തതും നിഗൂഢതയുള്ളതുമായ' (mystical) വളരെ പ്രസിദ്ധിയാർജിച്ച പ്രസ്ഥാനങ്ങളുടെ ഘടകങ്ങളാണ്. **ന്യൂ ഏജ് ആകർഷകമാകാനുള്ള പ്രധാന കാരണം, വ്യവസ്ഥാപിതമായ സംവിധാനങ്ങൾക്ക് പലപ്പോഴും തൃപ്തി പ്പെടുത്താൻ കഴിയാതെ പോയിട്ടുള്ള ആത്മീയ വിശപ്പിനെ ന്യൂ ഏജ് സ്വന്തമായി വാഗ്ദാനം ചെയ്യുന്നവകൊണ്ട് ശമിപ്പിക്കാൻ കഴിയുന്നു എന്നതാണ്.**

ന്യൂ ഏജിന്റെ ഭൂരിഭാഗവും ഉടലെടുത്തത് സമകാലീന സംസ്കാരത്തിന് നേരെയുള്ള പ്രതിപ്രവർത്തനം എന്ന രീതിയിലാണെങ്കിലും മററു പലതുകൊണ്ടും അത് സമകാലീന സംസ്കാര ത്തിന്റെ തന്നെ സന്തതിയാണ് എന്ന് കാണാൻ സാധിക്കും. നവോത്ഥാന കാലഘട്ടത്തിലെ മാറ്റങ്ങൾ പാശ്ചാത്യലോകത്തിലെ ആധുനിക മനുഷ്യനെ രൂപപ്പെടുത്തി. വെറും യാഥാസ്ഥിതികമായ അധികാരമോ പാരമ്പര്യമോ അതു പോലെയുള്ള ബാഹ്യ പ്രേരണകളുടെ സമ്മർദത്തിന് വഴങ്ങുന്നവനല്ല ഈ മനുഷ്യൻ. ജനങ്ങൾ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ഏറ്റവും ചെറിയൊരളവിൽ മാത്രം"ഭാഗഭാക്കാകുവാൻ" ആഗ്രഹിക്കുന്നവരാണ് (എന്നാൽ ഏകാന്തത വളരെയധികം ആധുനിക ജീവിതത്തെ വേട്ടയാടുന്നുണ്ടുതാനും). അവർ സ്വയം കല്പിത വിധികൾക്കു മുകളിൽ അധികാരികളുടെ ന്യായവിധികളെ പ്രതിഷ്ഠിക്കുവാൻ ഇഷ്ടപ്പെടാത്തവരാണ്. ഈ വിധത്തിൽ രൂപീകരിക്കപ്പെട്ട മനുഷ്യർ വ്യക്തിപൂജയെ പരിരക്ഷിക്കാനുതകുന്ന വിധത്തിൽ, ഒരു തലം രൂപപ്പെടുത്തി, മതത്തെ തങ്ങൾക്ക് അധീനമാക്കുകയാണ് ചെയ്യുന്നത് *(With this cult of humanity, religious is internalised in a way which prepares the ground for a celebration of the sacredness of the self. - **JCBWL**)*. അതുകൊണ്ടാണ് സാഹ സികതയുടെ സംസ്കാരം, പുരോഗതിയുടെ സംസ്കാരം (ഇവയെക്കുറിച്ച് **2.4** ഭാഗത്ത് കൂടുതൽ വിശദീകരിക്കുന്നതാണ്) എന്നീ ചിന്താധാരകളിലെ പല ആദർശങ്ങളുമായിട്ട് ന്യൂഏജ് അതിന്റെ ആശയങ്ങൾ പങ്കിടുന്നത്. ഉപഭോഗ സംസ്കാരത്തിന്റെ ആശയങ്ങളുമായിട്ടും ന്യൂഏജ് അതിന്റെ ആശയങ്ങൾ പങ്കുവെയ് ക്കുന്നുണ്ട്. കൂടുതൽ ആളുകളിലേക്ക് വേഗത്തിൽ വളരുന്ന ഈ സംസ്കാരത്തിന്റെ സ്വാധീനം വളരെ വ്യക്തമാണ്. **ക്രിസ്തീയതയിൽനിന്നും ന്യൂ ഏജിൽനിന്നും ഏറ്റവും നല്ലത് എന്ന് അവർക്കു തോന്നുന്ന ആശയങ്ങൾ എടുത്ത് രണ്ടിനെയും ഇടകലർത്താം എന്ന് ഇതിന്റെ വക്താക്കൾ അവകാശപ്പെടുന്നു ([2]).** ക്രിസ്തീയതയിൽനിന്നുള്ള

വ്യതിചലനം ഏകപക്ഷികമായി തന്നിലേക്കു തന്നെ തിരിയുക (Turn to Self) എന്നതിനെ സ്വീകരിച്ചുകൊണ്ട് പാരമ്പര്യവാദമായ **ദൈവം ഉണ്ട്,** എന്നതിനപ്പുറത്തേക്ക് കടന്നു കഴിഞ്ഞു എന്ന് ഓർക്കുന്നത് നല്ലതാണ്. ഇത് നേരത്തെ പറഞ്ഞ ഇടകലർത്താനുള്ള പ്രവണതയെ പ്രോത്സാഹിപ്പിക്കുന്നുണ്ട് *(It is worth remembering that deviations within Christianity have also gone beyond traditional theism in accepting a unilateral turn to self, and this would encourage such a blending of approaches - **JCBWL).*** **ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം ന്യൂ എജ് പ്രവണതകളിൽ വ്യക്തിയുടെ കൂടുതൽ പുരോഗതി ക്കുവേണ്ടി ദൈവത്തെ ചെറുതാക്കികളയുന്നു എന്നതാണ്.**

ആധുനിക സംസ്കാരത്തിന്റെ മൂല്യങ്ങളിൽ പ്രചോദിതരാകുവാൻ ന്യൂ ഏജ് ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. സ്വാതന്ത്ര്യം, ആധികാരികത, സ്വയം പര്യാപ്തത എന്നിവയും അതുപോലെയുള്ളതും വളരെ പാവനമായി കരുതുന്നു. പിതൃഅധികാരസ്ഥാനങ്ങളിലുള്ളവരുമായി (അധികാരികൾ) പൊരുത്തപ്പെടാതെ നിൽക്കുന്ന ആളുകളോടാണ് ഇവരുടെ അഭ്യർത്ഥന. "ഒരു സിനിമയ്ക്ക് പോകാനുള്ള വിശ്വാസത്തെക്കാൾ കൂടുതലായൊന്നും അവർ ഇവിടെ ആവശ്യപ്പെടുന്നില്ല"([3]). എന്നിരുന്നാലും ആളുകളുടെ ആത്മീയ വിശപ്പിനെ ശമിപ്പിക്കുന്നു എന്ന് ന്യൂ ഏജ് അവകാശപ്പെടുന്നു. എന്നാൽ കേന്ദ്രതന്തുവായ ഒരു ചോദ്യം ഇവിടെ കടന്നു വരുന്നു. ന്യൂ ഏജ് ചിന്തകളിലെ ആത്മീയത എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? ക്രിസ്ത്യൻ പാരമ്പര്യവും ന്യൂ ഏജ് അതിന്റെ പാരമ്പര്യം എന്ന് വിളിക്കപ്പെടുന്നതും തമ്മിലുള്ള വ്യത്യാസം പരിഹരിക്കാൻ നേരത്തെ പറഞ്ഞ ചോദ്യത്തിന്റെ ഉത്തരം വളരെ ഉപകരിക്കുന്നതാണ്. ***താഴെ പറയുന്നവയ്ക്കുവേണ്ടി പ്രകൃതി ശക്തികളെ ഉപയോഗപ്പെടുത്തുകയും മറ്റൊരുലോകവുമായി ആശയവിനിമയം ചെയ്യാനും ന്യൂ ഏജ് ലക്ഷ്യമിടുന്നുണ്ട്;***

- *വ്യക്തികളുടെ വിധിനിശ്ചയം കണ്ടെത്തുക*
- *വ്യക്തികളെ അവരിൽ തന്നെ പൂർണ്ണത കണ്ടെത്താനുതകുന്ന ഒരു ചിന്താ രീതിയിലേക്ക് പാകപ്പെടാൻ സഹായിക്കുക*
- *വ്യക്തികൾക്ക് അവരുടെ തന്നെ സാഹചര്യങ്ങളെ നിർമ്മിക്കാനുതകുന്ന ചിന്താ രീതിയിലേക്ക് പാകപ്പെടാൻ അവരെ സഹായിക്കുക എന്നതാണ് ന്യൂ ഏജ് ലക്ഷ്യമിടുന്നത്.*

**മിക്കവാറും എല്ലാ കാര്യങ്ങളിലും ന്യൂ ഏജ് മുഴുവനായിട്ടും വിധിവിശ്വാസത്താൽ നയിക്കപ്പെടുന്നു. എന്നാൽ ക്രിസ്തീയത ആകട്ടെ വ്യക്തികളെ, തന്നിൽ നിന്ന് ദൃഷ്ടിമാറ്റി പുറമേക്ക് അതിനപ്പുറത്ത് സ്നേഹത്തിന്റെ ജീവിതം നയിക്കാൻ ആഹ്വാനം ചെയ്ത ദൈവത്തിലേക്കും യേശുക്രിസ്തുവിന്റെ രണ്ടാം വരവിലേക്കും നോക്കാൻ**

**ക്ഷണിക്കുന്നു ([4]).** *(In most cases, it is Fatalistic. Christianity, on other hand, is a invitation to look outwards and beyond, to the "new advent" of the God who calls us to live the dialogue of love - **JCBWL).***

## 1.2 ആശയവിനിമയം

ആശയവിനിമയ മേഖലയിൽ കഴിഞ്ഞ കുറച്ചു വർഷങ്ങളിൽ വന്നിട്ടുള്ള സാങ്കേതിക വിപ്ലവം തികച്ചും ഒരു പുതിയ സാഹചര്യം സംജാതമാക്കിയിരിക്കുന്നു.സുഗമമായും വേഗത്തിലും ജനങ്ങൾക്ക് ഇപ്പോൾ ആശയവിനിമയം നടത്താൻ കഴിയുന്നു. പ്രായഭേദമന്യേ ഏത് പശ്ചാത്തലത്തിലുള്ള ആളുകളും ന്യൂ ഏജിലേക്ക് ആകർഷിക്കപ്പെടാനുണ്ടായ ഒരു കാരണം ഇതാണ്. **ക്രിസ്തുവിനെ അനുകരിക്കുന്ന വളരെയധികം ആളുകൾക്ക് ന്യൂ ഏജ് എന്താണെന്ന് ഒരു ധാരണയും ഇല്ല.** യുവജനങ്ങളിൽ പ്രത്യേകിച്ചും, ഇന്റർനെറ്റ് എടുത്തു പറയത്തക്കവിധത്തിൽ സ്വാധീനം ചെലുത്താൻ കഴിവുള്ളതാണ്. സൗകര്യപ്രദമായി, മോഹിപ്പിക്കുന്ന വിധത്തിൽ വിവരങ്ങൾ സമ്പാദിക്കാനുള്ള മാർഗമായി യുവജനങ്ങൾ ഇന്റർനെറ്റിനെ കാണുന്നു. എന്നാൽ മതപരമായ വളരെയധികം കാര്യങ്ങളെകുറിച്ച് തെറ്റായ വിവരങ്ങൾ നൽകുന്ന പരിവർത്തന സ്വഭാവമുള്ള മാധ്യമമാണ് ഇന്റർനെറ്റ്. **ക്രിസ്തീയം അല്ലെങ്കിൽ കാതോലികം എന്ന പേരിൽ വരുന്ന എല്ലാം കത്തോലിക്കാ സഭയുടെ പഠനങ്ങളായി വിശ്വസിക്കാൻ കഴിയില്ല**. അതെസമയം ഇന്റർനെറ്റിൽ ന്യൂ ഏജ് ചിന്തകൾ നൽകുന്ന ഉറവിടങ്ങൾക്ക്, അവയിൽ ഗൗരവതരമായതുമുതൽ അപഹസനീയമായതുവരെ, വളരെ എടുത്തു പറയത്തക്ക വർദ്ധനവുണ്ടായി. **ഈ സാഹചര്യത്തിൽ ജനങ്ങൾക്ക് ക്രിസ്തീയത, ന്യൂ ഏജ് എന്നിവ തമ്മിലുള്ള വ്യത്യാസങ്ങളെക്കുറിച്ച് ശരിയായ അറിവ് ആവശ്യമുണ്ട്. അത് അവരുടെ അവകാശവുമാണ്.**

## 1.3 സാംസ്കാരിക പശ്ചാത്തലം

'ന്യൂ ഏജ് പാരമ്പര്യങ്ങളെക്കുറിച്ചു പരിശോധിച്ചാൽ വളരെ വ്യക്തമായി കാണാൻ കഴിയുന്നത്, സത്യത്തിൽ ഈ "ന്യൂ ഏജിൽ" പുതിയതായി ഒന്നുംതന്നെയില്ല എന്നതാണ്. ഫ്രഞ്ച്, അമേരിക്കൻ വിപ്ലവങ്ങളുടെ കാലത്ത് റോസിക്രൂഷ്യനിസത്തിലൂടെയും (Rosicrusianism) ഫ്രീമേസൺറിയിലൂടെയും (Freemasonry) ആണ് ന്യൂ ഏജ് ചിന്തകൾക്ക് പ്രചാരം ലഭിച്ചതായി കാണുന്നത്. എന്നാൽ ആശയപരമായി നോക്കിയാൽ അത് പാശ്ചാത്യ നിഗൂഢ തത്വശാസ്ത്രത്തിന്റെ സമകാലീന രൂപഭേദമാണ്. ഇതിന്റെ ആവിർഭാവം ആദിമ ക്രിസ്ത്യാനികളുടെ കാലഘട്ടത്തിൽ വളർന്ന ജ്ഞാനവാദസംഘങ്ങളിൽ നിന്നാണ്. യൂറോപ്പിലെ നവോത്ഥാന

കാലഘട്ടത്തിൽ ഇത് ശക്തിയാർജ്ജിച്ചു. 18,19 നൂറ്റാണ്ടുകളിൽ യുക്തി ഭദ്രതായാർജ്ജിച്ച് ശാസ്ത്രീയ ലോകത്തിന്റെ ആശയങ്ങളോടൊപ്പം സമാന്തരമായി വളർന്നു. വ്യക്തിയായ ദൈവത്തെ പുരോഗമന ആശയ പരമായി നിഷേധിച്ച്, പാരമ്പര്യ ക്രിസ്തീയതയിൽ നിന്നും അകന്നു പോയി. ദൈവത്തിനും മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥരായി കണക്കാക്കി യവരിൽ ശ്രദ്ധിച്ച്, അവരിൽ തന്നെ മാറ്റം വരുത്തിയും കൂടുതൽ നാമങ്ങളെ ചേർത്തും അത് മുന്നോട്ടു നീങ്ങി. **ഡാർവിൻ പരിണാമ സിദ്ധാന്തം പൊതുവെ അംഗീകരിക്കപ്പെട്ടതു വഴി ആധുനിക പാശ്ചാത്യ സംസ് കാരത്തിൽ ഒരു ശക്തിമത്തായ പ്രവണതയ്ക്ക് വഴിതെളിയിച്ചു. അത് ന്യൂ ഏജ് ആശയങ്ങൾക്ക് ഇടം നൽകി. ഇതും ഒപ്പം നിഗൂഢ ആത്മീയ ശക്തികളുടെ അല്ലെങ്കിൽ പ്രകൃതി ശക്തികളുടെ പ്രതിഷ്ഠയും ചേർ ത്ത് 'ന്യൂ ഏജിന്റെ തത്വങ്ങൾ' എന്ന് ഇന്ന് കരുതപ്പെടുന്നതിന്റെ നട്ടെല്ലായി മാറി.**

അടിസ്ഥാനപരമായി ന്യൂ ഏജ് ഇത്ര ശ്രദ്ധാർഹമായി അംഗീ കരിക്കപ്പെടാൻ കാരണം അത് അടിസ്ഥാനമാക്കിയിരിക്കുന്ന പ്രാപഞ്ചിക ദർശനം (World - view) മുമ്പുതന്നെ പൊതുവെ അംഗീകരിക്കപ്പെട്ട് കഴിഞ്ഞതാണ് എന്നതുകൊണ്ടാണ്. **ക്രിസ്ത്യൻ വിശ്വാസത്തോടുള്ള വെറുപ്പ് അല്ലെങ്കിൽ താല്പര്യ കുറവ്, മൂല്യങ്ങൾ പൂർണ്ണമല്ല ആപേക്ഷി കമാണ് എന്ന വാദത്തിന്റെ വളർച്ചയും വ്യാപനവും (Relativism) ഇവ ചേർന്ന് ന്യൂ ഏജ് അംഗീ കരിക്കപ്പെടാനുള്ള ഒരു പ്രതലം ഒരുക്കപ്പെട്ടു.**

ഇതു കൂടാതെ, ന്യൂ ഏജ് ഒരു അത്യാധുനിക പ്രതിഭാസമായി വിശേഷിപ്പിക്കാമോ എന്നതിനെക്കുറിച്ചും അത് ഏത് അർത്ഥത്തിൽ എന്ന തിനെക്കുറിച്ചുമുള്ള സജീവമായ ചർച്ചകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. **മനു ഷ്യന്റെ ആത്മാവിന് ഇന്ദ്രിയങ്ങൾക്കതീതമായ മതാത്മക അർത്ഥ ത്തിന് വേണ്ടിയുള്ള ശമിച്ചിട്ടില്ലാത്ത വാഞ്ഛയാണ് ന്യൂ ഏജ് ചിന്ത കളുടെ നിലനില്പും അതിന്റെ ആവേശത്തോടെയുള്ള പരിശീലനവും സാക്ഷ്യപ്പെടുത്തികൊണ്ടിരിക്കുന്നത്. ഈ വാഞ്ഛയാകട്ടെ, ഈ സമ കാലീന സംസ്കാരത്തിന്റെ പ്രതിഭാസമല്ല, മറിച്ച് ക്രിസ്ത്യാനികളുടെ ഇടയിലും വിജാതീയരുടെ ഇടയിലും പുരാതന കാലം മുതൽക്കുതന്നെ ഉണ്ടായിരുന്നതാണ്.**

## 1.4 ന്യൂ ഏജും കത്തോലിക്കാ വിശ്വാസവും

**ന്യൂ ഏജ് മതാത്മകത കുറച്ചൊരളവിൽ മനുഷ്യ പ്രകൃതിയുടെ ന്യായമായ ആത്മീയതയ്ക്ക് വേണ്ടിയുള്ള വാഞ്ഛയോട് പ്രതീകരി ക്കുന്നു എന്ന കാര്യം സമ്മതിക്കാമെങ്കിലും ഇതിനായുള്ള പരിശ്രമ**

**ങ്ങളിൽ ക്രിസ്തീയ വെളിപ്പെടുത്തലുകൾക്ക് (പിതാവായ ദൈവത്തെ യേശുക്രിസ്തു ലോകത്തിന് വെളിപ്പെടുത്തി) അത് എതിരാ യിട്ടാണ് ചിന്തിച്ചുകൊണ്ടിരിക്കുന്നത്  എന്ന് സമ്മതിക്കണം.** പാശ്ചാത്യ സംസ് കാരങ്ങളിൽ പ്രത്യേകിച്ചും, ആത്മീയതയ്ക്ക് "പകരം വെയ്ക്കാവുന്ന" സമീപനങ്ങൾക്കായുള്ള ആഹ്വാനങ്ങൾ വളരെ ശക്തിമത്താണ്. ***ഒരു വിധത്തിൽ വ്യക്തികൾക്ക് പുതിയ രൂപത്തിലുള്ള മനശാസ്ത്രപരമായ സമീപനങ്ങൾ നൽകുന്നത് കത്തോലിക്കരുടെ ഇടയിൽ, ധ്യാന കേന്ദ്ര ങ്ങളിൽ പോലും, സെമിനാരികളിൽ,  അർത്ഥികളെ ഒരുക്കുന്ന ഭവന ങ്ങളിലെല്ലാം വളരെ പ്രസിദ്ധിയാർജ്ജിച്ച് കഴിഞ്ഞു.*** എന്നാൽ അതെ സമയം പുരാതന കാലത്തുണ്ടായിരുന്ന ആചാരാനുഷ്ഠാനങ്ങളോടും ജ്ഞാനത്തോടും വലിയ ജിജ്ഞാസയും ഗ്രഹാതുരത്വവും വർദ്ധിച്ചു വരു കയും ചെയ്യുന്നു. ഇതാണ് നിഗൂഢ തത്വശാസ്ത്രത്തിന്റെയും ജ്ഞാന വാദത്തിന്റെ പ്രശസ്തിയുടെയും  അഭൂതപൂർവ്വമായ വളർച്ചയ്ക്കുള്ള ഒരു കാരണം. ധാരാളം ആളുകൾ - ശരിയായിട്ടോ അല്ലാതെയോയായി അറിയപ്പെടുന്ന - "സെൽട്ടിക്" (Celtic) ആത്മീയതയിലേയ്ക്ക് അല്ലെങ്കിൽ പുരാതന കാല ഘട്ടത്തിലെ മതങ്ങളിലേയ്ക്ക് ആകർഷിക്കപ്പെടുന്നു(5). പുരാതനവും പൗരസ്ത്യവുമായ ആത്മീയതയെകുറിച്ചുള്ള പുസ്ത കങ്ങളും പാഠ്യക്രമങ്ങളും തഴച്ചു വളർന്നുകൊണ്ടിരിക്കുന്ന കച്ചവട സാമ ഗ്രഹികളാണ്. അവ മിക്കപ്പോഴും ന്യൂ ഏജിന്റെ പേരിൽ കച്ചവട താല്പര്യം ഉദ്ദേശിച്ച് നാമകരണം ചെയ്യപ്പെടുന്നു. എന്നാൽ അവയ്ക്ക് ആ മതങ്ങളു മായുള്ള ബന്ധങ്ങൾ എന്താണെന്ന് എല്ലായ്പ്പോഴും വ്യക്തമല്ല. യഥാർ ത്ഥത്തിൽ അവയെ പലപ്പോഴും നിരാകരിക്കുന്നുണ്ട്താനും.

**ക്രിസ്തീയ കാഴ്ചപ്പാടിൽ ന്യൂ ഏജിനെ വിവേചിക്കുമ്പോൾ അത് രണ്ടാം നൂറ്റാണ്ടിലും മൂന്നാം നൂറ്റാണ്ടിലും നിലനിന്നിരുന്ന സഭ മതവിരുദ്ധം എന്ന് തിരിച്ചറിഞ്ഞ ജ്ഞാനവാദ ആശയങ്ങളുടെ സംഗ്രഹം ആണ് എന്ന് കണ്ടെത്താൻ സാധിക്കും.** ന്യൂ ഏജിന്റെ മറവിൽ പുരാതന ജ്ഞാനവാദ ആശയങ്ങൾ മടങ്ങി വരുന്നതിനെക്കുറിച്ച് ജോൺപോൾ രണ്ടാമൻ മാർപാപ്പ മുന്നറിയിപ്പ് നൽകുന്നുണ്ട് : **ഇത്തരം ആശയങ്ങൾ മതത്തിന്റെ നവീകരണത്തിലേയ്ക്ക് നയിക്കും എന്ന മിഥ്യാധാര ണയിൽ നാം വീഴരുത്. ഇത് ജ്ഞാനവാദം പരിശീലിക്കുന്നതിനുള്ള പുതിയ ഒരു രീതി മാത്രമാണ്. ഇതിന്റെ പിന്നിലുള്ള ആന്തരികോദ്ദേശ്യം ദൈവത്തെക്കുറിച്ച് ജ്ഞാനം സമ്പാദിക്കാം എന്നതിന്റെ പേരിൽ ദൈവവചനത്തെ വളച്ചൊടിക്കുകയും ദൈവവചനത്തിന്റെ സ്ഥാനത്ത് വെറും മാനുഷിക വാക്കുകൾക്ക് സ്ഥാനം കൊടുക്കുകയാണ് ചെയ്യുന്നത്.** ജ്ഞാനവാദം ഒരിക്കലും ക്രിസ്തീയതയുടെ പ്രവർത്തന

മണ്ഡലം പൂർണ്ണമായും ഉപേക്ഷിച്ചിരുന്നില്ല. പകരം അത് എപ്പോഴും ക്രിസ്തീയതയുടെ ഓരം ചേർന്ന് സ്ഥാനം പിടിച്ചിരുന്നു. ചില സമയത്ത് തത്വശാസ്ത്രപരമായ ഒരു മുന്നേറ്റമായി അത് രൂപമെടുത്തിരുന്നു. കൂടുതൽ സമയവും അത് ഒരു മതത്തിന്റെയോ അല്ലെങ്കിൽ വ്യത്യസ്ത മായി മതസമാനമായ ഒന്നിന്റെയോ സ്വഭാവം എടുത്ത് നിലകൊണ്ടിരുന്നു. അത് പ്രഖ്യാപിച്ചില്ലെങ്കിലും അത് എപ്പോഴും യഥാർത്ഥ ക്രിസ്തീയമായ എല്ലാത്തിനോടും വിരുദ്ധമായി നിലകൊണ്ടു([6]). വ്യക്തിത്വത്തെ വിശകലനം ചെയ്യാൻ ഒൻപത് തരം വ്യത്യസ്ത മാർഗ്ഗങ്ങളുമായി വന്നി ട്ടുള്ള എനിഗ്രാം(enneagram) ഇതിനുദാഹരണമാണ്. ആത്മീയ വളർ ച്ചയ് ക്കായുള്ള ഒരു മാർഗ്ഗമായി ഇതിനെ ഉപയോഗിപ്പിച്ചപ്പോൾ അത് ക്രീസ്തീയ തത്വങ്ങളിലും ജീവിതത്തിലും വളരെ അവ്യക്തത കൊണ്ടു വന്നു.

# 1.5 ന്യൂ ഏജ് – ഒരു ക്രിയാത്മകമായ വെല്ലുവിളി

*ന്യൂ ഏജ്* മതാത്മകതയുടെ ആകർഷകത്വം കുറച്ചുകാണാൻ കഴി യില്ല. **ക്രിസ്ത്യാനികൾക്ക് ക്രിസ്തീയ വിശ്വാസത്തിന്റെ ഉൾകാമ്പിനെ സംബന്ധിച്ചുള്ള ധാരണ വളരെ ദുർബലമായ സമയത്ത്, കുറച്ചുപേർ തെറ്റായി ധരിക്കുന്നു; അതായത് ക്രിസ്ത്യൻ മതത്തിന് ആഴമുള്ള ആത്മീയത ഉള്ളവാക്കാനാവുന്നില്ല എന്ന്**. അതുകൊണ്ട് അവർ മറ്റ് പല സ്ഥലത്തും അന്വേഷണം ആരംഭിക്കുന്നു. കാര്യകാരണമനുസരിച്ച് ചിലർ പറയുന്നു ന്യൂ ഏജ് ഇപ്പോൾ തന്നെ, അവരെ കടന്നുപോയി കൊണ്ടി രിക്കുന്നു. അതിനാൽ 'അടുത്ത' ഏജിനെക്കുറിച്ച് അവർ ചിന്തിക്കുന്നു.([7]) 1990 കളുടെ ആരംഭത്തിൽ അമേരിക്കയെ വലയം ചെയ്ത ഒരു പ്രതി സന്ധിയെകുറിച്ചാണ് അവർ സംസാരിക്കുന്നത്. അത്തരം ഒരു പ്രതിസന്ധി പ്രത്യേകിച്ചും ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന രാജ്യങ്ങളുടെ അപ്പുറ ത്തേക്ക് പിന്നീട് കടന്നു വന്നേക്കാം എന്നവർ ആശങ്കപെടുന്നു. എന്നാൽ പുസ്തക കടകൾ, റേഡിയോ നിലയങ്ങൾ പടിഞ്ഞാറു ദേശത്തുള്ള വളരെയധികം നഗരങ്ങളിലും പട്ടണങ്ങളിലും ഉള്ള അസംഖ്യം സ്വയം സഹായസംഘങ്ങൾക്കും പറയാനുള്ളത് മറ്റൊരു കഥയാണ്. ഏറ്റവും കുറ ഞ്ഞത് ഈ സമയത്തെങ്കിലും ന്യൂ ഏജ് വളരെ സജീവമാണെന്നും അത് സമകാലീന സംസ്കാരിക പശ്ചാത്തലത്തിന്റെ ഭാഗമാണെന്നും കണ്ടുകൊണ്ടിരിക്കുന്നു.

*ന്യൂ ഏജി*ന്റെ വിജയം സഭയ്ക്കൊരു വെല്ലുവിളിയാണ് നൽകി യിരിക്കുന്നത്. **ക്രിസ്തു മതത്തിന് ശരിക്ക് അവർക്ക് ആവശ്യമുള്ളത് നൽകാൻ കഴിയില്ലായെന്നോ – ഒരു പക്ഷെ ചിലപ്പോൾ ഒരിക്കലും**

**നൽകിയിട്ടില്ല എന്നോ ജനങ്ങൾ ചിന്തിക്കുന്നു.** അതിന്റെ ഫലമായി പലപ്പോഴും അവരുടെ അന്വേഷണം ന്യൂഏജിലേയ്ക്ക് നയിക്കപ്പെടുന്നു. ആ അന്വേഷണം യഥാർത്ഥമായ ആഗ്രഹത്തോടെയാണ്: ആഴമുള്ള ആത്മീയതയ്ക്കും അവരുടെ ഹൃദയങ്ങളിൽ തൊടുന്ന എന്തിനെയെങ്കിലും വേണ്ടി അവർ അന്വേഷിക്കുന്നു. ആശയകുഴപ്പം നിറഞ്ഞതും പലപ്പോഴും ഒറ്റപ്പെടുത്തുന്ന ലോകസാഹചര്യങ്ങൾക്കുമിടയിൽ ഒരു സന്തുലിത മാന സിക അവസ്ഥതയോട് കൂടി ജീവിക്കുന്നതിനുവേണ്ടിയുള്ള ഒരു വഴി അവർ അന്വേഷിക്കുന്നു. താഴെ പറയുന്ന വിഷയങ്ങളിൽ ന്യൂ ഏജ് വിമർശ നങ്ങളിൽ തന്നെ, അതിനെ ന്യായീകരിക്കുന്ന ധ്വനികൾ ഉണ്ട്:-

- നിത്യേനയുള്ള ജീവിതത്തിൽ, ജീവിത ദർശനങ്ങളിൽ മനോരോഗ വൈദ്യശാസ്ത്ര മേഘലകളിൽപോലും കാണുന്ന ഭൗതികത (Materialism):
- ആത്മീയവും അതിസ്വഭാവ അനുഭവങ്ങളെയും കണക്കിലെടുക്കാൻ മടികാണിക്കുന്ന റിഡക്ഷനിസം (Reductionism):
- മറ്റു മനുഷ്യർ, ഭാവിലോകം, പരിസ്ഥിതി എന്നിവയെ പരിഗണിക്കാത്ത ആത്മ ജ്ഞാനവാദം (egoism) പഠിപ്പിക്കുന്ന അനിയിന്ത്രിതമായ ഇൻഡിവിജുലിസത്തിലെ (individualism) വ്യവസായിക സംസ്കാരം എന്നിവയാണ് ആ മേഖലകൾ ([8]).

എന്നാൽ ന്യൂ ഏജിനെ സംബന്ധിച്ചുള്ള ആശങ്കകൾ എന്തെല്ലാമാണോ ആ ആശങ്കകളെല്ലാം ജീവിത പ്രശ്നങ്ങൾക്ക് ഉത്തരമായി ന്യൂ ഏജ് മുന്നോട്ട് വയ്ക്കുന്ന പകരം വെയ്ക്കാവുന്നവയിൽ കണ്ടെത്തപ്പെ ടുന്നുണ്ട്. **ജനങ്ങളുടെ ആഗ്രഹങ്ങളുടെ നേരെ സഭ ബധിരയാണ് എന്ന ആരോപണം ഇല്ലാതിരിക്കണമെങ്കിൽ സഭാ മക്കൾ രണ്ട് കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്: മറ്റുകാലഘട്ടങ്ങളെക്കാൾ കൂടുതലായി വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളിലേയ്ക്ക് അവരവർ വിശ്വാസത്തിന്റെ വേരുകൾ ഉറപ്പിക്കണം. മാത്രവുമല്ല സഭയിൽ നിന്ന് തൃപ്തികരമായ ഉത്തരം ലഭിച്ചില്ലെങ്കിൽ മറ്റു സ്ഥലങ്ങളിലേയ്ക്ക് നയിക്കപ്പെടുന്ന ജനങ്ങളുടെ ഹൃദയങ്ങളിൽ എപ്പോഴുമുള്ള നിശബ്ദരോദനത്തെ മനസ്സിലാക്കണം.** ഇതിലെല്ലാം യേശു ക്രിസ്തുവിലേയ്ക്ക് കൂടുതൽ അടുത്തുവരാനും അവനെ അനുകരിക്കാൻ തയ്യാറാകാനുമുള്ള വിളിയുണ്ട്. **എന്തു കൊണ്ടെന്നാൽ അവനാണ് സന്തോഷത്തിലേയ്ക്കുള്ള യഥാർത്ഥ മാർഗ്ഗവും ദൈവത്തെക്കുറിച്ചുള്ള സത്യവും, അവന്റെ സ്നേഹത്തിനുനേരെ പ്രത്യുത്തരിക്കുന്ന ഓരോ മനുഷ്യന്റെയും ജീവിത സാക്ഷാത്കാരവും.** *(There is also a call in all of this to come closer to Jesus Christ and to be ready to follow Him, since He is the real way to happiness, the truth about God and the fulIness of life for every man and woman who is prepared to respond to his love - **JCBWL).***

# അധ്യായം 2
# 'ന്യൂ ഏജ് ആത്മീയത' : ഒരു അവലോകനം

പാശ്ചാത്യ സമൂഹങ്ങളിലും വളരെ കൂടുതലായി ലോകത്തിന്റെ മറ്റു ഭാഗങ്ങളിലും ക്രിസ്ത്യാനികൾ ന്യൂ ഏജ് എന്നറിയപ്പെടുന്ന പ്രതിഭാസത്തിന്റെ വിവിധ മേഖലകളുമായി കൂടെ കൂടെ ബന്ധപ്പെടുന്നുണ്ട്. ഒരു കാലത്ത് മോഹം ജനിപ്പിച്ചിരുന്നതും സങ്കീർണ്ണമായതും പിടിയിലൊതുങ്ങാത്തതും വേറെ ചില സമയങ്ങളിൽ അലോസരപ്പെടുത്തിയിരുന്നതുമായ ഒരു കാര്യത്തെ എങ്ങനെ നന്നായി സമീപിക്കാം എന്നു മനസ്സിലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അനേകം ആളുകൾ ചിന്തിക്കുന്നുണ്ട്. ഈ വിചിന്തിനങ്ങൾ രണ്ടു കാര്യങ്ങളിൽ ക്രിസ്ത്യാനികളെ സഹായിക്കാൻ പരിശ്രമിക്കുന്നുണ്ട്.

- ♦ **ന്യൂ ഏജ് പാരമ്പര്യം വികസിക്കാനുണ്ടായ ഘടകങ്ങളെ കണ്ടെത്തുക**
- ♦ **അതിൽ ക്രിസ്തീയ വെളിപ്പെടുത്തലുകളുമായി വൈരുദ്ധ്യത്തിലായിരിക്കുന്ന ഘടകങ്ങൾ ഏവയെന്ന് അറിയുക.**

ഒരു സമകാലീന വെല്ലുവിളിയോടുള്ള അജപാലന പ്രതികരണം ആണ് ഈ വിചിന്തിനങ്ങൾ. ഇതിൽ ന്യൂ ഏജ് എന്ന പ്രതിഭാസത്തിന്റെ എല്ലാ തരത്തിലുള്ള മുഴുവൻ വസ്തുതകൾ നൽകാൻ പോലും ഇവിടെ പരിശ്രമിക്കുന്നില്ല. കാരണം അത് ഒരു ബ്രഹദ്ഗ്രന്ഥത്തിന് രൂപം കൊടുക്കുകയുള്ളൂ. മാത്രവുമല്ല അത്തരം വിവരങ്ങൾ ഇപ്പോൾ തന്നെ മറ്റു പല സ്ഥലങ്ങളിലും ലഭ്യവുമാണ്. ശരിയായ രീതിയിൽ ന്യൂ ഏജിനെ മനസ്സിലാക്കാൻ ശ്രമിക്കേണ്ടത് അതിനെ നന്നായി വിലയിരുത്തന്നതിനും സത്യത്തിനു വിരുദ്ധമായി അതിശോയക്തിപരമായതിന് രൂപം കൊടുക്കുന്നത് ഒഴിവാക്കാനും അത്യാവശ്യമാണ്. ന്യൂ ഏജിനെ സംബന്ധിച്ച് എല്ലാ കാര്യങ്ങളും നല്ലതാണന്നോ അല്ലെങ്കിൽ എല്ലാ കാര്യങ്ങളും മോശമാണന്നോ പറയുന്നത് അവിവേകവും സത്യത്തിന് നിരക്കാത്തതുമാണ്. **എന്നിരുന്നാലും ന്യൂ ഏജ് മതാത്മകതയ്ക്ക് അടിസ്ഥാനമിട്ടിട്ടുള്ള കാഴ്ചപ്പാടനുസരിച്ച് മൊത്തത്തിൽ നോക്കുമ്പോൾ അത് ക്രിസ്ത്യൻ തത്വങ്ങളും അതിന്റെ മതാത്മകതയുമായി മുഴുവനായിട്ടും ഒത്തുപോകുവാൻ ബുദ്ധിമുട്ടുന്നുണ്ട്.**

''പുതിയ ആധ്യാത്മിക പ്രവണത''എന്നു പ്രയോഗിക്കുമ്പോൾ സാധാരണ ഗതിയിൽ നാം വിവക്ഷിക്കുന്ന അർത്ഥതലത്തിലുള്ള ഒരു പ്രവണതയല്ല ന്യൂ ഏജ്. അതുപോലെ, ഉപാസന (cult) എന്ന പദമോ സെക്ട് (sect) എന്ന പദമോമൂലം സാധാരണഗതിയിൽ അർത്ഥമാക്കാവു

ന്നതല്ല അത്. എന്തുകൊണ്ടന്നാൽ സംസ്കാരങ്ങൾതോറും സംഗീതം, സിനിമ, ചർച്ചാസമ്മേളനങ്ങൾ, പഠനശാലകൾ, ധ്യാനങ്ങൾ ചികിത്സാ വിധികളിലും, മറ്റ് പ്രവൃത്തി മേഖലകളിലും തുടങ്ങിയ വ്യത്യസ്തങ്ങളായ പ്രതിഭാസങ്ങളിൽ, വ്യാപിച്ചിട്ടുള്ളതുമാണ് അത്. ചില ആത്മീയവും അല്ലാത്തതുമായ ഗ്രൂപ്പുകൾ ബോധപൂർവ്വം ന്യൂ ഏജ് ഘടകങ്ങളെ തങ്ങളിൽ സ്വാംശീകരിച്ചിട്ടുണ്ടെങ്കിലും ന്യൂ ഏജ് വളരെ അനൗപചാരികവും വ്യാപനം ചെയ്തിട്ടുള്ളതുമാണ്. മാത്രവുമല്ല വളരെയധികം ആത്മീയമായതും അല്ലാത്തതുമായ സെക്ടുകൾക്ക് ന്യൂ ഏജ് ഒരു പ്രഭവ കേന്ദ്രം ആയിതീർന്നിട്ടുണ്ട് എന്ന അഭിപ്രായമുണ്ട്(9). ന്യൂ ഏജ് ഒരു ഒറ്റപെട്ട ഏക സ്വഭാവമുള്ള പ്രവണതയല്ല, അതിനെക്കാൾ ഏറെ അത് പ്രവർത്തകരുടെ വളരെ അയഞ്ഞതും പരസ്പര ആശയവിനിമയം നടത്താനുള്ള ഘടനയോട് കൂടിയതുമായ ശൃംഖലയാണ്. ഈ പ്രവർത്തകരാകട്ടെ *ആഗോളപരമായി ചിന്തിയ്ക്കുക എന്നാൽ തദ്ദേശ പരമായി പ്രവർത്തിക്കുക* എന്ന സമീപനം സ്വീകരിച്ചിരി ക്കുന്നവരാണ്. ഈ ശൃംഖലയിൽ പങ്കാളിയാകുന്ന ആളുകൾ പരസ്പരം അറിയണം എന്നില്ല, അവർ വളരെ അപൂർവ്വം അല്ലെങ്കിൽ എപ്പോഴെങ്കിലും കണ്ടു മുട്ടുന്നുവരുമാണ്. പ്രവണത എന്ന പദം ഉപയോഗിക്കുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള അവ്യക്തത ഒഴിവാക്കാനുള്ള ഉദ്ദേശ്യം വച്ചു പുലർത്തി കൊണ്ട് ചിലർ ന്യൂ ഏജിനെ "സാമൂഹ്യ ചുറ്റുപാടുകൾ" (milieu)(10), അല്ലെങ്കിൽ ഒരു "ജനപ്രിയ ഉപാസന"(Audience cult) (11) എന്നും പറയുന്നു. അതെ സമയം ആധുനിക സംസ്കാരത്തിന് എതിരെ യുള്ള ബോധപൂർവ്വമായ വെല്ലുവിളി ഉയർത്തികൊണ്ട് "ഇത് എല്ലാറ്റിനേയും ഒരുമിച്ചുകൊണ്ടുപോകുന്ന ചിന്താഗതി" ആയി നിർദ്ദേശിക്കപ്പെടുന്നുണ്ട്(12). വ്യത്യസ്തങ്ങളായ ഘടകങ്ങളെ സ്വാംശീകരിച്ച് ആളുകളെ അവരുടെ താല്പര്യങ്ങളേയും ബന്ധങ്ങളേയും പല തീവ്രതയോടെയും പല സമർപ്പണ സ്വാഭാവത്തോടെയും പങ്കുവെയ്ക്കാൻ അനുവദിക്കുന്ന ഒരു ഘടനാ സ്വഭാവമുള്ള സംയോജനമായി ഇതിനെ കാണാം. വളരെയധികം പ്രവണതകൾ, അനുഷ്ഠാനങ്ങൾ അതുപോലെ മനോഭാവങ്ങൾ ചില രീതിയിൽ ന്യൂഏജിന്റെ ഭാഗമായത് യഥാർത്ഥത്തിൽ മുഖ്യധാര സംസ്കാരത്തിനു നേരെയുള്ള ലഭ്യമായ തിരിച്ചറിയാവുന്ന പ്രതിപ്രവർത്തനങ്ങളായിട്ടാണ്. അതുകൊണ്ട് "പ്രവണത" ("movment") എന്ന പദം ഉപയോഗിക്കുന്നത് പൂർണ്ണമായും അസ്ഥാനത്തല്ല. മറ്റുള്ള സാമൂഹ്യ പ്രവണതകളായ മനുഷ്യാവകാശ മൂവ്മെന്റ് (Civil Right movment) സമാധാനത്തിനായുള്ള മൂവ്മെന്റ് (Peace Movement) എന്നിവയിൽ ഉപയോഗിക്കുന്ന അതെ അർത്ഥത്തിൽ *ന്യൂ ഏജിലും* അത് പ്രയോഗിക്കാവുന്നതാണ്. മേൽ പറഞ്ഞ പ്രവണതകളിലെപ്പോലെ ആശയ

കുഴപ്പത്തിലായ ആളുകളുടെ ഒരു നിര തന്നെ മൂവ്മെന്റിന്റെ മുഖ്യലക്ഷ്യങ്ങളുമായി ബന്ധപ്പെടുന്നു. എന്നാൽ വളരെ വ്യത്യസ്തമായ വഴി കളിലും ഓരോ വിഷയത്തെക്കുറിച്ചുള്ള വ്യത്യസ്ത ധാരണയിലുമാണ് ഈ മൂവ്മെന്റിൽ അവർ പങ്കാളികളാകുന്നത്.

ന്യൂ ഏജ് മതാത്മകത എന്ന പ്രയോഗം വളരെ തർക്ക വിഷയമായതിനാൽ അത് ഒഴിവാക്കുകയാണ് ഉചിതമെന്ന് തോന്നുന്നു. ന്യൂ ഏജിന്റെ അഭ്യർത്ഥന, ജീവിതത്തിന്റെ ആത്മീയമാനം കണ്ടെത്താനും അത് വീണ്ടും കണ്ടെത്താനും ശ്രമിക്കുന്ന ആളുകളോട് ആകുന്നതുകൊണ്ട്, ന്യൂ ഏജ് പലപ്പോഴും ആളുകളുടെ ആത്മീയ ചോദ്യ ങ്ങൾക്കും ആവശ്യത്തിനും നേരെ പ്രതികരിക്കുന്നു എങ്കിൽപോലും 'ന്യൂ ഏജ് മതാത്മകത' എന്ന പ്രയോഗം ഒഴിവാക്കുകയാണ് ഉചിതം. ന്യൂ ഏജ് മതാത്മകത എന്ന പ്രയോഗം ഒഴിവാക്കിയാലും ജീവിതത്തിന്റെ അർത്ഥവും ഉദ്ദേശ്യവും തേടിയുള്ള ജനങ്ങളുടെ യഥാർത്ഥത്തിലുള്ള അന്വേഷണ സ്വഭാവത്തെ ഒരു വിധത്തിലും ചോദ്യം ചെയ്യാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. ന്യൂ ഏജ് പ്രവണതയിൽ ഉൾപ്പെട്ടിട്ടുള്ള അനേകം ആളുകൾ അവർ തന്നെ മതത്തേയും ആദ്ധ്യാത്മീകതയേയും ശ്രദ്ധാപൂർവ്വം വേർതിരിക്കുന്നു എന്ന യാഥാർത്ഥ്യത്തെ ഇവിടെ അംഗീകരിക്കുന്നുണ്ട്. ധാരാളം ആളുകൾ സംഘടിത മതത്തെ നിരാകരിച്ചു. അതിനു കാരണം **അവരുടെ നിരീക്ഷണത്തിൽ** സംഘടിത മതം അവരുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിൽ പരാജയപ്പെട്ടു എന്നതുകൊണ്ടാണ്. **ശരിക്കും ഈ കാരണത്താലാണ് അവർ ആദ്ധ്യാത്മീകതയക്ക് വേണ്ടി മറ്റു സ്ഥലങ്ങളിൽ അന്വേഷിക്കുന്നത്**. കൂടുതൽ പറയുകയാണെങ്കിൽ പ്രത്യേക മതങ്ങളുടെ കാലഘട്ടം കഴിഞ്ഞുപോയി എന്ന് അടിസ്ഥാനപരമായി ന്യൂ ഏജ് കരുതുന്നു. എന്നിരുന്നാലും ന്യൂ ഏജിനെ എപ്പോഴും ജനപ്രീതിയിൽ വളർന്നു കൊണ്ടിരിക്കുന്ന ജ്ഞാനവാദ മതാത്മകതയുടെ വിശാലമായ പശ്ചാത്തലത്തിൽ നിർത്തുന്നത് വളരെ ശരിയുമാണ് ([13]).

ഈ വിചിന്തന റിപ്പോർട്ടിൽ ഒരു പ്രശ്നം അതിൽ തന്നെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യന്റെ പ്രായോഗിക അനുഭവം നൽകിയ സമൃദ്ധിയുടെ തിമർപ്പിൽ അടിസ്ഥാനമിട്ടിട്ടുള്ള ഒരു വസ്തുതയെ മനസ്സിലാക്കാനും വിലയിരുത്താനുമുള്ള പരിശ്രമമാണ് ഇതിൽ നടത്തുന്നത്. ഒരു സാംസ്കാരിക പ്രവണത അത് ക്രത്യമായിട്ടും യുക്തിക്കാധാരമായ പ്രഭാഷണത്തിന്റെ അതിർ വരമ്പുകളിൽ നിന്ന് വേർപിരിയണം എന്നതിൽ അടിസ്ഥാനം ഉറപ്പിച്ചിരിക്കുമ്പോൾ, അതിനെ വിലയിരുത്താൻ സാധിക്കില്ല എന്ന ഒരു വിമർശനം ഉയർന്നു വരാൻ സാധ്യതയുണ്ട്. *(It is bound to draw the criticism that it can never do*

*justice to a cultural movement whose essence is precisely to break out of what are seen as the constricting limits of rational discourse - JCBWL).* **എന്നാൽ ഇത് ന്യൂ ഏജിന്റെ കാഴ്ചപ്പാടുകളെ ഗൗരവമായി പഠിക്കാൻ ക്രിസ്ത്യാനികളെ ക്ഷണിക്കുവാനാണ് ലക്ഷ്യമിടുന്നത്. അങ്ങനെ ഇതിന്റെ വായനക്കാർ ന്യൂ ഏജിനെ വളരെ വ്യത്യസ്തമായ വീക്ഷണകോണിൽ കാണുന്ന ആളുകളുമായി ഒരു വിമർശനാത്മക സംഭാഷണത്തിൽ ഏർപ്പെടാൻ ആവശ്യപ്പെടുന്നു.**

മൂന്നാം സഹസ്രാബ്ദത്തിലുള്ള സഭയുടെ അജപാലന ദൗത്യത്തിന്റെ കാര്യക്ഷമത നിർണ്ണയിക്കുന്നത്, സുവിശേഷ സന്ദേശങ്ങളെ ഏറ്റവും ഫലപ്രദമായി ആശയ വിനിമയം ചെയ്യാൻ കഴിവുള്ള ആളുകളെ ഒരുക്കുന്നതിനെ ആശ്രയിച്ചാണ്. ന്യൂ ഏജ് എന്നറിയപ്പെടുന്ന സങ്കീർണ്ണവും വഞ്ചനാപരവുമായ പ്രതിഭാസത്തെ നേരിടുമ്പോൾ വളരെ യധികം പേർ പങ്ക് വെച്ചിട്ടുള്ള വിഷമതകൾക്കുള്ള പരിഹാരമാണ് ഇനി പറയാൻ പോകുന്നത്. ന്യൂ ഏജ് എന്താണെന്ന് മനസ്സിലാക്കാനും അത് ഏതേത് പ്രശ്നങ്ങൾക്ക് പരിഹാരം നൽകും എന്ന് അവകാശപ്പെടുന്നുവോ ആ പ്രശ്നങ്ങളെ അംഗീകരിക്കാനുള്ള പരിശ്രമമാണ് ഇവിടെ നടത്തുന്നത്. ഈ പ്രതിഭാസത്തെ മുഴുവനായും ചില പ്രത്യേക കാര്യങ്ങളെക്കുറിച്ച് വിശദമായും പരിശോധിക്കുന്ന മികച്ച പുസ്തകങ്ങളും മറ്റുരേഖകളുടെ ശേഖരവും ലഭ്യമാണ്. അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന ഈ രേഖകളിലേയ്ക്ക് സൂചനകൾ നൽകപ്പെടുന്നതാണ്. എന്നാൽ ക്രിസ്ത്യൻ വിശ്വാസത്തിന്റെ വെളിച്ചത്തിൽ ആവശ്യമായ വിവേചനത്തോടുകൂടിയ വിചിന്തനങ്ങൾ ഈ പുസ്തകങ്ങൾ/ രേഖകൾ എപ്പോഴും നടത്തുന്നില്ല. **ഈ വിചിന്തനത്തിന്റെ സംഭാവന എന്നു പറയുന്നത് കത്തോലിക്കരെ ന്യൂ ഏജ് ചിന്താഗതിയുടെ അടിസ്ഥാന തത്വങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള സൂക്ഷ്മതകളെ കണ്ടെത്താൻ സഹായിക്കുക എന്നതാണ്.** അതുവഴി അവർ നേരിടുന്ന ന്യൂ ഏജിന്റെ ഘടകങ്ങളെക്കുറിച്ച് ഒരു ക്രിസ്ത്യൻ വിലയിരുത്തൽ നടത്താൻ അവർക്ക് സാധിക്കും. ധാരാളം ആളുകൾ ന്യൂ ഏജ് എന്ന പദ പ്രയോഗം ഇഷ്ടപ്പെടുന്നില്ല എന്ന് എടുത്ത് പറയേണ്ടതുണ്ട്. 'പകരം വെയ്ക്കാവുന്ന ആത്മീയത' (alternative spirituality) ആണ് കൂടുതൽ ശരിയും പരിധികൾ വെയ്ക്കാത്തത് എന്നും അവർ അഭിപ്രായപ്പെടുന്നു. ഈ രേഖയിൽ പറഞ്ഞിരിക്കുന്ന പല പ്രതിഭാസങ്ങളും ഒരു പ്രത്യേക നാമം വഹിക്കുന്നവയായിരിക്കുകയില്ല. എന്നത് സത്യമാണ്. എന്നാൽ സംഗ്രഹ സ്വഭാവം പാലിക്കുന്നതിനുവേണ്ടി ന്യൂ ഏജ് എന്ന് പൊതുവെ അറിയപ്പെടുന്ന പ്രവണതയുമായി ബന്ധമുണ്ട് എന്ന് ന്യായമായും ചിന്തിക്കാൻ കഴിയുന്ന പ്രതിഭാസമോ ഒരു കൂട്ടം

പ്രതിഭാസങ്ങളോ നിലവിലുണ്ട് എന്ന കാര്യം വായനക്കാർ അംഗീകരിക്കണം എന്ന് ഈ വിചിന്തനം അടിസ്ഥാനപരമായി സങ്കൽപ്പിക്കുന്നുണ്ട്.

## 2.1 ന്യൂ ഏജിൽ എന്താണ് പുതിയതായിട്ടുള്ളത്?

ധാരാളം ആളുകൾ ന്യൂ ഏജ് എന്ന പദ പ്രയോഗം ചരിത്രത്തിലെ സുപ്രധാനമായ ദിശ മാറ്റുന്ന ഒരു സമയമായി വ്യക്തമായി കണക്കാക്കുന്നു. ജ്യോതിഷികളുടെ അഭിപ്രായത്തിൽ ക്രിസ്തീയ അധീശത്വം പുലർത്തുന്ന മീനയുഗത്തിൽ (Age of Pisces) ആണ് നാം ജീവിക്കുന്നത്. എന്നാൽ ഈ മീനയുഗം മൂന്നാം സഹസ്രാബ്ദത്തിൽ കുംഭം രാശി (Age of Aquarius) എന്ന *പുതിയ ഏജിന്* വഴിമാറി കൊടുക്കാനിരിക്കുന്നു([14]). ബ്രഹ്മവാതം (Theosophy), സ്പിരിച്ച്വലിസം(Spiritualism), ആന്ത്രപ്പോസോഫി (Anthroposophy) ഇവയും ഇവയുടെ നിഗൂഢതത്വശാസ്ത്രപരമായ പശ്ചാത്തലവും ചേർന്ന് സ്വാധീനിക്കപ്പെട്ട കുംഭം രാശി എന്ന യുഗത്തിന് ന്യൂ ഏജ് പ്രവണതകൾക്ക് വളരെ ഉയർന്ന രൂപരേഖ നൽകുന്നുണ്ട്. **പെട്ടെന്നു തന്നെ ഒരു മാറ്റം ലോകത്തിൽ സംഭവിക്കുമെന്ന് ഊന്നിപറയുന്ന ജനങ്ങൾ പലപ്പോഴും അങ്ങനെയുള്ള ഒരു മാറ്റത്തിനായി ആഗ്രഹിക്കുന്നു.** ഈ ലോകത്തിൽ തന്നെ നമ്മുടെ സംസ്കാരത്തിൽ വന്ന മാറ്റത്തിന്റെ അളവിൽ അല്ല എങ്കിലും ലോക ത്തോട് നാം ബന്ധപ്പെടുന്ന വഴികളിൽ ആ മാറ്റത്തെ അവർ ആഗ്ര ഹിക്കുന്നു. ജീവിതത്തിന് പുതിയ ചട്ടക്കൂട് എന്ന ആശയത്തെ ഊന്നി പറയുന്നവരിൽ പ്രത്യേകിച്ചും മാറ്റത്തിനായുള്ള ആഗ്രഹം വളരെ പ്രകടമാണ്. ഇത് വളരെ ആകർഷകമായ സമീപനമാണ്. കാരണം, പ്രകടമാക്കുന്ന സിദ്ധാന്തങ്ങളിൽ ചിലതിൽ ആളുകൾ നിഷ്ക്രിയരായി നോക്കിനിൽക്കാതെ സംസ്കാരത്തെ മാറ്റാനും ആത്മീയ അവബോധത്തിൽ പുതുമ കൊണ്ടുവരാനും വളരെ സജീവ പങ്കാളിത്തം പ്രകടിപ്പിക്കുന്നു. പ്രകടമാക്കുന്ന മറ്റു സിദ്ധാന്തങ്ങളിൽ, അധികമായ ശക്തി, പ്രകൃതി ചക്രത്തിന്റെ സ്വഭാവിക പ്രയാണത്തിന്റെ ഒഴിച്ചു കൂടാനാവാത്ത പുരോഗതിയ്ക്കായി ആരോപിക്കപ്പെടുന്നു. **എന്തുതന്നെയായാലും കുംഭംരാശി (Age of Aquarius) എന്നത് ഒരു ദർശനമാണ് സിദ്ധാന്തമല്ല. എന്നാൽ *ന്യൂ ഏജ്* വിശാലമായ ഒരു പാരമ്പര്യമാണ്. അത് മീനയുഗം (Age of Pisces) മുതൽ കുംഭംരാശി (Age of Aquarius) വരെയുള്ള മാറ്റങ്ങളുമായി നിശ്ചിതമായ ബന്ധം ഇല്ലാത്ത ആശയങ്ങളെ സ്വാംശീകരിക്കുന്നു.** അവിടെ ഭാവിജീവിതത്തെക്കുറിച്ച് മിതമായ എന്നാൽ വളരെ പൊതുവായ ദർശനങ്ങളുണ്ട്. ഈ ദർശനങ്ങൾ താഴെ പറയുന്നു:

- വ്യസ്തൃത മതങ്ങളുടെ ഒപ്പം ഗ്രഹനിലയെ ആസ്പദമാക്കിയിട്ടുള്ള ആത്മീയത
- തദ്ദേശീയമായ കൂടുതൽ മതങ്ങളെ സഹായിക്കാനുതകും വിധം ഗ്രഹ നിലയെ ബന്ധപ്പെടുത്തിയുള്ള രാഷ്ട്രീയ സംവിധാനങ്ങൾ
- പങ്കാളിത്ത സ്വഭാവമുള്ളതും ജനാധിപത്യ രീതിയിൽ പ്രവർത്തിക്കുന്ന സാമ്പത്തിക തത്വത്തിൽ അടിസ്ഥാനമിട്ടിട്ടുള്ള ആഗോള സ്ഥാപനങ്ങൾ
- ആശയവിനിമയത്തിനും വിദ്യഭ്യാസത്തിനുമുള്ള കൂടുതൽ പ്രാധാന്യം
- സ്വയം നിർദ്ദേശിക്കുന്ന ചികിത്സാരീതികളും തൊഴിൽ വൈദ്ഗധ്യം നേടിയവരുടെ ചികിത്സാരീതികളും തമ്മിൽ ഒന്നിപ്പിക്കുന്നതിനെക്കുറിച്ചുള്ള ഇടകലർന്ന സമീപനങ്ങൾ
- ശാസ്ത്രം, നിഗൂഢശാസ്ത്രം, സാങ്കേതികവിദ്യ, പരിസ്ഥിതി ശാസ്ത്രം എന്നീ വിഷയങ്ങളെ കൂടുതൽ ആൻഡ്രോഗണിയിൽ **(Androgyny)** സ്വയം മനസ്സിലാക്കി പല വഴികളിലൂടെ അതിനെ യോജിപ്പിക്കുക എന്നിവ ഉൾപ്പെടുന്നു.

ഇതെല്ലാം മനുഷ്യവംശത്തിന്റെയും ഭൂമിയുടെയും ആരോഗ്യപരമായ നിലനിൽപ്പിനെക്കുറിച്ചും ലക്ഷ്യ പ്രാപ്തിക്കും വേണ്ടിയുള്ള ശക്തിയായ ആഗ്രഹത്തിന്റെ തെളിവുകളാണ്. ന്യൂ ഏജിലേക്ക് നയിക്കുന്ന പാരമ്പര്യങ്ങളിൽ ചിലത് താഴെ പറയുന്നു:-

- ഈജ്പ്ഷ്യൻ നിഗൂഢ പരിശീലനങ്ങൾ (ancient Egyptian occult practices)
- യഹൂദരുടെ പുരാണ ഗൂഢവിദ്യകൾ (cabbalism)
- ആദിമ ക്രിസ്ത്യൻ ജ്ഞാനവാദം (Early Christian gnosticism)
- സുഫിസം (sufism)
- ഡ്രൂടിയൻ കഥകൾ (the lore of the Druids)
- സെൽട്ടിക് ക്രിസ്തീയത (Celtic Christianity)
- മദ്ധ്യകാല മാന്ത്രിക വിദ്യകൾ (mediaeval alchemy)
- നവോത്ഥാനത്തോടനുബന്ധിച്ച് ഉരുതിരിഞ്ഞ സന്യാസം (Renais sance hermeticism)
- സെൻ ബുദ്ധിസം (Zen - Buddhism)
- യോഗ(Yoga) അങ്ങനെ പലതും ([15]).

ഇവിടെയാണ് ന്യൂ ഏജിനെ സംബന്ധിച്ച് എന്താണ് പുതിയതായിട്ടുള്ളത് എന്ന ചോദ്യത്തിന്റെ പ്രസക്തി. ഇതിൽ മതേതര ആശയ ങ്ങളും നിഗുഢ ആശയങ്ങളും തമ്മിലുള്ള ഒരു സങ്കലനമാണ് നടക്കുന്നത് (*It is a "syncretism of esoteric and secular elements"* ***JCBWL*** **([16]).** വ്യക്തികളിലും സമൂഹത്തിലും ലോകത്തിലും സ്ഥായിയായ മാറ്റങ്ങൾ വരുത്താനുള്ള നല്ല സമയമാണ് എന്ന് പൊതുവെ അംഗീകരിച്ച കാഴ്ച

പ്പാടുകളുമായി ഇവ ബന്ധിക്കപ്പെടുന്നു. ഒരുമാറ്റത്തിന്റെ ആവശ്യ കതയെക്കുറിച്ച് വിവിധങ്ങളായ പ്രഖ്യാപനങ്ങൾ നിലവിലുണ്ട്. അവ താഴെ പറയുന്നു:

- ന്യൂട്ടന്റെ യാന്ത്രിക ഊർജശാസ്ത്രത്തിൽ നിന്ന് ( Mechanistic Physics) കണിക ഊർജ്ജ ശാസ്ത്രത്തിലേക്ക് (Quantum Physics).
- ആധുനിക യുഗത്തിന്റെ യുക്തിഭദ്രമായ ഉയർന്ന ചിന്താരീതിയിൽനിന്ന് വൈകാരിക അനുഭൂതികൾ, അനുഭവങ്ങൾ എന്നിവയെ അംഗീ കരിക്കുന്ന ചിന്താരീതിയിലേക്ക് ('ഇടതു വശത്തെ' തലച്ചോറിന്റെ യുക്തി സഹമായ ചിന്താ രീതിയിൽ നിന്ന് 'വലതുവശത്തെ' തല ച്ചോറിന്റെ വെളിപാടു വഴിയുള്ള ചിന്താരീതിയിലേക്കുള്ള മാറ്റമെന്ന് പലപ്പോഴും ഈ രീതി വിശേഷിപ്പിക്കപ്പെടുന്നു. often de scribed as a switch from 'left brain' *rational* thinking to 'right brain' *Intuitive* thinking).
- പുരുഷപിതൃഅധികാര മേധാവിത്വത്തിൽ നിന്ന് വ്യക്തി കളിലും സമൂഹത്തിലും സ്ത്രീത്വത്തെ ഉയർത്തികാട്ടുന്നതിലേക്ക് (from a dominance of masculinity and patriarchy to a clebration of femininity, in individuals and in society).

ഈ സാഹചര്യത്തിൽ ''നിദർശനത്തിലുള്ള മാറ്റം'' ( സമീപനത്തിലെ അടിസ്ഥാനപരമായ മാറ്റം - "paradigm shift") എന്ന പദം പലപ്പോഴും ഉപയോഗിക്കുന്നു. ചില കാര്യങ്ങളിൽ ഈ മാറ്റം ആശാ വഹമല്ലെങ്കിലും ഒഴിച്ചുകൂടാനാവാത്തത് എന്ന് വ്യക്തമായി കണ ക്കാക്കപ്പെടുന്നു.**ആധുനികതയെ നിരാകരിച്ച് മാറ്റത്തിനായുള്ള ഈ ആഗ്രഹം ഒരു പുതിയ കാര്യമല്ല. പുരാതന വിജാതീയ മതങ്ങളുടെ ആധുനിക തിരുച്ചുവരവാണ് ഇതിന്റെ കാരണമെന്ന് കണ്ടെത്താൻ കഴിയും.** 1950 കളിലും 1960 കളിലും വികസിച്ച ആധുനിക മന:ശാസ്ത്രം, തത്വശാസ്ത്രം ശാസ്ത്രവിഷയങ്ങൾ എന്നിവയും ഇവയ്ക്ക് വിരുദ്ധമായ സംസ്കാരങ്ങളും പൗരസ്ത്യ മതങ്ങളും കൂടി ചേർന്ന് ഇതിന് സ്വാധീനം ചെലുത്തിയിട്ടുണ്ട് ([17]). ഒരു സാംസ്കാരിക വിപ്ലവത്തിൽ നിന്നോ പാശ്ചാത്യ സംസ്കാരത്തിൽ പ്രാമാണ്യമുള്ള ആശയങ്ങൾക്കോ മൂല്യങ്ങൾക്കോ നേരെയുള്ള ഒരു സങ്കീർണ്ണ പ്രതിപ്രവർത്തനത്തിൽ നിന്നോ ഒട്ടും കുറയാത്തത് ന്യൂ ഏജിൽ കണ്ടെത്താവുന്നതാണ്. ന്യൂ ഏജ് ഏത് സംസ്കാരത്തിനെ എതിർത്താണോ വിമർശിക്കുന്നത്, വൈരു ദ്ധ്യാത്മകം എന്നു പറയട്ടെ, ആ സംസ്കാരത്തിന്റെ തന്നെ പ്രതിച്ഛായ പോലെ തോന്നിക്കുന്നു എന്നതാണ് ന്യൂ ഏജ് പ്രവണതയ്ക്കെതിരായി ട്ടുള്ള ആദർശപരമായ വിമർശനം.

“നിദർശനത്തിലുള്ള മാറ്റം” ("paradigm shift") എന്ന കാര്യത്തെക്കുറിച്ച് ഒരു വാക്ക് പറയേണ്ടതുണ്ട്. ഇതിനെ പ്രശസ്തമാക്കിയത് തോമസ് കുൻ (Thomas kuhn) എന്ന അമേരിക്കൻ ചരിത്ര ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, സാങ്കേതിക വിദ്യകൾ തുടങ്ങി, അവയുടെ വലിപ്പ ചെറുപ്പഭേദമന്യേ പൂർണ്ണമായും ഒരു പ്രത്യേക ജനസമൂഹം പങ്കുവയ്ക്കുന്നതിനെയാണ് നിദർശനങ്ങൾ എന്നു പറയുന്നത് ([18]). ഒരു നിദർശനത്തിൽ നിന്ന് മറ്റൊന്നിലേക്ക് മാറുന്നു എന്നു പറയുമ്പോൾ അത് സ്വാഭാവികമായുണ്ടാകുന്ന വികാസത്തെക്കാളേറെ കാഴ്ചപ്പാടിന്റെ മുഴുവനായിട്ടുള്ള രൂപാന്തരീകരണം ആണ് എന്നതാണ് വിഷയം. ഇത് ശരിക്കും ഒരു വിപ്ലവമാണ്. നിദർശനങ്ങൾ തമ്മിൽ താരതമ്യം ചെയ്യാനാവാത്തതും ഒരേ സമയം ഒരുമിച്ചു നിലനിൽക്കാൻ സാധിക്കാത്തതുമാണ് എന്നാണ് തോമസ് കുൻ അഭിപ്രായപ്പെടുന്നത്. അതുകൊണ്ട് മതത്തിലും ആത്മീയതയിലുമുള്ള നിദർശനങ്ങളുടെ മാറ്റം എന്ന ആശയം അത് വെറുതെ പാരമ്പര്യ വിശ്വാസങ്ങളെ പുതിയ രീതിയിൽ അവതരിപ്പിക്കുന്ന ഒരു വഴിയാണ് എന്ന് പറയുന്നതുമായി യോജിക്കുന്നില്ല. **ഇപ്പോൾ ശരിക്കും നടന്നുകൊണ്ടിരിക്കുന്നത് ലോക കാഴ്ചപ്പാടിനെക്കുറിച്ചുള്ള സമൂലമായ മാറ്റമാണ്.** മുൻകാല കാഴ്ചപ്പാടുകളുടെ ഉള്ളടക്കം മാത്രമല്ല, മുമ്പുള്ള ദർശനങ്ങളുടെ മൗലികമായ വ്യാഖ്യാനങ്ങളും വിഷയീഭവിച്ചിരിക്കുന്നു. **ഒരു പക്ഷെ ഇതിനുള്ള ഏറ്റവും വ്യക്തമായ ഉദാഹരണം ക്രിസ്തീയതയും ന്യൂ ഏജും തമ്മിലുള്ള ബന്ധം എടുത്ത് പറയുമ്പോൾ, മനുഷ്യ ജീവിതത്തേയും യേശു ക്രിസ്തുവിന്റെ പ്രാധാന്യത്തേയും കുറിച്ചുള്ള മുഴുവനായിട്ടുള്ള പുതുക്കിയ ഉടച്ച് വാർക്കലാണ്. ക്രിസ്തീയ ദർശനങ്ങളേയും ന്യൂ ഏജ് ദർശനങ്ങളേയും യോജിപ്പിലെത്തിക്കുക അസാധ്യമാണ്([19]).**

ശാസ്ത്രവും സാങ്കേതിക വിദ്യകളും ഒരിക്കൽ വാഗ്ദാനം ചെയ്തിരുന്നു എന്നു കരുതിയ എല്ലാ കാര്യങ്ങളും നൽകുന്നതിൽ പരാജയപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ജനങ്ങൾ ജീവിതത്തിന്റെ അർത്ഥത്തിനും വിമോചനത്തിനും വേണ്ടിയുള്ള അന്വേഷണങ്ങളിൽ ആത്മീയ മേഖലയിലേയ്ക്ക് തിരിഞ്ഞിട്ടുണ്ട്. **പാശ്ചാത്യസമൂഹത്തിലെ അടിച്ചമർത്തപ്പെട്ട, ഒറ്റപ്പെടുത്തുന്ന ജീവിത അനുഭവങ്ങളെ വിട്ട് കൂടുതൽ മനുഷ്യത്വപരവും ശോഭയേറിയതുമായവ തേടിയുള്ള അന്വേഷണത്തിൽ നിന്നാണ് ഇന്നു നാം അറിയുന്ന ന്യൂ ഏജ് കടന്നു വന്നത്.** ഇതിന്റെ ആദ്യകാല വക്താക്കൾ അവരുടെ അന്വേഷണത്തിൽ വളരെ ദൂരത്തേക്ക് നോക്കുവാൻ തയ്യാറായിരുന്നു. അതിനാൽ ഇത് ഉത്തമാംശങ്ങളെ

തെരഞ്ഞെടുക്കുന്ന ഒരു സമീപനമായി രൂപപ്പെട്ടു. (*Its early exponents were prepared to look far afield in their search, so it has become a very eclectic approach - **JCBWL).*** **ഒരു"മതത്തിലേക്ക് മടങ്ങി വരുന്നതിന്റെ" ലക്ഷണങ്ങളിൽ ഒന്നായി ഇതിനെ എടുക്കാമെങ്കിലും അത് നിശ്ചയമായിട്ടും യാഥാസ്ഥിക ക്രിസ്ത്യൻ തത്വങ്ങളിലേക്കുള്ള മടങ്ങിവരവല്ല.** പാശ്ചാത്യ സംസ്കാരത്തിലേക്ക് തുളച്ചു കയറിയ ഈ "പ്രവണത"യുടെ ആദ്യാക്ഷരങ്ങൾ 1969 ലെ ന്യൂയോർക്ക് സ്റ്റേറ്റിൽ വുഡ് സ്റ്റോക്കിലെ പേരുകേട്ട ഉത്സവവും ന്യൂ ഏജിന്റെ മുഖ്യ വിഷയങ്ങളെ കോർത്തിണക്കിയ "അക്വാറിയസ്"(Aquarius) എന്ന പേരിലുള്ള സൂചക ഗാനം ഉൾകൊള്ളിച്ചുള്ള musical *Hair* എന്ന പരിപാടിയുമാണ്([20]). പക്ഷെ അതെല്ലാം വലിയൊരു മഞ്ഞുമലയുടെ ഒരു മുനമ്പ് മാത്ര മായിരുന്നു. ആ മഞ്ഞുമലയുടെ വ്യാപ്തി എന്തുമാത്രം ഉണ്ടെന്ന് വ്യക്തമായത് താരതമേന്യ വളരെ അടുത്തയിടയാണ്. 1960 കളിലും 1970 കളിലും ഉണ്ടായിരുന്ന ആദർശവാദം (idealism) ഇപ്പോഴും ചില സ്ഥലങ്ങളിൽ നിലനിൽക്കുന്നുണ്ട്. എന്നാൽ അതിലുൾപെട്ടിട്ടുള്ള ആളുകൾ ഇപ്പോൾ ഒരിക്കലും ശക്തമായ വളർച്ചയുടെ പ്രായപരിധിയിൽ ഉൾപ്പെട്ടവരല്ല. ഇടതുപക്ഷ രാഷ്ട്രീയ ചിന്താഗതികളുമായുള്ള ബന്ധം മങ്ങിയിട്ടുണ്ട്. മതിവിഭ്രമം വളർത്തുന്ന മരുന്നുകൾ പണ്ട് വളരെ പ്രാമുഖ്യം ആർജിച്ചിരുന്നതുപോലെ ഇപ്പോൾ അല്ല. ഇതെല്ലാം ഇപ്പോൾ അത്ര വിപ്ലവകരമല്ലാത്തത് ആക്കുന്ന വിധത്തിൽ വളരെയധികം കാര്യങ്ങൾ ഈ കാലയളവിൽ സംഭവിച്ചു. "ആത്മീയമായതും"(Spritual)"നിഗൂഢ ശാസ്ത്ര സ്വഭാവമുള്ളതും'' (mystical) ആയ പ്രവണതകൾ പണ്ട് പ്രതി സംസ്കാരത്തിന്റെ ഭാഗമായി പരിമിതപ്പെടുത്തി നിന്നിരുന്നത് ഇപ്പോൾ മുഖ്യധാര സംസ്കാരങ്ങളുടെ ഭാഗമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇത് ജീവിതത്തിന്റെ വിവിധ വശങ്ങളായ രോഗശമനത്തിനായ് മരുന്നുകൾ ഉപയോഗിക്കുന്നതിലും, ശാസ്ത്രം, കല, മതം എന്നിവയേയും സ്വാധീ നിക്കുന്നുണ്ട്. **പാശ്ചാത്യ സംസ്കാരം ഇപ്പോൾ കൂടുതൽ പൊതു രാഷ്ട്രീയവും പാരിസ്ഥിതികവുമായ അവബോധത്താൽ നയി ക്കപ്പെടുന്നുണ്ട്. ഈ സാംസ്കാരിക തലത്തിലുള്ള മാറ്റം ആളുകളുടെ ജീവിത രീതികളിൽ വലിയ സ്വാധീനം ഉണ്ടാക്കിയിട്ടുണ്ട്.** ചിലർ അഭിപ്രായപ്പെട്ടതുപോലെ ന്യൂ ഏജ് 'പ്രവണത' എന്നു പറയുന്നത് കൃത്യ മായി "കൂടുതൽ സുപ്രധാനമായ മെച്ചപ്പെട്ട ഒരു ജീവിത രീതി" യിലേക്കുള്ള വലിയ മാറ്റമായി കണക്കാക്കപ്പെടുന്നു([21]).

## 2.2 ന്യൂ ഏജ് നൽകും എന്ന് അവകാശപെടുന്നത് എന്താണ്?

### 2.2.1 ആനന്ദാനുഭൂതി : ഒരു 'മാലാഖ' ഉണ്ടായിരുന്നിരിക്കണം

**ന്യൂ ഏജ് "ആത്മീയതയുടെ" ഏറ്റവും സാധാരണഘടകങ്ങളിലൊന്ന് മോഹിപ്പിക്കുന്ന അസാധാരണ വെളിപ്പെടുത്തലുകൾ പ്രത്യേകിച്ചും അസാധാരണ അവതാരങ്ങളെ കുറിച്ചുള്ളതാണ്.** ആളുകൾ തങ്ങളെ "മാധ്യമങ്ങൾ" (ഫലപ്രാപ്തിക്കുള്ള ഉപാധികൾ) (Mediums) ആയി കണക്കാക്കപ്പെടുന്നു. ന്യൂ ഏജ് പ്രതിഭാസത്തിലെ "ചാനലിങ്ങ്" (Chanelling) എന്നു അറിയപ്പെടുന്ന പ്രവർത്തനത്തിലൂടെ ആനന്ദമൂർഛയിലായിരിക്കുന്ന സമയത്ത് അവരുടെ വ്യക്തിത്വത്തെ മറ്റൊരു സ്വത്വം ഏറ്റെടുക്കുന്നതായി ഈ 'മാധ്യമങ്ങൾ'അവകാശപ്പെടുന്നു. ആ സമയത്ത് ഈ മാധ്യമങ്ങൾക്ക് തങ്ങളുടെ ശരീരത്തിന്റെയും മനസ്സിന്റെയും മേലുള്ള നിയന്ത്രണം നഷ്ട്ടപ്പെട്ടേക്കാം എന്നും പറയുന്നു. **ഈ സംഭവങ്ങൾക്ക് സാക്ഷികളായ കുറച്ചാളുകൾ ബോധപൂർവ്വം സമ്മതിക്കുന്നു ആ വെളിപ്പെടുത്തലുകൾ ശരിക്കും 'ആത്മീയമാണ്' എന്ന്, എന്നാൽ അവ ദൈവത്തിൽ നിന്നല്ല എന്നും അവർ സമ്മതിക്കുന്നു. സ്നേഹത്തിന്റെ ഭാഷയും വെളിച്ചവും എപ്പോഴും ഏറെകുറെ ഉപയോഗിക്കുന്നു എങ്കിലും ആ വെളിപ്പെടുത്തലുകൾ നിശ്ചയമായിട്ടും ദൈവത്തിൽ നിന്നല്ല എന്ന് അവർ സമ്മതിക്കുന്നു......** മിക്കവാറും സമകാലീന കാലഘട്ടത്തിന്റെ ഒരു തരം ആത്മീയത എന്നു വിശേഷി പ്പിക്കുന്നതാവും കൃത്യമായ അർത്ഥത്തിലുള്ള ആത്മീയത എന്ന് വിശേഷിപ്പിക്കുന്നതിനേക്കാൾ ശരിയാകുന്നത്. അശരീരീകളുടെ ലോകത്ത് നിന്നു വരുന്ന മറ്റു സുഹൃത്തുക്കളും ഉപദേശകരും 'മാലാഖമാരാണ്' (ഈ വിഷയം സംബന്ധിച്ചുള്ള ചിത്രങ്ങളും പുസ്തകങ്ങളും വലിയൊരു കച്ചവടമായി വളർന്നുകഴിഞ്ഞു) ന്യൂ ഏജിൽ 'മാലാഖമാരെക്കുറിച്ച്' പരാമർശിക്കുമ്പോൾ ആളുകൾ ആ പരാമർശനം നടത്തുന്നത് ക്രമമനുസരിച്ചല്ല(unsystematic). ശരിക്കും ഈ മേഖലയിലുള്ള വ്യത്യസ്ഥതയെ കുറിച്ചുള്ള വിശദീകരണം ചിലപ്പോൾ അങ്ങേയറ്റം കൃത്യതയ്ക്ക് വേണ്ടിയാകുമ്പോൾ സഹായകരമാകുന്നില്ല. ഇതിനു കാരണം "നയിക്കുന്നവർ, സ്വത്വങ്ങൾ, ഊർജ്ജം, പ്രപഞ്ച അഷ്ട പരിധിയിലെ

ഓരോ വസ്തുക്കളും ഇവയ്ക്കോരൊന്നിനും വളരെയധികം ശ്രേണികൾ ഉള്ളതുകൊണ്ടാണ്.....ഓരോരുത്തരും അവരവരുടെ താല്പര്യം അനുസരിച്ച് വിവിധ ശ്രേണികളിൽ ഉള്ളതിനെ തിരഞ്ഞെടുക്കുന്നു"([22]) എന്നതാണ്. ഈ ആത്മീയ സ്വത്വങ്ങളെ പലപ്പോഴും 'മതപരമല്ലാത്തതായി'(non - religiously) വിളിച്ചപേക്ഷിക്കുന്നു. **അവനവന്റെ ജീവിതത്തിന്റെ മേലും ജോലിയുടെ മേലും നിയന്ത്രണം ലഭിക്കാനും കൂടുതൽ നന്നായി തീരുമാന മെടുക്കുന്നതിനും ഉത്കണ്ഠയിൽ നിന്ന് മുക്തവും ആകുന്ന തിനുവേണ്ടിയാണ് സഹായം അപേക്ഷിക്കുന്നത്.** നിഗൂഢ ശക്തി വിശേഷങ്ങളുള്ള ആളുകൾ 'mystics' എന്ന് തങ്ങളെതന്നെ വിശേഷി പ്പിക്കുന്നവർ ചില പ്രത്യേക ആളുകൾ വഴി പഠിപ്പിക്കുന്നതിലൂടെ, അരൂപികളുമായുള്ള സംയോജനം, വെറെ ചില ന്യൂ ഏജ് അനുഭവങ്ങൾ നൽകുമെന്ന് അവകാശപ്പെടുന്നു. ചില പ്രകൃതിയുടെ അരുപികൾ സ്വഭാവിക ലോകത്തും അതുപോലെ ഉള്ളിലെ തട്ടുകളിലും ("Inner Planes") വളരെ ശക്തിയുള്ള ഉർജ്ജത്തിന്റെ (energies) ഉറവിടങ്ങളായി വിശേഷിപ്പിക്കപ്പെടുന്നു. അവയെ ബോധാവസ്ഥയെ പരിവർത്തനം ചെയ്യപ്പെട്ട അവസ്ഥയിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി ഉള്ളിലെ തട്ടുകളിലെ അരൂപികളെ അനുഷ്ഠാനങ്ങൾ, മരുന്നുകൾ മറ്റ് വിദ്യകൾ വഴി പ്രാപ്യമാണ് എന്നു കരുതുന്നു. ***ഇത് വളരെ വ്യക്തമാണ്; ഏററവും കുറഞ്ഞത് തത്വത്തിലെങ്കിലും, ന്യൂ ഏജ്, പലപ്പോഴും വ്യക്തിപരമായി ഒരാൾക്കുള്ളിൽ അനുഭവപ്പെടുന്ന അനുഭവത്തിന്റെ മുകളിൽ മറ്റൊരു ആത്മീയാധികാരം ഇല്ല എന്നാണ് അംഗീകരി ക്കുന്നത്.***

## 2.2.2. യോജിപ്പും ധാരണയും : നല്ല സ്പന്ദനങ്ങൾ

പ്രകൃതിയോടും പ്രപഞ്ചത്തോടും നല്ല ബന്ധത്തിലായിരിക്കേണ്ടതിന്റെ പ്രാധാന്യം വിവരിക്കുന്ന വളരെ വ്യത്യസ്തങ്ങളായ മാർഗ്ഗങ്ങൾ Findhorn garden ഉം *Feng Shui*-യും ([23]) പ്രതിപാദിക്കുന്നതിൽനിന്ന് പ്രതിഭാസം വളരെ വൈവിധ്യമുള്ളതാണന്ന് മനസ്സിലാക്കാൻ സാധിക്കും. **ന്യൂ ഏജിൽ നൻമയായത് പാപമായത് എന്നിങ്ങനെ വേർതിരിവില്ല. എല്ലാ മാനുഷിക പ്രവൃത്തികളും ഒന്നുകിൽ പ്രകാശിക്കപ്പെട്ട മനസ്സിന്റെയോ അല്ലെങ്കിൽ അറിവില്ലായ്മയുടെയോ ഫലങ്ങളാണ്. അതുകൊണ്ട് ന്യൂ ഏജ് ചിന്താഗതിയനുസരിച്ച് ആരേയും കുറ്റം വിധിക്കാൻ കഴിയില്ല, ആർക്കും പാപക്ഷമയുടെ ആവശ്യവുമില്ല.** പാപത്തിന്റെ അസ്ഥിത്വത്തെ വിശ്വസിക്കുന്നത് ഭയവും നിഷേധാത്മകത്വവും ഉണ്ടാക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ എന്ന് അവർ കരുതുന്നു. നിഷേധാത്മകത്വത്തിനുള്ള

ഉത്തരം സ്നേഹമാണ്. എന്നാൽ അത് പ്രവൃത്തിയിലേയ്ക്ക് മാറ്റപ്പെടുത്തേണ്ട തരത്തിലുള്ളതല്ല; അത് മറ്റ് എന്തിനെക്കാളും മനസ്സിന്റെ മനോഭാവത്തെ സംബന്ധിച്ചുള്ളതാണ് എന്നും അവർ കരുതുന്നു. സ്നേഹം വളരെ ഉയർന്ന ആവൃത്തിയിലുള്ള പ്രകമ്പനം ഉള്ള ഒരു മാർഗ്ഗമാണ്. സന്തോഷത്തിന്റെയും ആരോഗ്യത്തിന്റെയും വിജയത്തിന്റെയും രഹസ്യമെന്നു പറയുന്നത് ഒരുവൻ, മനുഷ്യരുടെ സത്തയുടെ വലിയ നീണ്ട ചങ്ങലയിൽ തന്റെ തന്നെ സ്ഥാനം കണ്ടെത്താൻ എങ്ങനെ രൂപപ്പെടുന്നു എന്നതിനെ ആശ്രയിച്ചാണ്. ന്യൂ ഏജ് പഠിപ്പിക്കുന്നവരും ചികിത്സകരും പ്രപ ഞ്ചത്തിലെ എല്ലാ ഘടകങ്ങളും തമ്മിൽ തമ്മിൽ പരസ്പരം ബന്ധപ്പെടാനുള്ള കഴിവ് കണ്ടെത്താൻ സാധിക്കും എന്ന് അവകാശപ്പെടുന്നു. അത് വഴി ആളുകൾക്ക് അവരുടെ ജീവിതത്തിന്റെ സാമാന്യ സ്വഭാവം ക്രമീകരിച്ച് അവർക്ക് പരസ്പരവും ചുറ്റുമുള്ള എല്ലാതുമായും (വിവിധങ്ങളായ സാമൂഹ്യ പശ്ചാത്തലമുണ്ടെങ്കിൽ പോലും) പരിപൂർണ്ണമായും ലയത്തിൽ ആയിരിക്കുവാൻ സാധിക്കും എന്നവർ അവകാശപ്പെടുന്നു([24]).

## 2.2.3 ആരോഗ്യം : സന്തുഷ്ട ജീവിതം

ഇംഗ്ലീഷ് (allopathic) മരുന്നുകൾ ഈ കാലഘട്ടത്തിൽ പ്രത്യേക തരത്തിലുള്ള രോഗങ്ങളെമാത്രം ശമിപ്പിക്കുക എന്നതിലേയ്ക്ക് ചുരുങ്ങിയതായും അത് വിശാലമായി മനുഷ്യന്റെ പൂർണ്ണ ആരോഗ്യം എന്നത് നോക്കികാണുവാൻ പരാജയപ്പെട്ടതുകൊണ്ട് വളരെ ന്യായമായ അതൃപ്തി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് പകരം വെയ്ക്കാവുന്ന ചികിത്സാരീതികൾ വളരെയധികം പ്രസിദ്ധിയാർജിച്ചു. കാരണം അവർ മനുഷ്യനെ മുഴുവനായിട്ടുള്ള ആരോഗ്യം എന്ന കാഴ്ചപ്പാട് ഉള്ളവരായും രോഗം മാറ്റുക എന്നതിനെക്കാൾ പൂർണ്ണമായ സൗഖ്യാവസ്ഥ എന്നതിനെ പ്രാധാന്യം കൊടുക്കുന്നതായും അവകാശപ്പെടുന്നു. **ഹോളിസ്റ്റിക് ഹെൽത്ത് എന്ന് അറിയപ്പെടുന്ന ചികിത്സാരീതിയെക്കുറിച്ചുള്ള കാഴ്ചപ്പാട് ശാരീരിക സൗഖ്യത്തിന് മനസ്സ് പ്രധാനപ്പെട്ട പങ്കു വഹിക്കുന്നു എന്ന ആശയത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു.** ഒരു മനുഷ്യന്റെ ആത്മീയവും ശാരീരി കവുമായ ഘടകങ്ങൾക്ക് പരസ്പരമുള്ള ബന്ധം അവന്റെ രോഗ പ്രതിരോധ സംവിധാനത്തിലും ഇന്ത്യൻ ചിന്താഗതിയിലുള്ള ചക്രങ്ങളെ അടിസ്ഥാനമാക്കിയുള്ള രീതിയിലും നിലവിലുള്ളതായി പറയപ്പെടുന്നു. **ന്യൂ ഏജ് കാഴ്ചപ്പാടിൽ രോഗവും സഹനവും പ്രകൃതിയ്ക്ക് എതിരെ പ്രവർത്തിക്കുന്നതിൽ നിന്നാണ് വരുന്നത് എന്നാണ്.** ഒരുവൻ പ്രകൃതിയ്ക്ക് യോജിച്ച രീതിയിൽ പ്രവൃത്തിക്കുകയാണെങ്കിൽ അവന് കൂറെകൂടി ആരോഗ്യപരമായ ജീവിതവും

ഭൗതിക ഐശ്വര്യംപോലും പ്രതീക്ഷിക്കാൻ സാധിക്കും എന്ന് അവർ കരുതുന്നു. **ന്യൂ ഏജ് ചിന്തകളെ അടിസ്ഥാനമാക്കിയുള്ള ചില സൗഖ്യദായകർ പറയുന്നത് നമുക്ക് ഈ ലോകത്ത് മരിക്കേണ്ടിവരിക എന്നതുപോലും ഉണ്ടാകില്ല എന്നാണ്.** മാനുഷിക കഴിവുകൾ വികസിപ്പിച്ചെടുത്തുകൊണ്ട് ഉള്ളിലെ ദിവ്യമായതും പിന്നെ വ്യക്തിത്വത്തിന്റെ ഒറ്റപ്പെട്ടുപോയതും അടിച്ചമർത്തപ്പെട്ടതുമായ ഭാഗങ്ങളുമായി ബന്ധമുണ്ടാക്കാൻ സാധിക്കും എന്നും പറയപ്പെടുന്നു. ബോധാവസ്ഥയെ പരിവർത്തനം ചെയ്യപ്പെട്ട അവസ്ഥയിൽ (Altered State of Consciousness) ഇതെല്ലാം വെളിവാക്കപ്പെടുന്നുണ്ട്. ഈ അവസ്ഥ ഉണ്ടാകുന്നതിന് പ്രേരകമായി മരുന്നുകളോ അല്ലെങ്കിൽ ബോധാവസ്ഥയെ പരിവർത്തനം വരുത്തുന്ന വിദ്യകൾ, പ്രത്യേകിച്ച് അതീന്ദ്രിയ മന:ശാസ്ത്രത്തിന്റെ സാഹചര്യത്തിൽ ഉപയോഗിക്കുന്നു. ഷമൻ(Shaman) അഥവാ പ്രേതാർച്ചക പൂജാരി മിക്കവാറും ബോധാവസ്ഥയെ പരിവർത്തനം ചെയ്യുന്ന ഒരു വിദഗ്ദനായി കാണപ്പെടുന്നു. അയാൾ ആത്മജീവികളുടെ അതീന്ദ്രിയ മേഖലയിലും ദൈവങ്ങൾക്കും അതുപോലെ മനുഷ്യർക്കും ഇടയിൽ മദ്ധ്യസ്ഥം വഹിക്കുവാൻ കഴിവുള്ളവനായി ഗണിക്കപ്പെടുന്നു.

ഹോളിസ്റ്റിക് ചികിത്സ കാഴ്ചപ്പാടുവഴിയുള്ള ആരോഗ്യത്തിന്റെ വളർച്ചയ്ക്കായി വളരെയധികം വ്യത്യസ്തങ്ങളായ സമീപനങ്ങൾ ഉണ്ട്. അവയിൽ ചിലത് കടന്നുവന്നിട്ടുള്ളത് മതപരമോ നിഗൂഢജ്ഞാനത്തോടെയുള്ള പുരാതന സാംസ്കാരിക പരാമ്പര്യത്തിൽ നിന്നോ ആണ്. മറ്റുള്ളവ 1960–1970 കാലഘട്ടത്തിൽ ഉയർന്നുവന്ന എസലെൻ (Esalen) സിദ്ധാന്തങ്ങളിലധിഷ്ഠിതമായി വികസിപ്പിച്ചെടുത്ത മന:ശാസ്ത്രതത്ത്വങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ന്യൂ ഏജ് നെ പ്രചരിപ്പിക്കാൻ ഉപയോഗിക്കുന്ന ചികിത്സാരീതികളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു:

- അക്യുപംക്ച്ചർ (acupuncture)
- ബയോഫീഡ്ബാക്ക് (biofeedback)
- ചിറോപ്രാക്ടിക് (chiropractic)
- കിൻസിയോളജി (kinesiology)
- ഹോമിയോപ്പതി (homeopathy)
- ഇറിഡോളജി മസ്സാജ് (iridology massage)
- പലതരത്തിലുള്ള ശാരീരിക അഭ്യാസങ്ങൾ (ഒർഗോണമി(orgonomy), ഫെൽഡൻക്രേസ് (Feldenkrais), റിഫ്ളക്സോളജി (reflexology), റോൾഫിങ്ങ് (Rolfing), പോളാരിറ്റി മസ്സാജ് (Polarity massage),

തെറാപ്യൂട്ടിക് ടച്ച് (therapeutic touch) തുടങ്ങിയവ).

- ധ്യാനവും ഭാവന കാണലും (meditation and visualisation)
- പോഷകാഹാര ചികിത്സ (nutritional therapies)
- മാനസിക സൗഖ്യചികിത്സ (psychic healing)
- പലതരത്തിലുള്ള ഔഷധസസ്യങ്ങൾ കൊണ്ടുള്ള ചികിത്സകൾ
- ക്രിസ്റ്റലുകൾ, ലോഹങ്ങൾ, സംഗീതം, വർണ്ണം എന്നിവ കൊണ്ടുള്ള സൗഖ്യപ്പെടുത്തലുകൾ (healing by crystals, metals, music or colours)
- പുനർജ്ജന്മ ചികിത്സകൾ (reincarnation therapies)
- ഏറ്റവും ഒടുവിൽ പന്ത്രണ്ടു ഘട്ടങ്ങളുള്ള പരിപാടികളും സ്വയം സഹായ സംഘങ്ങളും എന്നിവ ഉൾക്കൊള്ളുന്നു ([25]).

സൗഖ്യത്തിന്റെ ഉറവിടം തങ്ങളുടെ ഉള്ളിൽ നിന്ന് തന്നെയാണ് എന്ന് പറയപ്പെടുന്നു. സൗഖ്യത്തെ നാം പ്രാപിക്കുന്നത് ഒരുവന്റെ ഉള്ളിലെ ഊർജ്ജ മായോ (പ്രാപഞ്ചിക ഊർജ്ജമായോ) ബന്ധപ്പെടുമ്പോഴാണ് എന്നു കരുതപ്പെടുന്നു.

ആരോഗ്യം എന്നത് മനുഷ്യ ജീവിതത്തിന്റെ കാലദൈർഘ്യം കൂട്ടുക എന്നതുപോലെ *ന്യൂ ഏജ്* പൗരസ്ത്യമായൊരു സൂത്രവാക്യം, പാശ്ചാത്യരൂപത്തിൽ നൽകുന്നു. പുനർജ്ജന്മം വാസ്തവത്തിൽ ഒരു ഹൈന്ദവ തത്വചിന്ത (Hindu cyclical thought) ആയിരുന്നു. അത് പ്രകാരം '*ആത്മൻ*'(*atman*) അഥവാ വ്യക്തിത്വത്തിന്റെ സത്തയുടെ (പിന്നീട് അത് ജീവ (*jiva*) എന്ന ആശയമായി മാറി) കർമ്മഫലം, കർമ്മ (karma) എന്ന നിയമമനുസരിച്ച് തിട്ടപ്പെടുത്തുന്ന തലമുറയിലേയ്ക്ക് (cycle of suffering (*samsara*) ഒരു ശരീരത്തിൽ നിന്ന് മറ്റൊരു ശരീരത്തിലേയ്ക്ക് കഴിഞ്ഞകാല ജീവിതത്തിലെ സ്വഭാവത്തെയും ജീവിതരീതിയെയും ബന്ധപ്പെടുത്തി മാറ്റപ്പെടുന്നു (Originally, reincarnation was a part of Hindu cyclical thought, based on the *atman* or divine kernel of personality (Iater the concept of *jiva*), which moved from body to body in a cycle of suffering (*samsara*), determined by the law of *karma*, linked to behaviour in past lives - ***JCBWL***). **കുറച്ച് നല്ല ഒരു ജീവിയായി പുനർജനിക്കാനുള്ള സാധ്യതയുണ്ട് എന്ന ഒരു പ്രതീക്ഷമാത്രമേ അല്ലെങ്കിൽ അന്തിമമായി വീണ്ടും ജനിക്കേണ്ടതിന്റെ ആവശ്യകതയിൽ**

**നിന്നുള്ള മോചനത്തെക്കുറിച്ചുള്ള പ്രതീക്ഷ മാത്രമേ ഈ ചിന്താഗതിയിലുള്ളൂ**. ബുദ്ധമത പാരമ്പര്യങ്ങളിൽ ശരീരത്തിൽ നിന്ന് ശരീരത്തിലേയ്ക്ക് അശരണരായി മാറ്റപ്പെടുന്ന ആത്മാവിന് പകരം, ബോധാവസ്ഥയാണ് മാറ്റപ്പെടുന്നത് എന്ന വ്യത്യാസം മാത്രമെയുള്ളൂ. ഇപ്പോഴത്തെ ജീവിതം, ഒരിക്കലും അവസാനിക്കാ ത്തതാകുവാൻ സാധ്യതയുള്ള, ദൈവങ്ങളെപോലും ഉൾപ്പെട്ടിട്ടുള്ള പ്രാപഞ്ചിക പ്രക്രിയയാൽ നിറഞ്ഞതാണ് എന്ന് അവർ കരുതുന്നു. പാശ്ചാത്യലോകത്ത് ലെസ്സിംഗ് എന്ന എഴുത്തുകാരന്റെ കാലം മുതൽ പുനർജ്ജന്മം എന്നത് വളരെ പ്രത്യാശയോടെ നോക്കി കാണുന്ന പഠനത്തിന്റെ പ്രക്രിയയും വ്യക്തിയുടെ ആത്മ സായുജ്യവും നൽകികൊണ്ടിരിക്കുന്നതായി കണക്കാക്കപ്പെടുന്നു. ആത്മവാദം (Spiritualism), ബ്രഹ്മവാദം (theosophy), ആൻഡ്രോപ്പോസോഫി (anthroposophy), *ന്യൂ ഏജ്* എന്നിവ പുനർജന്മത്തെ പ്രാപഞ്ചിക പരിണാമപ്രക്രിയയിലെ പങ്കെടുക്കലായിട്ടാണ് കണക്കാക്കുന്നത്. **യുഗാന്ത്യത്തെക്കുറിച്ചുള്ള സമീപനങ്ങളിൽ ക്രിസ്തീയ ചിന്തകൾക്കുശേഷം രൂപംകൊണ്ട സമീപനങ്ങളിൽ നിത്യവിധിയെക്കുറിച്ചുള്ള പരിഹരിക്കപ്പെടാത്ത ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും അത് നരകത്തെക്കുറിച്ചുള്ള ചിന്തകളെ ഉപേക്ഷിക്കുകയും ചെയ്തു.** ആത്മാവ് ശരീരത്തിൽ നിന്ന് വേർപെടുമ്പോൾ ആ വേർപിരിയുന്ന സമയം വരെയുള്ള ജീവിതത്തെ പിൻതിരിഞ്ഞു നോക്കാനും ആത്മാവ് പുതിയ ശരീരത്തിൽ പ്രവേശിക്കുമ്പോൾ വരാൻ പോകുന്ന ജീവിതത്തെ മുൻകൂട്ടി കാണാനും സാധിക്കും എന്ന ആശയങ്ങൾ ഈ സമീപനങ്ങളിൽ സ്വീകരിച്ചിരിക്കുന്നു. ആളുകൾക്ക് അവരുടെ പഴയ ജീവിതത്തെ കാണാൻ സ്വപ്നങ്ങളിലൂടെയും ധ്യാനവിദ്യകളിലൂടെയും സാധ്യമാണ് എന്നും കരുതപ്പെടുന്നു([26]).

### 2.2.4. പൂർണ്ണത – ഒരു മാന്ത്രിക നിഗൂഢ രഹസ്യയാത്ര

*ന്യൂ ഏജ്* **പ്രവണതയുടെ മുഖ്യ പ്രതിപാദവിഷയങ്ങളിൽ ഏറ്റവും പ്രാധാന്യം കൊടുക്കുന്നത് "പൂർണ്ണത" യ്ക്ക് ("wholeness") വേണ്ടിയുള്ള അന്വേഷണത്തിനാണ്.** "ദൈവാദത്തിന്റെ" ("dualism") എല്ലാ രൂപങ്ങളെയും അതിജീവിക്കാനുള്ള പ്രോത്സാഹനം ഈ അന്വേഷണം നല്കുന്നുണ്ട്. **അങ്ങനെയുള്ള വിഭജനം കഴിഞ്ഞ ജന്മത്തിലെ പരിമിതമായി പ്രകാശിപ്പിക്കപ്പെട്ട ഭൂതകാലത്തിന്റെ ഫലമാണ് എന്ന അഭിപ്രായം ഉള്ളതുകൊണ്ടാണ് ദൈവാദത്തെ പ്രോത്സാഹിപ്പിക്കാത്തത്.** ന്യൂ ഏജിന്റെ വക്താക്കൾ തരണം ചെയ്യാൻ പറയുന്ന വിഭജന ഘടകങ്ങൾ താഴെ പറയുന്നു:

- **സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസം**

- **മനുഷ്യനും പ്രകൃതിയും തമ്മിലുള്ള യഥാർത്ഥ വ്യത്യാസം**
- **ആത്മാവും ശരീരവും തമ്മിലുള്ള വ്യത്യാസം എന്നിവ ഉൾപ്പെടുന്നു.**

ഇത്തരം വിഭജനങ്ങളെല്ലാം ദൈവവാദത്തിന്റെ വിവിധ രൂപ ത്തിലുള്ള തെറ്റുകളായി ന്യൂ ഏജിൽ കണക്കാക്കപ്പെടുന്നു. ഈ വിഭജന പ്രവണ തകളെല്ലാം പാശ്ചാത്യ സംസ്കാരത്തിൽ വേരുകൾ ഉള്ള യഹൂദ ക്രിസ്ത്യൻ ചിന്തകളിൽ അടിസ്ഥാനമിട്ടിട്ടുള്ളതാണെന്ന് ആരോപിക്കപ്പെ ടുന്നു. എന്നാൽ ഇതിനെയെല്ലാം ജ്ഞാനവാദവുമായി (gnosticism) പ്രത്യേകിച്ചും മാണിക്കേയിസവുമായി (Manichaeism) ബന്ധപ്പെടുത്തുന്ന തുമാണ് കൂടുതൽ ശരി. ശാസ്ത്ര പുരോഗതിയും ആധുനിക യുക്തി വാദവും ആണ് ഇങ്ങനെ വിഭജനത്തിന്റെ പ്രവണതയ്ക്കുള്ള കാരണ ങ്ങളായി ആരോപിക്കപ്പെടുന്നത്. ഈ വിഭജനത്തിൽ ജൈവ പൂർണ്ണതയെ ഏറ്റവും ചെറിയ ഘടകങ്ങളാക്കി ചെറുതാക്കാൻ കഴിയുന്ന സംവിധാ നങ്ങൾ ആയിട്ടാണ് കരുതപ്പെടുന്നത്. അങ്ങനെ ചെറുതാക്കിയ ഘടക ങ്ങളുടെ അടിസ്ഥാനത്തിൽ ജൈവ പൂർണ്ണതയേയും ആത്മാവിനെ വസ്തു വിലേയ്ക്ക് ചെറുതാക്കുന്ന പ്രവണതയേയും വിശദീകരിക്കപ്പെടുന്നു. അങ്ങനെ ആത്മീയത എന്ന യാഥാർത്ഥ്യം - ആത്മാവ് എന്നത് അടക്കം - തികച്ചും ഭൗതിക പ്രക്രിയയെ മാത്രം ആശ്രയിക്കുന്ന ഒരു പ്രതിഭാസ മായി മാറുന്നു. ഈ മേഖലകളിൽ എല്ലാം തന്നെ പകരക്കാരനായ *ന്യൂ ഏജ്* "ഹോളിസ്റ്റിക്"എന്നു വിളിക്കപ്പെടുന്നു. ശരീരത്തിന്റെ മുഴുവനായുള്ള ആരോഗ്യം എന്ന കാഴ്ചപ്പാടിനെ കുറിച്ചുള്ള അതിന്റെ ആശങ്കകൾ മുതൽ ബോധാവസ്ഥയുടെ ഏകതാനത വരെ, പാരിസ്ഥിതിക അവബോധം മുതൽ ആഗോള സംഘടിത ശൃംഖലയെ (net working) കുറിച്ചുള്ള അവ ബോധം വരെയുള്ള കാര്യങ്ങളിൽ ഹോളിസം (holism) ന്യൂ ഏജ് പ്രവ ണതയെ വ്യാപിപ്പിച്ചു.

## 2.3 ന്യൂ ഏജ് ചിന്താഗതിയുടെ അടിസ്ഥാന തത്വങ്ങൾ

### 2.3.1 ഒരു പ്രതിസന്ധിഘട്ടത്തിലെ സാർവ്വത്രിക പ്രതികരണം

"1968 വർഷത്തോടടുത്ത് നടന്ന വിദ്യാർത്ഥി വിപ്ലവങ്ങൾ വെളി പ്പെടുത്തിയതിൽ നിന്നുള്ള ശക്തമായ ഒരു വേർപെടൽ ക്രിസ്തീയ പാര മ്പര്യവും മതേതര വിശ്വാസവും ശാസ്ത്രത്തിന്റെ അനിയിന്ത്രിത പ്രക്രിയ യിൽ നേരിടേണ്ടതായി വന്നു"([27]). **പഴയ തലമുറയിലുള്ള ആളുകളുടെ ജ്ഞാനത്തോടുള്ള പ്രാധാന്യവും ബഹുമാനവും പെട്ടെന്ന് അപഹരി ക്കപ്പെടുകയും ശാസ്ത്രത്തിന്റെ സാർവ്വത്രിക സ്വാധീനം നഷ്ടപ്പെടു കയും ചെയ്തതു വഴി സഭയ്ക്ക് ഇപ്പോൾ "അവളുടെ വിശ്വാസം**

**യുവ തലമുറയ്ക്ക് കൈമാറുന്നതിൽ വളരെ ഗൗരവ്വമായ വീഴ്ച നേരിടേണ്ടതായി വന്നു"([28]).** സാമൂഹ്യ കെട്ടുറുപ്പ്, മനസാക്ഷി എന്നീ പരമ്പരാഗത നെടുംതൂണുകളിൽ വന്നിട്ടുള്ള പൊതുവേയുള്ള വിശ്വാസ നഷ്ടവും അതോടൊപ്പം പ്രാപഞ്ചിക മതാത്മകതയുടെയും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും തിരിച്ചു വരവും ഇതിനകം സംഭവിച്ചു. ക്രിസ്തീയത തട്ടിയെടുത്ത് അടിസ്ഥാനമാക്കിയതായി പലരും കരുതുന്ന, എന്നാൽ നിഗൂഢ രഹസ്യാത്മകത അടിസ്ഥാനമായിട്ടുള്ള ഈ അടിയൊഴുക്കുകൾ ഒരിക്കലും അത് ഉദ്ദേശിച്ചതുപോലെ ഫലമണിഞ്ഞിട്ടില്ല. പത്തൊൻമ്പതാം നൂറ്റാണ്ടിലെ അന്ത്യത്തിൽ ബ്രഹ്മവാദ (theosophy) മുന്നേറ്റത്തിൽ സ്ഥാപിക്കപ്പെട്ട ഏഷ്യൻ മതങ്ങളുടെ സ്വീകാര്യതയിലുള്ള വളർച്ച, ഈ സമയത്ത് പാശ്ചാത്യ ചുറ്റുപാടിൽ പുതിയതായിരുന്നു. "നിലവിലുള്ള മതങ്ങളുടെ പാരമ്പര്യങ്ങൾ കോർത്തിണക്കികൊണ്ട് ആഗോള ആത്മീയതയെക്കുറിച്ച് വളർന്നുകൊണ്ടിരിക്കുന്ന അവബോധത്തെ ബ്രഹ്മവാദം പ്രതിഫലിപ്പിക്കുന്നു"([29]).

ഏകവും അനേകമായതും എന്ന നിതാന്ത തത്വശാസ്ത്ര സമസ്യയുടെ നവീനവും ആനുകാലീകവുമായ രൂപം, അത്യാവശ്യ ഭിന്നതകളെ മാത്രമല്ല അവശ്യംവേണ്ട വ്യത്യാസങ്ങളേയും വ്യത്യസ്തതകളേയും നിരാകരിക്കുക എന്ന പ്രവണതയിൽ കണ്ടെത്താൻ കഴിയുന്നു. ഇതിന്റെ ഏറ്റവും പ്രകടമായ രൂപമാണ് ഹോളിസം (holism). അതാകട്ടെ, ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലെ മുഖ്യമായ, കാലത്തിന്റെ അടയാളവും *ന്യൂ ഏജിന്റെ* ഏറ്റവും പ്രധാനപ്പെട്ട ഘടകവുമാണ്. മെക്കാനിസ്റ്റ് (mechanistic) പ്രത്യയശാസ്ത്രമനുസരിച്ച് ഘടകങ്ങളെ വേർതിരിച്ചുകൊണ്ടുള്ള വിഭജനത്തെ തരണം ചെയ്യാനുള്ള പരിശ്രമങ്ങളിൽ വളരെ അസാധാരണമായ പ്രവർത്തന ശേഷി ചിലവഴിച്ചു കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇത് അർദ്ധ-അതീന്ദ്രീയ അധികാരം സ്വായത്തമാക്കിയ ആഗോള ഘടനാ സ്വഭാവമുള്ള ശൃംഖലയ്ക്ക് അടിയറവെയ്ക്കാനുള്ള കടപ്പാട് ഉള്ളവാക്കുന്നതിലേയ്ക്ക് നയിച്ചു ([30]). (*An extraordinary amount of energy has gone into the effort to overcome the division into compartments characteristic of mechanistic ideology, but this has led to the sense of obligation to submit to a global network which assumes quasi- transcendental authority -* ***JCBWL).*** ഇതിന്റെ വ്യക്തമായ പ്രത്യാഘാതങ്ങൾ മനസാക്ഷിയുടെ രൂപാന്തരീകരണത്തിനുള്ള ഒരു പ്രക്രിയയും പാരിസ്ഥിതിക ശാസ്ത്രത്തിന്റെ വികസനവുമാണ്. മനസാക്ഷി രൂപാന്തരീകരണം ലക്ഷ്യമിട്ടിട്ടുള്ള അത്തരത്തിലുള്ള പുതിയ കാഴ്ചപ്പാടിന്റെ രൂപീകരണത്തിന് അത് അതിന്റെ സമയം എടുത്തു. പൂർവ്വസ്ഥിതി നില നിർത്തുക എന്ന ആശയവുമായി സംരക്ഷണ കിടങ്ങ് തീർത്തിട്ടുള്ള പഴയ രീതിയി

ലുള്ള ചിന്താധാരകൾ അതിന്റെ പ്രയാണത്തെ തടസ്സപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിയോടുള്ള ആകർഷണത്വത്തിലേയ്ക്കും ഭൂമിയെ 'മാതാവായ ഭൂമി' അല്ലെങ്കിൽ *ഗയ്യ* (*gaia*) ആയി വണങ്ങുന്നതിലേയ്ക്കും ഹരിത നയത്തിന്റെ പേരിൽ അത്യുൽസാഹ ദൗത്യബോധത്തോടെ പാരിസ്ഥിതിക ശാസ്ത്രത്തെ പൊതുവാക്കി മാറ്റി എന്നതാണ് ഇവിടെ വിജയിച്ചുകണ്ടത്. ഭൂമിയുടെ കൈകാര്യകർത്താക്കൾ മനുഷ്യവംശം എല്ലാവരും കൂടി ആണ് എന്നും ഭരണത്തിന് അവശ്യംവേണ്ട യോജിപ്പും ധാരണയും (*harmony and understanding)* ആഗോള ധാർമ്മിക ചട്ടക്കൂടോട് കൂടിയ ഒരു ആഗോള ഗവൺമെന്റിന് കഴിയുമെന്ന് കൂടുതൽ കരുതപ്പെട്ടു. **എല്ലാ സൃഷ്ടികളുടെ മേലും ദിവ്യത്വത്തെ വ്യാപിപിച്ച ഭൂമിയുടെ സൗഹൃദം താഴെ പറയുന്ന കാര്യങ്ങൾ നിവർത്തിച്ചു:-**

- **സൃഷ്ടികളും, യഹൂദ മതത്തിലും ക്രിസ്തീയതയിലും പറയുന്ന അതീന്ദ്രീയ പിതാവായ-ദൈവവും (Father -God) തമ്മിലുള്ള വിടവ് നികത്തിയതായി കണക്കാക്കപ്പെട്ടു.**

- **പിതാവായ- ദൈവത്താൽ വിധിക്കപ്പെടുക എന്ന സാധ്യതയും ഇല്ലാതാക്കിയതായി കണക്കാക്കപ്പെട്ടു.**

***"ദൈവവും" ("God") മറ്റ് ആത്മീയാവസ്ഥകളും നമ്മളോടൊപ്പം തന്നെ എന്ന പ്രപഞ്ചത്തെക്കുറിച്ചുള്ള ഇത്തരത്തിലുള്ള ഒരു സംങ്കുചിത കാഴ്ചപ്പാടിൽ നമ്മൾ ഇവിടെ അംഗീകരിക്കുന്നത് അവ്യക്തമായ ഒരു വിശ്വദേവമാതാവാദം അഥവാ എല്ലാം ദൈവമാണ് (Pantheism) എന്ന വാദമാണ്. അടിസ്ഥാന പരമായ ഈ കാര്യമാണ് എല്ലാ ന്യൂ ഏജ് ചിന്താ രീതിയിലേയ്ക്കും അനുഷ്ഠാനങ്ങളിലേയ്ക്കും വ്യാപിക്കുന്നത്.*** മാത്രവുമല്ല ഈ കാര്യം മറ്റു തരത്തിൽ ന്യൂ ഏജ് അതിന്റെ ആത്മീയതയുടെ ഒന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും വശത്തെക്കുറിച്ച് നാം നടത്തിയേക്കാവുന്ന ക്രിയാത്മക വിലയിരുത്തലിനെയും മുൻകൂട്ടി പാകപ്പെടുത്തുന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിശ്വസിക്കുന്നത്, ഈ ചിന്താരീതിയ്ക്ക് വിപരീതമാണ്. അതായത് **"മനുഷ്യൻ പ്രധാനമായും ഒരു സൃഷ്ടിയാണ്. നിത്യകാലത്തേയ്ക്ക് അത് അങ്ങനെ നിലനിൽക്കുന്നു. അതിനാൽ മനുഷ്യന്റെ സത്ത** *(Human I)* **ദൈവീക സത്തയിൽ** *(Divine I)* **യോജിപ്പിക്കുക എന്നത് ഒരിക്കലും സാധ്യമല്ല" എന്നാണ്** ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. (31) *(As Christians, we believe on the contrary that "man is a essentially a creature and remains so for all eternity, so that an absorption of the human I in the divine I will never be possible." **JCBWL).***

## 2.3.2 *ന്യൂ ഏജ്* ചിന്താഗതിയുടെ ഉറവിടം

യൂറോപ്പിലെ ബുദ്ധിജീവികളുടെ ഇടയിൽ പതിനെട്ടാം നൂററാണ്ടിലും പത്തൊൻമ്പതാം നൂറ്റാണ്ടിലും വ്യാപകമായി സ്വീകരിക്കപ്പെട്ട നിഗൂഢാത്മക-ബ്രഹ്മവാദ പാരമ്പര്യത്തിൽ (esoteric- theosophical tradition)ആണ് *ന്യൂ ഏജ്* ചിന്താഗതി രൂപം കൊണ്ടതിന്റെ അവശ്യം വേണ്ട ഉറവിടമായി (essential matrix) കണ്ടെത്തപ്പെടുക. നിഗൂഢാത്മക സംസ്കാരത്തിന്റേതുപോലുള്ളത് സ്വീകരിച്ചിട്ടുള്ള ഫ്രീമേസണറി (freemasonry), ആത്മവാദം (Spiritualism), മന്ത്രവാദം (occultism), ബ്രഹ്മവാദം (theosophy) എന്നിവയിൽ നിഗൂഢാത്മക ബ്രഹ്മവാദം വളരെ ശക്തമായിരുന്നു. ഇത്തരത്തിലുള്ള പ്രാപഞ്ചിക ദർശനത്തിൽ (world - view) ദൃശ്യവും അദൃശ്യവുമായ പ്രപഞ്ചം, ആശയ വിനിമയത്തിന്റെയും മറ്റ് സദൃശ്യമായതിന്റെയും ഒരു പരമ്പരയാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. കൂടാതെ അണു വിശ്വവും ബ്രഹ്മാണ്ഡവും തമ്മിൽ, ലോഹങ്ങളും ഗ്രഹങ്ങളും തമ്മിൽ, ഗ്രഹങ്ങളും മനുഷ്യ ശരീരത്തിന്റെ വിവിധങ്ങളായ അവയങ്ങളും തമ്മിൽ, ദൃശ്യമായ ക്രമബന്ധമായ ലോകവും, യാഥാർത്ഥ്യത്തിലുള്ള അദൃശ്യമായ പ്രവർത്തന മണ്ഡലവും തമ്മിലും ബന്ധിക്കപ്പെട്ടിരിക്കുന്നു. (*In this world - view, the visible and invisible universes are linked by a series of correspondences, analogies and influences between microcosm and macrocosm, between metals and planets, between planets and the various parts of the human body, between the visible cosmos and the invisible realms of reality - **JCBWL)*** പ്രകൃതി എന്നത് ജീവന്നുള്ള ഒന്നാണ്. സഹാനുഭൂതിയുടേയും ഉദാസീനതയുടേയും പരസ്പരം ബന്ധിക്കപ്പെട്ട ശൃംഖലയാൽ അത് മെനയപ്പെട്ടിരിക്കുന്നു. മനുഷ്യൻ നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന പ്രകാശത്താലും, ഗുപ്തമായ അഗ്നിയാലും അത് സജീവമാക്കപ്പെടുന്നു. ആളുകൾക്ക് താഴെ തട്ടിലെ അല്ലെങ്കിൽ ഉപരി മണ്ഡലത്തിലെ ലോകവുമായി അവരുടെ ഭാവന(ആത്മാവിന്റെയോ അല്ലെങ്കിൽ അരുപിയുടെയോ ഒരു അവയവ ഭാഗം) വഴിയോ മാധ്യമങ്ങൾ വഴിയോ (മാലാഖമാർ, അരൂപികൾ, പിശാച്) അല്ലെങ്കിൽ അനുഷ്ഠാനങ്ങൾ വഴിയോ ബന്ധപ്പെടാൻ സാധിക്കും എന്ന് കരുതപ്പെടുന്നു.

പരിവർത്തനത്തിനുള്ള ആത്മീയ പദ്ധതിയിലൂടെ ആളുകളെ ക്രമബന്ധമായ ലോകത്തിന്റെയും (പ്രപഞ്ചം) ദൈവത്തിന്റെയും തന്റെ തന്നെയുള്ള സത്തയുടെയും രഹസ്യങ്ങളെയുംകുറിച്ച് പരിചയപ്പെടുത്താൻ സാധിക്കും എന്ന് കരുതപ്പെടുന്നു. അതിന്റെ സ്വഭാവിക ലക്ഷ്യം 'പരമമായ ജ്ഞാനം' (*gnosis)* ആണ്. **അത് മോക്ഷം എന്നതിന് തുല്യ**

**മായതും ഏറ്റവും ഉയർന്ന തരത്തിലുള്ള അറിവുമാണ്**. ഇതിൽ താഴെ പറയുന്നവയിലേക്കുള്ള അന്വേഷണം അടങ്ങിയിരിക്കുന്നു: -

- തത്വശാസ്ത്രത്തിലെ (എന്തിനെയാണോ തെറ്റായി നിതാന്ത തത്വ ശാസ്ത്രം (*philo sophia perennis)* എന്നു വിളിക്കപ്പെടുന്നത്**)** പുരാതനവും ഉയർന്നതും ആയ പാരമ്പര്യത്തിലേക്കുള്ള അന്വേഷണം
- മതത്തിലേയ്ക്കുള്ള **(**ആദിമൂലമായ ദൈവശാസ്ത്രം (*primordial the ology)* അന്വേഷണം
- എല്ലാവർക്കും പ്രാപ്യവും പൊതുജനങ്ങക്ക് ഗ്രാഹ്യവുമായ എല്ലാ പാരമ്പര്യത്തിനും സുപ്രധാന കാരണമായ രഹസ്യമായ (ചുരുക്കംചിലർക്കു മാത്രം മനസ്സിലാകുന്ന) സിദ്ധാന്തത്തിലേയ്ക്കുള്ള അന്വേഷണം എന്നിവയാണ് അവ.

*(It involves a serach for the oldest and highest tradition in philosophy (what is inappropriately called philosophiaperennis and religion (primordial theology), a secret (esoteric) doctrine which is the key to all the "exoteric" traditions which are accessible to everyone).*

ഈ നിഗൂഢ പഠനങ്ങൾ ഗുരുവിൽ നിന്ന് ശിഷ്യനിലേയ്ക്ക് വളരെ ക്രമാനുഗതമായി പരിചയപ്പെടുത്തുന്ന പാഠ്യപദ്ധതി വഴി കൈമാറികൊണ്ടിരിക്കുന്നു.

പത്തൊമ്പതാം നൂററാണ്ടിലെ ഗൂഢതത്വങ്ങളെ ചിലർ മുഴുവനായും മതേതര സ്വഭാവമുള്ളതായിട്ടാണ് നോക്കി കാണുന്നത്. ആൽക്കമി (Alchemy), മാജിക് (Magic), ജോതിഷ്യം (Astrology) ഇവയേയും പരമ്പരാഗത ഗൂഢതത്വങ്ങളിലെ മറ്റു ഘടകങ്ങളേയും താഴെ പറയുന്നവയുടെ ഭാവങ്ങളുമായി നന്നായി സംയോജിക്കപ്പെട്ടു.

- സാധാരണ നിയമങ്ങൾക്കായുള്ള അന്വേഷണമടക്കമുള്ള ആധുനിക സംസ്കാരം
- പരിണാമ വാദം (evolutionism)
- മന:ശാസ്ത്രം (psychology)
- മതങ്ങളെക്കുറിച്ചുള്ള പഠനം എന്നിവയാണ് അവ.

ഇത്, 1875 ൽ ന്യൂയോർക്കിൽ ഹെൻട്രി ഓൽ ക്കോട്ട് (Hentry Olcott) വുമായി ചേർന്ന് തിയോസോഫിക്കൽ സൊസൈറ്റി (Theosophical Society) സ്ഥാപിച്ച റഷ്യൻ മാധ്യമമായ ഹേലേന ബ്ലാവാസ്ക്കിയുടെ

(Helena Blavasky) ആശയങ്ങളിലേയ്ക്ക് വളരെ വ്യക്തമായ രൂപത്തിൽ എത്തപ്പെട്ടു. ഈ സൊസൈറ്റി പാശ്ചാത്യ പൗരസ്ത്യ പാരമ്പര്യങ്ങളിലെ മൂല തത്വങ്ങളെ ഒരുപരിണാമ സ്വഭാവമുള്ള ആത്മീയതയിലേക്ക് യോജിപ്പിക്കാൻ ലക്ഷ്യമിടുന്നു. അതിന് മൂന്ന് പ്രധാന ലക്ഷ്യങ്ങളുണ്ടായിരുന്നു:-

- ♦ **വംശം, മതവിശ്വാസം, ജാതി, നിറം എന്നിവയ്ക്കപ്പുറം ആഗോള മാനവിക സാഹോദര്യത്തിന്റെ ഒരു കേന്ദ്രസ്ഥാനം രൂപികരിക്കുക.**
- ♦ **മതങ്ങൾ തമ്മിലുള്ള താരതമ്യം, തത്വശാസ്ത്രം, ശാസ്ത്രം എന്നീ വിഷയങ്ങളുടെ പഠനത്തെ പ്രോത്സാഹിപ്പിക്കുക.**
- ♦ **മനുഷ്യനിൽ അന്തർലീനമായ ശക്തികളെക്കുറിച്ചും, പ്രകൃതിയുടെ വിശദീകരിക്കപ്പെടാത്ത നിയമങ്ങളെക്കുറിച്ചും വിശദമായി അന്വേഷിക്കുക.**

"ഈ ലക്ഷ്യങ്ങളുടെ പ്രാധാന്യം വളരെ വ്യക്തമാകണം....... ആത്മീയവാദികളും ബ്രഹ്മവാദികളും ക്രിസ്തീയ പാരമ്പര്യത്തിന്റേത് എന്നു നോക്കി കാണുന്ന 'യുക്തിപരമല്ലാത്ത സൈദ്ധാന്തിക പുൽകൽ' ('irrational bigotry') 'വിഘടിക്കൽ ('sectarianism') എന്നിവയെ ഒന്നാമത്തെ ലക്ഷ്യത്തിലൂടെ നിരാകരിക്കുന്നു ... ഈ ലക്ഷ്യങ്ങളിൽ ഇനി പറയുന്ന കാര്യങ്ങൾ അതിൽ തന്നെ പെട്ടെന്ന് വ്യക്തമാകുന്നില്ല:-

- ▶▶ ബ്രഹ്മവാദികൾക്ക് 'ശാസ്ത്രം' എന്നാൽ നിഗൂഢ ശാസ്ത്രം എന്നാണെന്നോ തത്വശാസ്ത്രമെന്നത് നിഗൂഢ തത്വശാസ്ത്രപരമാണെന്നോ എന്നും
- ▶▶ പ്രകൃതിയുടെ നിയമങ്ങൾ നിഗൂഢം അല്ലെങ്കിൽ വ്യക്തിസത്താപരമാണെന്നോ എന്നും
- ▶▶ മതങ്ങളുടെ താരതമ്യം ഒട്ടും അയവില്ലാത്ത ഹെർമറ്റിസിസ്റ്റമാതൃകയിലുള്ള നിതാന്ത തത്വശാസ്ത്രത്തിൻമേൽ അത്യന്തികമായി രൂപികരിക്കപ്പെട്ട ആദ്യകാരണമായ പാരൃമ്പരത്തെ വെളിച്ചത്തിലേയ്ക്ക് കൊണ്ടു വരുമെന്ന് പ്രതീക്ഷിക്കാമോ എന്നതും വ്യക്തമാകുന്നില്ല ([32]).

(It is not immediately obvious from the objectives themselves that, for theosophists, 'science' meant the occult sciences and philosophy the *occulta philosophia,* that the laws of nature were of an occult or psychic nature, and that comparative religion was expected to unveil a 'primordial tradition' ultimately modelled on a Hermeticist *philosophia perennis"-JCBWL*).

ശ്രീമതി ബ്ലാവസ്ക്കിയുടെ ലേഖനങ്ങളിലെ ഒരു മുഖ്യ വിഷയം സ്ത്രീ വിമോചനമായിരുന്നു, അതിൽ യഹൂദ മതം, ക്രിസ്തു മതം, ഇസ്ലാം മതം എന്നീ മതങ്ങളിലെ 'പുരുഷനായ' ('male') ദൈവത്തെ ആക്രമിക്കുക എന്നത് സ്വീകരിക്കപ്പെട്ടിരുന്നു. ഹിന്ദുമതത്തിലെ 'അമ്മയായ' ദൈവത്തിലേയ്ക്കും സ്ത്രൈണവമായ പുണ്യങ്ങളിലേക്കും മടങ്ങിവരാൻ അവർ ആളുകളോട് ആവശ്യപ്പെട്ടു. ഇത് സ്ത്രീ വിമോചന മുന്നേറ്റത്തിന്റെ സേനാമുഖത്ത് നിലകൊണ്ടിരുന്ന ആനിബസന്റിന്റെ നേതൃത്വത്തിൽ തുടർന്നു കൊണ്ടിരുന്നു. വിക്കാ (WICCA) യും കൂടാതെ "സ്ത്രീകളുടെ ആത്മീയത"യും "പിതൃ അധികാര മേധാവിത്വമുള്ള" ("Patriarchal") ക്രിസ്തീയതയുടെ നേരെയുള്ള സമരം തുടർന്നുകൊണ്ടിരുന്നു.

മീനയുഗത്തിന്റെ (Age of Aquairus) മുൻസൂചന നൽകുന്നവർക്കായി മരിലിൻ ഫെർഗൂസൻ (Marilyn Ferguson) അക്വാറിയൻ കോൺസ്പിറസിയിൽ (The Aquarian Conspriacy) ഒരു അദ്ധ്യായം മാറ്റി വച്ചു. മുൻ സൂചന നൽകിയവരാകട്ടെ, ബോധാവസ്ഥയുടെ വിപുലികരണവും സ്വയം അതിന്ദ്രീയ സിദ്ധികൾ നേടുക എന്നതിൻമേൽ അടിസ്ഥാനമിട്ട് മാറ്റത്തിനുള്ള ദർശനത്തിന്റെ ഇഴകൾ മെനഞ്ഞവരാണ്. അവർ പരാമർശിച്ചുകൊണ്ടിരിക്കുന്ന രണ്ടുപേർ അമേരിക്കൻ മന:ശ്ശാസ്ത്രജ്ഞൻ വില്യം ജെയിംസും (William James) സ്വിസ്സ് മനോരോഗചികിത്സകൻ കാൾ ഗുസ്താവ് യുങ്ങ് (Carl Gustav Jung) എന്നിവർ ആണ്. മതത്തെ ഒരനുഭവമായിട്ടാണ്, സിദ്ധാന്തമല്ല എന്നാണ്, ജെയിംസ് നിർവചിച്ചത്. മനുഷ്യർക്ക് അവരുടെ മനോഭാവങ്ങളെ അവർ തന്നെ തങ്ങളുടെ വിധി നിർണ്ണയിക്കുന്ന രീതിയിൽ മാറ്റാൻ സാധിക്കും എന്ന് ജെയിംസ് പഠിപ്പിച്ചു. സത്തയുടെ സഞ്ചിത അബോധാവസ്ഥ (collective unconscious) എന്ന ആശയം അദ്ദേഹം മുന്നോട്ടു വച്ചു. **സഞ്ചിത അബോധാവസ്ഥ എന്നു പറയുന്നത് വ്യത്യസ്തങ്ങളായ കാലഘട്ടങ്ങളിലും സംസ്കാരങ്ങളിലും ഉള്ള ആളുകളുമായി പങ്കുവെയ്ക്കുന്ന ഓർമകളുടെയും പ്രതീകങ്ങളുടെയും ഒരു തരത്തിലുള്ള ശേഖരമാണ്**. വോട്ടർ ഹാനേഗ്രാഫിന്റെ (Wouter Hanegraff) ന്റെ അഭിപ്രായത്തിൽ ഈ രണ്ടു പേരും ന്യൂ ഏജിന്റെ ചിന്താഗതിയുടെയും പരിശീലനത്തിന്റെയും പ്രധാനപ്പെട്ട മൂലതത്വങ്ങളായി മാറിയ "മനശാസ്ത്രത്തിന്റെ വിശുദ്ധീകരണം" എന്നതിലേയ്ക്ക് മുതൽ കൂട്ടി. യുങ്ങ് യഥാർത്ഥത്തിൽ നിഗൂഢ ഊഹോപോഹങ്ങളിലെ ഉള്ളടക്കത്തെ നിറച്ചുകൊണ്ട് നിഗൂഢ തത്വശാസ്ത്രങ്ങളെ മനശാസ്ത്രവൽക്കരിക്കുക മാത്രമല്ല ചെയ്തത്, മന:ശാസ്ത്രത്തെ വിശുദ്ധീകരിക്കുവാൻ പരിശ്രമിക്കുകകൂടി ചെയ്തു. ഇതിന്റെ ഫലം ഒരു കൂട്ടം സിദ്ധാന്തങ്ങളായിരുന്നു. **ഈ സിദ്ധാന്തങ്ങളുടെ അനന്തരഫലം ആളുകൾക്ക് യഥാർത്ഥത്തിൽ**

**അവരുടെതന്നെ വ്യക്തിസത്തയെ അർത്ഥമാക്കുമ്പോഴും ദൈവത്തെ കുറിച്ചു സംസാരിക്കാനും യഥാർത്ഥത്തിൽ, ദിവ്യമായതിനെ അർത്ഥമാക്കുമ്പോഴും അവരുടെ തന്നെ വ്യക്തിസത്തയെക്കുറിച്ച് സംസാരിക്കാനും സാധ്യമാക്കി എന്നതായിരുന്നു.** വ്യക്തിസത്ത 'മനസ്സ്' ആണെങ്കിൽ, കൂടാതെ 'ദൈവം' എന്നത് 'മനസ്സ്'ഉം കൂടി ആകുന്നുവെങ്കിൽ ഒന്നിനെക്കുറിച്ച് വിവക്ഷിക്കുമ്പോൾ മറ്റെതിനെക്കൂടി വിവക്ഷിക്കണം എന്നത് അർത്ഥമാകുന്നുണ്ട് ([33]). ക്രിസ്തീയതയെ "മന:ശാസ്ത്രവൽക്കരിച്ചു" എന്ന ആരോപണത്തിനുനേരെ യുങ്ങിന്റെ പ്രതികരണം "മനശാസ്ത്രമെന്നത് ആധുനിക ഇതിഹാസമാണന്നും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഈ ഇതിഹാസത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിശ്വാസത്തെ നമ്മുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ" എന്നാണ്([34]). യുങ്ങിന്റെ മന:ശാസ്ത്രം ക്രിസ്ത്യൻ വിശ്വാസത്തിന്റെ പല ഭാവങ്ങളിലേയ്ക്ക് പ്രത്യേകിച്ചും തിന്മ എന്ന യാഥാർത്ഥ്യത്തെ നേരിടേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് വെളിച്ചം വീശുന്നു എന്നത് തീർച്ചയായും ശരിയാണ്. എന്നാൽ അദ്ദേഹത്തിന്റെ മതപരമായ ബോധ്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ വളരെ വ്യത്യസ്തങ്ങളാണ്, അത് ഒരുവനെ ദൈവത്തെക്കുറിച്ച് ആശയകുഴപ്പമുണ്ടാക്കുന്ന കാഴ്ചപ്പാടിൽ കൊണ്ട് ചെന്നെത്തിച്ചു. അദ്ദേഹത്തിന്റെ ചിന്തകളിലെ മൂലതത്വം സൂര്യോപാസനയാണ്, അവിടെ ദൈവം എന്നത് മനുഷ്യന്റെ ഉള്ളിലെ മർമ്മ പ്രധാനമായ ഊർജ്ജം (libido) ആണ്([35]). അദ്ദേഹം പറഞ്ഞതുപോലെ "ഈ താരതമ്യം വെറുതെ വാക്കുകളുടെ കളിയല്ല"([36]). യുങ്ങ് ചൂണ്ടികാണിക്കുന്നതുപോലെ എല്ലാ മനുഷ്യരിലും അവശ്യം ഉണ്ട് എന്ന് അദ്ദേഹം വിശ്വസിക്കുന്ന ദിവ്യമായ "ഉള്ളിലെ ദൈവം" (the god within) ആണ് ഇത്. ആന്തരിക പ്രപഞ്ചത്തിലേക്കുള്ള വഴി അബോധാവസ്ഥയിലൂടെയാണ്. ആന്തരിക ലോകത്തിന്റെ ബാഹ്യലോകവുമായുള്ള ആശയവിനിമയം സഞ്ചിത അബോധാവസ്ഥയിലാണ് നടക്കുക എന്നു കണക്കാക്കപ്പെടുന്നു.

കാലിഫോർണിയായിലെ എസലൻ ഇൻസ്റ്റിറ്റ്യൂട്ടിൽ (Eslan Institute)1960 കളുടെ അവസാനത്തിൽ വികാസം പ്രാപിച്ച ഹ്യൂമൺ പൊട്ടൻഷ്യൽ മൂമ്മെന്റിൽ (Human Potential Movement) മന:ശാസ്ത്രത്തെയും ആത്മീയതയേയും പരസ്പരം കൈമാറ്റം ചെയ്യാനുള്ള പ്രവണത വളരെ ശക്തിയായി ഉൾചേർക്കപ്പെട്ടു. വളരെ ശക്തിയായി പൗരസ്ത്യ മതങ്ങളാലും യുങ്ങിനാലും സ്വാധീനിക്കപ്പെട്ട ഇതര വ്യക്തിത്വത്തിന്റെ മന:ശാസ്ത്രം, ശാസ്ത്രവും രഹസ്യവാദികളുടെ അനുഭവങ്ങളും വിശ്വാസങ്ങളും കൂട്ടിമുട്ടുന്ന സ്ഥലം ഏതാണോ അവിടെ നിന്ന് ധ്യാനശീലത്തിലുള്ള അന്വേഷണത്തെ പ്രോത്സാഹിപ്പിക്കുന്നു *(Transpersonal psychol-*

*ogy, strongly influenced by Eastern religions and by jung, offers a contemplative journey where science meets mysticism* **-JCBWL).** ശാരീരിക അസ്ഥിത്വത്തിന് പ്രാധാന്യം നൽകികൊണ്ട് ബോധാവസ്ഥയെ വിപുലപ്പെടുത്താനുള്ള വഴികളെ കുറിച്ചുള്ള അന്വേഷണവും സഞ്ചിത അബോധാവസ്ഥതയുടെ ഐതിഹ്യങ്ങളെ പുഷ്ടിപ്പെടുത്തുക എന്നതല്ലാം ഒരുവന്റെ 'ഉള്ളിലെ ദൈവത്തെ' അന്വേഷിക്കാനുള്ള മുഴുവൻ പ്രോത്സാഹനങ്ങൾ ആയിരുന്നു. ഒരാളുടെ അന്ത:ശക്തിയെ സാക്ഷാത്കരിക്കാൻ അവൻ അഹത്തെ (ego) മറികടന്ന് തന്നിലെ അഗാധതയിലുള്ള ദൈവത്തെ പ്രാപിക്കണം. ഇത് സാധ്യമാക്കാനായി അനുയോജ്യമായ ചികിത്സാവിധികൾ തിരഞ്ഞെടുക്കണം - ധ്യാനം, മനശാസ്ത്രപരമായതിനോട് സദൃശ്യമുള്ള അനുഭവങ്ങൾ, മതിഭ്രമമുള്ളവാക്കുന്ന മരുന്നുകളുടെ ഉപയോഗം എന്നിവയാണ് അതിനായി നിർദ്ദേശിക്കപ്പെടുന്നത്. ഇവയെല്ലാം അത്യുന്നതിയിലുള്ള അനുഭവങ്ങളും ("Peak experiences") ക്രമബന്ധമായ ലോകത്തോട് കൂടെയും ദൈവവുമായുള്ള ഐക്യത്തിൽ നിന്നും ഉളവാകുന്ന രഹസ്യ അനുഭവങ്ങളും ("mystical") വിശ്വാസങ്ങളും പ്രാപിക്കാനുള്ള വഴികളാണ്.

**അക്വേറിയസത്തിന്റെ ചിഹ്നം ജ്യോതിഷ പുരാവൃത്തങ്ങളിൽ നിന്ന് കടം എടുത്തതാണ്, എന്നാൽ പിന്നീട് അത് അടിസ്ഥാനപരമായ പുതിയൊരു ലോകത്തിനായുള്ള തീവ്രമായ ആഗ്രഹത്തെ സൂചിപ്പിക്കുന്നതായി തീർന്നു.** അമേരിക്കൻ ഐക്യനാടുകളിൽ കാലിഫോർണിയായിലെ ബിഗ്സർ (Big Sur) എന്ന സ്ഥലത്തെ എസലൻ (ESALAN) എന്ന സ്ഥാപനത്തിലെ മാനവശേഷി വികസന കേന്ദ്രവും വടക്കു കിഴക്കെ സ്കോട്ട്ലന്റിലെ ഫിൻഹോണിലെ (Findhorn) ഗാർഡൻ കമ്മ്യൂണിറ്റിയുമാണ് ന്യൂ ഏജ് പ്രസ്ഥാനത്തിന്റെ രണ്ട് ആദ്യകാല ശക്തി കേന്ദ്രങ്ങൾ. **ന്യൂ ഏജിനെ നിരന്തരമായി പരിപോഷിപ്പിക്കപ്പെടുന്നത് വളർന്നുകൊണ്ടിരിക്കുന്ന ആഗോള ബോധവും അസപഷ്ടമായ പരിസ്ഥിതി പ്രതിസന്ധിയെക്കുറിച്ചുള്ള വർദ്ധിച്ചുകൊണ്ടിരിക്കുന്ന അവബോധവുമാണ്.**

## 2.3.3. 'ന്യൂ ഏജ്' ന്റെ മുഖ്യ ആശയങ്ങൾ

'ന്യൂ ഏജ്'നെക്കുറിച്ച് യഥാർത്ഥത്തിൽ പറയുമ്പോൾ അത് ഒരു മതമല്ല എന്നാൽ "ദിവ്യമായത്" ("divine") എന്ന് പറയപ്പെടുന്ന വിഷയങ്ങളിലെല്ലാം അതിന് താല്പര്യമുണ്ട് എന്നു കാണാം. **ന്യൂ ഏജിന്റെ സാരാംശമെന്നത് പലതരം പ്രവർത്തനങ്ങളുടെയും, ആശയങ്ങളുടെയും ന്യൂ ഏജിലേക്ക് ആകൃഷ്ടരായിത്തീരുന്ന ആളുകളുടെയും ഒരു അയഞ്ഞ കൂടിച്ചേരലാണ്**. അതുകൊണ്ട് മുഖ്യധാര മതങ്ങളിലെ

സിദ്ധാന്തങ്ങളുടെ പോലുള്ള എന്തെങ്കിലും ഒന്നുമായിട്ടുള്ള സംയോജിച്ച അവസ്ഥ അവിടെയില്ല. ഇതൊക്കെയാണെങ്കിലും ന്യൂ ഏജിൽ തന്നെ വളരെ ധാരാളമായ വൈവിദ്ധ്യങ്ങൾ ഉണ്ടെങ്കിലും താഴെ പറയുന്ന പൊതുവായ കുറച്ച് കാര്യങ്ങൾ അവിടെ കണ്ടെത്താനാകും:-

- **ക്രമബന്ധമായ ലോകം (പ്രപഞ്ചം) ഒരു ജൈവ സമ്പൂർണ്ണത (organic Whole) ആയി കണക്കാക്കപ്പെടുന്നു.**
- **ക്രമബന്ധമായ ലോകം ഒരു ഊർജ്ജത്തിനാൽ ചൈതന്യമുള്ളതാക്കപ്പെടുന്നു. ആ ഊർജ്ജത്തെ ദിവ്യമായ ആത്മാവ് അല്ലെങ്കിൽ അരൂപിയായി കണക്കാക്കപ്പെടുന്നു.**
- **പല വിധത്തിലുള്ള ആത്മീയ ശക്തികളുമായി മദ്ധ്യസ്ഥം ചെയ്യുന്നത് വിശ്വാസ യോഗ്യമായി അവതരിപ്പിക്കപ്പെടുന്നു.**
- **മനുഷ്യർ അദൃശ്യമായ അധികാര പരിധിയിലേയ്ക്ക് ക്രമാനുഗതമായി ഉയരാൻ കഴിവുള്ളവരും അവർക്ക് അവരുടെ തന്നെ മരണാന്തര ജീവിതത്തെ നിയന്ത്രിക്കാൻ കഴിവുള്ളവരുമാണ് എന്ന് അംഗീകരിച്ചിരിക്കുന്നു.**
- **എല്ലാ മതങ്ങളുടെയും സംസ്കാരങ്ങളുടെയും മുമ്പുള്ളതും അതിനെക്കാളെല്ലാം ഉയർന്ന "നിതാന്തമായ അറിവ്" ("Perennial knowledge") ഇതിൽ അടിസ്ഥാനമാക്കിയിരിക്കുന്നു.**
- **ആളുകൾ അറിവിനാൽ പ്രകാശിക്കപ്പെട്ട ഗുരുക്കന്മാരെ പിൻതുടരുന്നവരാണ്.**

## 2.3.4 *ന്യൂ ഏജിന്* പറയാനുള്ളത് ....

### 2.3.4.1 ......... മനുഷ്യനെപ്പറ്റി?

വിവിധങ്ങളും വ്യത്യസ്തങ്ങളുമായ വിദ്യകളും ചികിത്സാരീതികളും വഴിയുള്ള മനുഷ്യ വ്യക്തിയുടെ പരിപൂർണ്ണതയെക്കുറിച്ച് അടിസ്ഥാനപരമായ വിശ്വാസം ന്യൂ ഏജ് ചിന്താരീതിയിൽ ഉള്ളതായി കാണാം. **(ഇത് ക്രിസ്ത്യൻ കാഴ്ചപ്പാടനുസരിച്ചുള്ള ദൈവിക കൃപയോടുള്ള സഹകരണം എന്നതിന് തീർത്തും വിപരീതമാണ്)**. നീഷേയുടെ (NIETZCHE) ആശയത്തോട് ചേർന്ന്, യഥാർത്ഥ മനുഷ്യ പ്രകൃതി മുഴുവനായും വെളിപ്പെടുത്തപെടുന്നതിൽനിന്ന് ക്രിസ്തീയത അതിനെ തടഞ്ഞു എന്ന് ന്യൂ ഏജിൽ ഒരു ധാരണയുണ്ട്. **ഈ സാഹചര്യത്തിൽ പരിപൂർണ്ണത എന്നത് നമ്മൾ തന്നെ സൃഷ്ടിക്കുന്നതും നമ്മുടെ ശക്തി കൊണ്ട് പ്രാപിച്ചെടുക്കുന്നതുമായ മൂല്യങ്ങളുടെ ഒരു ക്രമം പാലിച്ചു**

**കൊണ്ടുള്ള ആത്മ സാക്ഷാത്കാരം പ്രാപിച്ചെടുക്കൽ എന്നതാണ് അർത്ഥമാക്കുന്നത്; അതിനാൽ ഒരാൾക്ക് സ്വയമായി തന്റെതന്നെയുള്ള സത്തയെ സൃഷ്ടിച്ചെടുക്കാൻ (self - creating self) സാധിക്കും എന്നത് സ്വീകാര്യമാകുന്നു.** ഈ കാഴ്ചപ്പാടിൽ, മനുഷ്യർ ഇപ്പോളായിരിക്കുന്നതും അവർ അവരുടെ ശേഷി പൂർണ്ണമായും പ്രാപിച്ചെടുക്കുമ്പോൾ അവർ ആയി തീരുന്ന അവസ്ഥയും തമ്മിൽ ഉള്ള വ്യത്യാസം മനുഷ്യനും മനുഷ്യകുരങ്ങും തമ്മിലുള്ള വ്യത്യാസത്തെക്കാൾ വളരെ ഏറെയാണ് എന്നതാണ്. (*On this view, there is more difference between humans as they now are and as they will be when they have fully realised their potential, than there is between humans and anthropoids -* ***JCBWL)***

അറിവിനായുള്ള അന്വേഷണമായ നിഗൂഢ ശാസ്ത്രവും മാജിക് അഥവാ ഗൂഢ ശാസ്ത്രവും തമ്മിലുള്ള വേർതിരിവ് അറിഞ്ഞിരിക്കുന്നത് നല്ലതാണ്: ഗൂഢശാസ്ത്രം ശക്തി നേടുന്നതിനാണ്. ചില സംഘങ്ങൾ എസോടേറികും (esoteric) ഒക്കൾട്ടും (occult) ഈ രണ്ട് സ്വഭാവവും ചേർന്നതാണ്. ഒക്കൾട്ടിസത്തിന്റെ മുഖ്യമായ ചിന്ത ദിവ്യമാകാനുള്ള സ്വപ്നത്തിൽ അടിസ്ഥാനമിട്ടിട്ടുള്ള ശക്തി സംഭരണമാണ്.

ആളുകൾക്ക് അവരിലെ ദിവ്യമായ ശക്തിയെ വെളിപ്പെടുത്തികൊടുക്കാനുദ്ദേശിച്ചുള്ളതാണ് ബോധവികാസത്തിനുള്ള വിദ്യകൾ; ഈ ശക്തി ഉപയോഗിച്ച് ആളുകൾ ബോധത്തെ ദീപ്തമാക്കുന്ന ഒരു യുഗത്തിനായുള്ള (Age of Enlightnment) വഴി ഒരുക്കുന്നു. **മനുഷ്യ പ്രകൃതിയുടെ ഈ മഹത്വീകരണം സൃഷ്ടാവും സൃഷ്ടിയും തമ്മിലുള്ള ശരിയായ ബന്ധത്തെ തകിടം മറിക്കുന്നു.** അതിന്റെ ഏറ്റവും അങ്ങേയറ്റത്തെ രൂപമാണ് പൈശാചികാരാധന. പാരമ്പര്യങ്ങൾക്കും നിയമങ്ങൾക്കും എതിരെയുള്ള വിപ്ലവത്തിന്റെ പ്രതീകമായി സാത്താൻ മാറുന്നു. ആ പ്രതീകങ്ങൾ പലപ്പോഴും അക്രമ സ്വാഭാവമുള്ളതും അഹന്തയുള്ളതും ഹിംസാത്മകവും ആയ രൂപങ്ങൾ എടുക്കുന്നു. ചെറുപ്പക്കാരിൽ വളരെ ശക്തമായ സ്വാധീനം ചെലുത്തുന്ന റോക്ക് സംഗീതത്തിന്റെ (Rock music) ചിലതിൽ ബോധപൂർവ്വമല്ലാതെ സാത്താന്റെ പ്രതീകങ്ങൾ ഉണ്ട് എന്ന് സുവിശേഷ വൽക്കരണത്തിനായി പ്രവർത്തിക്കുന്ന ചില സംഘങ്ങൾ ചൂണ്ടികാണിക്കുന്നുണ്ട്. അവർ അവരുടെ ആശങ്കകൾ പ്രകടിപ്പിച്ചിട്ടുമുണ്ട്. **ഇതെല്ലാം പുതിയനിയമ സുവിശേഷങ്ങളിൽ കണ്ടെത്താൻ കഴിയുന്ന സാമാധാനത്തിന്റെയും യോജിപ്പിന്റെയും സന്ദേശങ്ങളിൽ നിന്ന് വളരെയധികം അകലത്തിൽ നീങ്ങികഴിഞ്ഞിരിക്കുന്നതായി കാണാം; അതീന്ദ്രീയനായ ദൈവത്തിന്റെ അസ്തിത്വത്തിന്റെ നിഷേധം ഉൾപ്പെട്ടിരിക്കുമ്പോൾ ഇത് പലപ്പോഴും മനുഷ്യ പ്രകൃതിയുടെ മഹത്വീകരണ**

**ത്തിന്റെ പരിണത ഫലങ്ങളിൽ ഒന്നാകുന്നു.**

എന്നാൽ ഇത് ചെറുപ്പക്കാരെ മാത്രമല്ല ബാധിക്കുന്നത്. നിഗൂഢ ശാസ്ത്രപരമായ സംസ്കാരത്തിന്റെ അടിസ്ഥാന പ്രമേയങ്ങൾ രാഷ്ട്രീയം, വിദ്യാഭ്യാസം, നിയമ നിർമാണ മേഘലകളിലും വ്യാപിച്ചിരിക്കുന്നു([37]). പരിസ്ഥിതി ശാസ്ത്രത്തിന്റെ കാര്യത്തിൽ ഇത് പ്രത്യേകിച്ചും ശരിയാണ്. **പരിസ്ഥിതിക്ക് ആഴമായ പ്രാധാന്യം കൊടുത്ത് കൊണ്ടുള്ള ജൈവ കേന്ദ്രീകൃത വാദം ബൈബിളിലെ മനുഷ്യസൃഷ്ടിയുടെ കാഴ്ചപ്പാടിനെ നിരാകരിക്കുന്നു.** എല്ലാ നൈസർഗീക രൂപങ്ങളിൽ വച്ച് ഘടനാപരമായി ഏറ്റവും മുന്തിയത് മനുഷ്യനാണ് എന്ന് കരുതപ്പെടുന്ന ബൈബിളിലെ കാഴ്ചപ്പാടിൽ മനുഷ്യർ ലോകത്തിന്റെ കേന്ദ്രമാണ്. മനുഷ്യ പ്രകൃതിയെ ഇതുപോലെ ന്യൂ ഏജിൽ മോശമായി വിലയിരുത്തുന്നു എങ്കിലും ഇന്ന് നിയമ നിർമ്മാണത്തിലും വിദ്യാഭ്യാസത്തിലും വളരെ മുഖ്യ സ്ഥാനം ഈ ചിന്താഗതി വഹിക്കുന്നു.... ഇത്തരത്തിലുള്ള നിഗൂഡാത്മക സംസ്കാരത്തിന്റെ ഉറവിടം (esoteric cultural matrix), ജനസംഖ്യ നിയന്ത്രണ നയങ്ങളിലും മനുഷ്യർക്ക് അവരെ തന്നെ പുതിയ രൂപത്തിൽ സൃഷ്ടിക്കാൻ സാധിക്കും എന്ന് സ്വപ്നം കാണുന്ന ജനിതക ശാസ്ത്രത്തിലും (genetic engineering) അടിസ്ഥാനമാക്കിയിരിക്കുന്ന ആശയപരമായ തത്വങ്ങളിൽ കണ്ടെത്താനാകും. **എങ്ങനെയാണ് ആളുകൾ ഇത് ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നത്? മരണം എന്നതിന്റെ പരിധികളെ വെല്ലുവിളിച്ചുകൊണ്ട്, ലൈംഗികതയുടെ സാമാന്യ നിയമങ്ങളെ മാറ്റി മറിച്ചുകൊണ്ട്, ജനിതക ഘടകങ്ങളുടെ ഗൂഢാർത്ഥങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടാണ് ഇങ്ങനെ പ്രതീക്ഷിക്കുന്നത്.**

**ന്യൂ ഏജിനെ സംബന്ധിച്ച കാര്യങ്ങളിൽ ഉദാത്തമായ വിവരണം എന്നു വിശേഷിപ്പിക്കുന്നത് ഇതാണ്. ആളുകൾ ഒരു ദിവ്യമായ സ്ഫുലിംഗത്തോടുകൂടി ജനിക്കുന്നു. ഇത് ഒരു തരത്തിൽ പുരാതന ജ്ഞാനവാദത്തെ ഓർമ്മിപ്പിക്കുന്നതാണ്; ഇത് അവരെ പൂർണ്ണതയുമായിട്ടുള്ള ഐക്യവുമായി ബന്ധപ്പെടുത്തുന്നു.** *(In what might be termed a classical New Age account, people are born with a divine spark, in a sense which is reminiscent of ancient gnosticism; this links them into unity of the Whole- **JCBWL**).* അതുകൊണ്ട് അവർ, ബോധ മണ്ഡലത്തിന്റെ വ്യത്യസ്ത പരിധികളിൽ ഈ പ്രപഞ്ചത്തിന്റെ ദിവ്യമായതിൽ പങ്കാളികളാകുന്നു എങ്കിലും അവർ യഥാർത്ഥത്തിൽ ദിവ്യതയുള്ളവരാണ് എന്ന് കണക്കാക്കപ്പെടുന്നു. നാമെല്ലാം സഹസൃഷ്ടികർത്താക്കളായും നമ്മുടെതന്നെ യാഥാർത്ഥ്യത്തെ നാം സൃഷ്ടിക്കുന്നതായും കണക്കാക്കപ്പെടുന്നു. ന്യൂ ഏജിന്റെ ധാരാളം വക്താക്കൾ, ഒരു

കാഴ്ചപ്പാടിൽ, എല്ലാം വ്യക്തികളും പ്രപഞ്ചത്തിന്റെ സൃഷ്ടിപരമായ ഉറവിടങ്ങളാണ് എന്ന് പരിഗണിക്കപ്പെടുകയും നമ്മുടെ ജീവിതത്തിന്റെ സാഹചര്യങ്ങൾ നാം തിരഞ്ഞെടുക്കുന്നതായും (നമ്മുടെ തന്നെ രോഗവും ആരോഗ്യം പോലും) സമർത്ഥിക്കുന്നു. എന്നാൽ നമ്മൾ എവിടെയാണ് പ്രപഞ്ചത്തിന്റെ ഐക്യവുമായി യോജിച്ചുപോകുന്നത് എന്നത് മുഴുവനായും മനസ്സിലാക്കുന്നതിന് നമ്മൾ ഒരു അന്വേഷണ യാത്ര നടത്തേണ്ടതുണ്ട്. ആ യാത്രയാണ് മന:ശാസ്ത്ര ചികിത്സ. **പ്രാപഞ്ചിക ജ്ഞാനത്തെ അംഗീകരിക്കുന്നതാണ് മോക്ഷം. ന്യൂഏജിൽ പാപം എന്നൊന്നില്ല, അപൂർണ്ണമായ അറിവ് എന്നത് മാത്രമെ ഉള്ളൂ.** ഓരോ മനുഷ്യന്റെയും വ്യക്തിത്വം പ്രാപഞ്ചികത്വത്തിലും തുടർച്ചയായ പുനർ ജന്മത്തിലും ലയിച്ചു ചേരുന്നു. ആളുകൾ തങ്ങളുടെ നക്ഷത്രങ്ങൾ നിശ്ചയിച്ചിരിക്കുന്ന സ്വാധീനത്തിന് വിധേയരാണ്. എന്നാൽ തന്റെതന്നെയുള്ള സത്തയും ദിവ്യമായ പ്രപഞ്ചത്തിന്റെ ഊർജ്ജവും തമ്മിലുള്ള കൂടുതൽ മഹനീയ യോജിപ്പിനായുള്ള തുടർച്ചയായ അന്വേഷണത്തിൽ (അനുയോജ്യമായ വിദ്യകൾ വഴി) അവരോട് കൂടി ജീവിക്കുന്ന ദിവ്യമായതിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കുമെന്ന് കരുതപ്പെടുന്നു. **അവരുടെ തന്നെ പുറത്തു നിന്നു വരുന്ന ഒരു വെളിപ്പെടുത്തലിന്റെയോ മോക്ഷത്തിന്റെയോ ആവശ്യമേ ഇല്ല. എന്നാൽ അവരിൽ തന്നെ ഒളിഞ്ഞിരിക്കുന്ന നിശ്ചയമായും ബോധോദയത്തിലേയ്ക്ക് നയിക്കുന്ന മനശാസ്ത്ര - ശാരീരിക വിദ്യകളിൽ വൈദഗ്ത്യം നേടുന്നതുവഴി നയിക്കപ്പെടുന്ന മോക്ഷത്തെ ലളിതമായി അനുഭവിക്കേണ്ട ഒരു ആവശ്യമേ ഉള്ളൂ എന്നാണ് ന്യൂ ഏജിൽ കരുതപ്പെടുന്നത്.** *(There is no need for Revelation or Salvation which would come to people from outside themselves, but simply a need to experience the salvation hidden within themselves (self - salvation), by mastering psycho- physical techniques which lead to definitive enlightenment **JCBWL).***

സ്വന്തമായ മോക്ഷത്തിനുള്ള വഴികളിലെ ചില ഘട്ടങ്ങൾ പ്രാരംഭ സ്വഭാവമുള്ളതാണ്. ധ്യാനം, ശരീരത്തിന്റെ യോജിപ്പ്, സ്വയം സൗഖ്യപ്പെടുത്തുന്ന ഊർജ്ജത്തിന്റെ പ്രയോഗം എന്നിവയാണ് അവ. ഇവയാണ് ആത്മീയതയിലേയ്ക്കും പൂർണ്ണതയിലേയ്ക്കും ബോധോദയത്തിലേയ്ക്കും ഉള്ള പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നത്. അത് ആളുകളെ വ്യക്തികളിലെ തന്റെതന്നെ സത്തയെ പ്രാപഞ്ചിക ബോധാവസ്ഥയിലേക്ക് രൂപാന്തരീകരണം വരുത്തി കൂടുതൽ ആത്മ നിയന്ത്രണവും മാനസീക ശാസ്ത്ര ഏകാഗ്രതയും നേടുവാൻ സഹായിക്കുന്നു. *(They are the starting- point for processes of spirtualistion, perfection and enlightenment which*

*help people to acquire further self- control and psychic concentration on "transformation" of the individual self into "cosmic consciousness"* ***-JCBWL).*** മനുഷ്യ വ്യക്തിയുടെ സാഷാത്കാരം എന്നു പറയുന്നത് അവന്റെ ആത്മാവ് തുടർച്ചയായി പുനർജന്മങ്ങളുടെ ഒരു ശൃംഖലയായി വ്യത്യസ്തങ്ങളായ ശരീരങ്ങളിൽ ആയിരിക്കുക എന്നതാണ്. ഇത് ശുദ്ധീകരണത്തിനുള്ള ശിക്ഷയായിട്ട്, സംസാര ചക്രം എന്നത് ആയിട്ടല്ല മനസ്സിലാക്കുന്നത്, മറിച്ച്, ഒരുവന്റെ ശേഷിയുടെ പൂർണ്ണതയിലേക്കുള്ള വികാസത്തിലേക്കുള്ള ക്രമാനുഗതമായ ആരോഹണം ആയിട്ടാണ് മനസ്സിലാക്കേണ്ടത്. *(This is understood not as the cycle of samsara, in the sense of purification as punishement, but as a gradual ascent towards the perfect development of one's potential -* ***JCBWL).***

**ബോധ വികാസത്തെ "നിഗൂഢമായ" (''mystical'') അനുഭവങ്ങൾ ആയി വിശദീകരിക്കാൻ മന:ശാസ്ത്രത്തെ ഉപയോഗപ്പെടുത്തുന്നുണ്ട്. യോഗ, സെൻ, അതീന്ദ്രീയ ധ്യാനം താന്ത്രികാഭ്യാസങ്ങൾ ആത്മസായൂജ്യത്തിലേക്കോ അല്ലെങ്കിൽ ബോധോദയത്തിലേക്കോ ഉള്ള ഒരു അനുഭവത്തിലേക്ക് നയിക്കുന്നു എന്നു പറയപ്പെടുന്നു.** അത്യുച്ചയിലുള്ള - അനുഭവങ്ങൾ (Peak- experiences) (സ്വന്തം ജീവിതത്തിലൂടെ വീണ്ടും കടന്നു പോകുക, മരണത്തിന്റെ വാതിൽക്കൽ വരെ പോകുക, ബയോഫീഡ് ബാക്ക്, നൃത്തം, കൂടാതെ മരുന്നുകൾ പോലും - മാറ്റം വരുത്തിയ ബോധത്തിന്റെ അവസ്ഥയെ പ്രകോപ്പിക്കുന്ന എന്തിനെയും) ഐക്യത്തിലേക്കും ബോധോദയത്തിലേക്കും നയിക്കും എന്ന് വിശ്വസിക്കപ്പെടുന്നു. മനസ് ഒന്നേ ഉള്ളൂ എന്നതുകൊണ്ട് ചില ആളുകളെ, കൂടുതൽ ഉയരങ്ങളിലുള്ള അവസ്ഥ പ്രാപിക്കാനുള്ള *'മാർഗ്ഗങ്ങളായി'* (*Channels*) കണക്കാക്കാൻ സാധിക്കും എന്ന് പറയപ്പെടുന്നു. ഈ ഒറ്റപ്പെട്ട പ്രപഞ്ചത്തിലെ അവസ്ഥകളുടെ എല്ലാ ഭാഗങ്ങൾക്കും മറ്റു ഭാഗങ്ങളുമായി ബന്ധം ഉണ്ട്. **ന്യൂ ഏജിനെ ഉദാത്തമായ സമീപനം പരിവർത്തനം ചെയ്യപ്പെട്ട മനശാസ്ത്രം ആണ്.** അതിന്റെ പ്രധാന തത്വങ്ങൾ ആഗോള മനസ്സ്, ഉപരിയായ സത്ത, സഞ്ചിതവും വ്യക്തിപരവുമായ അബോധ മനസ്സ്, വ്യക്തിപരമായ അഹം എന്നിവയാണ്. ഉപരിയായ സത്ത ആണ് യഥാർത്ഥത്തിൽ നമ്മളുടെ വ്യക്തിത്വം ആകുന്നത്. അത് ദിവ്യമായ മനസ്സായ ദൈവത്തേയും മനുഷ്യപ്രകൃതിയായതും തമ്മിലുള്ള വ്യത്യാസത്തെ ഇല്ലാതാക്കുന്നു. ആത്മീയ വളർച്ച ഉപരിയായ സത്തയുമായിട്ടാണ് ബന്ധപ്പെട്ടിട്ടുള്ളത്. അത് താഴെ പറയുന്ന രൂപത്തിലുള്ള ദൈവാദത്തെ (*dualism*) തരണം ചെയ്യുന്നതായി കണക്കാക്കപ്പെടുന്നു.

⏩ വിഷയവും വസ്തുവും തമ്മിൽ

- ജീവനും മരണവും തമ്മിൽ
- മനസും ശരീരവും തമ്മിൽ
- സത്തയും സത്തയുടെ ചെറുഘടക സ്വഭാവവും തമ്മിലുള്ളവയാണ് ആ രൂപങ്ങൾ.

നമ്മുടെ പരിമിതമായ വ്യക്തിത്വം ഒരു നിഴൽപോലെയുള്ളതോ അല്ലെങ്കിൽ യാഥാർത്ഥ സത്തയെ സൃഷ്ടിക്കുന്ന ഒരു സ്വപ്നം പോലെ യുള്ളതോ ആണ്. **ഉയർന്ന സത്ത മുൻപുള്ള പുനർജന്മങ്ങളുടെ (re-incarnations) ഓർമ്മകളെ ഉൾകൊള്ളുന്നു.**

## 2.3.4.2....... ദൈവത്തെപ്പറ്റി ?

'ന്യൂ ഏജിന് പൗരസ്ത്യ മതങ്ങളോടും അല്ലെങ്കിൽ ക്രിസ്ത്യൻ മതങ്ങൾക്ക് മുൻപുള്ള മതങ്ങളോടും ഒരു പ്രത്യേക മമതയുണ്ട്. ക്രിസ്ത്യ തയ്ക്കു മുൻപുള്ള മതങ്ങൾ യഹൂദ - ക്രിസ്ത്യൻ മതങ്ങളുടെ വളച്ചൊടി ക്കലുകൾ വഴി വിഷലിപ്തമാകാത്തത് ആയി കരുതപ്പെടുന്നു. അതിനാൽ പുരാതന കാർഷിക അനുഷ്ഠാനങ്ങളോടും ഫലസമ്പുഷ്ടതയ്ക്കായുള്ള ആരാധന സമ്പ്രദായങ്ങളോടും വലിയ ബഹുമാനം ആണ് പുലർത്തിപോ രുന്നത്. ഗയ്യയെ ("Gaia") അതായത് മാതാവായ ഭൂമിയെ സ്ത്രീത്വത്തിന്റെ മേൽ പുരുഷ മേധാവിത്വം ഉള്ള, പിതൃഅധികാര സ്വഭാവമുള്ള ആശയവു മായി ബന്ധപ്പെട്ടിരിക്കുന്നതായി കാണപ്പെടുന്ന, പിതാവായ ദൈവം എന്ന ധാരണയ്ക്ക് പകരം വെയ്ക്കാവുന്നതായി സമർപ്പിക്കപ്പെടുന്നു. *("Gaia", Mother Earth, is offered as an alternative to God the Father, whose images is seen to be linked to a patriarchal conception of male domination of women- JCWBL)* **ദൈവത്തെ കുറിച്ച് പറയുന്നുണ്ട്; എന്നാൽ അത് ഒരു വ്യക്തിയായ ദൈവമല്ല; ന്യൂ ഏജ്, ദൈവം എന്നു പറയു ന്നത് വ്യക്തിയായയതോ അതീന്ദ്രിയമായതോ അല്ല. അത് സ്രഷ്ടാവോ പ്രപഞ്ചത്തിന്റെ പരിപാലകനോ അല്ല.** ന്യൂ ഏജിന്റെ ദൈവം എന്നു പറയുന്നത് ലോകത്തിൽ അന്തർലിനമായ "ഒരു പ്രത്യേക വ്യക്തിയെ സൂചിപ്പിക്കാത്ത ഊർജ്ജത്തെ രൂപപെടുത്തുന്ന ഒരു "ക്രമബന്ധമായ ലോക ഐക്യം": "എല്ലാം ഒന്ന്" എന്നത് ആണ്. ഈ ഐക്യം അദ്വൈത മാണ്, സർവ്വദേവപൂജ ഉൾകൊള്ളുന്നതാണ്, അല്ലെങ്കിൽ കൂടുതൽ കൃത്യ മായി പറഞ്ഞാൽ എല്ലാത്തിലും ദൈവം (സർവ്വം ബ്രഹ്മമയം - *panentheistic)* എന്ന് പറയുന്നതാണ്. *(This unity is monistic, pantheistic or, more precisely, panentheistic - JCWBL)* ദൈവം എന്നത് ഈ ലോകത്ത് നിലനിൽക്കുന്ന ബോധാവസ്ഥയുടെ ആകെ തുകയായ, "ലോക

ത്തിന്റെ അരൂപി അല്ലെങ്കിൽ ആന്തരീക ശക്തി" "ജീവിത- തത്വം" ആണ്. **ഒരർത്ഥത്തിൽ എല്ലാം ദൈവമാണ്. ദൈവത്തിന്റെ സാന്നിധ്യം യാഥാർത്ഥ്യത്തിന്റെ ആത്മീയ ഭാവങ്ങളിൽ ഏറ്റവും വ്യക്തതയാർന്ന താകുന്നു. അതിനാൽ എല്ലാ മനസ്സും/അരൂപിയും ന്യൂ ഏജിൽ ഒരർത്ഥത്തിൽ ദൈവമാണ്.** *(God is "life - principal," the "sprit or soul of the world", the sum total of consciousness existing in the world. In a sense, everything is God. God's peresence is clearest in the spritual aspects of reality, so every mind/sprirt is, in some sense, God - JCWBL).*

ഇത് ആളുകൾ ബോധപൂർവ്വം സ്വീകരിക്കപ്പെടുമ്പോൾ "ദിവ്യമായ ഊർജ്ജം"*(*"Divine energy*")* "ക്രിസ്ത്വത്വ ഊർജ്ജമായി" *(*"christic energy*")* കണക്കാക്കപ്പെടുന്നു. **ക്രിസ്തുവിനെക്കുറിച്ചും അവിടെ പ്രതി പാദിക്കപ്പെടുന്നുണ്ട്. എന്നാൽ ഇത് നസറത്തിലെ യേശുവിനെ അർത്ഥ മാക്കുന്നില്ല.** ബോധാവസ്ഥയുടെ പ്രത്യേക ഘട്ടത്തിൽ വന്ന് കഴിഞ്ഞ ഒരാൾ, അവനെതന്നെ അല്ലെങ്കിൽ അവളെതന്നെ ദിവ്യമായി കരുതപ്പെടു ന്നതു വഴി "പ്രപഞ്ചഗുരു" *(*"universal master*")* ആണ് എന്ന് അവകാ ശപ്പെടാൻ സാധിക്കുന്ന ഒരാൾക്ക് കൊടുക്കുന്ന നാമകരണം ആണ് അത്. **നസറത്തിലെ യേശു, ശരിക്കുമുള്ള ക്രിസ്തു (theChrist)ആയിരുന്നില്ല മറിച്ച് ധാരാളം ചരിത്ര വ്യക്തികളിൽ ആരിലാണോ ഈ "ക്രിസ്ത്വത്വ" (Christic) സ്വഭാവം ബുദ്ധന്റേത് അല്ലെങ്കിൽ മറ്റുള്ളവരുടെത് പോലെ വെളിപ്പെട്ടത്, അവരിൽ ഒരുവൻ മാത്രമായിരുന്നു.** ( Jesus of Nazareth was not *the*Christ, but simply one among many historical figures in whom this "Christic" nature is revealed, as is the case with Buddha and others - *JCWBL*) *'ക്രിസ്തുവിന്റെ'* (*Christ*) ചരിത്രപരമായ ഇത്തര ത്തിലുള്ള സാക്ഷാത്ക്കാരങ്ങളും എല്ലാ മനുഷ്യരും, സ്വർഗ്ഗീയരും ദിവ്യരും ആണ് എന്ന് വ്യക്തമായി കാണിച്ചുതരുകയും ഈ സാക്ഷാത്കാരത്തി ലേക്ക് നയിക്കുകയും ചെയ്യുന്നു എന്നാണ് ന്യൂ ഏജ് വീക്ഷിക്കുന്നത്.

**മനുഷ്യൻ, ഈ ദിവ്യമായ പ്രാപഞ്ചിക ഊർജ്ജത്തെ ഏറ്റവും വ്യക്തിപരവും (*"Psychic"*) ഏറ്റവും അടിത്തട്ടിൽ ആയി അനുഭവി ക്കുന്നതിനെ "പരിശുദ്ധ ആത്മാവ്" *("Holy Sprit")*എന്ന് കൂടി വിളിക്കുന്നു.** (*The innermost and personal ("psychic") on which this "divine cosmic energy" is "heard" by human beings is also called " Holy Sprit" - JCWBL*).

## 2.3.4.3......... പ്രപഞ്ചത്തെപ്പറ്റി?

പരമ്പരാഗത ശൈലിയിലുള്ള ഊർജ്ജത്തിന്റെ യാന്ത്രികമായ മാതൃകയിൽ നിന്ന്, ദ്രവ്യം കണികകളേക്കാൾ തരംഗം അല്ലെങ്കിൽ ഊർജ്ജ മാണ് എന്നതിൽ അടിസ്ഥാനമിട്ടിട്ടുള്ള ആധുനിക പരമാണു സംബന്ധവും ഉപപരമാണു സംബന്ധവുമായ ''ഹോളിസ്റ്റിക്'' ഊർജ്ജ തന്ത്ര ത്തിലേക്കുള്ള നീക്കം ന്യൂ ഏജ് ചിന്താഗതിയുടെ കേന്ദ്രബിന്ദുവാണ്. (*The move from a mechanistic model of classical Physics to the "holistic" one of modern atomic and sub-atomic physics, based on the concept of matter as waves or energy, rather than particles, is central to much New Age thinking - JCWBL*) ഈ പ്രപഞ്ചം ഊർജ്ജത്തിന്റെ ഒരു സമുദ്ര മാണ്. അത് സ്വയം പൂർണ്ണതയുള്ളതോ അല്ലെങ്കിൽ പരസ്പര ബന്ധിത ശൃംഖലാസ്വഭാവമുള്ള (Net work) ബന്ധങ്ങൾ ആണ്. **പ്രപഞ്ചം എന്ന ഏകസത്തയെ ജീവനുള്ളതാക്കുന്നത് ഊർജ്ജമായ "ആന്തരീക ശക്തിയാണ്". ദൈവവും ലോകവും തമ്മിൽ വ്യത്യാസം ഒന്നുമില്ല.** ലോകം അതിൽ തന്നെ ദിവ്യവും അത് അചേതന ദ്രവ്യത്തിൽ നിന്ന് "ഉന്ന തവും പരിപൂർണ്ണവുമായ" ബോധാവസ്ഥയിലേക്ക് ഒരു പരിണാമ പ്രക്രി യയ്ക്കു വിധേയവുമാണ് എന്ന് ന്യൂ ഏജ് കരുതുന്നു. **ലോകം സൃഷ്ടി ക്കപ്പെടാത്തതും നിത്യവും സ്വയം പര്യാപ്തവുമാണ്. തികച്ചും സൃഷ്ടി പരമായതും നിലനിൽക്കുന്ന എല്ലാറ്റിനെയും അനുരഞ്ജിക്കപ്പെട്ട (ദിവ്യമായ) ഐക്യത്തിലേക്ക് നയിക്കുന്നതുമായ ഒരു ആന്തരിക ചല നാത്മകതയിൽ ആണ് ലോകത്തിന്റെ ഭാവി അടിസ്ഥാനമിട്ടിരിക്കുന്ന ത് എന്നും അത് കരുതുന്നു.** (*The future of the world is based on an inner dynamism which is necesarily positive and leads to the reconciled (divine) unity of all that exists - JCWBL*) ദൈവവും ലോകവും, ആത്മാവും ശരീരവും, ബുദ്ധിയും വികാരങ്ങളും, സ്വർഗ്ഗവും ഭൂമിയും എല്ലാം ഊർജ്ജത്തിന്റെ ഒരു കാഠിന്യമേറിയ സ്പന്ദനങ്ങളാണ്.

ജെയിംസ് ലൗലോക്ക് ഗയ്യ (Gaia) അനുമാനങ്ങളെ കുറിച്ചുള്ള പുസ്തകത്തിൽ "ഭൂമിയിലെ എല്ലാ തരത്തിലുള്ള; തിമിംഗലം തൊട്ട് വൈറ സുകൾവരെ, ഓക്കുമരങ്ങൾ തൊട്ട് കടൽപായൽ വരെയുള്ള സചേതന പദാർത്ഥങ്ങൾ ഒരൊറ്റ ജീവനുള്ള സത്തയായി സ്വരൂപിക്കപ്പെട്ടതായി കണ ക്കാക്കപ്പെടുന്നു. **ഈ സത്തയ്ക്ക് ഭൂമിയുടെ അന്തരീക്ഷം അതിന്റെ ആവ ശ്യങ്ങൾക്കൊത്ത് മാറ്റി മറിയ്ക്കാനും അതിന്റെ നിയോജന ഘടന ഭാഗ ങ്ങളുടെ ശക്തിയും കഴിവുകളും കൂട്ടി ചേർക്കപ്പെടുന്നതിനേക്കാൾ വളരെ അപ്പുറത്തുള്ള ശക്തിയും കഴിവുകളാലും സമ്പന്നവും ആണ്**

**എന്ന് അവകാശപ്പെടുന്നു"([38]).** ചിലർക്ക് ഗയ്യ അനുമാനങ്ങൾ "വ്യക്തി സ്വാതന്ത്ര്യ സിദ്ധാന്തത്തിന്റെയും ഭൂമിയുടെയും  ഉൽപ്പാദന മാർഗ്ഗങ്ങളുടെയും  മേൽ ജനങ്ങൾക്ക്  തുല്യമായ അവകാശമുണ്ട് എന്ന സിദ്ധാന്തത്തിന്റെയും പരിചിതമല്ലാത്ത സമന്വയം" ആണ്. "ആളുകളെ വിഘടിത രാഷ്ട്രീയത്തിൽ നിന്ന് പറിച്ചെടുക്കുകയും  അവരെ ആഗോള മനസ്സിന്റെ മഹാ കുട്ടകത്തിലേയ്ക്ക് എറിയപ്പെടാൻ സാധിക്കാത്ത തരത്തിൽ ന്യൂ ഏജ് പങ്ക് വഹിച്ചു എന്ന മട്ടിൽ എല്ലാ കാര്യങ്ങളും സംഭവിച്ചു." ആഗോള ബുദ്ധികേന്ദ്രത്തിന് മറ്റു വാക്കുകളിൽ പറഞ്ഞാൽ ഒരു ആഗോള ഗവൺമെന്റിനെ ഭരിക്കാൻ സംവിധാനങ്ങളെ ആവശ്യമുണ്ട്. "പ്ലേറ്റോയുടെ റിപ്പബ്ളിക് (*Republic*) മാതൃകയിൽ രഹസ്യ സമൂഹങ്ങൾ വഴി നടത്തപ്പെടുന്ന ഒരു ആത്മീയ കുലീനാധിപത്യം *(Spiritual Aristocracy)*, ഇന്നിന്റെ പ്രശ്നങ്ങൾ നേരിടാനായി, ന്യൂ ഏജ് സ്വപ്നം കാണുന്നു([39]). ഇത് ആതിശോയക്തിപരമായ വിധത്തിൽ കാര്യങ്ങൾ അവതരിപ്പിക്കുകയാകുമെങ്കിലും  ജ്ഞാന വിഷയമായ പ്രമാണികത്വവും ആഗോള ഗവൺമെന്റും, ആഗോള രാഷ്ട്രീയത്തിലെ പല വിഷയങ്ങളിൽ ഐക്യപ്പെട്ടതിന്റെ ധാരാളം തെളിവുകൾ കണ്ടെത്താനാകും.

പ്രപഞ്ചത്തിലെ എല്ലാ വസ്തുക്കളും  പരസ്പര ബന്ധിതമാണ്; ഓരോ ഭാഗവും യഥാർത്ഥത്തിൽ അതിൽ തന്നെ സമഗ്രതയുടെ പ്രതിബിംബം ആണ്; സമ്പൂർണ്ണത എല്ലാ വസ്തുക്കളിലും ഉണ്ട്. മാത്രവുമല്ല എല്ലാ വസ്തുക്കളും സമ്പൂർണ്ണതയിൽ ഉൾപ്പെടുന്നുണ്ട്. "നിലനില്പിന്റെ  മഹാശൃംഖലയിൽ" എല്ലാ വസ്തുക്കളും വ്യത്യസ്ത പരിണാമഘടനയിൽ ഒരു കുടുംബം ആയി  രൂപപ്പെട്ടിരിക്കുകയും അവ പരസ്പരം വളരെ അടുത്ത് ബന്ധിതമായിരിക്കുകയും ചെയ്യുന്നു. എല്ലാ മനുഷ്യരും ആകമാന സത്തയുടെ പ്രതിബിംബമായ *ഒരു* ഹോളോഗ്രാം ആണ്. അതിൽ എല്ലാതും അതിന്റേതായ ആവൃത്തിയിൽ സ്പന്ദിക്കുന്നു. എല്ലാ മനുഷ്യരും ഭൂമിയുടെ കേന്ദ്രനാഡി വ്യൂഹത്തിലെ  ഒരു നാഡികോശം ആണ്. എല്ലാ വ്യക്തിസത്തയും മറ്റുള്ളവരുമായി ചേർന്ന് ഒരു പരസ്പര പൂരകമായ ബന്ധത്തിലുമാണ്. യഥാർത്ഥത്തിൽ, അവിടെ ആകമാന സത്തയിൽ ഒരു ആന്തരിക പരസ്പര പൂരകത്വം ഉള്ളതും അല്ലെങ്കിൽ അൻഡ്രോഗിനിയോ ആണ് ([40]). (*every  human being is a neurone in earth's is central system,  and all Individual entities are in a relationship of  complementarity with others . In fact,  there is an inner complementarity  or androgyny in the whole of creation* ***JCBWL)***

ന്യൂ ഏജിനെക്കുറിച്ചുള്ള ലേഖനങ്ങളിലും ചിന്തകളിലും ആവർത്തിക്കപ്പെടുന്ന വിഷയങ്ങളിൽ ഒന്നാണ് സമകാലീന ശാസ്ത്രം

തുറന്ന് തന്നിട്ടുള്ള “പുതിയ നിദർശനം”("new paradigm") എന്ന വിഷയം. ശാസ്ത്രം നമ്മുക്ക് പൂർണ്ണതയെ കുറിച്ചും വ്യവസ്ഥകൾ, പിരിമുറുക്കങ്ങൾ, രൂപമാറ്റവരുത്തലുകൾ എന്നിവയെ കുറിച്ചുള്ള ഉൾകാഴ്ചകൾ നല്കിയിട്ടുണ്ട്. കൂടുതൽ പ്രതീക്ഷകൾ നല്കി കടന്നു വരുന്ന നിദർശനത്തിന്റെ സൂചനകളെ മുൻകൂട്ടി മനസ്സിലാക്കുന്നതിനായി നാം പ്രവണതകളെ കുറിച്ച് മനസ്സിലാക്കാൻ പഠിച്ചുകൊണ്ടിരിക്കുകയാണ്. **നമ്മൾ ഭാവിയെകുറിച്ച് പലതരത്തിലുള്ള രൂപ രേഖകൾ ഉണ്ടാക്കുന്നു. പഴയ വ്യവസ്ഥകളുടെ പരാജയങ്ങളെ കുറിച്ച് ആശയ വിനിമയം നടത്തികൊണ്ട് എല്ലാ മേഖലകളിലും പ്രശ്ന പരിഹാരത്തിനുള്ള പുതിയ ചട്ടക്കൂടുകൾക്കായി നിർബന്ധിക്കുന്നു([41])**. അങ്ങനെ ഇതുവരെ, “നിദർശനത്തിലുള്ള മാറ്റം” എന്നത് കാഴ്ചപ്പാടിലുള്ള ഒരു സമൂല മാറ്റം എന്നതല്ലാതെ കൂടുതലായിട്ടൊന്നുമില്ല എന്നു വരുന്നു. ചിന്തയും യഥാർത്ഥ മാറ്റവും ആനുപാതികമാണോ എന്നതും ബാഹ്യലോകത്ത് ആന്തരിക രൂപാന്തരികരണം എത്രത്തോളം ഫലപ്രദമാണ് എന്നു തെളിയിക്കാൻ സാധിക്കും എന്നതാണ് വിഷയം. “എല്ലാ മനുഷ്യരും തമ്മിൽ തമ്മിലുള്ള ബന്ധത്തെ കണ്ടെത്തി കഴിഞ്ഞ, വിരുദ്ധമായ ആശയങ്ങളേയും സംസ്കാരങ്ങളേയും ഭയപ്പെടാത്ത, എല്ലാ വിപ്ലവങ്ങളും ഉള്ളിൽ നിന്നാണ് ആരംഭിക്കുന്നത് എന്ന് കരുതുന്നതും, ഒരാൾക്ക് തന്റെ ബോധോദയത്തിന്റെ മാർഗ്ഗം മറ്റ് ആരുടെമേലും അടിച്ചേൽപിക്കാൻ കഴിയില്ല എന്ന് കരുതുന്നതുമായ, സ്വയം ഭരണാവകാശം ഉള്ള ആളുകളുടെ സമൂഹത്തിൽ യുദ്ധം സങ്കല്പിക്കാൻ കഴിയാത്തതാണ്”(**[42]**). മേൽപറഞ്ഞ പ്രസ്താവനകൾ ഉൾപ്പെടുന്ന ചിന്താ പ്രക്രിയ എത്രത്തോളം ശാസ്ത്രീയം ആണെന്ന്, ഒരു പ്രതികൂലമായ വിധി നിർണ്ണയം നടത്താതെയാണെങ്കിൽ പോലും, ചോദിക്കാൻ ഒരാൾ നിർബന്ധിതനാകുന്നു. ചിന്തിക്കാൻ കഴിയാത്ത ചില കാര്യങ്ങൾ സംഭവിക്കില്ല എന്ന് നിഗമനം നടത്തുന്നത് യുക്തിസഹമല്ല. വളരെയധികം ശക്തി അറിവിനും ബോധാവസ്ഥയ്ക്കും കൊടുക്കുന്ന സാഹചര്യത്തിൽ അങ്ങനെയൊരു യുക്തിചിന്ത യഥാർത്ഥത്തിൽ നോസ്റ്റിക് *(gnostic)* ആണ് . (*such reasoning is really gnostic, in the sense of giving too much power to knowledge and consciousness- **JCBWL).***
ഇത് ശാസ്ത്രീയ കണ്ടുപിടിത്തങ്ങളിലും സൃഷ്ടിപരമായ വികസനത്തിലും അടിസ്ഥാനപരവും അതി പ്രധാനപ്പെട്ടതുമായ ധർമ്മം നിർവ്വഹിക്കുന്ന ചേതനയെ വികസിപ്പിച്ചെടുക്കുന്നതിനെ നിരാകരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോഴും എന്താണ് മനസ്സിൽ മാത്രമായിരിക്കുന്നത്, ആ ബാഹ്യ യാഥാർത്ഥ്യത്തിന്റെമേൽ ആരോപിക്കപ്പെടുന്നതിനെതിരെ, മുന്നറിയിപ്പ് നല്കുന്നു എന്നുമാത്രമെയുള്ളൂ. (*This is not to deny the fundamantal*

*and crucial role of developimg consciousness in Scientific discovery and creative development, but simply to caution against imposing upon extenal reality what is as yet still only in the mind -* ***JCBWL).***

## 2.4 ന്യൂഏജും സംസ്കാരവും : "ചരിത്രത്തിലുപരി ഐതിഹ്യത്തിൽ ജീവിക്കുന്നവർ" ([43])

അടിസ്ഥാനപരമായി ന്യൂ ഏജ് അതിന്റെ അപേക്ഷയിൽ നേരിടേണ്ടത് തന്റെതന്നെ സത്തയിൽ ; അതിന്റെ മതിപ്പിലും ഗ്രഹണ ശക്തിയിലും പ്രശ്നങ്ങളിലും സാംസ്കാരികമായി ഉത്തേജിക്കപ്പെട്ട താല്പര്യത്തോടാണ്. എന്നാൽ പരമ്പരാഗത മതാത്മകത, അതിന്റെ അധികാരശ്രേണികളുള്ള സ്ഥാപനങ്ങളോടെ, സമൂഹത്തിന് വളരെ യോജിച്ചതാണ്; പാരമ്പര്യേതര മതാത്മകത വ്യക്തിക്ക് വളരെ യോജിച്ചതാണ്. ന്യൂ ഏജ് എന്നു പറയുന്നത് സ്വന്തം സത്ത 'ആയുള്ള'തും അതിൽ അത് എന്താകണം എന്നും എന്തായിതീരണം എന്നതിന്റെയും കൊണ്ടാടലിനെ സഹായിക്കുന്നതാണ്; ഇതിനുപുറമെ തന്റെതന്നെ സത്തയ്ക്ക് 'വേണ്ടിയും' അതിൽ മുഖ്യധാരയിൽ നിന്ന് വളരെയധികം വ്യതിചലിച്ചുകൊണ്ട് അത് ജീവിതത്തിന്റെ പാരമ്പര്യ രൂപങ്ങളിൽ നിന്നുളാവായിട്ടുള്ള വ്യക്തിത്വ പ്രശ്നങ്ങളെ നേരിടാനായി നിലയുറപ്പിക്കപ്പെടുന്നു([44]).

പിതൃഅധികാരസ്വഭാവമുള്ള, അധികാര ശ്രേണികൾ ഉള്ള, സാമൂഹ്യമായ അല്ലെങ്കിൽ സഭാപരമായ സംവിധാന രൂപങ്ങളിലെ പാരമ്പര്യത്തിന്റെ നിരാകരണം, പകരം വെയ്ക്കാവുന്ന ഒരു സാമൂഹ്യ രൂപത്തിന് വേണ്ടിയുള്ള അന്വേഷണത്തെ വിവക്ഷിക്കുന്നുണ്ട്. പകരം വെയ്ക്കാവുന്ന രൂപം വ്യക്തമായും തന്റെതന്നെയുള്ള സത്തയുടെ ആധുനിക ചിന്താഗതിയാൽ പ്രോത്സാഹിപ്പിക്കപ്പെടുന്നവയുമാണ്. ന്യൂ ഏജ് ലേഖനങ്ങൾ അവകാശപ്പെടുന്നത് ഇങ്ങനെയാണ്; **ഒരുവന് അവനെ കൊണ്ടുതന്നെ (നേരിട്ട്) ഈ ലോകത്തെ മാറ്റാൻ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. എന്നാൽ അവനെ തന്നെ മാറ്റാൻ എല്ലാം ചെയ്യാൻ സാധിക്കും; വ്യക്തിയുടെ ബോധാവസ്ഥയെ മാറ്റുക എന്ന വഴിയാണ് (പരോഷമായി) ലോകത്തെ മാറ്റാനുള്ള വഴി എന്ന് കണക്കാക്കപ്പെടുന്നു.** സാമൂഹ്യ മാറ്റത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട ഉപാധി വ്യക്തിപരമായ മാതൃകകൾ ആണ്. വ്യക്തിപരമായ ഇത്തരം മാതൃകങ്ങൾക്കുള്ള ആഗോള അംഗീകാരം നിശ്ചയമായും സഞ്ചിത ബോധവസ്ഥയെ പരിവർത്തനത്തിലേക്ക് പതുക്കെ പതുക്കെ നയിക്കും. കൂടാതെ അങ്ങനെയുള്ള പരിവർത്തനം നമ്മുടെ ഈ കാലഘട്ടത്തിലെ വലിയ നേട്ടമായിരിക്കും. ഇത് വ്യക്തമായും

ഹോളിസ്റ്റിക് നിദർശനങ്ങളുടെ ഭാഗമാണ്. കൂടാതെ ഏകവും അനേകമായതും എന്ന പരമ്പരാഗത തത്വചിന്താപരമായ സമസ്യയുടെ പുനർപ്രസ്താവം ആണ് ഇത്. ഇത് യുങ്ങിന്റെ അനുരൂപതയുടെ പൊതു തത്വങ്ങളുടെ പിൻതാങ്ങലുമായും കൂടാതെ അദ്ദേഹത്തിന്റെ ദുരന്തങ്ങളുടെ നിരാകരണം എന്നതുമായും ബന്ധപ്പെട്ടിരിക്കുന്നു. ഗ്രഹങ്ങളെ സംബന്ധിച്ചുള്ള ഹോളോ ഗ്രാമിന്റെ ചെറിയ രൂപത്തിലുള്ള പ്രാതിനിധ്യ സ്വഭാവമുള്ളവരാണ് വ്യക്തികൾ; ഒരുവൻ അവന്റെ ഉള്ളിലേക്ക് നോക്കുമ്പോൾ പ്രപഞ്ചത്തെ *അറിയുക* മാത്രമല്ല ചെയ്യുന്നത് അതിനെ *മാറ്റം* വരുത്തുകയും കൂടി ചെയ്യുന്നു. എന്നാൽ എത്ര കൂടുതലാണോ ഒരുവൻ ഉള്ളിലേക്ക് നോക്കുന്നത് അത്ര ചെറുതായിരിക്കും രാഷ്ട്രീയ മണ്ഡലങ്ങൾ. ഗ്രഹനിലയെ സംബന്ധിച്ചുള്ള ഒരു പുതിയ സംവിധാനത്തിൽ കൊട്ടിയാഘോഷിക്കപ്പെടുന്ന ജനാധിപത്യ പ്രക്രിയയോട് ചേർന്ന് ഇത് ശരിക്കും യോജിച്ചു പോകുമോ? അല്ലെങ്കിൽ ഇത് അബോധപൂർവവും സൂക്ഷ്മവും ആയി ആളുകളെ അവരെ സൗകര്യപൂർവ്വം വളച്ചൊടിക്കപ്പെടുന്നതിനു വിട്ടുകൊടുക്കുന്ന രീതിയിൽ, അവരുടെ ശാക്തീകരണത്തിൽ നിന്നുള്ള ഒഴിവാക്കൽ ആണോ ഇത്? ആകാശ ഗ്രഹങ്ങളെ സംബന്ധിച്ച് ഇപ്പോഴുള്ള പ്രശ്നങ്ങളിൽ (പാരിസ്ഥിതിക പ്രശ്നങ്ങൾ, വിഭവശോഷണം, അമിതമായ ജനസംഖ്യ, ഉത്തരാർദ്ധ ഗോളവും ദക്ഷിണാർധ ഗോളവും തമ്മിലുള്ള സാമ്പത്തിക അന്തരം, ന്യൂക്ലിയർ ആയുധ ശേഖരം, രാഷ്ട്രീയ അസ്ഥിരത) മേലുള്ള സമകാലീന ശ്രദ്ധകൊടുക്കലുകളും മറ്റുള്ളവയും, ഒരുപോലെ യാഥാർത്ഥ്യവുമായ, രാഷ്ട്രീയപരവും സാമൂഹ്യപരവുമായ കാര്യങ്ങളിൽ ഏർപ്പെടുന്നതിനെ ശക്തിപ്പെടുത്തികയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നുണ്ടോ? "ഔദാര്യം ഭവനത്തിൽ തുടങ്ങുന്നു"("Charity begins at home") എന്ന പഴമൊഴിയ്ക്കു ഒരാൾക്ക് ഈ പ്രശ്നങ്ങളോടുള്ള സമീപനങ്ങളിൽ ആരോഗ്യപരമായ സംന്തുലിതാവസ്ഥ കാണിക്കുവാൻ കഴിയും. രാഷ്ട്രീയത്തോടുള്ള പ്രകടമായ ഉദാസിനതയ്ക്ക് പിന്നിൽ ദുഷ്ടമായ സേച്ഛാധിപത്യം ആണെന്ന് ചില ന്യൂ ഏജ് നീരീക്ഷകർ കണ്ടെത്തുന്നു. ഒരാൾ അവന്റെ തന്നെ ജീവിതത്തിൽ സമ്പൂർണ്ണതയുടെ സജീവത്വം ഉള്ള സ്രഷ്ടാവ് ആകുന്നതിനേക്കാളേറെ, ന്യൂ ഏജ് കടന്നുവരാൻ കാത്തുനില്ക്കുകയാണ് എന്നതിന്റെ പേരിൽ, ശക്തിയില്ലായ്മയ്ക്കും നിരുത്തരവാദത്തിനും സൂക്ഷമതയോടുകൂടിയ ഒരു കീഴടങ്ങലാണ്" എന്നത് ന്യൂ ഏജിന്റെ നിഴൽ രൂപങ്ങളിൽ ഒന്നാണ് എന്ന് ഡേവീഡ് സ്പാൻഗലർ തന്നെ സൂചന നല്കുന്നു([45]). (*David Spangler himself points out that one of the shadows of the New Age* is *"a subtle surrender to powerlessness and irresponsibility in the name of waiting for the New Age*

*to come rather than being an active creator of wholeness in one's own life"***JCBWL).**

ധ്യാനനിഷ്ഠവാദം(ധ്യാന നിഷ്ഠയിൽ മനഃചാഞ്ചല്യങ്ങളേയും വികാരങ്ങളെയും ലയിപ്പിക്കാമെന്ന വിശ്വാസം) (quietism) ന്യൂ ഏജ് മനോഭാവങ്ങളിൽ സർവ്വ വ്യാപിയാണ് എന്ന് പറയുന്നത് ശരിയാകില്ലെങ്കിലും ന്യൂ ഏജ് പ്രവണതയുടെ മുഖ്യ വിമർശനങ്ങളിൽ ഒന്ന്, ആത്മ സാക്ഷാത്ക്കാരത്തിനുവേണ്ടിയുള്ള, സ്വകാര്യതയിൽ ഊന്നിയുള്ള, അന്വേഷണം സാധ്യമായ ശരിയായ മതസംസ്കാരത്തിന് എതിരായിട്ട് പ്രവർത്തിച്ചേക്കാം എന്നതാണ്. മൂന്ന് കാര്യങ്ങൾ ഇത് ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു :

**(i)** പ്രകൃതിയേയും ആത്മീയ യാഥാർത്ഥ്യത്തേയും ഉൾചേർക്കുന്നു എന്ന് അവകാശപ്പെടുന്ന ലോകവീക്ഷണത്തിൽ, പ്രപഞ്ചത്തെകുറിച്ചുള്ള മുഴുവാനായുള്ള ചിത്രം നല്കുന്നതിന്, ന്യൂ ഏജ് യുക്തിഭദ്രതയാർന്ന വിശ്വാസം ജനിപ്പിക്കുന്ന ശക്തി (*intellectual cogency*) പ്രകടിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നത് തർക്കവിഷയമാണ്. ഏകദൈവ വാദം, അതീന്ദ്രിയത, ആൾട്ടേരിറ്റി (ഇതരത്വം), ഭിന്നതാവാദം എന്നീ വിഷയങ്ങളിൽ അടിസ്ഥാനമിട്ടിട്ടുള്ളതിൽ പാശ്ചാത്യ ലോകത്ത് ഭിന്നാഭിപ്രായം ഉള്ളതായി കാണപ്പെടുന്നു.താഴെ പറയുന്ന വിഭജനങ്ങളിലെല്ലാം ഹെഗലന്റെ അസന്തുഷ്ട ബോധാവസ്ഥയെ ("Unhappy consciousness") ഓർമ്മപ്പെടുത്തുന്ന ഒരു അടിസ്ഥാനപരമായ ദ്വൈതം (dualism) കണ്ടെത്തപ്പെടുന്നുണ്ട്: –

- യഥാർത്ഥത്തിലുള്ളതും മാതൃക പരമായിട്ടുള്ളതും
- ആപേക്ഷികവും കേവലവും
- പരിമിതവും അനന്തവും
- മാനുഷികവും ദൈവീകവും
- വിശുദ്ധവും മ്ലേച്ഛവും
- ഭൂതവും വർത്തമാനവും എന്നിവയാണവ

താഴെ പറയുന്ന വിഷയങ്ങൾ അനുരഞ്ജിപ്പിക്കുന്നതായി ന്യൂ ഏജ് അവകാശപ്പെടുന്നു (ഇത് കുറെച്ചൊക്കെ ദുരന്തപരമായി ചിത്രീകരിക്കപ്പെടുന്നുണ്ട്. ന്യൂ ഏജിൽ നിന്നുള്ള പ്രതികരണം സംയോജനത്തിലൂടെ ഐക്യം എന്നതാണ്): –

- ആത്മാവും ശരീരവും
- പുരുഷനും, സ്ത്രീയും
- ആത്മാവും ദ്രവ്യവും

- മാനുഷികവും ദൈവികവും
- ഭൂമിയും പ്രപഞ്ചവും
- അതീന്ദ്രിയവും അന്തർലീനവും
- മതവും ശാസ്ത്രവും
- മതങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ
- Yin ഉം Yang ഉം (Yin and Yang) (വിപരീതവും വിരുദ്ധവുമായ ശക്തികൾ എങ്ങിനെയാണ് ശരിക്കും പരസ്പര പൂരകങ്ങളും പരസ്പര ബന്ധിതവും ആകുന്നത് എന്നതിനെക്കുറിച്ചുള്ള ചൈനീസ് ചികിത്സാ രീതിയും തത്വശാസ്ത്രവും (Taoism) ആണ് ഇത്) എന്നിവയാണ് ആ വിഷയങ്ങൾ.

**അവിടെ, അങ്ങനെ രണ്ടെന്ന അവസ്ഥ ഇനി ഉണ്ടാകില്ല; മാനുഷിക സ്വാഭാവത്തിൽ അവശേഷിക്കുന്നത് വ്യക്തിസത്ത മറ്റൊരു സത്ത സ്വീകരിക്കുന്ന അവസ്ഥ മാത്രമെ ഉള്ളൂ. ന്യൂ ഏജിന്റെ ലോകം, പ്രശ്നങ്ങൾ ഇല്ലാത്തതാണ്; കരസ്ഥമാക്കാനായ് ഒന്നും തന്നെ അവിടെ വിട്ടുകളഞ്ഞിട്ടില്ല.** എന്നാൽ ഏകവും അനേകവുമായത് എന്ന അതിഭൗതിക തലത്തിലുള്ള സമസ്യയ്ക്ക് ഉത്തരം കണ്ടെത്താൻ കഴിയാത്തതായി നിലനിൽക്കുന്നു. ഒരു പക്ഷേ അത് ഉന്നയിക്കപ്പെടുകപോലും ചെയ്യുന്നില്ല. ആ സാഹചര്യത്തിൽ ഐക്യമില്ലാത്തതിന്റെയും വിഭജനത്തിന്റെയും ഫലങ്ങളെ കുറിച്ച് വളരെയധികമളവിലുള്ള സങ്കടപ്പെടൽ ഉള്ളവാക്കുന്നുമുണ്ട്. എന്നാൽ കാര്യങ്ങൾ എങ്ങനെ വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിൽ കാണപ്പെടും എന്നതിനെക്കുറിച്ചുള്ള ഒരു വിവരണം ആണ് ഇത് എന്നാണ് അതിനുള്ള പ്രതികരണം (*But the metaphysical question of the one and the many remains unanswered, perhaps even unasked, in that there is a great deal of regret at the effects of disunity and division, but the responce is a description of how things would appear in another vision* - ***JCBWL).***

**(ii)** ന്യൂ ഏജ്, പൗരസ്ത്യ മതാനുഷ്ഠാനങ്ങളെ കുറേശ്ശെ, കുറേശ്ശെയായി ഇറക്കുമതി ചെയ്യുകയും അവയെ പാശ്ചാത്യർക്ക് അനുയോജ്യമായി പുനർ - വ്യാഖ്യാനം ചെയ്യുന്നു; **ഇതിൽ പാപം (Sin), മോക്ഷം (Salvation) തുടങ്ങിയ മൊഴികളുടെ നിരാകരണം അടങ്ങിയിരിക്കുന്നു. അവയ്ക്ക് പകരം ധാർമ്മികമായി നിഷ്പക്ഷമൊഴികളായ ആസക്തി (addiction), മോചനം (recovery) എന്നിവ പകരമായി വെയ്ക്കുന്നു.** മറ്റു യൂറോ

പ്യൻ സ്വാധീനങ്ങളെ  കുറിച്ചുള്ള സൂചകങ്ങൾ  ചിലപ്പോൾ പാശ്ചാത്യ സംസ്കാരത്തിന്റെ വെറും വ്യാജമായ പൗരസ്ത്യവത്ക്കരണം ("Psedo - oricntalisation") ആണ്. അതിലുപരിയായി, ഇത് യഥാർത്ഥത്തിലുള്ള സംവാദമേ അല്ല; ഗ്രീക്ക് – റോമൻ അഥവാ യഹൂദ- ക്രൈസ്തവ സ്വാധീനം സംശയപ്പെടുന്നിടത്തെല്ലാം പാശ്ചാത്യ സംസ്കാരത്തിന് പകരം വെയ്ക്കാവുന്നത് ആയതുകൊണ്ട്, പൗരസ്ത്യ സ്വാധീനങ്ങൾ കൃത്യമായി ഉപയോഗിക്കപ്പെടുന്നുണ്ട്. പരമ്പരാഗത ശാസ്ത്രവും മരുന്നുകളും പിതൃഅധികാര മേധാവിത്വം ഉള്ളതുകൊണ്ടും രാഷ്ട്രീയത്തിലും മതത്തിലും പ്രത്യേക ഘടനകൾ ഉള്ളതുകൊണ്ടും ഹോളിസ്റ്റിക്ക് സമീപനങ്ങളേക്കാൾ താഴ്ന്നതായി കരുതപ്പെടുന്നു. ഇതെല്ലാം അക്വാറിയസ് യുഗം (കുംഭം രാശി) കടന്നു വരുന്നതിന് തടസങ്ങളാകപ്പെടും;

ഒരിക്കൽകൂടി, ആളുകൾ അവരെ രൂപപെടുത്തിയ പാരമ്പര്യത്തിൽ നിന്നുള്ള പൂർണ്ണമായ വേർപെടൽ ആണ് അർത്ഥമാക്കുന്നത് എന്നത് വ്യക്തമാണ്. ഇത് നാം വിചാരിക്കുകയും അനുമാനിക്കുകയും ചെയ്യുന്നതുപോലെ പക്വവും വിമോചിക്കപ്പെട്ടതും ആണോ?

**(iii) ആധികാരിക  മതപരമായ പാരമ്പര്യങ്ങൾ അന്തിമ ലക്ഷ്യങ്ങളായ ജ്ഞാനം, സമചിത്തത, കരുണ എന്നിവ  സമ്പാദിക്കുക എന്നതോടുകൂടിയ അച്ചടക്കത്തെ പ്രോൽസാഹിപ്പിക്കുന്നു.** സമൂഹത്തിന്റെ പരിപൂർണ്ണ മതാത്മക സംസ്കാരത്തിന് വേണ്ടിയുള്ള അഗാധമായിട്ടുള്ള രൂഢമൂലമായ ദാഹവും  രാഷ്ട്രീയക്കാർ പൊതുവെ വാഗ്ദാനം ചെയ്യുന്നതിനേക്കാൾ സാമാന്യമായും ബോധോദയപരമായതുമായി അധികം നല്കാൻ കഴിയുന്നത് എന്താണോ അതിനെയും ന്യൂ ഏജ് പ്രതിധ്വനിപ്പിക്കുന്നു. എന്നാൽ ഒരു കാഴ്ചപ്പാട് എപ്പോഴും വികസിപ്പിച്ചുകൊണ്ടിരിക്കുന്ന തന്റെ തന്നെയുള്ള സത്തയിൽ അടിസ്ഥാനമിട്ടിരിക്കുമ്പോൾ അത് വ്യക്തികൾക്കാണോ അല്ലെങ്കിൽ സമൂഹത്തിനാണോ ഗുണം ചെയ്യുന്നത് എന്നത് വ്യക്തമല്ല. ന്യൂ ഏജിന്റെ പരിശീലന കോഴ്സുകൾ [Erhard Seminar trainings (EST) തുടങ്ങിയ നാമത്തിൽ അറിയപ്പെട്ടുവരുന്നത് എന്താണെങ്കിൽ അത്] പ്രധാനമായിട്ടും വിജയിക്കാനുള്ള ത്വരയോടെ, ബാഹ്യ വിജയത്തോടു കൂടിയ ആന്തരിക സംതൃപ്തി എന്നിവകൊണ്ടുള്ള പ്രതിസംസ്കാരമൂല്യങ്ങളെ സ്വീകരിച്ചിരിക്കുന്നു; ഫിന്റ് ഹോണിന്റെ “കച്ചവടത്തിന്റെ അരൂപി”("Spirit of business") എന്ന ധ്യാനരീതി ഉൽപാദനക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് അദ്ധ്വാനത്തിന്റെ അനുഭവങ്ങളെ പരിവർത്തനപ്പെടുത്തുന്നു; ചില ന്യൂ ഏജ് ഭക്തർ കൂടുതൽ ആധികാരികവും പെട്ടെന്ന് പ്രതികരിക്കുന്നവരും ആയതിനാൽ മാത്രമല്ല, കൂടുതൽ ഭൗതികാഭിവൃദ്ധിയിലേക്ക് (മാജിക്ക് തുടങ്ങിയവ വഴി) ആയിതീരുക  എന്നതിലും മനസ്സ്

വെയ്ക്കുന്നുണ്ട്. **"ഉത്സാഹശീലമുള്ള ബിസിനസ്സ് ആളുകൾക്ക് (Business Persons) കാര്യങ്ങൾ കൂടുതൽ ആകർഷമാക്കുന്നത് എന്താണെന്ന് വെച്ചാൽ ന്യൂ ഏജ് അനുഷ്ഠാനങ്ങൾ വിദേശത്തുള്ള ബിസിനസ്സ് ലോകത്തുള്ള കുറച്ച്കൂടി മാനുഷികമായ ആശയങ്ങളിൽ പ്രതിധ്വനിക്കുന്നുണ്ട് എന്നതാണ്.** ജോലിചെയ്യുന്ന സ്ഥലത്തെ, താഴെ പറയുന്ന ആശയങ്ങളുമായി കൈകാര്യം ചെയ്യുന്നതിന് ന്യൂ ഏജിന് ഉദ്ദേശ്യമുണ്ട്.

- 'അറിവ് സമ്പാദിക്കാനുള്ള ചുററുപാട്' ('learning environment')
- 'ജീവിതത്തെ അദ്ധ്വാനത്തിലേക്ക് തിരിച്ചുകൊണ്ടുവരിക' ('bringing life back to work')
- 'അദ്ധ്വാനത്തെ മനുഷ്യത്വപരമാക്കുക' ('humanizing work')
- 'മാനേജരെ തൃപ്തിപ്പെടുത്തുക' ('fulfilling the manager')
- 'ജനങ്ങളാണ് ഏറ്റവും മുൻഗണനന അർഹിക്കുന്നവർ ('people come first')
- 'ശേഷിയെ സ്വതന്ത്രമാക്കുക' ('unlocking potential') എന്നീ ആശയങ്ങളുമായി ന്യൂ ഏജ് കൈകാര്യം ചെയ്യുന്നുണ്ട്.

**മുൻപ് തന്നെ കൂടുതൽ (മതേതരം)മനുഷ്യത്വത്തിൽ അടിസ്ഥാനമിട്ടിട്ടുള്ള പരിശീലനം ലഭിച്ചിട്ടുള്ളവരും ഇനിയും അതിനെ മുന്നോട്ട് കൊണ്ടു പോകണം എന്ന് ആഗ്രഹിക്കുന്ന ബിസിനസ്സ് ആളുകൾക്ക് ന്യൂ ഏജ് പരിശീലകർ ഇത് അവതരിപ്പിക്കുമ്പോൾ അത് ആകർഷകമാക്കാൻ സാധ്യതയുണ്ട്; ഒരേ സമയം വ്യക്തഗത വളർച്ചയ്ക്കും സന്തുഷ്ടിക്കും, ഉത്സാ ഹത്തിനും വാണിജ്യപരമായ ഉത്പാദകക്ഷമതയ്ക്കുവേണ്ടി യാകുമ്പോൾ" അത് ആകർഷമാകും ([46]). അതുകൊണ്ട് ഇതിൽ ഉൾപ്പെട്ട ആളുകൾ ഉയർന്ന അറിവും സമചിത്തതയും തങ്ങളുടെ തന്നെ നേട്ടത്തിന് വേണ്ടി അന്വേഷിച്ചുകൊണ്ടിരിക്കുന്നു എന്ന് വ്യക്തമാണ്. എന്നാൽ അവർ ഉൾപ്പെട്ട പ്രവർത്തനങ്ങൾ എത്രത്തോളം അവരെ പൊതു നന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ സഹായിക്കുന്നുണ്ട്?** പ്രചോദനം (motivation) എന്ന കാര്യം മാറ്റിനിർത്തിയാൽ ഈ എല്ലാ പ്രതിഭാസങ്ങളേയും അവയുടെ ഫലങ്ങൾ വഴിയാണ് വിധിക്കേണ്ടത്. കൂടാതെ ഉന്നയിക്കേണ്ട ചോദ്യം ഇതാണ്; ഇവർ തന്നിൽ തന്നെയുള്ള സത്തയെയാണോ അതോ തിമിംഗലം, മരങ്ങൾ അഥവാ ഒരേ അഭിപ്രായം ഉള്ള ആളുകൾ ഇവരെ മാത്രമല്ല, മനുഷ്യർ മുഴുവനും അടക്കമുള്ള എല്ലാ സൃഷ്ടികളോടുക്കൂടിയുള്ള ഐക്യദാർഢ്യത്തെ പ്രോൽസാഹിപ്പിക്കുന്നുണ്ടോ ഇല്ലയോ എന്നതാണ്. **സ്ഥാപനങ്ങളാലും വളരെ കൂടുതൽ ആളുകളാലും സ്വീകരിക്കപ്പെട്ടിട്ടുള്ള തന്നിൽ തന്നെയുള്ള**

**സത്തയെ അടിസ്ഥാനമിട്ടിട്ടുള്ള, ഏത് തത്വശാസ്ത്രത്തിന്റെയും നാശം ചെയ്യുന്ന പരിണത ഫലങ്ങൾ "മനുഷ്യവംശത്തിന്റെ തീൻമേശയിൽ നിന്ന് ഭക്ഷിക്കുന്നവരുടെ എണ്ണത്തിൽ കുറവു വരുത്തുന്ന തന്ത്രങ്ങളുടെ ഒരു കൂട്ടം" എന്നതായിട്ടാണ് കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗർ** (അദ്ദേഹം ബെനഡിക് XVI എന്ന് നാമം സ്വീകരിച്ച് പിന്നീട് മാർപാപ്പയായി) കണ്ടെത്തിയിട്ടുള്ളത്([47]). **ഏത് തത്വശാസ്ത്രത്തിന്റെയും അല്ലെങ്കിൽ സിദ്ധാന്തത്തിന്റെയും ആഘാതം തിട്ടപ്പെടുത്താനുള്ള ഒരു പ്രധാനപ്പെട്ട മാനദണ്ഡം ഇതാണ്. ക്രിസ്തീയത എപ്പോഴും മാനുഷിക പരിശ്രമങ്ങളെ അളക്കുന്നത്, സ്രഷ്ടാവിലേക്കും മററു സൃഷ്ടികളിലേക്കും സ്നേഹത്തിൽ അടിസ്ഥാനമിട്ടിട്ടുള്ള ഒരു ബഹുമാനത്തെ പ്രതിയുള്ള, തുറവിയെ അടിസ്ഥാനപ്പെടുത്തിയാണ്.**

## 2.5. എന്തുകൊണ്ട് ന്യൂ ഏജ് ഇത്ര വേഗത്തിൽ ഫലപ്രദമായി വളർച്ച പ്രാപിക്കുകയും വ്യാപിക്കുകയും ചെയ്തു?

**എന്തൊക്കെ പ്രശ്നങ്ങളും വിമർശനങ്ങളും ന്യൂ ഏജ് നേരിട്ടുകൊണ്ടിരിക്കുന്നുവെങ്കിലും, ഈ ലോകം ക്രൂരവും ഹൃദയം ഇല്ലാത്തതുമാണ് എന്ന് അനുഭവപ്പെടുന്ന ആളുകളുടെ, അങ്ങനെയുള്ള ലോകത്തിലേക്ക് ഊഷ്മളത കൊണ്ടുവരുന്നതിനുള്ള ഒരു ശ്രമമാണ് ന്യൂ ഏജ് പ്രവണത.** ആധുനികതയ്ക്ക് നേരെയുള്ള പ്രതിപ്രവർത്തനം എന്ന നിലയിൽ അത് കൂടുതലായി പലപ്പോഴും തോന്നലുകളുടെയും ചോദനകളുടെയും വികാരങ്ങളുടെയും തലത്തിൽ പ്രവൃത്തിക്കുന്നു. **ബൈബിളിലെ അവസാന പുസ്തകമായ വെളിപാടിലെ പ്രവചനങ്ങൾക്കനുസരിച്ച് വരാൻ പോകുന്ന കാലഘട്ടത്തിലെ സാമ്പത്തിക അസ്ഥിരത, രാഷ്ട്രീയ അനിശ്ചിതത്വം, കാലാവസ്ഥ മാറ്റം എന്നിവയെ കുറിച്ചുള്ള ഉത്കണ്ഠ, പ്രപഞ്ചത്തോട് ദൃഢമായ പ്രത്യാശയുള്ള ബന്ധം നല്കുന്ന, പകരം വെയ്ക്കാവുന്നത്, അന്വേഷിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്നുണ്ട്.** പ്രത്യക്ഷമായി, ആത്മീയ തലത്തിൽ പലപ്പോഴും പൂർണ്ണതയ്ക്കും സന്തോഷത്തിനും വേണ്ടിയുള്ള ഒരു അന്വേഷണം നടക്കുന്നുണ്ട്. ആഗോളപരമായി മിക്കവാറും നാനത്വത്തെ മഹത്വവൽക്കരിക്കുക എന്നത് മുഖമുദ്രയായിട്ടുള്ള ഒരു കാലഘട്ടത്തിൽ, ന്യൂ ഏജ് വളരെയധികം വിജയം വരിച്ചു എന്നത് ശ്രദ്ധേയമാണ്. പാശ്ചാത്യ സംസ്കാരം, വ്യക്തിയുടെയോ അല്ലെങ്കിൽ ഒരു ന്യൂനപക്ഷ ഗ്രൂപ്പിന്റെയോ പ്രത്യേകമായ പെരുമാറ്റ രീതികളുമായി പൊരുത്തപ്പെട്ടുകൊണ്ടോ മുറുമുറുപ്പോടെ സ്വീകരിച്ചുകൊണ്ടോ

സഹിഷ്ണുതയുടെ അപ്പുറത്തേയ്ക്ക്, സാധാരണത്വത്തോടുള്ള ബോധപൂർവ്വമായ ബഹുമാന ച്യുതിയിലേക്ക് കടന്നു കഴിഞ്ഞിട്ടുണ്ട്. സാധാരണത്വത്തെ അവശ്യമായും കേവലതത്വങ്ങളുമായി ബന്ധപ്പെടുത്തികൊണ്ട് സദാചാരപരമായി ഭാരപ്പെട്ട ഒരു ആശയമായി അവതരിപ്പിക്കപ്പെടുന്നു. ആളുകൾ, (അവരുടെ എണ്ണം വളർന്നുക്കൊണ്ടിരിക്കുകയാണ്) അവർക്ക് കേവല തത്വങ്ങളും ചിട്ടകളും എന്നു പറയുന്നത് മറ്റുള്ള ആളുകളുടെ കാഴ്ചപ്പാടുകളോടും ബോധ്യങ്ങളോടും സഹിഷ്ണുതയോടെ കാണാൻ സാധിക്കാത്ത ഒരു അവസ്ഥയാണ് എന്നതല്ലാതെ മറ്റൊന്നല്ല. (*For a growing number of people, absolute beliefs or norms indicate nothing but an inability to tolerate other people's views and convictions - JCBWL)* **ഇങ്ങനെയുള്ള അന്തരീക്ഷത്തിൽ പകരംവെയ്ക്കാവുന്ന ജീവിത ശൈലികളും സിദ്ധാന്തങ്ങളും യഥാർത്ഥത്തിൽ പറന്നു പൊങ്ങിയിട്ടുണ്ട്; അത് സ്വീകാര്യമാണ് എന്നത് മാത്രമല്ല വ്യത്യസ്തമാകുന്നത് ക്രിയാത്മകമായി നല്ലതാണ് എന്നുവരുന്നു([48]).**

*ന്യൂ ഏജിൽ* ആളുകൾ വ്യത്യസ്ത വഴികളിലും അനേകം തലങ്ങളിലുമാണ് ബന്ധപ്പെട്ടിരിക്കുന്നത് എന്ന് മനസ്സിലാക്കേണ്ടത് ആവശ്യമാണ്. **മിക്കവാറും അവസരങ്ങളിൽ ഒരു ഗ്രൂപ്പിന്റെ അഥവാ ഒരു പ്രവണതയുടെ "ഭാഗമായികൊണ്ടിരിക്കുന്നു" എന്ന പ്രശ്നമല്ല യഥാർത്ഥത്തിൽ ഉള്ളത്; ന്യൂ ഏജ് ഏത് അടിസ്ഥാന തത്വങ്ങളിൽ മേലാണ് പണിയപ്പെട്ടിട്ടുള്ളത് എന്നതിനെക്കുറിച്ചുള്ള ബോധപൂർവ്വമായ അറിവ് അവിടെയില്ല എന്നതും അല്ല. മിക്കവാറും അവസരങ്ങളിലും ആളുകൾ അതിന്റെ പശ്ചാത്തലങ്ങളെ അന്വേഷിക്കാതെ പ്രത്യേക ചികിത്സാ രീതികളിലേക്കും വിദ്യകളിലേക്കും ആകൃഷ്ടരാകുന്നു എന്നു തോന്നുന്നു.** മറ്റുള്ളവർ, ന്യൂ ഏജ് പ്രവണതയുടെ ഉൽപന്നങ്ങൾ എന്ന പേരിട്ടുട്ടുള്ളതിന്റെ വല്ലപ്പോഴുമുള്ള വെറും ഉപഭോക്താക്കളാണ്. ഉദാഹരണത്തിന് സുഗന്ധ ചികിത്സ (aroma therapy) അല്ലെങ്കിൽ ന്യൂ ഏജ് സംഗീതം കേൾക്കുന്ന ആളുകൾ, അത് അവരുടെ ആരോഗ്യത്തിന്റെ മേലും സന്തുഷ്ടാവസ്ഥയുടെ മേലും വരുത്തുന്ന മാറ്റങ്ങളെ കുറിച്ചാണ് സാധാരണയായി തൽപരരായിരിക്കുന്നത്; ഒരു ന്യൂനപക്ഷം മാത്രമാണ് കൂടുതൽ വിഷയത്തിനുള്ളിലേക്ക് കടക്കുന്നതും അതിന്റെ സൈദ്ധാന്തിക പരമായ (അല്ലെങ്കിൽ "നിഗൂഢപരമായ") പ്രാധാന്യം മനസ്സിലാക്കാൻ ശ്രമിക്കുന്നതും. **വിനോദവും വിശ്രമവും അത്രയും പ്രധാനപ്പെട്ടതായി കരുതപ്പെടുന്ന സമൂഹങ്ങളിൽ, അതിന്റെ ഉപഭോഗ ശൈലിയിലേക്ക് ഇത് പൂർണ്ണമായി യോജിപ്പിച്ചുപോകുന്നു.** ഈ 'പ്രവണത' വ്യാപാര സ്ഥലത്തെ നിയമങ്ങൾ അനുസരിച്ച് സ്വയം നന്നായി മാറ്റപ്പെട്ടു. ഭാഗികമായി അതിന് അങ്ങനെയുള്ള അകർഷകമായ സാമ്പത്തിക പ്രസ്താവന

കൾ ഉള്ളതുകൊണ്ടാണ് *ന്യൂ ഏജ്* ഇത്ര വ്യാപിച്ചുകഴിഞ്ഞത്. ഏറ്റവും കുറഞ്ഞത് ചില സംസ്ക്കാരങ്ങളിലെങ്കിലും മതപരമായ ഒരു പ്രതിഭാസത്തിനുള്ള, മാർക്കറ്റ് തത്വങ്ങൾ പ്രയോഗിച്ചുകൊണ്ടുണ്ടാക്കിയ, ഒരു ഉത്പന്നത്തിന്റെ ലേബൽ ആയി *ന്യൂ ഏജ്* മാറികഴിഞ്ഞിട്ടുണ്ട്(49). ആളുകളുടെ കാഴ്ചപ്പാട് അനുസരിച്ചുള്ള ആത്മീയ ആവശ്യങ്ങളിൽ നിന്ന് മുതലെടുക്കാനായിട്ടുള്ള ഒരു വഴി എപ്പോഴും അതിന് ഉണ്ടായികൊണ്ടിരിക്കുന്നു. **സമകാലീന ധനതത്വശാസ്ത്രത്തിലെ മറ്റു പലക്കാര്യങ്ങളെ പോലെ *ന്യൂ ഏജ്* എന്നത് പൊതു ജന സമ്പർക്ക മാധ്യമങ്ങൾ വഴി നല്കുന്ന വിവരങ്ങൾ വഴി വളർത്തപ്പെടുകയും കൂട്ടി ചേർത്ത് പിടിക്കപ്പെടുകയും ചെയ്ത ഒരു ആഗോള പ്രതിഭാസം ആണ്.** പൊതു ജന സമ്പർക്കമാധ്യമങ്ങൾ വഴിയാണ് ആഗോള സമൂഹം രൂപപ്പെട്ടത് എന്ന് വേണമെങ്കിൽ വാദിക്കാവുന്നതാണ്. പ്രസിദ്ധിയാർജിച്ച പുന:സാഹിത്യ കൃതികളും പൊതു ജനവാർത്താമാധ്യമങ്ങളും "വിശ്വാസികളും"(" believers") അനുഭാവികളും (sympathisers) വെച്ചു പുലർത്തിയിരുന്ന പൊതു അഭിപ്രായങ്ങളെ വളരെ വേഗത്തിൽ മിക്കവാറും എല്ലായിടത്തും വ്യാപിപ്പിക്കുന്നത് ഉറപ്പ് വരുത്തി. അതെ സമയം "സമൂഹത്തിന്റെ"("community") വളരെ അയഞ്ഞ രൂപം മാത്രമാണ് ഇതിനുള്ളതിനാൽ അതിവേഗത്തിൽ വ്യാപിച്ച ആശയങ്ങൾ, അകസ്മികമായി സംഭവിച്ചതാണോ അതോ ആവിഷ്കരിച്ച് നടപ്പാക്കിയതാണോ എന്ന് തെളിയിക്കാൻ ഒരു വഴിയും ഇല്ല. ഇന്റർനെറ്റ് വഴി ഉണ്ടാക്കിയ സൈബർ സമൂഹത്തെപോലെ *ന്യൂ ഏജ്*, ആളുകൾ തമ്മിലുള്ള ബന്ധങ്ങൾ വ്യക്തിപരമല്ലാത്തതും അല്ലെങ്കിൽ ചുരുക്കം ചില അർത്ഥത്തിൽ മാത്രം വ്യക്തിഅധിഷ്ഠിതവും ആയിട്ടുള്ള പ്രാബല്യ മണ്ഡലത്തിൽ (Domain) ആണ്. ***ന്യൂ ഏജ്,* തത്വങ്ങളുടെയും ചികിത്സാരീതികളുടെയും വിദ്യകളുടെയും അയഞ്ഞ ഒരു കൂട്ടം ആയിട്ട് വളരെ പ്രസിദ്ധിയാർജിച്ചു.** ഈ തത്വങ്ങളും ചികിത്സാരീതികളും വിദ്യകളും കൂടി ചേർക്കുന്നത് വൈരുദ്ധ്യാത്മകവും അസ്ഥിര സ്വഭാവം ഉണ്ടാക്കുന്നവയും ആണെങ്കിലും അവയെ പലപ്പോഴും തന്റെ ഇഷ്ടമനുസരിച്ച് തിരഞ്ഞെടുക്കുകയും കൂട്ടിചേർക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ "തലച്ചോറിന്റെ വലത് വശത്തെ" അടിസ്ഥാനമാക്കിയുള്ള ജ്ഞാനത്തിലുള്ള ചിന്താരീതി, അഹം ബോധത്തോടെ ലോക കാഴ്ചപ്പാടിൽ, ഇത് വ്യക്തമായും പ്രതീക്ഷിക്കാവുന്നതാണ്. ( *(But this is obviously to be expected in a world - view self- consciously based on "right - brain" intuitive thinking-**JCBWL).*** കൃത്യമായിട്ടു അതുകൊണ്ടാണ് ന്യൂ ഏജ് ആശയങ്ങളുടെ അടിസ്ഥാന സ്വഭാവങ്ങൾ കണ്ടെത്തുകയും തിരിച്ചറിയുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യമേറിയതാകുന്നത്. ഏതെങ്കിലും മതത്തിന്റേ

താകുന്നതിനാക്കാളേറെ, ***ന്യൂ ഏജ്*** **എന്ത് നൽകിയാലും പലപ്പോഴും 'ആത്മീയം' എന്ന് അതിനെ വെറുതെ വിശേഷിക്കപ്പെടുന്നു. എന്നാൽ ധാരാളം "ഉപഭോക്താക്കൾ" മനസിലാക്കുന്നതിനെക്കാളേറെ പൗരസ്ത്യ മതങ്ങളുമായി വളരെ അടുത്ത ബന്ധങ്ങൾ അവിടെയുണ്ട്**. ആളുകൾ ഭാഗമാകാൻ തിരഞ്ഞെടുക്കുന്ന പ്രെയർ ഗ്രൂപ്പുകളിൽ ഇത് വളരെ വ്യക്തമായി പ്രാധാന്യമുള്ളതാണ്. **എന്നാൽ കമ്പനികളുടെ (ഉൽപാദന കേന്ദ്രങ്ങൾ) മാനേജ്മെന്റിന്, യഥാർത്ഥത്തിലുള്ള ഒരു പ്രശ്നം ആണ് ഇത്. ജോലിയുടെ ഭാഗമായി ധ്യാനങ്ങൾ പരിശീലിക്കാനും മാനസിക ശേഷി വർദ്ധിപ്പിക്കുന്ന വിദ്യകൾ സ്വീകരിക്കാനും ഈ കമ്പനികൾ അവരുടെ തൊഴിലാളികളോട് ആവശ്യപ്പെടുന്നു. അത്തരം കമ്പനികളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു([50]).**

ന്യൂ ഏജ് ഒരു പ്രത്യേക ശാസ്ത്രമായിട്ട് പ്രോൽസാഹിപ്പിക്കുന്ന സംഘടിത ശ്രമങ്ങളെ കുറിച്ച് ചുരുക്കത്തിൽ ഒരു വാക്ക് കുറിക്കുന്നത് നന്നായിരിക്കും. എന്നാൽ ഇത് ഒരു സങ്കീർണ്ണ പ്രശ്നം ആണ്. ചില ഗ്രൂപ്പുകൾ ന്യൂ ഏജിനെ അതിന്റെ ഗൂഢാലോചനകളെ കുറിച്ച് കുറ്റപ്പെടുത്തികൊണ്ട് പ്രതികരിച്ചിട്ടുണ്ട്. എന്നാൽ സ്വഭാവികമായി സംഭവിക്കുന്ന, മനുഷ്യന്റെ നിയന്ത്രണങ്ങൾക്കപ്പുറത്തുള്ള സ്വാധീനങ്ങളാൽ നന്നായി തിട്ടപ്പെടുത്തുന്ന സാംസ്കാരിക മാറ്റത്തിന് നമ്മൾ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് പൊതുവെ ഈ ആരോപണങ്ങൾക്കുള്ള ഉത്തരം ആയി നല്കപ്പെടുന്നത്.എന്നിരുന്നാലും മനുഷ്യ വംശത്തെ ഒന്നിപ്പിക്കാൻ കഴിയുന്ന ആഗോള മതത്തെ സൃഷ്ടിക്കുന്നതിന് വേണ്ടി, പ്രത്യേക മതങ്ങളെ അസാധുവാക്കുകയോ അല്ലെങ്കിൽ കവച്ചുവയ്ക്കുകയോ ചെയ്യുക എന്ന ലക്ഷ്യം അന്താരാഷ്ട്രീയമായ സ്വാധീനമുള്ള ഗ്രൂപ്പുകളുമായി ന്യൂ ഏജ് പങ്കിടുന്നു എന്ന് സൂചിപ്പിക്കുന്നത് നല്ലതാണ്. ഇതിനോട് വളരെ അടുത്ത് ബന്ധപ്പെട്ടുകൊണ്ടുതന്നെ, സമകാലീന സംസ്കാരത്തിന്റെയും ധനതത്വശാസ്ത്രത്തിന്റെയും രാഷ്ട്രീയത്തിന്റെയും ആഗോള സ്വാഭാവം പ്രതിഫലിപ്പിക്കുന്ന ഒരു ധാർമ്മിക ചട്ടക്കൂടായ *ആഗോള ധാർമ്മികതയെ (Global Ethic)* കണ്ടുപിടിക്കാൻ, വളരെയധികം സ്ഥാപനങ്ങളുടെ ഭാഗത്ത് നിന്ന് സംഘടിത ശ്രമവും നടക്കുന്നുണ്ട്. ഇതിന് പുറമെ പാരിസ്ഥിതിക വിഷയങ്ങളുടെ രാഷ്ട്രീയ വത്കരണം മുഴുവൻ ഗയ്യ അനുമാനത്തേയും അല്ലെങ്കിൽ മാതാവായ ഭൂമിയുടെ ആരാധനയേയും തിളക്കമാർന്നതാക്കുന്നു.

# അധ്യായം 3.
# ന്യൂ ഏജ് ക്രിസ്തീയ ആത്മീയത

## 3.1 ന്യൂ ഏജ് ആത്മീയ തലത്തിൽ

**ന്യൂ ഏജിനെ പ്രോത്സാഹിപ്പിക്കുന്നവർ അതിനെ പലപ്പോഴും "പുതിയ ആത്മീയത"യായിട്ടാണ് വിവക്ഷിക്കുന്നത്.** ന്യൂ ഏജ് അതിന്റെ വളരെയേറെ ആശയങ്ങൾ പുരാതന മതത്തിൽ നിന്നും സംസ്ക്കാരങ്ങളിൽ നിന്നും ഏടുത്തിട്ടുള്ളതുകൊണ്ട് അതിനെ 'പുതിയത്' ('New') എന്ന് വിളിക്കുന്നത് വൈരുദ്ധ്യാന്മകം ആയി തോന്നുന്നു. **എന്നാൽ ശരിക്കും പുതിയത് എന്താണെന്ന് വെച്ചാൽ പാശ്ചാത്യ സംസ്കാരത്തിനും, അതിന്റെ യഹൂദ ക്രിസ്ത്യൻ മതപരമായ വേരുകൾക്ക് പകരം വെയ്ക്കാവുന്നത് തേടിയുള്ള ന്യൂ ഏജിന്റെ ബോധപൂർവമായ അന്വേഷണം ആണ് ശരിക്കും പുതിയതായിട്ടുള്ളത്.** ഇത്തരം വഴികളിൽ "ആത്മീയത" ("spirituality") എന്നത് യോജിപ്പിന്റെ ആന്തരിക അനുഭവവും യാഥാർത്ഥ്യത്തിന്റെ പൂർണ്ണതയുമായിട്ടുള്ള ഐക്യവുമാണ്. ഇത് ഓരോ മനുഷ്യന്റെയും അപൂർണ്ണതയേയും പരിമിതികളേയും കുറിച്ചുള്ള നൊമ്പരങ്ങളെ സൗഖ്യപ്പെടുത്തുന്നു. എല്ലാ ജീവന്റെയും കേന്ദ്ര ബിന്ദുവായ സവിശേഷമായ പ്രപഞ്ചിക ശക്തിയെ അല്ലെങ്കിൽ ഊർജ്ജവുമായുള്ള അഗാധമായ ബന്ധത്തെ ആളുകൾ കണ്ടെത്തുന്നു. അവർ ഇത് കണ്ടെത്തി കഴിയുമ്പോൾ സ്ത്രീക്കും പുരുഷനും പൂർണ്ണതയിലേക്കുള്ള വഴിയിലൂടെ യാത്ര ആരംഭിക്കാൻ സാധിക്കും. അത് അവരെ അവരുടെ വ്യക്തി ജീവിതങ്ങളേയും അവരുടെ ലോകവുമായുള്ള ബന്ധങ്ങളേയും രമ്യതയിലാക്കാൻ പ്രാപ്തരാക്കുന്നു. കൂടാതെ നിരന്തരം പരിണാമത്തിലുള്ള പുതിയ പ്രപഞ്ചത്തിന്റെ ജനനത്തിലും അതിന്റെ ഭാഗമാകാനുള്ള ആഗോള പ്രക്രിയയിലും തങ്ങളുടെ സ്ഥാനം കണ്ടെത്താനും പ്രാപ്തരാക്കുന്നു. ഇതിന്റെ ഫലം ചലനാത്മകമായ ഊർജ്ജത്തിന്റെ ശിഖരങ്ങൾ ഉള്ള, പ്രപഞ്ചത്തെ കുറിച്ച് ആളുകളുടെ അറിവിന്റെ അടിസ്ഥാനത്തിൽ ഉള്ള "ക്രമബന്ധിതമായ നിഗൂഢ ശാസ്ത്രം" ആണ്([51]). (The result is a *cosmic mysticism* based on people's awareness of a universe burgeoning with dynamic energies ***JCBWL*).** അങ്ങനെ ക്രമബന്ധിതമായ ലോകത്തിന്റെ ഊർജ്ജം, സ്പന്ദനം, പ്രകാശം, ദൈവം, സ്നേഹം - ഏറ്റവും പരമോന്നതമായ മനുഷ്യന്റെ സത്തപോലും-എല്ലാം, എല്ലാത്തിലും നിറഞ്ഞു നിൽക്കുന്ന അടിസ്ഥാന ഉറവിടമായ ഒരേഒരു

യഥാർത്ഥ്യത്തെ സൂചിപ്പിക്കാനുപയോഗിക്കുന്നു.

ഈ ആത്മീയതയ്ക്ക് രണ്ട് വ്യത്യസ്ത ഘടകങ്ങൾ ഉണ്ട്. ഒന്നു അതിഭൗതികവും മറ്റേത് മാനസികവും. **അതിഭൗതിക ഘടകം ന്യൂ ഏജിന്റെ നിഗൂഢശാസ്ത്രപരവും ബ്രഹ്മവിദ്യാപരവുമായ വേരുകളിൽ നിന്ന് വരുന്നതും അടിസ്ഥാനപരമായി ജ്ഞാനവാദത്തിന്റെ ഒരു പുതിയ രൂപവുമാണ്.** ഓരോ വ്യക്തിയുടെയും അന്വേഷണത്തിലൂടെ ലഭിക്കുന്ന മറഞ്ഞിരിക്കുന്ന രഹസ്യങ്ങളെകുറിച്ചുള്ള അറിവിലൂടെയാണ് ദിവ്യത്വത്തിലേക്കുള്ള പ്രവേശനം തുറന്ന് കിട്ടുന്നത്. അന്വേഷണ വിഷയങ്ങൾ താഴെ പറയുന്നു: -

- ദൃശ്യത്തിനുപ്പുറത്തെ സത്യത്തെ
- കാലത്തിനപ്പുറത്തെ പ്രഭവത്തെ
- ക്ഷണികമായതിനപ്പുറത്തെ അതീന്ദ്രിയതയെ
- വെറും ക്ഷണികമായ പാരമ്പര്യത്തിനു പുറകിലുള്ള മൗലികമായ പാരമ്പര്യത്തെ
- സ്വന്തം സ്വത്വത്തിന് പിന്നിലെ മറ്റൊരസ്തിത്വത്തെ
- ശരീരത്തിൽ അവതാരം എടുത്ത വ്യക്തിത്വത്തിനപ്പുറത്തെ പ്രപഞ്ച ദിവ്യത്വത്തെ എന്നിവയാണ് ആ വിഷയങ്ങൾ *(Access to the divine is by knowledge of hidden mysteries, in each individul's search for "the real behind what is only appatent, the origin beyond time, the transcendent beyond what is merely fleeting, the primordial tradition behind merely ephemeral tradition, the other behind the self, the cosmic divinity beyond the incarnate individual"* ***JCBWL).*** നിഗൂഢ തത്വശാസ്ത്രത്തിനടിസ്ഥാനമിട്ടിട്ടുള്ള "ആത്മീയത" എന്ന് പറയുന്നത് നഷ്ടപ്പെട്ട ഐക്യത്തിനുവേണ്ടിയുള്ള ഒരു തരം ഗൃഹാതുരത്വത്തോടുകൂടിയുള്ള, ജീവരൂപങ്ങളുടെ വ്യതിരിക്തത എന്നതിനെപ്പുറത്തുള്ള ഉൺമയെ അന്വേഷിക്കലാണ്(52).

ഇവിടെ ഒരുവന് നിഗൂഢ തത്വശാസ്ത്രത്തിലടങ്ങിയ ആത്മീയതയുടെ ജ്ഞാനവാദചട്ടക്കൂടിനെ ദർശിക്കാവുന്നതാണ്. കുംഭംരാശിയുടെ അന്വേഷകർ മതങ്ങളുടെ അതീന്ദ്രിയ ഐക്യത്തെ അന്വേഷിക്കുമ്പോൾ ഇത് വളരെ വ്യക്തമാണ്. അവർ ഏത് ചരിത്രപരമായ മതങ്ങളെ പരിരക്ഷിക്കുന്നവരാണ് എന്ന് അവകാശപ്പെടുന്നുവോ, ആ മതങ്ങളിൽ നിന്ന് അതിന്റെ ജ്ഞാനവാദപരമായ കേന്ദ്രതന്തുക്കളെ മാത്രമാണ് പെറുക്കിയെടുക്കാൻ ശ്രമിക്കുന്നത്. എന്നിരുന്നാലും അവർ ചരിത്രത്തെ നിരാകരിക്കുന്നു. ആത്മീയത കാലസമ്പൂർണ്ണതയിലും സുസ്ഥാപിത ആചാരത്തിലും വേരുറപ്പിക്കാൻ സാധിക്കും എന്ന് അവർ അംഗീകരിക്കുന്നില്ല.

**നസറത്തിലെ യേശു ഏക ദൈവമല്ല എന്നും 'പ്രാപഞ്ചിക ക്രിസ്തു'എന്ന് കരുതപ്പെടുന്നതിന്റെ ചരിത്രപരമായ അനേകം അവതാരങ്ങളിൽ ഒരാൾ മാത്രമാണ് എന്ന് ന്യൂ ഏജ് കരുതുന്നു([53]).** (*"Jesus Nazareth is not God, but one of the many historical manifestations of the cosmic and universal Christ"- **JCBWL).***

ഇത്തരത്തിലുള്ള ആത്മീയതയുടെ മനഃശാസ്ത്രപരമായ ഘടകം, നിഗൂഢതത്വശാസ്ത്രപരമായ സംസ്കാരവും മനഃശാസ്ത്രവും തമ്മിൽ ഉണ്ടായ ആകസ്മിക സമാഗമത്തിൽ നിന്ന് ഉടലെടുത്തതാണ്. (cf 2.32). **മതപരമായ അനുഭവത്തോട് സാദൃശ്യമുണ്ട് എന്നു കണക്കാക്കപ്പെടുന്ന വ്യക്തിപരമായ മാനസിക-ആദ്ധ്യാത്മിക പരിവർത്തനത്തിന്റെ ഒരു അനുഭവം ആയി ന്യൂ ഏജ് മാറുന്നു. ചില ആളുകൾക്ക്, വ്യക്തിപരമായ പ്രതിസന്ധിയെ തുടർന്ന് നീണ്ട ആത്മീയ അന്വേഷണത്തിന് ശേഷം, ഈ പരിവർത്തനം ഒരു ആഴമുള്ള മിസ്റ്റിക്കൽ അനുഭവത്തിന്റെ രൂപം എടുക്കുന്നു. മറ്റു ചിലർക്ക്, ഇത് ധ്യാനം അല്ലെങ്കിൽ ചിലതരത്തിലുള്ള ചികിത്സകൾ അല്ലെങ്കിൽ യഥാർത്ഥ്യമെന്ന് തോന്നുന്ന ഐക്യത്തിന്റെ ഉൾക്കാഴ്ച നൽകുകയും ബോധാവസ്ഥയെ മാറ്റുകയും ചെയ്യുന്ന ശാസ്ത്രീയ ഗവേഷണങ്ങളുടെ പരിധിയ്ക്ക് പുറത്തുള്ള ആസാധാരണമായ അനുഭവങ്ങളിൽ നിന്നോ ആണ്([54]).**

## 3.2 സ്വദേഹ പ്രേമം : ആത്മീയതയോ ?
## (Spiritual Narcissism)

ചില എഴുത്തുകാർ ന്യൂ ഏജ് ആത്മീയതയെ ഒരു തരത്തിലുള്ള സ്വദേഹ പ്രേമമായോ അല്ലെങ്കിൽ വ്യാജ-രഹസ്യവാദമായോ കാണുന്നു. ന്യൂ ഏജിന്റെ വളരെ പ്രധാനപ്പെട്ട വക്താവായ ഡേവീസ് സ്പാഗളർ പോലും, ഇങ്ങനെയുള്ള വിമർശനം ഉന്നയിച്ചു എന്നത് വളരെ കൗതുകരമാണ്. അദ്ദേഹം അദ്ദേഹത്തിന്റെ പിൻകാലകൃതികളിൽ ഈ ചിന്താധാരയുടെ കൂടുതൽ നിഗൂഢ ശാസ്ത്രത്തിലധിഷ്ഠിതമായ ഭാവങ്ങളിൽ നിന്ന് അകലം പാലിച്ചു.

ന്യൂ ഏജിന്റെ കൂടുതൽ ജനപ്രിയ രീതികളിൽ വ്യക്തികളും, ഗ്രൂപ്പുകളും സാധാരണ നിഗൂഡാത്മകമോ അല്ലെങ്കിൽ മില്ലേനേറിയനുരൂപത്തിലോ ഉള്ള സാഹസികതയുടെയും ശക്തിയുടെയും അവരുടെ തന്നെ ഭാവനകളിൽ ആണ് ജീവിച്ചുകൊണ്ടിരിക്കുന്നത് എന്ന് അദ്ദേഹം എഴുതി ..... ഈ തലത്തിന്റെ പ്രധാനപ്പെട്ട ഘടകം സാക്ഷാത്ക്കാരമാകുന്ന അഹത്തിന്റെ സ്വകാര്യ ലോകവുമായിട്ടുള്ള ഇഴുകിചേരലാണ്. കൂടാതെ തൽഫ

ലമായിട്ടുണ്ടാകുന്ന (എപ്പോഴും പ്രത്യക്ഷത്തിൽ അല്ലെങ്കിലും) ലോകത്തിൽ നിന്നുള്ള പിൻമാറ്റം ആണ്. ഈ തലത്തിൽ, ന്യൂ ഏജ് അപരിചിതവും വൈദേശികവും ആയ അരൂപികൾ, ഗുരുക്കന്മാർ, വിദ്വാൻമാർ, അന്യഗ്രഹ അരൂപികൾ എന്നിവയാൽ നിറഞ്ഞിരിക്കുന്നു; **ഇത് മന:ശക്തിയുടെ, നിഗൂഢ രഹസ്യങ്ങളുടെ, ഗൂഢാലോചനകളുടെ, രഹസ്യസിദ്ധാന്തങ്ങളുടെ ഒക്കെ ഒരു ലോകമായി തീരുന്നു"** (55)..

ഏതൊക്കെയാണ് ന്യൂ ഏജിന്റെ "നിഴലുകൾ" അല്ലെങ്കിൽ പുരോഗമനമല്ലാത്ത ഘടകങ്ങൾ ആയിട്ടുള്ളത് എന്ന് ഡേവീസ് സ്പാൻഗളർ പിന്നീട്ടുള്ള കൃതിയിൽ എണ്ണി പറയുന്നുണ്ട്. അവ താഴെ പറയുന്നു:

- ഭാവിയുടെ പേരിൽ ഭൂതക്കാലത്തിൽ നിന്നുള്ള വേർപെടൽ
- പുതുമയ്ക്ക് വേണ്ടി മാത്രം പുതിയതായിട്ടുള്ളതുമായുള്ള ഇഴുകിചേരൽ...
- പൂർണ്ണതയ്ക്കും കൂട്ടായ്മയ്ക്കും എന്നതിന്റെ പേരിലുള്ള വിവേകയില്ലായ്മയിലേക്കും വിവേചനമില്ലായ്മയിലേക്കും നയിക്കപ്പെട്ട് അതിരുകളെ മനസ്സിലാക്കാനും ഗൗനിക്കാനും സാധിക്കാതെ വരുന്നത്......
- അറിവും മാനസിക പ്രതിഭാസങ്ങളും തമ്മിലുള്ള ആശയകുഴപ്പം
- ചാനലിങ്ങും ആത്മീയതയും തമ്മിലുള്ള ആശയകുഴപ്പം
- ന്യൂ ഏജ് കാഴ്ചപ്പാടും പരമമായ സത്യവും തമ്മിൽ ഉള്ള ആശയക്കുഴപ്പം" എന്നിവയാണ് അവ(56).

എന്നാൽ, അവസാനത്തിൽ സ്വാർത്ഥപരവും, യുക്തി സഹജമല്ലാത്തതുമായ സ്വദേഹ പ്രേമവും വളരെ കുറച്ച് ആളുകളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു എന്ന് സ്പാൻഗളർക്ക് ബോധ്യമായി. സ്പാൻഗളർ ഊന്നി പറയുന്ന ന്യൂ ഏജിന്റെ ക്രിയാത്മക സ്വഭാവങ്ങൾ താഴെ പറയുന്നവയാണ്:-

- മാറ്റത്തിന്റെ പ്രതിഛായയും പവിത്രമായതിന്റെ മനുഷ്യാവതാരവും ആയി അധികം ആളുകളും ജീവിതത്തിന്റെ വളർച്ചയ്ക്കും ആന്തരികവളർച്ചയ്ക്കും വേണ്ടി അധ്വാനിക്കുന്നവരാണ്
- സത്യത്തിന്റെ പിന്നാലെ വളരെ ഗൗരവമായി അന്വേഷിക്കുന്നവരാണ്

ന്യൂ ഏജ് ചുറ്റുപാടുകളുമായി അനേകം വർഷം ചിലവഴിച്ച ഒരു അമേരിക്കൻ ജെസ്യൂട്ടായ ഡേവീഡ് ടൂലാൻ, ന്യൂ ഏജ് എന്ന ലേബൽ വഹിക്കുന്ന ഉൽപനങ്ങളുടെയും ചികിത്സാരീതികളുടെയും വാണിജ്യവശം തുറന്നുകാണിക്കുന്നുണ്ട്. ന്യൂ ഏജ് ആളുകൾ അവരുടെ ആന്ത

രിക ജീവിതവും ഈ ലോകത്തിന് വേണ്ടി ഉത്തരവാദപ്പെട്ടവരാണ് എന്ന തിന്റെ സാധ്യതയേയുംക്കുറിച്ച് ആവേശപുളകിതരാണ് എന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. എന്നാൽ അവർ വ്യക്തി സ്വാതന്ത്ര്യ വാദത്തിനും എല്ലാ വസ്തുക്കളും ഉപഭോഗത്തിനുള്ളതാണ് എന്ന കാഴ്ചപ്പാടിനോടുള്ള പ്രവ ണതയ്ക്കു എളുപ്പത്തിൽ കീഴടങ്ങപ്പെടുകയും ചെയ്യുന്നവരാണ് എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ഈ അർത്ഥത്തിൽ, ക്രൈസ്തവമല്ലാതിരിക്കു മ്പോഴും ന്യൂ ഏജ് ആത്മീയത, അഹത്തെ നിരാകരിക്കുക എന്നത് അട ങ്ങിയിട്ടില്ലാത്ത ബുദ്ധമത ദർശനങ്ങൾ പോലെയും അല്ല. **പ്രായോഗിക തലത്തിൽ രഹസ്യാത്മകമായ ഐക്യം എന്ന സ്വപ്നം വെറും അവാ സ്തിവിക തലത്തിലുള്ള ഐക്യത്തിലേയ്ക്ക് നയിക്കുന്നു എന്ന് തോന്നി പോകുന്നു. അത് അന്ത്യമമായി ആളുകളെ കൂടുതൽ ഒറ്റപ്പെട്ട വരും അസംതൃപ്തരും ആയി കൈവിടുന്നു.**

## 3.3 പ്രാപഞ്ചിക ക്രിസ്തു

ക്രിസ്തുമതത്തിന്റെ ആദ്യകാലങ്ങളിൽ, യേശു ക്രിസ്തുവിൽ വിശ്വസിക്കുന്നവർ ജ്ഞാനവാദമതങ്ങളെ നേരിടാൻ നിർബന്ധിതരായി രുന്നു. ആദിമ ക്രിസ്ത്യാനികൾ ജ്ഞാനവാദക്കാരെ അവഗണിച്ചില്ല, എന്നാൽ ആ വെല്ലുവിളിയെ ക്രിയാത്മകമായി എടുക്കുകയും പ്രാപഞ്ചിക ശക്തികളെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന പദങ്ങളെ തന്നെ ക്രിസ്തു വിനെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുകയും ചെയ്തു. ഏറ്റവും വ്യക്ത മായ ഇതിനുള്ള ഉദാഹരണം കോളോസോസ്സിലെ ക്രിസ്ത്യാനികൾക്ക് വിശുദ്ധ പൗലോസിന്റെ കത്തിൽ ഉദ്ധരിച്ചിട്ടുള്ള പ്രശസ്തമായ ക്രിസ്തു കീർത്തനമാണ്.

> ***"അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിരൂപവും***
> ***എല്ലാ സൃഷ്ടികൾക്കും മുമ്പുള്ള ആദ്യജാതനുമാണ്.***
> ***കാരണം, അവനിൽ സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള ദൃശ്യവും***
> ***അദൃശ്യവുമായ എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെട്ടു.***
> ***സിംഹാസനങ്ങളോ ആധിപത്യങ്ങളോ, ശക്തികളോ***
> ***അധികാരങ്ങളോ എന്തുമാകട്ടെ, എല്ലാം അവനിലൂടെയും***
> ***അവനു വേണ്ടിയുമാണ് സൃഷ്ടിക്കപ്പെട്ടത്. അവനാണ്***
> ***എല്ലാറ്റിനും മുമ്പുള്ളവൻ; അവനിൽ സമസ്തവും***
> ***സ്ഥിതി ചെയ്യുന്നു. അവൻ സഭയാകുന്ന ശരീരത്തിന്റെ***
> ***ശിരസ്സാണ്. അവൻ എല്ലാറ്റിന്റെയും ആരംഭവും***
> ***മരിച്ചവരിൽ നിന്നുള്ള ആദിജാതനുമാണ്. ഇങ്ങനെ എല്ലാ***
> ***കാര്യങ്ങളിലും അവൻ പ്രഥമ സ്ഥാനീയനായി. എന്തെന്നാൽ,***

*അവനിൽ സർവ്വ സമ്പൂർണ്ണതയും നിവസിക്കണമെന്ന് ദൈവം തിരുമനസ്സായി. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളേയും അവനിലൂടെ അവിടുന്ന് തന്നോട് അനുരഞ്ജിപ്പിക്കുകയും അവൻ കുരിശിൽ ചിന്തിയ രക്തം വഴി സാമാധാനം സ്ഥാപിക്കുകയും ചെയ്തു" (കൊളോ 1:15-20)*

ഈ ആദിമ ക്രിസ്ത്യാനികൾക്ക്, പുതിയൊരു പ്രാപഞ്ചിക യുഗം വരാനുണ്ടായിരുന്നില്ല; ഈ സങ്കീർത്തനത്തിൽ അവർ ക്രിസ്തുവിൽ തുടക്കം കുറിച്ച എല്ലാത്തിന്റെയും സാഷാത്കാരത്തെ ആഘോഷിക്കുകയായിരുന്നു. **"ദൈവം മനുഷ്യവതാരത്തിൽ മനുഷ്യന്റെ ചരിത്രത്തിലേക്ക് ഇറങ്ങിവന്നു എന്ന ഒറ്റ സത്യത്തിൽ സമയത്തിന്റെ പൂർണ്ണത കൈവരിക്കപ്പെട്ടു. സമയത്തിന്റെ പൂർണ്ണതയിൽ നിത്യത പ്രവേശിച്ചു; ഇതിനേക്കാൾ വലിയതായിട്ടുള്ള എന്ത് 'സാക്ഷാത്ക്കാരം' ആണ് ഉള്ളത്? വേറെ എന്ത് 'സാഷാത്ക്കാരം' ആണ് സാധ്യമാകുക" ([57]).** പ്രാപഞ്ചിക ശക്തികളിലും ഒട്ടും വ്യക്തതയില്ലാത്ത വിധി എന്ന സങ്കല്പത്തിലും ഉള്ള ജ്ഞാനവാദ വിശ്വാസങ്ങൾ ക്രിസ്തുവിൽ വെളിപ്പെട്ട വ്യക്തിയായ ദൈവത്തിലേക്കുള്ള ബന്ധത്തിന്റെ സാധ്യതയെ ഇല്ലാതാക്കുന്നു. **ക്രിസ്ത്യാനികൾക്ക്, യഥാർത്ഥ പ്രാപഞ്ചിക ക്രിസ്തു എന്നത് സഭയായ ശരീരത്തിലെ വിവിധങ്ങളായ അംഗങ്ങളിൽ സജീവമായ സാന്നിധ്യം നല്കുന്നത് ആരാണോ അവനാണ്. അവർ അവ്യക്തമായ പ്രാപഞ്ചിക ശക്തികളിലേക്ക് നോക്കുന്നില്ല : മറിച്ച് വ്യക്തിയായ ദൈവത്തിന്റെ ഊഷ്മള സ്നേഹത്തിന്റെ പരിപാലനയിലേക്കാണ് നോക്കുന്നത്.**

ക്രിസ്ത്യാനികൾക്ക് പ്രാപഞ്ചിക ബയോ - സെന്ററിസം (എല്ലാ ജീവജാലങ്ങളിലും ഉള്ള ജീവാത്മാവ് തന്നെയാണ് മനുഷ്യനിലും ഉള്ളത് എന്ന കാഴ്ചപ്പാട്) *സാമൂഹ്യ* ബന്ധങ്ങളിലേക്ക് (സഭയിൽ) തിരിച്ചുവയ്ക്കാൻ പറ്റാത്തതാണ്. അവർ പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ ചാക്രികമായ ആവർത്തന മാതൃകയിൽ ബന്ധിതരല്ല; മറിച്ച്, ചരിത്ര പുരുഷനായ യേശുവിലും പ്രത്യേകിച്ചും അവന്റെ കുരിശുമരണത്തിലും ഉത്ഥാനത്തിലും ശ്രദ്ധകേന്ദ്രികരിക്കുന്നു..... **നവയുഗ ചിന്തകളിൽ നിന്ന് വ്യത്യസ്തനായ ഒരു ദൈവത്തെയാണ് കോളോസോസുകാരക്കെഴുതിയ ലേഖനത്തിലും പുതിയ നിയമത്തിലും നാം കണ്ടുമുട്ടുന്നത് : ക്രിസ്ത്യൻ സങ്കല്പത്തിലെ ദൈവം ത്രിതൈ്വകമാണ്. ത്രിതൈ്വക ജീവനിൽ മനുഷ്യനെ പങ്കാളിയാക്കാനുള്ള തീവ്ര അഭിലാഷത്താൽ മനുഷ്യവംശത്തെ സൃഷ്ടിച്ചത് ത്രിതൈ്വക ദൈവമാണ് എന്നതാണ് ക്രിസ്തീയ ദൈവ സങ്കല്പം. ശരിയായി മനസിലാക്കുകയാണെങ്കിൽ ആധികാരികമായ ആദ്ധ്യാത്മികത, ദൈവത്തെ തേടിയുള്ള** ***നമ്മുടെ***

**അന്വേഷണം എന്നതിലുപരി നമ്മെ തേടിയുള്ള *ദൈവത്തിന്റെ* അന്വേഷണമാണ് എന്നതാണ് അർത്ഥമാക്കുന്നത്.**

ക്രിസ്തുവിന്റെ പ്രാപഞ്ചിക പ്രസക്തിയെ കുറിച്ച് തികച്ചും വ്യത്യസ്തമായ മറ്റൊരു കാഴ്ചപ്പാടും ഈയിടയായി ന്യൂ ഏജ്മായി ബന്ധപ്പെട്ടവരിൽ കണ്ടു വരുന്നുണ്ട്. "യേശു ക്രിസ്തുവുമായി (എന്നാൽ ഒരു കാരണവശാലും ആ വ്യക്തിയിൽ മാത്രമായി ഒതുക്കി നിർത്തുന്നില്ല) ബന്ധപ്പെടുത്തുന്ന ദിവ്യമായ മാതൃകയാണ് അവർക്ക് പ്രാപഞ്ചിക ക്രിസ്തു". **ബന്ധപ്പെടൽ നടത്തുന്ന ഈ ദിവ്യമായ മാതൃക, മാംസം ധരിപ്പിക്കപ്പെടുകയും നമ്മുടെ ഇടയിൽ കൂടാരം അടിക്കുകയും ചെയ്തു. (യോഹ -1:14).....** പ്രാപഞ്ചിക ക്രിസ്തു ഒരു പുതിയ പുറപ്പാടിലേക്ക് നയിക്കുന്നു. ന്യൂട്ടന്റെ സിദ്ധാന്തമനുസരിച്ചുള്ള, യാന്ത്രികമായ പ്രപഞ്ചത്തെ കുറിച്ചുള്ള നിഷേധാത്മകമായ കാഴ്ചപ്പാടിൽ നിന്നും കെട്ടുപാടിൽ നിന്നുള്ള പുറപ്പാടാണ് അത്. ആ പ്രപഞ്ചമാകട്ടെ താഴെ പറയുന്ന കാര്യങ്ങളാൽ നിറഞ്ഞതാണ്.

- മാത്സര്യം
- വിജയികൾ, പരാജിതർ
- ദ്വൈവാദങ്ങൾ
- മനുഷ്യകേന്ദ്രീകൃതവും രഹസ്യങ്ങളും രഹസ്യാത്മകതയും കൈമോശം വന്ന്, പ്രപഞ്ചം യന്ത്രം ആയി ചിത്രികരിക്കപ്പെടുന്നതിൽ നിന്ന് ഉള്ളവാക്കുന്ന മടുപ്പ് എന്നിവയാണ് അവ.

പ്രാപഞ്ചിക ക്രിസ്തു തദ്ദേശിയനും ചരിത്രപരവുമാണ്, തീർച്ചയായും മനുഷ്യ ചരിത്രവുമായി ചേർന്നു നിലകൊള്ളുന്നതാണ്. പ്രാപഞ്ചിക ക്രിസ്തു ഒരുവന്റെ അടുത്തുതന്നെ അല്ലെങ്കിൽ ഒരുവന്റെ ആഗാധമായ ഉള്ളിലും ആന്തരാത്മാവിൽ പോലുമോ ജീവിക്കുന്നുണ്ടാകാം" എന്നു കരുതപ്പെടുന്നു(58). ഈ പ്രസ്താവന ന്യൂ ഏജിൽ ഉൾപ്പെട്ട എല്ലാവരേയും തൃപ്തിപ്പെടുന്നില്ലെങ്കിലും പൊതു ചിന്താധാരയുടെ ധ്വനി വളരെ നന്നായി അതിലുണ്ട് എന്ന് കാണാനാകും. കൂടാതെ യേശു ക്രിസ്തുവിനെ കുറിച്ചുള്ള ഈ രണ്ട് കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസം എവിടെയാണ് കിടക്കുന്നത് എന്ന് കേവലമായ വ്യക്തതയോടെ കാണിച്ചു തരുന്നു. **അനേകം ആളുകളിലും, സ്ഥലങ്ങളിലും, സമയങ്ങളിലും ആവർത്തിക്കാൻ കഴിയുന്ന ഒരു മാതൃകയായിട്ടാണ് ന്യൂ ഏജിൽ പ്രാപഞ്ചിക ക്രിസ്തുവിനെ കാണുന്നത്; ബൃഹത്തായ അളവിലുള്ള നിദർശനത്തിലുള്ള മാറ്റത്തിന്റെ വാഹകനാണിത്; അത്യധികമായി ഇത് നമ്മുടെ ഉള്ളിലെ ഒരു ശേഷിയാണ്.**

***ക്രിസ്ത്യൻ വിശ്വാസമനുസരിച്ച് യേശു ക്രിസ്തു ഒരു മാതൃക***

***യല്ല, മറിച്ച് ചരിത്രത്തിലുടനീളം എല്ലാ മനുഷ്യരോടുമുള്ള പിതാവായ ദൈവത്തിന്റെ സ്നേഹത്തിന്റെ നിഗൂഢ രഹസ്യം വെളിപ്പെടുത്തുന്ന ദൈവിക- മാനുഷിക രൂപം ഉള്ള ദൈവീക വ്യക്തിയാണ്.*** (യോഹ 3 : 16); **അവൻ നമ്മിൽ ജീവിക്കുന്നു എന്തുകൊണ്ടെന്നാൽ അവൻ അവന്റെ ജീവൻ നാമുമായി പങ്കുവെയ്ക്കുന്നു. എന്നാൽ ഇത് അടിച്ചേല്പിക്കുന്നതോ സ്വാഭാവികമോ അല്ല.** എല്ലാ മനുഷ്യരും, സ്ത്രീയും പുരുഷനും, "ക്രിസ്തുവിൽ" ("in christ") ജീവിക്കാൻ അവന്റെ ജീവൻ പങ്കുവെയ്ക്കാൻ ക്ഷണിക്കപ്പെട്ടിരിക്കുന്നു".

## 3.4 ക്രൈസ്തവ രഹസ്യാത്മകതയും ന്യൂ ഏജ് രഹസ്യാത്മകതയും

**ക്രിസ്ത്യാനികൾക്ക് ആദ്ധ്യാത്മിക ജീവിതം എന്നത് പടിപടിയായി ദൈവത്തിന്റെ കൃപ ആഴമാകുന്നതിലൂടെ കൈവരിക്കുന്ന ദൈവവുമായുള്ള ബന്ധം ആണ്.** കൂടാതെ ആ പ്രക്രിയയിൽ നമ്മുടെ കൂടെയുള്ള ആളുകളുടെയും പ്രപഞ്ചവുമായുള്ള ബന്ധത്തിലേക്ക് വെളിച്ചം വീശുന്നതുമാണ്. ന്യൂ ഏജിന്റെ വീക്ഷണത്തിൽ ആദ്ധ്യാത്മികത എന്നത് എല്ലാതുമായും യോജിപ്പിലുള്ള ബോധാവസ്ഥയും പൂർണ്ണതയുമായുള്ള ലയനവും എന്നീ രണ്ട് അവസ്ഥകളെ അനുഭവിക്കുന്നതാണ്. അതുകൊണ്ട് "മിസ്റ്റിസിസം"("mysticism") എന്നത് സ്നേഹത്തിന്റ പൂർണ്ണതയിൽ അതിന്ദ്രീയ ദൈവത്തെ കണ്ടുമുട്ടുക എന്നതല്ല സൂചിപ്പിക്കുന്നത്; മറിച്ച് തന്നിലേക്ക് തന്നെ തിരിയുമ്പോൾ ജനിക്കുന്ന അനുഭവവും, പ്രപഞ്ചവുമായി ഒന്നായിരിക്കുമ്പോൾ ഉള്ള ഒരു ആനന്ദപ്രദമായ അനുഭവവും പ്രാപഞ്ചിക ഉൺമയുടെ മഹാസാഗരത്തിൽ ഒരുവന്റെ വ്യക്തിത്വത്തെ മുങ്ങുവാൻ അനുവദിക്കുമ്പോഴുണ്ടാകുന്ന ഒരു അനുഭവവും ആയിട്ടാണ് സൂചിപ്പിക്കപ്പെടുന്നത് ([59]).

ഈ അടിസ്ഥാനപരമായ വ്യത്യാസം ക്രിസ്ത്യൻ രഹസ്യാത്മകതയും ന്യൂ ഏജ് രഹസ്യാത്മകതയും തമ്മിലുള്ള എല്ലാ നിലകളിലുള്ള താരതമ്യങ്ങളിലും വളരെ വ്യക്തമാണ്. **ന്യൂ ഏജിൽ ശുദ്ധീകരണത്തിനുള്ള വഴി ഉത്കണ്ഠയേയും അല്ലെങ്കിൽ അന്യതാ ബോധത്തേയും കുറിച്ചുള്ള അറിവിൽ അടിസ്ഥാനമിട്ടിട്ടുള്ളതാണ്.** ഉത്കണ്ഠയും അന്യതാ ബോധവും പൂർണ്ണതയിൽ മുങ്ങുന്നതുവഴി മറികടക്കേണ്ടതുണ്ട്. മാനസാന്തരപ്പെടുത്തുന്നതിനായ്, പ്രകാശിതരാകുന്ന അനുഭവത്തിലേക്ക് നയിക്കുന്ന ചില വിദ്യകളെ ഒരുവൻ ഉപയോഗിക്കേണ്ടതുണ്ട്. ഇത് ഒരു വ്യക്തിയുടെ ബോധാവസ്ഥയെ പരിവർത്തനപ്പെടുത്തുകയും അവന്

അല്ലെങ്കിൽ അവൾക്ക് യാഥാർത്ഥ്യത്തിന്റെ ഏറ്റവും ഉൾക്കാമ്പ് ആയി കരുതപ്പെടുന്ന ദിവ്യത്വമായുള്ള ബന്ധം തുറന്നു കൊടുക്കുകയും ചെയ്യുന്നു എന്ന് ന്യൂ ഏജ് പറയുന്നു.

**സർവ്വാന്തർവ്യാപിയായി ഈ മത സംവിധാനത്തിൽ നല്കപ്പെടുന്ന വിദ്യകളിലും രീതികളിലും വ്യക്തിയായ ദൈവം എന്ന ആശയം ഇല്ലാത്തതും 'താഴെ നിന്ന്' പുരോഗമിക്കുന്നതുമാണ്. ഒരുവൻ തന്റെ തന്നെ ഹൃദയത്തിലേക്കും അല്ലെങ്കിൽ ആത്മാവിലേക്കും ഉള്ള 'ഇറങ്ങി ചെല്ലൽ' അടങ്ങിയിട്ടുണ്ടെങ്കിലും തന്റെ തന്നെയുള്ള പരിശ്രമങ്ങളാൽ ദിവ്യത്വത്തിലേക്ക് ഉയരാൻ ശ്രമിക്കുന്ന ഒരുവന്റെ അല്ലെങ്കിൽ ഒരുവളുടെ ഭാഗത്തു നിന്നുള്ള മാനുഷിക ശ്രമങ്ങൾ ആണ് പ്രധാനമായും അതിൽ അടങ്ങിയിരിക്കുന്നത്.** ഇത് പലപ്പോഴും ബോധവസ്ഥയുടെ നിലയിൽ എന്താണോ ഉള്ളിനുള്ളിലെ ദൈവത്തെക്കുറിച്ച് വിമോചന അറിവായി കണക്കാക്കപ്പെടുന്നത്, അതിലേക്കുള്ള ഒരു "ആരോഹണം" ("ascent") ആണ്. എല്ലാവർക്കും, ഈ വിദ്യകൾ പ്രാപ്യം അല്ല. ഈ വിദ്യകളുടെ പ്രയോജനങ്ങൾ വിശേഷാവകാശങ്ങൾ ഉള്ള ആത്മീയമായ കുലീന വർഗ്ഗത്തിന് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

ക്രിസ്ത്യൻ വിശ്വാസത്തിലെ അവശ്യമായ ഘടകം, അതെ സമയം, ദൈവം തന്റെ സൃഷ്ടികളോട് നേരെയുള്ള "അവരോഹണം"(descent) ആണ്; പ്രത്യേകിച്ചും എളിയവരുടെ നേരേയും ഏറ്റവും ബലഹീനരുടെ നേരെയും "ലോകത്തിന്റെ" മൂല്യങ്ങൾ അനുസരിച്ച് ഏറ്റവും കുറവ് ലഭിച്ചിട്ടുള്ളവരുടെയും നേരെയുള്ള "അവരോഹണം" ആണത്. പരിശീലിക്കുന്നതിന് ഉപയോഗപ്രദമായ ആത്മീയ വിദ്യകൾ അവിടെയും ഉണ്ട്. **എന്നാൽ ദൈവത്തിന് അവയെ ഒഴിവാക്കാനോ അതില്ലാതെ തന്നെ പ്രവർത്തിക്കുവാനോ സാധിക്കുന്നതാണ്. ദൈവത്തിന്റെ അടുത്തേക്ക് വരുവാനുള്ള ഓരോ ക്രിസ്ത്യാനിയുടെ വഴി ലോകത്തിന്റെ കാർക്കശ്യമേറിയ അർത്ഥത്തിലുള്ള ഏതെങ്കിലും *വിദ്യകളിൽ (technique)* മേൽ അടിസ്ഥാനമിട്ടിട്ടുള്ളതല്ല.** അത് സുവിശേഷത്തിൽ ആഹ്വാനം ചെയ്യുന്ന ശിശുത്വത്തിന്റെ ചൈതന്യത്തിന് വൈരുദ്ധ്യം ആയി തീരും. **യഥാർത്ഥ ക്രിസ്ത്യൻ മിസ്റ്റിസത്തിന്റെ അടിസ്ഥാനം വിദ്യകൾ അല്ല ; അത് എപ്പോഴും ദൈവത്തിന്റെ ദാനം ആണ്. അതിന്റെ പ്രയോജനം എടുക്കുന്നവൻ അവനിൽ തന്നെ അത് സ്വീകരിക്കുവാൻ അയോഗ്യനാണ് എന്ന് തിരിച്ചറിയുന്നു ([60]).**

**ക്രിസ്ത്യാനികൾക്ക്, മാനസാന്തരം എന്നത് പുത്രനിലൂടെ പരിശുദ്ധാത്മാവിന് വിധേയപെട്ട് പിതാവിലേക്കുള്ള തിരിച്ചു പോക്കാണ്.** ആളുകൾ ദൈവവുമായുള്ള ബന്ധത്തിൽ എത്രയും കൂടുതലായി പുരോ

ഗമിക്കുമ്പോൾ -  അത് എല്ലായ്പ്പോഴും എല്ലാ രീതിയിലും ഒരു സൗജന്യ ദാനം ആണ് - അത്രയും കൂടുതൽ പാപത്തിൽ നിന്നും ആത്മീയ ഹ്രസ്വ ദൃഷ്ടിയിൽ നിന്നും തന്നോടു തന്നെ തോന്നുന്ന അമിതാവേശത്തിൽ നിന്നും (ഇതെല്ലാം സ്വയം ശൂന്യവൽക്കരിച്ചു കൊണ്ട് ദൈവത്തിൽ പ്രത്യാശയർപ്പിക്കുന്നതിൽനിന്നും  മറ്റു മനുഷ്യരോടുള്ള തുറവി ഉണ്ടാകുന്നതിൽ നിന്നും തടയുന്നതാണ്) മാനസാന്തരപ്പെടേണ്ടതിന്റെ ആവശ്യകത  രൂക്ഷമാക്കുന്നു.

എല്ലാ ധ്യാന വിദ്യകളും ഔദ്ധത്യത്തിൽ നിന്നും കാപട്യത്തിൽ നിന്നും മുക്തമാകേണ്ടതുണ്ട്. **ക്രിസ്ത്യൻ പ്രാർത്ഥന എന്നത് ആഴമുള്ള സ്വയം ധ്യാനത്തിലുള്ള അഭ്യാസമോ നിശ്ചലതയോ സ്വയം ശൂന്യവത്ക്കരിക്കല്ലോ അല്ല.  മറിച്ച് ഒരു സ്നേഹ സംഭാഷണമാണ്, മാനസാന്തരത്തിന്റെ മനോഭാവം അർത്ഥമാക്കുന്ന ഒന്നാണ്, അഹത്തിൽ നിന്ന്  ദൈവത്തിലേയ്ക്കുള്ള പ്രയാണം ആണ് ([61]).** അത് ദൈവേഷ്ടത്തിന് വർദ്ധമാനമായ രീതിയിൽ സമ്പൂർണ്ണ അടിയറവിലേക്ക് നയിക്കുന്നു. അവിടെ നമ്മളുടെ  സഹോദരന്മാരും  സഹോദരികളും ആയി ഒരു അഗാധമായ യഥാർത്ഥ ഐക്യദാർഢ്യത്തിലേക്ക് നമ്മൾ ക്ഷണിക്കപ്പെടുന്നു ([62]).

## 3.5 നമ്മുടെ ഉള്ളിലെ ദൈവവും ദിവ്യത്വം പ്രാപിക്കലും

ന്യൂ ഏജും ക്രിസ്തീയതയും തമ്മിൽ  വൈരുദ്ധ്യത്തിന്റെ പ്രധാനപ്പെട്ട ഒരു വസ്തുത ഇവിടെയാണുള്ളത്. ദിവ്യമായ അവസ്ഥ, "പുറമെയുള്ളത്" ("out there") അല്ലെങ്കിൽ യാഥാർത്ഥ്യത്തിന്റെ ബാക്കി ഭാഗത്തിൽ നിന്ന് വ്യത്യസ്തമായ ഏതെങ്കിലും യഥാർത്ഥ വഴികളിൽ ഇല്ല എന്ന ബോധ്യത്തോടെ ധാരാളം ന്യൂ ഏജ് സൃഷ്ടികൾ രചിയ്ക്കപ്പെട്ടിട്ടുണ്ട്. യുങ്ങിന്റെ കാലഘട്ടം മുതൽ "ഉള്ളിനുള്ളിലെ ദൈവത്തിലുള്ള "("the god within")  വിശ്വാസം ഉദ്ഘോഷിക്കുന്ന ആളുകളുടെ ഒരു നിര തന്നെ ഉണ്ടായിട്ടുണ്ട്. **ന്യൂ ഏജ് കാഴ്ചപ്പാട് അനുസരിച്ച് നമ്മുടെ പ്രശ്നം, നമ്മുടെ തന്നെ ദിവ്യത്വം അംഗീകരിക്കാൻ നമ്മുക്ക് കഴിയാത്തതാണ് എന്നതാണ്.** മാർഗ നിർദ്ദേശങ്ങളുടെ സഹായത്താലും നമ്മിൽ മറഞ്ഞിരിക്കുന്ന (ദിവ്യമായ) ശേഷിയെ വിമുക്തമാക്കുന്നതിന് വേണ്ടി മുഴുവനായുള്ള വ്യത്യസ്തമായ വിദ്യകളുടെ  ഉപയോഗം വഴിയും ഈ കഴിവില്ലായ്മയെ  തരണം ചെയ്യാൻ സാധിക്കുന്നതുമാണ്. അടിസ്ഥാനപരമായ ആശയം 'ദൈവം' നമ്മിൽ തന്നെ അഗാധമായി വസിക്കുന്നു എന്നതാണ്. നമ്മൾ ദൈവങ്ങൾ ആണ്; അധികാര രാഹിത്യത്തിന്റെ പുറം ചട്ടകളെ ഉരിഞ്ഞു കളഞ്ഞുകൊണ്ട് നമ്മുടെ ഉള്ളിലുള്ള അനന്തമായ ശക്തിയെ നാം കണ്ടെത്തുന്നു([63]). എത്രയും കൂടുതൽ ഈ ശേഷിയെ

അംഗീകരിക്കുന്നുവോ അത്രയും കൂടുതൽ അതിനെ പ്രാപിക്കുന്നു. ഈ അർത്ഥത്തിൽ ദിവ്യത്വം പ്രാപിക്കുന്നതിനെ കുറിച്ച് ന്യൂ ഏജിന് അതിന്റെ തന്നെ ആശയം (theosis) ഉണ്ട്. അല്ലെങ്കിൽ കൂടുതൽ കൃത്യമായി നാം ദിവ്യരാണ് എന്ന് അംഗീകരിക്കുന്നതിനും സ്വീകരിക്കുന്നതിനും അതിന് അതിന്റേതായ ആശയം ഉണ്ട്. കുറച്ചാളുകളാൽ നമ്മോടു പറയപ്പെട്ടതു പോലെ ദൈവത്തെക്കുറിച്ചുള്ള ധാരണ അന്ത : സ്ഥിതം ആകേണ്ടതുണ്ട് എന്നുള്ള ഒരു കാലഘട്ടത്തിൽ ആണ് നാം ജീവിക്കുന്നത് എന്ന് ചിലർ കരുതുന്നു. പുറത്തുള്ള സർവ്വശക്തനായ ദൈവത്തിൽ നിന്ന് ദൈവം അരൂപിയായി, ഉള്ളിൽ, എല്ലാ ഉൺമയുടേയും കേന്ദ്രഭാഗത്തിൽ ഉള്ള ക്രിയാത്മക ശക്തിയും ചലനാത്മകവുമായ ദൈവം എന്ന അന്ത : സ്ഥിതമായ ധാരണയയെ ആണ് ഇവിടെ ഉദ്ദേശിക്കുന്നത്([64]).

അഡ്‌വേഴ്സസ് ഹാരെസെസ് (Adverses Harasis) എന്ന 5-ാം പുസ്തകത്തിന്റെ ആ മുഖത്തിൽ വിശുദ്ധനായ ഇറേനിയസ് **"തന്റെ അതീന്ദ്രീയ സ്നേഹത്താൽ നമ്മൾ ആയിരിക്കുന്ന അവസ്ഥയിൽ ആയി തീർന്ന്, അവൻ എന്തായിരിക്കുന്നുവോ ആ അവസ്ഥയിലേക്ക് നമ്മെ കൊണ്ടുപോകുന്ന യേശുക്രിസ്തുവിനെ"** കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഇവിടെ ദിവിത്വം പ്രാപിക്കുന്നത്, **ദിവ്യത്വവത്ക്കരണത്തെ കുറിച്ചുള്ള ക്രിസ്ത്യൻ ധാരണ പ്രകാരം നമ്മുടെ തന്നെ പരിശ്രമത്തിൽ നിന്ന് മാത്രമല്ല എന്നും മറിച്ച് നമ്മിലും നമ്മിലുടെയുള്ള ദൈവത്തിന്റെ കൃപയുടെ സഹായം കൊണ്ടാണ് കടന്നു വരുന്നത് എന്നാണ്.** ഒഴിച്ചുകൂടാനാവാത്തവിധം ഇതിൽ അപൂർണ്ണതയെ കുറിച്ചും പാപവസ്ഥയെ കുറിച്ച് പോലും ഉള്ള ആദ്യഘട്ട അറിവ് അടങ്ങിയിരിക്കുന്നു. അതിൽ ഒരു കാരണവശാലും തന്നിൽ തന്നെയുള്ള സത്തയുടെ മഹത്വവത്കരണം കാണാനില്ല. അതിനേക്കാളേറെ, ഹൃദയത്തിന്റെ ഐക്യത്തിൽ ഉത്കർഷ സ്ഥാനത്തിന് ഉത്തമവിഷയമായ ത്രീത്വൈക ദൈവത്തിന്റെ ജീവിതത്തിന്റെ ആമുഖം ആയി ഇത് വെളിപ്പെടുത്തുന്നു; ഇത് സംയോജനത്തേക്കാളേറെ കൂട്ടു പ്രവർത്തനമാണ്. ഇതെല്ലാം കടന്നു വരുന്നത് വ്യക്തിപരമായ ആകസ്മിക സമാഗമത്തിന്റെ ഫലമാണ്. ഇത് ഒരു പുതിയ തരം ജീവിതത്തിലേക്കുള്ള വാഗ്ദാനം ആണ്. യേശുക്രിസ്തുവിലുള്ള ജീവിതം ബോധാവസ്ഥയുടെ അധികാര പരിധിയിക്കുള്ളിൽ പരിമിതപ്പെടുത്തിയ വ്യക്തിപരമായതും സ്വകാര്യമായതും ആയ ഒന്നല്ല. അത് വെറുതെ അറിവിന്റെ ഒരു പുതിയ തലവും അല്ല. സഭയുടെ കൗദാശിക ജീവിതത്തിൽ പങ്കാളികളായികൊണ്ട് നമ്മുടെ ശരീരത്തിലും ആത്മാവിലും രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുക എന്നതിൽ അടങ്ങിയിരിക്കുന്നതാണ്.

# അധ്യായം 4.
# ന്യൂ ഏജും ക്രിസ്ത്യൻ വിശ്വാസവും – വൈരുദ്ധ്യങ്ങൾ

ന്യൂ ഏജ് മതാത്മകതയുടെ വ്യത്യസ്തങ്ങളായ ഓരോ ഘടകങ്ങളും അവ നിഷ്കളങ്കമാണ് എന്ന് കാണപ്പെട്ടാലും, ന്യൂ ഏജ് പ്രവണതയുടെ മേൽ ഉള്ള മുഴുവൻ ചിന്താധാരയേയും വ്യാപിപിക്കാൻ രൂപം കൊടുത്ത ചട്ടക്കൂടിൽ നിന്ന് വേർതിരിക്കുക ദുഷ്കരം ആണ്. ഈ പ്രവണതയുടെ ജ്ഞാനവാദപരമായ സ്വഭാവം അതിനെ അതിന്റെ സമഗ്രതയിൽ വിലയിരുത്താൻ നമ്മെ ക്ഷണിക്കുന്നു. **ക്രിസ്ത്യൻ വിശ്വാസത്തിന്റെ കാഴ്ചപ്പാടിൽ മറ്റ് ഘടകങ്ങളെ നിരാകരിച്ചുകൊണ്ട് ന്യൂ ഏജ് മതാത്മകതയിലെ, കുറച്ച് ഘടകങ്ങളെ വേർ തിരിച്ച് അത് ക്രിസ്ത്യൻ വിശ്വാസത്തിന് സ്വീകാര്യമാക്കി തീർക്കുക അസാധ്യമാണ്.** ന്യൂ ഏജ് പ്രവണത, പ്രകൃതിയായും, ആഗോള നന്മയുടെ പ്രാപഞ്ചിക അറിവുമായിട്ടും വളരെയധികം ആശയവിനിമയം നടത്തി ക്രിസ്ത്യൻ വിശ്വാസത്തിന്റെ വെളിപ്പെടുത്തപ്പെട്ട സത്യങ്ങളെ നിരാകരിക്കുന്നു. അതുകൊണ്ട് ഇതിനെ ക്രിയാത്മകം എന്നോ നിഷ്കപടമായത് എന്നോ നോക്കി കാണാൻ സാധിക്കില്ല. **മത ആപേക്ഷികതയാൽ വിശേഷിപ്പിക്കപ്പെടുന്ന ഒരു സാംസ്കാരിക പശ്ചാത്തലത്തിൽ ന്യൂ ഏജ് മതാത്മകത ക്രിസ്ത്യൻ വിശ്വാസവുമായി ഒരേ നിലയിൽ വെയ്ക്കാൻ ശ്രമിക്കുന്നതിനെതിരേയും അടിസ്ഥാന വിശ്വാസവും മത വിശ്വാസ പ്രമാണങ്ങളും തമ്മിലുള്ള വിശ്വാസം അപേക്ഷികമാണ് എന്ന ചിന്തകൾ വഴി ജാഗ്രതയില്ലാത്തവർക്ക് വളരെയധികം ആശയകുഴപ്പവും ഉണ്ടാക്കുന്നതിനെതിരേയും മുന്നറിയിപ്പ് കൊടുക്കേണ്ടത് ആവശ്യമാണ്.** ഇത് സംബന്ധിച്ചു വി. പൗലോസിന്റെ ഉപദേശം ഓർമ്മിക്കുന്നത് വളരെ ഉപകാരപ്രദമാണ്. "വ്യാജ പ്രബോധനങ്ങൾ നൽകുകയോ ഐതിഹ്യങ്ങളിലും അവസാനമില്ലാത്ത വംശാവലികളിലും ശ്രദ്ധ ചെലുത്തുകയോ ചെയ്യാതിരിക്കാൻ ചിലരെ ശാസിക്കുന്നതിനുവേണ്ടിയാണ് അത്. ഇക്കാര്യങ്ങൾ വിശ്വാസത്തിൽ ദൈവത്തിന്റെ കാര്യവിചാരിപ്പ് നിർവഹിക്കുന്നതിന് പകരം സംശയങ്ങൾ ജനിപ്പിക്കുന്നതിനേ ഉപകരിക്കുകയുള്ളൂ(1 തിമോ1:3-4). ചില അനുഷ്ഠാനങ്ങൾ, തെറ്റായി ന്യൂ ഏജ് ആയി മുദ്രയടിക്കുന്നത് അവയെ നന്നായി വിൽക്കപ്പെടാനുള്ള ഒരു വിപണന തന്ത്രമായിട്ടാണ്. എന്നാൽ

അവ ന്യൂ ഏജിന്റെ ലോകകാഴ്ചപ്പാടുകളുമായി ശരിക്ക് ഒരുമിച്ച് ചേർക്കപ്പെടുന്നില്ല. ഇത് ആശയകുഴപ്പം വർദ്ധിപ്പിക്കുന്നേയുള്ളൂ. ഇങ്ങനെയായതുകൊണ്ട് ക്രിസ്തുവിനോടും സഭയോടും വിശ്വസ്തത പാലിക്കുന്നവർക്ക് സ്വീകരിക്കാൻ സാധിക്കാത്ത ഘടകങ്ങളെ കൃത്യതയോടെ തിരിച്ചറിയിക്കേണ്ടത് ആവശ്യമാണ്.

ന്യൂ ഏജ് വിവക്ഷിക്കുന്നത് താഴെ പറയുന്ന ആശയങ്ങളാണ്:-

- ദൈവം
- മനുഷ്യനും ലോകവും
- ക്രിസ്ത്യാനികൾ മതപരമായ കാര്യങ്ങളിൽ ആശയ വിനിമയം നടത്തിയേക്കാവുന്ന ആളുകൾ
- ധ്യാന ഗ്രൂപ്പുകൾക്കും ചികിത്സാ രീതികൾക്കും അതുപോലെയുള്ളതിനും വേണ്ടിയുള്ള പ്രചരണ വസ്തുക്കൾ
- മതത്തെക്കുറിച്ചുള്ള തുറന്ന പ്രസ്താവനകൾ അങ്ങനെ തുടരുന്ന കാര്യങ്ങളെക്കുറിച്ച് പ്രചാരത്തിലിരിക്കുന്ന ആശയങ്ങളെയാണ് ന്യൂ ഏജ് വിവക്ഷിക്കുന്നത്.

**താഴെ കൊടുക്കുന്ന ചോദ്യങ്ങൾ, ക്രിസ്ത്യൻ വീക്ഷണകോണിൽ, ന്യൂ ഏജ് ചിന്താഗതിയുടെയും അനുഷ്ഠാനങ്ങളുടെയും കേന്ദ്ര ഘടകങ്ങളിൽ ചിലതിനെ വിലയിരുത്താൻ സുപ്രധാനമായേക്കാം.** ഇതിലെ ചില ചോദ്യങ്ങൾ ആളുകളേയും ന്യൂ ഏജിനാൽ കൂടുതൽ വെളിപ്പെടുത്തുന്ന, നാമകരണം ചെയ്യാത്ത അല്ലെങ്കിൽ ന്യൂ ഏജ് സാഹചര്യത്തോടുള്ള അംഗീകരിക്കാത്ത ബന്ധങ്ങളെക്കുറിച്ച്, തുറന്ന് നാമകരണം ചെയ്യാത്ത ആശയങ്ങളേയും ബാധിക്കുന്നതാണ്.(*Some of these questions applied to people and ideas not explicitly labelled New Age would reveal further unnamed or unacknowledged links with the whole New Age atmosphere* ***-JCWBL)***

### ചോദ്യം 1. ദൈവം എന്നു പറയുന്നത് ഒരു ബന്ധം ഉണ്ടാക്കാവുന്ന വ്യക്തിയോ, നമ്മുക്ക് ഉപയോഗിക്കാവുന്ന വസ്തുവോ, പ്രയോജനപ്പെടുത്തേണ്ട ശക്തിയോ ആണോ ?

ന്യൂ ഏജിന്റെ ദൈവത്തെക്കുറിച്ചുള്ള ധാരണ ഏതാണ്ട് അവ്യക്തമാണ്, എന്നാൽ ദൈവത്തെക്കുറിച്ചുള്ള ക്രിസ്ത്യൻ ധാരണ വളരെ വ്യക്തതയാർന്നതാണ്. ന്യൂ ഏജ് ദൈവം, പ്രത്യേക വ്യക്തിയെ സൂചിപ്പിക്കാത്ത ഊർജ്ജം ആണ്; യഥാർത്ഥത്തിൽ ക്രമബന്ധിത ലോകത്തിന്റെ

ഒരു പ്രത്യേക അനുബന്ധമോ അല്ലെങ്കിൽ ഒരു ഘടകമോ ആണ്; ദൈവം എന്നത് ഒരു ജീവശക്തിയാണ് അല്ലെങ്കിൽ ലോകത്തിന്റെ ആത്മാവാണ്. ദിവ്യത്വം എല്ലാത്തിലും പടിപടിയായി കണ്ടെത്തേണ്ടതുണ്ട്. "ധാതു ലോകത്തിന്റെ ഏറ്റവും താഴ്ന്ന പരലുകൾ തൊട്ട് ദൈവം എന്നു കണക്കാക്കപ്പെടുന്നതും നമുക്ക് ഒന്നും തന്നെ പറയാൻ സാധിക്കാത്തതുമായ ആകാശഗംഗവരെയും അതിനപ്പുറവും ഉള്ളതിൽ ദിവ്യത്വം പടിപടിയായി കണ്ടെത്തേണ്ടതുണ്ട്. ഇത് ഒരു മനുഷ്യനല്ല എന്നാൽ ഒരു മഹാബോധരൂപമാണ്"([65]). പരമ്പരാഗത ശൈലിയിലുള്ള ചില ന്യൂ ഏജ് കൃതികളിൽ, മനുഷ്യവർഗ്ഗം അവരെതന്നെ ദൈവങ്ങൾ ആയി കണക്കാക്കപ്പെടുന്ന രീതിയിൽ അർത്ഥമാക്കുന്നുണ്ട്; ചില ആളുകളിൽ മറ്റുള്ളവരെ അപേക്ഷിച്ച് ഇത് കൂടുതൽ മുഴുവൻ വളർച്ച പ്രാപിച്ചിട്ടുണ്ട്. ദൈവം എന്നത് ഈ ലോകത്തിന്റെ അപ്പുറത്ത് നിന്ന് ഇനി മുതൽ തേടേണ്ട ഒന്നല്ല. എന്നാൽ എന്നിൽ തന്നെ ആഴമായി ഉള്ളതാണ്([66]). 'ദൈവം' എന്റെ പുറത്തുള്ള എന്തോ ആണെങ്കിൽപോലും ഉപായങ്ങളാൽ തരപെടുത്തേണ്ട ഒന്നാണ് ആ ദൈവം എന്നാണ് ന്യൂ ഏജ് വിവക്ഷിക്കുന്നത്.

***എല്ലാ ജീവന്റെ സ്രോതസ്സും ആകാശത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവും ആയി ദൈവത്തെ കുറിച്ചുള്ള ക്രിസ്ത്യൻ ധാരണയിൽ നിന്ന് ഇത് വളരെ വ്യത്യസ്തമാണ്.*** *ദൈവം തന്നിൽ തന്നെ വ്യക്തിയാണ്, സൃഷ്ട വസ്തുക്കളുമായി ദൈവം തന്റെ ജീവൻ പങ്കുവെയ്ക്കുന്നതിനുവേണ്ടി പ്രപഞ്ചത്തെ സൃഷ്ടിച്ച വ്യക്തിയായ ദൈവം പിതാവും പുത്രനും പരിശുദ്ധാത്മാവുമാണ്. "അപ്രാപ്യമായ പ്രകാശത്തിൽ വസിക്കുന്നവനായ ദൈവം" തന്റെ ദൈവിക ജീവൻ, സ്വതന്ത്രമായി താൻ സൃഷ്ടിച്ച മനുഷ്യർക്ക്, തന്റെ ഏകജാതനായ യേശു ക്രിസ്തുവിലൂടെ അവരെ മക്കളായി ദത്തെടുക്കുന്നതിനുവേണ്ടി, പകർന്നുകൊടുക്കാൻ ആഗ്രഹിക്കുന്നു. തന്നെതന്നെ വെളിപ്പെടുത്തികൊണ്ട്, അവരെ തന്റെ നേരേ പ്രത്യുത്തരിക്കുന്നവരും തന്നെ അറിയുന്നവരും അവരുടെ സ്വഭാവിക കഴിവിനപ്പുറത്ത് നിന്ന് തന്നെ സ്നേഹിക്കാനും അവരെ പ്രാപ്തരാക്കാൻ ദൈവം ആഗ്രഹിക്കുന്നു" ([67]). ദൈവം എന്നത് " ആത്മൻ" എന്നോ പ്രപഞ്ചത്തിലെ "മൗലിക ഊർജ്ജം" എന്നോ ആയ രീതിയിലുള്ള ജീവതത്വം ആയി കണക്കാക്കപ്പെടുന്നില്ല. മറിച്ച് ലോകത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു സ്നേഹമാണ്. എങ്കിലും അത് എല്ലാത്തിലും ക്രിയാത്മകമായി വസിക്കുന്നു എന്നും മനുഷ്യവർഗ്ഗത്തെ ആത്മരക്ഷയിലേക്ക് നയിക്കുന്നതുമാണ്.*

## ചോദ്യം 2.യേശു ക്രിസ്തു ഒരാൾ മാത്രമാണോ അതോ അനേകായിരം ക്രിസ്തുമാരുണ്ടോ?

ന്യൂ ഏജ് പ്രബോധനങ്ങളിൽ യേശു ക്രിസ്തുവിനെ പലപ്പോഴും അനേകം നല്ല ആളുകളിൽ ഒരാൾ അല്ലെങ്കിൽ ഗുരുക്കന്മാർ, അല്ലെങ്കിൽ അവതാരങ്ങളിൽ ഒരാൾ ആയി അവതരിപ്പിക്കപ്പെടുന്നു. **എന്നാൽ ക്രിസ്ത്യൻ പാരമ്പര്യത്തിൽ യേശു ക്രിസ്തു ദൈവത്തിന്റെ പുത്രനാണ്.** ന്യൂ ഏജ് സമീപനങ്ങളിൽ പൊതുവായിട്ടുള്ള കുറച്ച് ആശയങ്ങൾ ഇപ്രകാരമാണ്:-

- **വ്യക്തിയായതും ചരിത്രപുരുഷനുമായ യേശു അനശ്വരവും വ്യക്തിയല്ലാത്തതുമായ പ്രാപഞ്ചിക ക്രിസ്തുവിൽ നിന്ന് വ്യത്യസ്തനാണ്**
- **ക്രിസ്തു, യേശുവിൽ മാത്രമാണെന്ന് കണക്കാക്കപ്പെടുന്നില്ല**
- **യേശുവിന്റെ കുരിശിലെ മരണം നിരാകരിക്കുകയോ അല്ലെങ്കിൽ അവൻ ക്രിസ്തുവായി സഹിച്ചു എന്ന ആശയത്തെ ഒഴിവാക്കികൊണ്ട് പുനർവ്യാഖ്യാനം നല്കപ്പെടുന്നു**
- **ബൈബിളിന് പുറമെയുള്ള രേഖകൾ (ആധുനിക ജ്ഞാനവാദ സുവിശേഷങ്ങളുടെതുപോലുള്ളവ) അവ കാനോന തിരുവചനങ്ങളിൽ പെടുന്നില്ലെങ്കിലും യേശുവിന്റെ ജീവിതത്തെ കുറിച്ചുള്ള സ്വഭാവത്തെ അറിയിക്കുന്ന ആധികാരിക ഉറവിടങ്ങളായി ന്യൂ ഏജിൽ കണക്കാക്കപ്പെടുന്നു. സ്ഥാപനങ്ങളും ആത്മീയ വഴികാട്ടികളും ഉയ ർന്ന തട്ടിലേക്ക് പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഗുരുക്കന്മാരും ആകാശ ക്രോണിക്കൽസ് (*Akasha chronicles*) വഴി പോലും,'ന്യൂഏജ് ക്രിസ്തുശാസത്രം' ക്രിസ്തുവിനെ കുറിച്ചുള്ള വെളിപാടുകൾക്ക് 'അടിസ്ഥാനമാക്കുന്നുണ്ട്**
- **ഔപചാരിക ക്രിസ്തുമതം, അത് അതിന്റെ നിഗൂഢ ശാസ്ത്രപരമായ ഉൾക്കാമ്പിലേക്കുള്ള പ്രവേശനത്തെ നിരോധിക്കുന്നതിനാൽ, അതിന്റെ അർത്ഥവ്യാപ്തിയ്ക്ക് വേണ്ടി ബൈബിളിലെ പുസ്തകളിലേക്ക് ന്യൂ ഏജ് ഒരു തരത്തിലുള്ള നിഗൂഢ തത്വശാസ്ത്രപരമായ വ്യാഖ്യാനം പ്രയോഗിക്കുന്നുണ്ട്[68].**

***ക്രിസ്ത്യൻ പാരമ്പര്യത്തിൽ യേശു ക്രിസ്തു, സുവിശേഷങ്ങളിൽ പ്രതിപാദിക്കുന്ന നസറത്തിലെ യേശുവും പരിശുദ്ധ കന്യാകാമറിയത്തിന്റെ മകനും ദൈവത്തിന്റെ ഏകജാതനും സത്യമായ മനുഷ്യനും സത്യമായ ദൈവവും, ദിവ്യമായ സത്യത്തിന്റെ പൂർണ്ണ വെളിപ്പെടുത്തലും ലോകത്തിന്റെ ഏക രക്ഷകനുമാണ്: "നമ്മുടെ രക്ഷയ്ക്കുവേണ്ടി അവൻ പന്തിയോസ് പിലാത്തോസിന്റെ കാലത്ത് കുരി***

***ശിൽ മരിച്ചു; അവൻ പാടുപീഢകൾ സഹിക്കുകയും മരിക്കുകയും അടക്കപ്പെടുകയും ചെയ്തു. തീരുവെഴുത്തുകളുടെ പൂർത്തികരണത്തിനായ് അവൻ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു; അവൻ സ്വർഗ്ഗത്തിലേക്ക് എഴുന്നുള്ളി പിതാവിന്റെ വലത്ത് ഭാഗത്ത് ഇരിക്കുകയും ചെയ്യുന്നു" (69).***

**ചോദ്യം 3. മനുഷ്യൻ : സർവ പ്രപഞ്ചവ്യാപിയായ ഒരു വ്യക്തിയോ അതോ അനേകം വ്യക്തികളോ?**

***ന്യൂ ഏജ് വിദ്യകളിലെ വിഷയം മിസ്റ്റിക്കൽ അനുഭാവസ്ഥകളെ ഒരു പരീക്ഷണശാലയിലെ വസ്തുക്കളെന്നപോലെ സ്വന്തം ഇച്ഛയനുസരിച്ച് പുനരവതരിപ്പിക്കുന്നു.*** താഴെ പറയുന്ന കാര്യങ്ങളിലാണ് ആ മിസ്റ്റിക്കൽ അനുഭവാവസ്ഥകളെ ഇഷ്ടമനുസരിച്ച് നിയന്ത്രിക്കാനും ആ അവസ്ഥകൾ തുടർന്നും അനുഭവിക്കാനുള്ള ന്യൂ ഏജിന്റെ പരിശ്രമങ്ങളായി കണക്കാക്കപ്പെടുന്നത് :-

- പുനർജന്മം (rebirth)
- ജൈവ സംവേദനം (Biofeed back)
- ഇന്ദ്രിയ ബാഹ്യ അനുഭവം (Sensory Isolation)
- പ്രത്യേക രീതിയിലുള്ള ശ്വസനനിയന്ത്രണം (holotropic breathing)
- മോഹനിന്ദ്ര (hypnosis)
- മന്ത്രങ്ങൾ (mantras)
- ഉപവാസം (fasting)
- നിദ്രാരാഹിത്യം (Sleep deprivation)
- അതീന്ദ്രിയ ധ്യാനം (transcendental meditation) എന്നിവയാണ് അവ **(70).**

ഈ അനുഷ്ഠാനങ്ങളെല്ലാം മാനസിക ദൗർബല്യത്തിന്റെ (മാനസികമായി കീഴടക്കപ്പെടാനുള്ള സാധ്യതയും) സാഹചര്യവും സൃഷ്ടിക്കുന്നു. ഈ അഭ്യാസത്തിന്റെ ലക്ഷ്യം നമ്മൾ നമ്മുടെ അഹത്തെ വീണ്ടും കണ്ടെത്തണം എന്ന ലക്ഷ്യമായിരിക്കെ, 'ഞാൻ' ആരാകുന്നു എന്ന ശരിക്കുള്ള ചോദ്യം അവിടെ ഉയർന്നു വരുന്നു. "നമ്മളുടെ ഉള്ളിലെ ദൈവവും" ആകമാനമായ പ്രപഞ്ചവുമായുള്ള ഹോളിസ്റ്റിക് ഏകത്വം ഈ ചോദ്യത്തിന് അടിവരയിടുന്നു. ഒറ്റപ്പെട്ടുപോയ വ്യക്തിത്വങ്ങൾ ന്യൂ ഏജിന്റെ ഭാഷയിൽ രോഗലക്ഷണമാകപ്പെടും (പ്രത്യേകിച്ച് ഇതര വ്യക്തിത്വ മനശാസ്ത്രത്തിൽ). "എന്നാൽ ശരിക്കുള്ള അപകടം ഹോളിസ്റ്റിക്ക് നിദർശനം ആണ് (holistic paradigm). **ന്യൂ ഏജ് ചിന്തകൾ സമഗ്രാധിപത്യത്തിലൂന്നിയ ഏകതയിൽ അടിസ്ഥാനമിട്ടിരിക്കുന്നതിനാലാണ് ഇത് അപകടമാകാൻ കാരണം....."(71).** കുറച്ച്കൂടി ലഘൂകരിച്ച് പറഞ്ഞാൽ നമ്മൾ നമ്മുടെ 'നിയന്ത്രണം ഏറ്റെടു

ക്കുമ്പോഴും' നമ്മുടെ ആഗാധമായ ആവശ്യങ്ങളിൽ നിന്ന് നമ്മുടെ തിരഞ്ഞെടുപ്പും പ്രതികരണങ്ങളും സ്വാഭാവികമായി ഒഴുകുമ്പോഴും നമ്മുടെ സ്വഭാവവും വികാര പ്രകടനങ്ങളും നമ്മുടെ ആകമാന വ്യക്തിത്വത്തെ പ്രതിഫലിക്കുമ്പോഴും നമ്മൾ ആധികാരികത നേടുന്നു" ([72]). മനുഷ്യൻ ദിവ്യമാണെന്നും അല്ലെങ്കിൽ അവനിൽ തന്നെ ദിവ്യമായ സ്ഫുലിംഗം ഉണ്ട് എന്ന ബോധ്യത്തിന്റെ ഏറ്റവും വ്യക്തമായ ഉദാഹരണം ആണ് ഹ്യൂമൺ പൊട്ടൻഷ്യൽ മൂവ് മെന്റ് (Human Potential Movement)

*ക്രിസ്ത്യൻ സമീപനം മനുഷ്യസ്വഭാവത്തെ കുറിച്ചുള്ള വചനാധിഷ്ഠിത പഠനത്തിൽ നിന്ന് വരുന്നതാണ്. സ്ത്രീയും പുരുഷനും ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും ആണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. (ഉൽ1:27) സങ്കീർത്തകൻ ആശ്ചര്യപ്പെട്ടു ആശ്വസിക്കുന്നതുപോലെ ദൈവം അവരെ കുറിച്ച് വളരെ കരുതലുള്ളവനാണ് ( cfസങ്കീ.8).യേശുക്രിസ്തുവിൽ മാത്രം പൂർണ്ണമായി വെളിപ്പെട്ട ഒരു രഹസ്യം ആണ് മനുഷ്യൻ ( cf GS 22), മാത്രമല്ല യഥാർത്ഥത്തിൽ ആധികാരികമായും ശരിയായും മനുഷ്യത്വം ആർജിക്കുന്നത് ആത്മാവിന്റെ ദാനത്തിലൂടെ യേശുക്രിസ്തുവുമായുള്ള ബന്ധത്തിൽ ആണ് ([73]). വളരെയധികം ന്യൂ ഏജിന്റെ വക്താക്കളും പരിശീലകരും നിരാകരിച്ചിട്ടുള്ളതും ക്രിസ്തീയ തയുടെ അടിസ്ഥാനമായ 'മനുഷ്യ കേന്ദ്രീകൃതം' (anthropocentrism) എന്നതിന്റെ പരിഹാസ രൂപത്തിൽ നിന്ന് ഇത് വളരെ വിദൂരത്താണ്.*

## ചോദ്യം 4. നമ്മുക്ക് നമ്മളെ തന്നെ രക്ഷിക്കാനാകുമോ അല്ലെങ്കിൽ രക്ഷ എന്നത് ദൈവത്തിൽ നിന്നുള്ള സൗജന്യദാനമാണോ?

**പ്രധാനപ്പെട്ട കാര്യം, നാം രക്ഷിക്കപ്പെടുന്നത് ഏതിനാലാണ് അല്ലെങ്കിൽ ആരുമൂലമാണ് എന്നുള്ള വിശ്വാസത്തെ കണ്ടെത്തുക എന്നുള്ളതാണ്. ന്യൂ ഏജിന്റെ വിശദീകരണങ്ങളിൽ പലപ്പോഴും ഉന്നയിക്കാറുള്ളതുപോലെ നമ്മൾ രക്ഷിക്കപ്പെടുന്നത് നമ്മുടെ തന്നെ പ്രവൃത്തികൾ മൂലമാണോ അല്ലെങ്കിൽ ദൈവ സ്നേഹത്താലാണോ നമ്മൾ രക്ഷിക്കപ്പെടുന്നത്?** ശ്രദ്ധയർഹിക്കുന്ന വാക്കുകൾ സ്വയം സമ്പൂർണ്ണത (*self - fullfilment*), സ്വയം സാക്ഷാത്ക്കാരം (*self - realisation*), സ്വയം രക്ഷ(*self- redemption*) എന്നിവയാണ്. മനുഷ്യസ്വഭാവത്തെ കുറിച്ച് മനസിലാക്കുന്നതിൽ ന്യൂ ഏജ് പ്രധാനമായിട്ടും പെലെഗിയൻ (*Pelagian*) ചിന്തകളിലാണ് ([74]) (പെലെഗിനിയിസം - ഉത്ഭവ പാപം മനുഷ്യ പ്രകൃതിയെ മലിനമാക്കിയില്ല എന്നും ദൈവീകമായ ഇടപെടൽ കൂടാതെ മനുഷ്യന് ഇന്നും നന്മയും തിന്മയും തെരഞ്ഞെടുക്കാൻ കഴിവുള്ളവനാണ് എന്നുള്ള തെറ്റായവാദം)

*ക്രിസ്ത്യാനികൾക്ക് രക്ഷ എന്നത് ക്രിസ്തുവിന്റെ മരണത്തിലും ഉത്ഥാനത്തിലും തീവ്രാഗ്രഹത്തൊലുള്ള പങ്കാളിത്തത്തേയും ഏതെങ്കിലും വിദ്യയേക്കാളേറെ ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തേയും ആണ് ആശ്രയിച്ചിരിക്കുന്നത്. ഉൽഭവ പാപത്താലും കർമ്മപാപത്താലും ബന്ധിക്കപ്പെട്ട മനുഷ്യ പ്രകൃതിയെ ദൈവത്തിന്റെ പ്രവൃത്തിമൂലം മാത്രമാണ് ശരിയാക്കാൻ സാധിക്കുകയുള്ളൂ; പാപം എന്നത് ദൈവത്തിന് എതിരെയുള്ള കുറ്റകൃത്യം ആണ്; ദൈവത്തിന് മാത്രമെ നമ്മളുമായി അവനെതന്നെ അനുരജ്ഞനപ്പെടുത്താൻ സാധിക്കുകയുള്ളൂ. രക്ഷാകര പദ്ധതിയിൽ മനുഷ്യർ, ദൈവവും മനുഷ്യനുമായ, രക്ഷയുടെ ഏക മദ്ധ്യസ്ഥനുമായ യേശുക്രിസ്തുവിനാലാണ് രക്ഷിക്കപ്പെട്ടത്. ക്രിസ്തീയതയിൽ രക്ഷ എന്നത് തന്നിലൂടെ തന്നെ അനുഭവിക്കാവുന്ന ഒന്നല്ല, ഒരുവനിൽ തന്നെയുള്ള ധ്യാനാത്മകവും 'ജ്ഞാനോദയപരവുമായി' അധിവസിക്കുന്നതും അല്ല, മറിച്ച് എല്ലാറ്റിനും ഉപരിയായി അത് പാപക്ഷമയാണ് (forgiveness of sin). അതുവഴി ഒരുവൻ തന്നിൽ നിന്ന് അഗാധമായ പരസ്പര വിരുദ്ധമായ ആശയങ്ങൾക്കുപരിയായി ഉയർത്തപ്പെടുന്നതും സ്നേഹമസൃണനായ ദൈവവുമായുള്ള സംലയനത്തിലൂടെ ദാനമായി ലഭിക്കുന്ന പ്രശാന്ത സ്വഭാവത്തിലേക്ക് നയിക്കപെടുന്നതുമാണ്. രക്ഷയിലേക്കുള്ള വഴി സ്വയം പ്രേരിതമായ ബോധാവസ്ഥയുടെ പരിവർത്തന പ്രക്രിയയിൽ ലളിതമായി കാണപ്പെടുന്നില്ല; മറിച്ച്, പാപത്തിൽ നിന്നുള്ള മോചനവും തത്ഫലമായി ഒരുവനിലും അവന്റെ സമൂഹത്തിലും ഉള്ള പാപത്തിന് എതിരേയുള്ള പോരാട്ടത്തിലേക്ക് നമ്മളെതന്നെ നയിക്കുന്നതുമാണ്. ഇത് ആവശ്യങ്ങളിൽ ഞെരുങ്ങുന്ന നമ്മുടെ അയൽക്കാനുമായുള്ള സ്നേഹം ഉള്ള, ഐക്യദാർഢ്യത്തിലേക്ക് അവശ്യമായി നമ്മളെ നയിക്കുന്നു.* *(The way to salvation is not found simply in a self- induced transformation of consciousness, but in a liberation from sin and its consequences which then leads us to struggle against sin in ourselves and in the society arround us. It necessarily moves us toward loving solidarity with our neighbour in need-**JCBWL**).*

### ചോദ്യം 5. സത്യത്തെ നാം സൃഷ്ടിക്കുകയാണോ അതോ നമ്മൾ സത്യത്തെ സ്വീകരിക്കുകയാണോ?

ന്യൂ ഏജിൽ സത്യം എന്നത് പൊതുവായുള്ള സന്തോഷകരമായ അനുഭവങ്ങളിൽ ഉള്ള നല്ല സ്പന്ദനങ്ങളേയും പ്രാപഞ്ചിക ശക്തികളുമായുള്ള കൊടുക്കൽ വാങ്ങലുകളേയും യോജിപ്പിനേയും നിവൃതിയേയും സംബന്ധിച്ചുള്ളതാണ്. അവനവന് തന്നെ സുഖം തോന്നുന്ന അവസ്ഥ

യനുസരിച്ച് അവനവന്റെ തന്നെ സത്യത്തെ കണ്ടെത്തുന്ന കാര്യമാണ് അത്. **മതത്തേയും ധാർമ്മിക വിഷയങ്ങളേയും പ്രത്യക്ഷത്തിൽ വിലയിരുത്തികൊണ്ടിരിക്കുന്നത് ഒരുവന്റെ തന്നെ തോന്നലുകൾക്കും അനുഭവങ്ങൾക്കും ആപേക്ഷികമായാണ്.**

*ക്രിസ്തീയ പഠനങ്ങളിൽ യേശു ക്രിസ്തു വഴിയും സത്യവും ജീവനും (jn 14:6) ആയി അവതരിപ്പിക്കപ്പെടുന്നു. അവന്റെ അനുയായികളെ, അവരുടെ മുഴുവൻ ജീവിതങ്ങളേയും അവനിലേക്കും അവന്റെ മൂല്യങ്ങളിലേക്കും മറ്റു വാക്കുകളിൽ പറഞ്ഞാൽ എല്ലാവർക്കും അത്യന്തികമായി അറിയാവുന്ന വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിന്റെ ഭാഗം ആയ വസ്തുനിഷ്ഠമായ ഒരു കൂട്ടം ആവശ്യകതകളിലേക്കും തുറക്കാൻ ആവശ്യപ്പെടുന്നു.*

## ചോദ്യം 6. പ്രാർത്ഥനയും ധ്യാനവും : നമ്മോടു തന്നെയാണോ സംസാരിക്കുന്നത് അതോ ദൈവത്തോടാണോ?

ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വളരെയധികം ധ്യാന വിദ്യകൾ പ്രാർത്ഥനയല്ല എന്ന് സമർത്ഥിക്കപ്പെടാതിരിക്കാൻ, മനഃശാസ്ത്രവും ആത്മീയതയും തമ്മിലുള്ള കൂട്ടികുഴയ്ക്കുന്ന പ്രവണത ബുദ്ധിമുട്ടുന്നുണ്ട്. അവ പലപ്പോഴും പ്രാർത്ഥനയ്ക്കു വേണ്ടിയുള്ള തയ്യാറെടുപ്പുകൾ ആണ്, എന്നാൽ കൂടുതൽ സന്തോഷപ്രദമായ മാനസികാവസ്ഥയിലേക്കും ശാരീരിക സൗഖ്യത്തിലേക്കും അവ നയിക്കുന്നു എങ്കിൽ പോലും അവ തയ്യാറെടുപ്പിനെക്കാൾ കൂടുതലായിട്ടൊന്നും നല്കുന്നവയല്ല. കിട്ടുന്ന അനുഭവങ്ങൾ ശരിക്കും തീവ്രമാണ് എന്നാൽ, ഈ തലത്തിൽ നിലനിൽക്കുവാൻ മറ്റുള്ളവരുടെ സാന്നിധ്യത്തിൽ ആകാതെ ഒറ്റപ്പെട്ട സ്ഥിതിയിലായിരിക്കേണ്ടതുണ്ട്. വേണ്ടപ്പെട്ടവരെ ധ്യാനിക്കുമ്പോൾ ഉള്ള നിശ്ശബ്ദതയേക്കാളേറെ ഈ ഒറ്റപെട്ട അവസ്ഥയിൽ പ്രാപിക്കുന്ന നിശ്ശബ്ദത, ശൂന്യതയെ അഭിമുഖികരിക്കുന്നതിന് പ്രാപ്തരാകുന്നു. ഒരുവനെ ആത്മാവിന്റെ അഗാധതയിലേക്ക് കടന്നുചെല്ലാനുള്ള വിദ്യകൾ അത്യന്തികമായി ദിവ്യത്വത്തിലേക്ക് എത്തി ചേരാനുള്ള അവന്റെ തന്നെ കഴിവിനോടുള്ള അല്ലെങ്കിൽ ആത്മാർത്ഥമായ അപേക്ഷയാണ് എന്നതും ശരിയാണ്. എന്നിരുന്നാലും മനുഷ്യ ഹൃദയത്തിന് വേണ്ടിയുള്ള ദൈവത്തിന്റെ അന്വേഷണത്തെ അവ മറക്കുന്നുവെങ്കിൽ അതൊന്നും ഒരിക്കലും ക്രിസ്ത്യൻ പ്രാർത്ഥന അല്ല. (*It is also true that techniques for going deeper into one's own soul are ultimately an appeal to one's own ability to reach the divine, or even to become divine:if they forget God's search for the human heart they are still not Christian prayer* -**JCBWL**). പ്രാപ

ഞ്ചിക ഊർജ്ജമായി ബന്ധമുള്ളതായി കാണപ്പെടുമ്പോൾ "ദൈവത്തിന്റെ ജോലി നമ്മുടെ എല്ലാ ആവശ്യങ്ങളും നിവൃത്തിക്കുക എന്നതായി കണക്കാക്കപ്പെടുന്ന, ദൈവവുമായുള്ള അത്തരം എളുപ്പമുള്ള 'ബന്ധങ്ങൾ' ന്യൂ ഏജിന്റെ ഹൃദയഭാഗത്തുള്ള സ്വാർത്ഥതയെയാണ് കാണിക്കുന്നത്" ([75]).

*ന്യൂ ഏജിന്റെ പരിശീലനങ്ങൾ യഥാർത്ഥ പ്രാർത്ഥനയല്ല, പൊതുവെ അവ സ്വദേഹ പ്രേമം അല്ലെങ്കിൽ പ്രാപഞ്ചിക ഊർജ്ജവുമായുള്ള സംയോജനത്തിന്റെ വിഷയമാണ്. അത് ആത്മശോധനയും എന്നാൽ അവശ്യമായി ദൈവവുമായുള്ള കണ്ടുമുട്ടലും അടങ്ങിയ രണ്ട് അവസ്ഥകൾ ഉള്ള ക്രിസ്ത്യൻ പ്രാർത്ഥനയ്ക്ക് വിപരീതമാണ്. ക്രിസ്ത്യൻ മിസ്റ്റിസിസം വെറും മാനുഷിക പരിശ്രമങ്ങളിൽ നിന്ന് മാറി മാനസാന്തരത്തിന്റെ മനോഭാവവും 'തന്നിൽ' നിന്ന് ദൈവത്തിന്റെ ദൈവത്വത്തിലേക്കുള്ള ഒരു പ്രയാണത്തേയും അർത്ഥമാക്കുന്ന അവശ്യം ആയ ഒരു സംവാദം ആണ്* ([76]). *(Far from being a merely human effort, Christian mysticism is essentially a dialogue which "implies an attitude of conversion, a flight from 'self ' to the 'you' of God"* ***JCBWL).***
*"ക്രിസ്ത്യാനി, അവൻ ഒറ്റയിക്കിരുന്ന് രഹസ്യത്തിൽ പ്രാർത്ഥിക്കുമ്പോൾ പോലും യേശു ക്രിസ്തുവിനോട് ഐക്യപ്പെട്ട് പരിശുദ്ധാത്മാവിൽ എല്ലാ വിശുദ്ധരോടും ഒന്നിച്ച് എപ്പോഴും സഭയുടെ നന്മയ്ക്ക് വേണ്ടി പ്രാർത്ഥിക്കുകയാണ് എന്ന് അവന് അവബോധമുണ്ട്"([77]).*

## ചോദ്യം 7. പാപത്തെ നിഷേധിക്കാൻ നാം പ്രലോഭിതരാണോ അതോ പാപം എന്നൊന്നുണ്ടെന്ന് നാം അംഗീകരിക്കുന്നുണ്ടോ?

***ന്യൂ ഏജിൽ പാപത്തെ കുറിച്ചുള്ള ഒരു യഥാർത്ഥമായ ആശയം ഇല്ല, മറിച്ച് അപൂർണ്ണമായ അറിവ് എന്ന ഒന്നാണ് ഉള്ളത്. പ്രത്യേക മാനസിക ശാരീരിക വിദ്യകളിലൂടെ പ്രാപിച്ചെടുക്കാവുന്ന ബോധോദയത്തിന്റെ ആവശ്യകതയേയുള്ളൂ എന്ന ചിന്തയാണ് ന്യൂ ഏജിന് ഉള്ളത്.*** **ന്യൂ ഏജ് പരിശീലനങ്ങളിൽ പങ്കെടുക്കുന്നവരോടു എന്ത് വിശ്വസിക്കണം എന്നോ എന്ത് ചെയ്യുണമെന്നോ അല്ലെങ്കിൽ എന്ത് ചെയ്യരുത് എന്നോ പറയുന്നില്ല.** മറിച്ച്, "നിങ്ങളെതന്നെ വിശ്വസിക്കുക. ആന്തരിക യാഥാർത്ഥ്യത്തെ കണ്ടെത്താൻ ആയിരക്കണക്കിന് വഴികളുണ്ട്. നിങ്ങളുടെ ബുദ്ധിയും ജ്ഞാനവും നിങ്ങളെ നയിക്കുന്നിടത്തേയ്ക്ക് നിങ്ങൾ പോകണം"([78]). എന്നാണ് പറയപ്പെടുന്നത്. **പ്രവൃത്തിക്കാനുള്ള അധികാരം ദൈവസങ്കല്പത്തിൽ നിന്ന് നമ്മുടെ അഹത്തിന്റെ ഉള്ളിലേക്ക് മാറ്റപ്പെടുന്നു.** വ്യക്തിപരമായ പരാജയം അല്ലെങ്കിൽ പാപം എന്നതിനേക്കാളേറെ ന്യൂ ഏജ് ചിന്താഗതിക്കാർ നോക്കി കാണുന്ന ഏറ്റവും ഗൗരവമേറിയ പ്രശ്നം ആകമാന പ്രപഞ്ച സത്ത

യിൽ നിന്നുള്ള അന്യവൽക്കരണം (alienation) ആണ്. ഇതിനുള്ള പരിഹാരമായി അവർ കാണുന്നത് അസ്തിത്വത്തിന്റെ സമ്പൂർണ്ണതയിലേക്ക് കൂടുതൽ കൂടുതൽ ആയി ആഴ്ന്നിറങ്ങപ്പെടുക എന്നതാണ്. ചില ന്യൂ ഏജ് ലേഖനങ്ങളിലും പരിശീലനങ്ങളിലും ഒരു ജീവിതം മതിയാകില്ല എന്നും അതുകൊണ്ട് ആളുകൾക്ക് അവരുടെ മുഴുവൻ ശേഷിയും പ്രാപിക്കാൻ പുനർജന്മങ്ങൾ എടുക്കേണ്ടതുണ്ട് എന്നകാര്യം ന്യൂ ഏജ് വ്യക്തമാക്കുന്നുണ്ട്.

***ക്രിസ്ത്യൻ കാഴ്ചപ്പാടിൽ "പരിശുദ്ധാത്മാവിലൂടെയുള്ള വെളിച്ചത്തിന്" മാത്രമെ പാപം എന്ന യാഥാർത്ഥ്യത്തെ പ്രത്യേകിച്ചും മനുഷ്യരാശിയുടെ ഉൽപത്തിയിൽ (ഉത്ഭവപാപം) ചെയ്ത പാപത്തെ വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ ഈ വെളിപാടിന്റെ അറിവ് കൂടാതെ, പാപത്തെ നമ്മുക്ക് വ്യക്തമായി അംഗീകരിക്കുവാൻ സാധിക്കുകയില്ല. ഇതിനെ കൂടാതെയാകുമ്പോൾ നാം പാപത്തെ; വെറുതെ വളർച്ചയിലെ കുറവ്, മാനസിക ദൗർബല്യം, ഒരു തെറ്റ് അല്ലെങ്കിൽ അപര്യാപ്തമായ സാമൂഹ്യ ഘടനയുടെ ഒഴിച്ചുകൂടാനാവാത്ത അനന്തരഫലം തുടങ്ങിയവയായി വിശദീകരിക്കാൻ പ്രലോഭിപ്പിക്കപ്പെടുന്നു. മനുഷ്യനെകുറിച്ചുള്ള ദൈവിക പദ്ധതിയുടെ അറിവിനു മാത്രമെ ദൈവം, താൻ സൃഷ്ടിച്ച ആളുകൾക്ക് തന്നെ സ്നേഹിക്കാനും മറ്റുള്ളവരെ സ്നേഹിക്കാനും ശക്തരാകുന്നതിന് അവർക്ക് കൊടുത്തിരിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗം ആണ് പാപം എന്നത് ഗ്രഹിക്കാൻ സാധിക്കുകയുള്ളൂ (79).*** *പാപം എന്നത് യുക്തിക്കും, സത്യത്തിനും ശരിയായ മനസാക്ഷിക്കും എതിരായ കുറ്റകൃത്യം ആണ്; ചില വസ്തുക്കളോടുള്ള വഴി പിഴച്ച ബന്ധം മൂലം ദൈവത്തോടും അയൽക്കാരനോടും ഉളവാകേണ്ട യഥാർത്ഥ സ്നേഹത്തിന്റെ പരാജയമാണത്. അത് മനുഷ്യ പ്രകൃതിയെ മുറിപ്പെടുത്തുന്നതും മാനവ ഐക്യത്തിന് ക്ഷതം വരുത്തുന്നതുമാണ്.....(80). പാപം ദൈവത്തിന് എതിരെയുള്ള കുറ്റകൃത്യം ആണ്........ പാപം നമ്മോടുള്ള ദൈവത്തിന്റെ സ്നേഹത്തിന് എതിരെ നില്ക്കുന്നതും നമ്മുടെ ഹൃദയങ്ങളെ ദൈവ സ്നേഹത്തിൽ നിന്ന് അകറ്റുന്നതുമാണ്..... അങ്ങനെ പാപം "ദൈവത്തെ നിന്ദിക്കാനാണെങ്കിൽ പോലും തന്നെ തന്നെ സ്നേഹിക്കലാണ്"* **(81).**

## ചോദ്യം 8. സഹനത്തെയും മരണത്തേയും നിരാകരിക്കാനോ സ്വീകരിക്കാനോ നമ്മൾ പ്രോൽസാഹിപ്പിക്കപ്പെടുന്നുണ്ടോ?

**സഹനം എന്നത് തന്നെത്താൻ വരുത്തിവെയ്ക്കുന്നതോ അല്ലെങ്കിൽ ചീത്ത കർമ്മഫലമോ അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം തന്റെ തന്നെയുള്ള കഴിവുകളുടെ ശേഖരങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ**

**വന്ന വീഴ്ചയോ ആയിട്ടാണ് ചില ന്യൂ ഏജ് എഴുത്തുക്കാർ നോക്കി കാണുന്നത്.** മറ്റുള്ളവർ വിജയം നേടുവാനുള്ള മാർഗ്ഗങ്ങളിലും സമ്പത്തിലും ശ്രദ്ധ കേന്ദ്രികരിക്കുന്നു. (ഉദാ. ദീപക് ചോപ്ര, ജോസ് സിൽവ തുടങ്ങിയവർ) ന്യൂ ഏജിൽ, നമ്മൾ ജനിക്കുന്നതിന് മുൻപ് തുടങ്ങുകയും നമ്മൾ മരിച്ചതിന് ശേഷവും തുടർന്നുകൊണ്ടിരിക്കുന്ന ക്രമാനുഗത ആത്മീയ പരിണാമത്തിലെ ഒരു ഘട്ടമായ പുനർജന്മത്തെ ആത്മീയ വളർച്ചയ്ക്ക് ആവശ്യമായ ഘടകമായിട്ടാണ് പലപ്പോഴും നോക്കി കാണുന്നത്. ന്യൂ ഏജ് ചിന്താഗതി അനുസരിച്ച് നമ്മുടെ ജീവിത കാലഘട്ടത്തിൽ മറ്റുള്ളവരുടെ മരണത്തിന്റെ അനുഭവം ഒരു ആരോഗ്യപരമായ പ്രതിസന്ധിയെ ഉണർത്തുന്നു.

***മനുഷ്യൻ വ്യത്യസ്ത സൃഷ്ടിയാണെന്നും അവന് ഒരു ജീവിതമേ ഉള്ളൂ എന്നും അതിന്റെ ഉത്തരവാദിത്വം മുഴുവനായും അവന് അല്ലെങ്കിൽ അവൾക്ക് ആണ് എന്ന ക്രിസ്ത്യൻ വിശ്വാസവുമായി യോജിച്ച് പോകാത്തതാണ്. ന്യൂ ഏജിലെ പ്രാപഞ്ചിക ഐക്യവും പുനർജന്മവും എന്ന ആശയവും*** *മനുഷ്യനെകുറിച്ചുള്ള ഇത്തരത്തിലുള്ള ചിന്ത ഉത്തരവാദിത്വത്തേയും സ്വാതന്ത്ര്യത്തേയും രണ്ടിനേയും ഒപ്പം ശ്രദ്ധാവിഷയങ്ങളാക്കുന്നു. "ക്രിസ്തുവിന്റെ കുരിശിൽ സഹനത്തിലൂടെ പാപപരിഹാരം മാത്രമല്ല നേടിയെടുത്തത്. മനുഷ്യന്റെ സഹനം അതിൽതന്നെ വിമോചിക്കപ്പെട്ടു എന്നതും ക്രിസ്തു - അവന്റേതായ ഏതെങ്കിലും തെറ്റുകൂടാതെ - 'പാപത്തിന്റെ എല്ലാ ദൂഷ്യഫലങ്ങളും' സ്വയം ഏറ്റെടുത്തു എന്ന് ക്രിസ്ത്യാനികൾ മനസ്സിലാക്കുന്നു. ഈ ദൂഷ്യഫലത്തിന്റെ അനുഭവം ക്രിസ്തുവിന്റെ താരതമ്യം ചെയ്യാനാവാത്ത സഹനത്തിന്റെ വ്യാപ്തിയെ തിട്ടപ്പെടുത്തി. അത് പാപപരിഹാരത്തിന്റെ വിലയായി തീർന്നു. ...... യേശു ക്രിസ്തു മനുഷ്യന്റെ സ്ഥാനത്തും മനുഷ്യന് വേണ്ടിയും സഹിച്ചു. എല്ലാ മനുഷ്യർക്കും ഈ രക്ഷാകര പദ്ധതിയിൽ പങ്കുണ്ട്. ഈ വീണ്ടെടുപ്പിലെ സഹനത്തിൽ പങ്കുചേരാനും ഓരോ മനുഷ്യനും വിളിക്കപ്പെട്ടിട്ടുണ്ട്. എല്ലാ മാനുഷിക സഹനങ്ങളും വീണ്ടെടുപ്പിലെ ഈ സഹനത്തിൽ പങ്കുചേർക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. സഹനം വഴിയുള്ള പാപപരിഹാരത്തെ കൊണ്ടുവന്നതിൽ, ക്രിസ്തു മാനുഷിക സഹനങ്ങളെ പാപപരിഹാരത്തിന്റെ തലത്തിലേക്ക് ഉയർത്തുക കൂടി ചെയ്തു. അങ്ങനെ ഓരോ മനുഷ്യർക്കും അവന്റെ സഹനങ്ങളിൽ, ക്രിസ്തുവിന്റെ രക്ഷാകര സഹനങ്ങളിൽ പങ്കുകാരാകാനും സാധിക്കുന്നു*[82].

**ചോദ്യം 9. സാമൂഹ്യ പ്രതിബന്ധത എന്നത് സൗകര്യപൂർവ്വം ഒഴിവാക്കാവുന്നതാണോ അല്ലെങ്കിൽ ക്രിയാത്മകമായി തേടേണ്ട ഒന്നാണോ?**

നവയുഗത്തിന്റെ ഏറിയ പങ്കും നിർലജ്ജം സ്വന്തമായ സ്വാഭാവിക അഭിവൃദ്ധിക്കുവേണ്ടിയുള്ളതാണ്. എന്നാൽ സ്വാർത്ഥരായ, യുക്തിയില്ലാത്തതും സ്വദേഹ പ്രേമികളായ ഒരു ന്യൂനപക്ഷമായ ആളുകളെ നോക്കി ഈ പ്രവണതയെ വിധിക്കുന്നതും അല്ലെങ്കിൽ അങ്ങനെയുള്ള ആളുകളുടെ കൂടുതൽ വിചിത്രമായ പരിശീലനങ്ങളിൽ ഭ്രമിക്കപ്പെടാൻ ഒരുവനെ അനുവദിക്കുന്നതും നീതി പൂർവ്വകം ആയിരിക്കില്ല എന്ന് ഈ പ്രവണതയുടെ മുൻനിരയിലെ ചില വക്താക്കൾ അവകാശപ്പെടുന്നുണ്ട്. ഇതെല്ലാം ന്യൂ ഏജിനെ യഥാർത്ഥത്തിലുള്ള ഒരു ആത്മീയ അന്വേഷണവും ആത്മീയതയും ആയി നോക്കി കാണുന്നതിനുള്ള തടസ്സങ്ങൾ ആണ് എന്നാണ് അവരുടെ അഭിപ്രായം[83]. **വ്യക്തിയുടെ പ്രപഞ്ച സത്തയിലേക്കുള്ള സംലയനം, പ്രാപഞ്ചിക യോജിപ്പിൽ വ്യത്യാസങ്ങളേയും വൈരുദ്ധ്യങ്ങളേയും ആപേക്ഷികമായി കാണുകയോ ഇല്ലാതാക്കുകയോ ചെയ്യുക എന്നീ ആശയങ്ങൾ ക്രിസ്തീയതയ്ക്ക് സ്വീകാര്യമല്ല.** (*The fusion of individuals into the cosmic self, the relativisation or abolition of difference and opposition in a cosmic harmony, is unacceptable to Christianity* - **JCBWL).**

*എവിടെ യഥാർത്ഥ സ്നേഹം ഉണ്ടോ അവിടെ വ്യത്യസ്തമായ വേറൊന്ന് (വ്യക്തി) ഉണ്ടാകേണ്ടതുണ്ട്. സ്നേഹം എന്ന ദാനത്തോട് "അതെ" അല്ലെങ്കിൽ "അല്ല" എന്ന് വേറൊരാൾക്ക് പറയാനുള്ള ശേഷിയിലും സ്വാതന്ത്ര്യത്തിലും ഉള്ള ഐക്യത്തെയാണ് യഥാർത്ഥ ക്രിസ്ത്യാനി അന്വേഷിക്കുന്നത്. ക്രിസ്തീയതയിൽ ഒന്നുചേരുന്നതിനെ യോജിപ്പ് ആയും ഐക്യത്തെ സമൂഹമായും കണക്കാക്കപ്പെടുന്നു (Union is seen Christianity as communion, unity as community-* **JCBWL).**

**ചോദ്യം 10. നമ്മുടെ ഭാവി, നക്ഷത്രങ്ങളിലാണോ അതോ രൂപപ്പെടുത്തുന്നതാണോ?**

ന്യൂ ഏജിൽ അത് അതിന്റെ പ്രാരംഭഘട്ടത്തിൽ പ്രകൃതിയുടെ പ്രാപഞ്ചിക നിയമങ്ങളെ അധീനത്തിലാക്കിയ, പരിപൂർണ്ണത പ്രാപിച്ച ആൻഡ്രോഗിനിയിൽ ഉള്ള ജീവികളാൽ നിറഞ്ഞിരിക്കും എന്ന് ന്യൂ ഏജ് കരുതുന്നു. **ഈ സാഹചര്യത്തിൽ ക്രിസ്തീയതയെ പുറത്താക്കേണ്ടതായും ഒരു ആഗോള മതത്തിനും ഒരു പുതിയലോക ക്രമത്തിനും വഴി തുറന്ന് കൊടുക്കേണ്ടതായിട്ടും ഉണ്ട്.**

***ക്രിസ്ത്യാനികൾ ക്രിസ്തു വീണ്ടും വരുന്ന അവസാനദിവസ***

***ങ്ങൾക്കായ് തയ്യാറെടുത്തുകൊണ്ട് നിരന്തരമായി ജാഗ്രത പുലർത്തികൊണ്ടിരിക്കുകയാണ്;*** *അവരുടെ പുതിയ യുഗം, "നസറത്തിലെ യേശുവായ ക്രിസ്തുവിനോടു കൂടി രണ്ടായിരം വർഷങ്ങൾക്ക് മുൻപ് തുടങ്ങി;* ***എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി ദൈവത്തിന്റെ വചനം മനുഷ്യനായി അവതരിച്ചതാണ് അവൻ."*** *അവന്റെ പരിശുദ്ധാത്മാവ്, വ്യക്തികളുടെ ഹൃദയങ്ങളിലും സമൂഹത്തിലും ചരിത്രത്തിലും ജനപദങ്ങളിലും സംസ്കാരങ്ങളിലും മതങ്ങളിലും" പ്രവർത്തനനിരതനും സന്നിഹിതനുമാണ്. യഥാർത്ഥത്തിൽ, പുത്രനാൽ സമൃദ്ധമായി വർഷിക്കപ്പെട്ട പിതാവായ ദൈവത്തിന്റെ ആത്മാവ് ആണ് എല്ലാത്തിനെയും സജീവമാക്കുന്നവൻ"(84).* ***നാം അന്ത്യകാലഘട്ടത്തിൽ ആണ് ജീവിക്കുന്നത്.***

***മറുവശത്ത്, വളരെയധികം ന്യൂ ഏജ് പരിശീലനങ്ങൾ ആ പരിശീലനങ്ങളിൽ ഉൾപ്പെട്ടവർക്ക് സൈദ്ധാന്തികമായ പ്രശ്നങ്ങൾ ഒന്നും ഉയർത്തി കാണുന്നില്ല എന്നത് വ്യക്തമാണ്; എന്നാൽ ഈ പരിശീലനങ്ങൾ അതിൽ തന്നെ പരോക്ഷമായിട്ടാണെങ്കിൽ പോലും യഥാർത്ഥ സത്യത്തെ തേടിയുള്ള ഒരു പ്രത്യേക കാഴ്ചപ്പാടിനെ സംബന്ധിച്ച ചിന്തകളെ ദോഷകരമായി സ്വാധീനിക്കാനുതകുന്ന ഒരു മനോഭാവം വെച്ചു പുലർത്തുന്നു എന്നത് നിരാകരിക്കാനാവുന്നതല്ല.*** തീർച്ചയായും ന്യൂ ഏജ് അതിന്റെ തന്നെ ഒരു അന്തരീക്ഷം സ്രഷ്ടിക്കുന്നു. **അവിടെ ഏതാണ് നിരുപദ്രവമായിരിക്കുന്നത് എന്നും ഏതാണ് ശരിക്കും ചോദ്യം ചെയ്യപ്പേടേണ്ടതിന്റെ ആവശ്യമുള്ളത് എന്നും വേർ തിരിക്കുക വളരെ ബുദ്ധിമുട്ടാണ്**. അതേ സമയം, ന്യൂ ഏജ് വൃത്തങ്ങളിൽ പ്രചരിച്ച ക്രിസ്തു സിദ്ധാന്തങ്ങൾ ഹെലേന ബ്ലാവസ്കിയുടെ തിയോസോഫിക്കൽ പഠനങ്ങളാലും റൂഡോൾഫ് സ്റ്റൈനറുടെ ആന്ത്രോപ്പോസോഫി ആശയങ്ങളാലും ആലീസ് ബെയ്‌ലിയുടെ 'അർക്കേൻ സ്കൂൾ' ആശയങ്ങളാലും പ്രചോദിതമാണെന്ന് അറിഞ്ഞിരിക്കുന്നത് നല്ലതാണ്. ഈ കാലഘട്ടത്തിൽ ഇവരുടെ അനുയായികൾ അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുക മാത്രമല്ല ചെയ്യുന്നത് മറിച്ച്, ന്യൂ ഏജ് ആളുകളോട് കൂടി പ്രവർത്തിച്ച് സൈദ്ധാന്തികമായി "ന്യൂ ഏജ് സത്യം"എന്ന് കുറച്ച് നിരീക്ഷകർ വിളിക്കുന്ന, യഥാർത്ഥ്യത്തെകുറിച്ച് മുഴുവനായിട്ടുള്ള ഒരു പുതിയ ധാരണ വികസിപ്പിക്കുക കൂടി ചെയ്യുന്നു(85). (*Their contemporary followers are not only promoting their ideas now, but also working with New Agers to develop a completelely new understanding of reality, a doctrine known by some observers as "New Age truth"* **JCBWL)**

# അധ്യായം 5
# യേശു ക്രിസ്തുവാണ് ജീവജലം നമുക്ക് പ്രദാനം ചെയ്യുന്നത്

**തിരുസഭയുടെ അടിസ്ഥാനം അവളുടെ പരമാധികാരിയായ യേശു ക്രിസ്തുവാണ്.** എല്ലാ ക്രൈസ്തവ പ്രവൃത്തികളുടെയും എല്ലാ ക്രൈസ്തവ സന്ദേശങ്ങളുടെയും ഹൃദയഭാഗത്ത് അവനുണ്ട്. അതുകൊണ്ട് തിരുസഭ അവളുടെ പരമാവധികാരിയായ കർത്താവിനെ കണ്ടുമുട്ടുവാൻ മാനസാന്തര മനോഭാവത്തോടെ നിരന്തരമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. ബത്‌ലേഹേമിലെ ആട്ടിടയൻമാർ തൊട്ട് അവനോടു കൂടി ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാർ വരെ, ആരാധനാലയത്തിൽ അവനെ ശ്രവിച്ച ജ്ഞാനികളായ ശ്രേഷ്ഠൻമാർ തൊട്ട് എമ്മാവുസിലേക്ക് ദു:ഖത്തോടെ നടന്ന ശിഷ്യന്മാർ വരെ, സുവിശേഷങ്ങൾ പറയുന്നത്, യേശുക്രിസ്തുവുമായുള്ള നിരവധി കണ്ടു മുട്ടലുകളേയാണ്. എന്നാൽ വിശുദ്ധ യോഹന്നാന്റെ സുവിശേഷം 4-ാം അദ്ധ്യായത്തിൽ യാക്കോമ്പിന്റെ കിണറ്റിൻ കരയിൽ യേശുവിന്റെ സമരിയക്കാരി സ്ത്രീയുമായുള്ള കണ്ടുമുട്ടലിന്റെ കഥയാണ്, അവൻ നമുക്ക് എന്താണ് വാഗ്ദാനം ചെയ്യുന്നത് എന്നതിനെക്കുറിച്ച് ശരിക്കും വ്യക്തമായി പറയുന്ന സംഭവഭാഗം; "സത്യവുമായുള്ള നമ്മുടെ മനഃസമ്മതത്തിന്റെ ഒരു മാതൃക രൂപം" ("Paradigm for our engagement with truth") ആയും ഈ സംഭവം വിശേഷിക്കപ്പെടുന്നുണ്ട്[86]. ***യേശുവിനെ അറിയാത്ത ആരെങ്കിലുമായും ഒരു ക്രിസ്ത്യാനിയ്ക്ക് സംഭാഷണത്തിൽ ഏർപ്പെടാൻ സാധിക്കുന്നതും ക്രിസ്ത്യാനി ഏർപ്പെടേണ്ടതും ആയ വഴിയിലേക്ക് സുപ്രധാനം ആണ് ജീവന്റെ ജലം വാഗ്ദാനം ചെയ്യുന്ന, അപരിചിതനുമായുള്ള (യേശുവുമായുള്ള) കണ്ടുമുട്ടലിന്റെ അനുഭവം.***

ഈ കണ്ടുമുട്ടലിനെക്കുറിച്ചുള്ള* വിശുദ്ധ യോഹന്നാന്റെ വിവരണത്തിലെ ഏറ്റവും ആകർഷകമായ തത്വങ്ങളിൽ ഒന്നാണ് 'ജീവന്റെ' ജലം അഥവാ 'ജീവനുള്ള' ജലം എന്നതുകൊണ്ട് യേശു എന്താണ് അർത്ഥമാക്കുന്നത് എന്ന് എത്തിനോക്കാൻപോലും ആ സ്ത്രീയക്ക് കുറച്ച് സമയം എടുത്തു എന്നത്. (11-ാം വചനം). അവൻ ഒരു അപരിചിതനായതുകൊണ്ടു മാത്രമല്ല അവന്റെ വചനാത്താലും കൂടി ആണ് വിസ്മയത്തോടെ അവനെ ശ്രവിക്കാൻ അവൾ നിർബന്ധിതയായത്. യേശു, തന്നെകുറിച്ച് അറിഞ്ഞു എന്ന് അവൾ മനസ്സിലാക്കിയപ്പോൾ അവൾക്കുണ്ടായ ആദ്യ ഞെട്ടലിന്

ശേഷം (*"എനിക്ക് ഭർത്താവില്ല എന്നു നീ പറഞ്ഞത് ശരിയാണ്: എന്നാൽ നിനക്ക് അഞ്ച് ഭർത്താക്കന്മാർ ഉണ്ടായിരുന്നിട്ടുണ്ട്, ഇപ്പോഴുള്ളവനും നിന്റെ ഭർത്താവല്ല: നീ പറഞ്ഞത് ശരിയാണ്"* (17-18 വചനങ്ങൾ) അവൾ യേശുവിന്റെ വചനത്തിലേക്ക് ആനയിക്കപ്പെട്ടു: "പ്രഭോ, നീ ഒരു പ്രാവചകനാണെന്ന് ഞാൻ മനസ്സിലാക്കുന്നു"(19-ാം വചനം). പിന്നീട് ദൈവത്തെ ആരാധിക്കുന്നത് സംബന്ധിച്ച സംഭാഷണം തുടങ്ങുന്നു: "നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു; ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു, എന്തെന്നാൽ രക്ഷ യഹൂദരിൽ നിന്നാണ്" (22-ാം വചനം). യേശു അവളുടെ ഹൃദയത്തെ തൊടുകയും അങ്ങനെ താൻ മിശിഹയാണെന്ന് തന്നെക്കുറിച്ച് പറയാനുള്ളത് കേൾക്കാൻ അവളെ ഒരുക്കുകയും ചെയ്തു; "നിന്നോടു സംസാരിക്കുന്ന ഞാൻ തന്നെയാണ് അവൻ (26-ാം വചനം), എന്നത്, അവളെ ആത്മാവിലുള്ള യഥാർത്ഥ ആരാധനയിലേക്കും യേശുവിന്റെ, ദൈവത്തിന്റെ അഭിഷിക്തനായിട്ടുള്ള സ്വയം വെളിപ്പെടുത്തലിലേക്കും കൊണ്ടുവരുന്നതിന് ഒരുക്കി.

***ഹെലെൻ സെർജിൻ, o.p., "ലിവീങ്ങ് വൺസ് ട്രൂത്ത്", *The furrow*, ജനുവരി 2000, 12-ാം പേജിൽ)**

ആ സ്ത്രീ കുടം അവിടെ വെച്ചിട്ട്, പട്ടണത്തിലേക്ക് ആളുകളോട് അവനെകുറിച്ചു പറയാൻ തിടുക്കത്തിൽ പോയി. അവളുടെ ആ അപരിചിതനുമായുള്ള കണ്ടുമുട്ടലിന്റെ അത്ഭുതവാഹമായ ഫലം, ആ ആളുകളെ അത്രയ്ക്ക് ജിജ്ഞാസയുള്ളവരാക്കുകയും അവരും "യേശുവിലേക്ക് നടക്കാൻ ആരംഭിക്കുകയും ചെയ്തു"(30 -ാം വചനം) എന്നതാണ്. അവരും അധികം വൈകാതെ യേശുവിന്റെ വ്യക്തിത്വത്തെക്കുറിച്ചുള്ള സത്യം അംഗീകരിച്ചു: "ഇനിമേൽ ഞങ്ങൾ വിശ്വസിക്കുന്നത് നിന്റെ വാക്കു മൂലം അല്ല; ഞങ്ങൾ തന്നെ നേരിട്ട് ശ്രവിക്കുകയും ഇവനാണ് യഥാർത്ഥത്തിൽ ലോക രക്ഷകൻ എന്ന് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു" (42-ാം വചനം). അവർ യേശുവിനെ കുറിച്ച് ശ്രവിച്ചതിൽ നിന്ന് യേശുവിനെ വ്യക്തിപരമായി അറിയുന്ന അവസ്ഥയിലേക്കും പിന്നീട് യേശുവിന്റെ വ്യക്തിത്വത്തിന്റെ ആഗോളപരമായ പ്രാധാന്യത്തെ മനസിലാക്കുന്നതിലേക്കും കടന്നുവന്നു. **ഇതെല്ലാം സംഭവിച്ചതിന്റെ കാരണം അവരുടെ മനസ്സുകളും അവരുടെ ഹൃദയങ്ങളും യേശുവിൽ വ്യാപൃതരായിരുന്നു എന്നതാണ്.**

ഈ കഥ ഒരു കിണറിന്റെ കരയ്ക്കാണ് അരങ്ങേറിയത് എന്നത് വളരെ പ്രധാന്യമുള്ളതാണ്. യേശു ആ സ്ത്രീയ്ക്ക് നിത്യ ജീവനിലേക്ക് നിർഗളിക്കുന്ന അരുവിയെ വാഗ്ദാനം ചെയ്യുന്നു (14-ാം വചനം). **യേശു ആ സ്ത്രീയെ കൈകാര്യം ചെയ്ത സൗമ്യമായ രീതി, സ്വയം തിരിച്ച**

**റിയലിന്റെ വെല്ലുവിളി നിറഞ്ഞ പ്രക്രിയയിൽ, മറ്റുള്ളവരെ സഹായി
ക്കുന്നതായ രീതി, കാര്യക്ഷമമായ അജപാലത്തിനുള്ള ഒരു മാതൃക
യാണ്** ("ഞാൻ ചെയ്ത കാര്യങ്ങളെല്ലാം എന്നോടു അവൻ പറഞ്ഞു") (39-ാം
വചനം). ***ഈ സമീപനം, പ്രാപഞ്ചിക ജലവാഹനിലേക്ക് (അകാറിയ
സ്) ആകർഷിക്കപ്പെട്ടേക്കാവുന്ന എന്നാൽ സത്യത്തെ ആത്മാർത്ഥ
മായി അന്വേഷിക്കുകയും ചെയ്യുന്ന ആളുകളെ നേടുന്ന കാര്യത്തിൽ
വളരെ സമൃദ്ധമായ വിളവ് ലഭിക്കാൻ സഹായകരമാണ്.*** "ഇന്നത്തെ
ദാഹം ശമിപ്പിക്കുന്ന, വെറുതെ എന്തെങ്കിലും അല്ല, **"ജീവന്റെ ജലത്തിന്റെ
മറഞ്ഞിരിക്കുന്ന ആത്മീയ ആഴത്തെ വാഗ്ദാനം ചെയ്യുന്ന യേശുവിനെ
ശ്രവിക്കുവാൻ അവരെ ക്ഷണിക്കണം; സത്യത്തെ അന്വേഷിക്കുന്നവ
രുടെ ആത്മാർത്ഥതയെ അംഗീകരിക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്;
ചതിയുടെയോ ആത്മ വഞ്ചനയുടെയോ വിഷയം ഒന്നും ഇല്ല ഇവിടെ.**
ഒരു നല്ല അദ്ധ്യാപകനെപോലെ ക്ഷമയുണ്ടാകേണ്ടത് വളരെ പ്രാധാന്യ
മുള്ളതാണ്. സത്യത്തെ ആശ്ലേഷിക്കപ്പെടുന്ന ഒരാൾ പെട്ടെന്ന് തന്നെ
പ്രത്യേകിച്ചും പഴയക്കാല പരാജയങ്ങളിൽ നിന്നും ഭയപ്പാടുകളിൽ നിന്നും
മുഴുവനായുള്ള പുതിയ സ്വാതന്ത്ര്യ ബോധത്താൽ ശക്തിപ്പെടുന്നു. "ആത്മ
ജ്ഞാനത്തിന് വേണ്ടി പരിശ്രമിക്കുന്നവൻ കിണറ്റിൻക്കരയിലെ
സ്ത്രീയെപോലെ മറ്റുള്ളവരെകൂടി സ്വാതന്ത്രരാക്കാൻ സാധിക്കുന്ന
സത്യത്തെ അറിയാനുള്ള അഭിലാഷം അവരിൽ ഉളവാക്കത്തക്കവിധ
ത്തിൽ സ്വാധീനിക്കും"([87]). ജീവ ജലത്തിന്റെ വാഹകനായ യേശുക്രിസ്തു
വിനെ കണ്ടുമുട്ടാനുള്ള ക്ഷണം, യേശുവിനെ വ്യക്തിപരമായി കണ്ടു
മുട്ടിയത് വഴി വ്യക്തമായി, ആഴമായി സ്വാധീനിക്കപ്പെട്ട ഒരുവൻ അല്ലെ
ങ്കിൽ ഒരുവൾ നടത്തുമ്പോൾ അതിന് കൂടുതൽ ശക്തിയുണ്ട്. എന്തെ
ന്നാൽ ആ ക്ഷണം നടത്തുന്നത് അവനെകുറിച്ച് വെറുതെ കേട്ടുകേൾവി
മാത്രം ഉള്ള ഒരുവനിൽ നിന്നല്ല മറിച്ച് **"യേശു സത്യമായിട്ടും ലോക
ത്തിന്റെ രക്ഷകൻ" എന്ന് ഉറപ്പുള്ള ഒരാളിൽ നിന്നാണ്** (42-ാം വച
നം). **ഇത് ആളുകളെ അവരുടെ തന്നെ രീതിയിൽ അവരുടെ തന്നെ
വേഗതയിൽ പ്രതികരിക്കാനോ ബാക്കിയുള്ളത് ദൈവത്തിന്
ചെയ്യാൻ അനുവദിക്കുകയും ചെയ്യുന്ന ഒരു വിഷയമാണ്.** ( *It is a
matter of letting people react in their own way, at their own pace,
and letting God do the rest* **- JCBWL).**

# അധ്യായം 6
# ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങൾ

## 6.1 വഴിനടത്തലും ശരിയായ രൂപീകരണവും ആവശ്യമാണ്

***ക്രിസ്തുവോ അക്വാറിയസോ?*** ഒന്നുകിൽ യഥാർത്ഥ്യത്തെകുറിച്ച് പകരം വെയ്ക്കാവുന്ന ദർശനം അല്ലെങ്കിൽ ഒരുവന് ഇപ്പോഴത്തെ അവസ്ഥയെ മെച്ചപ്പെടുത്താനുള്ള മറ്റൊരുവഴി (മാജിക്ക്) എന്നത് ആയി, ന്യൂ ഏജ് മിക്കവാറും എല്ലായ്പ്പോഴും “ഇതര സാധ്യതകളെ” *("alternatives")* കുറിച്ച് ബന്ധപ്പെട്ടതാണ്([88]). **പകരം വെയ്ക്കാവുന്നവ ആളുകൾക്ക് രണ്ടു സാധ്യതകൾ വാഗ്ദാനം ചെയ്യുന്നില്ല, മറിച്ച് മറ്റേ ഒന്നിൽ നിന്ന് മുൻഗണന നല്കി ഒന്നിനെ തിരഞ്ഞെടുക്കാനുള്ള ഒരു സാധ്യത മാത്രമാണ് കൊടുക്കുന്നത്:** മതത്തിന്റെ കാര്യത്തിലാണെങ്കിൽ ന്യൂ ഏജ് യഹൂദ്ര - ക്രിസ്ത്യൻ പൈതൃകത്തിന് പകരം വെയ്ക്കുന്ന ഒന്ന് വാഗ്ദാനം ചെയ്യുന്നു. കുംഭം രാശി യുഗം *(Age of Aquarius)* ക്രിസ്തീയ പ്രമാണികത്വം ഉള്ള മീനയുഗത്തിന് *(Age of Pisces)* പകരം വെയ്ക്കാവുന്ന ഒന്ന് ആയി ധരിച്ച് കണക്കാക്കപ്പെടുന്നു. ന്യൂ ഏജ് ചിന്തകർ ഇതിനെക്കുറിച്ച് തീവ്രമായി ബോധവാൻമാരാണ്: **അതിൽ കുറച്ച് പേർ, വരാൻ പോകുന്ന മാറ്റം ഒഴിച്ചുകൂടാനാവാത്തതാണ് എന്ന് ബോധ്യപ്പെട്ടിരിക്കുമ്പോൾ, മറ്റുള്ളവർ മാറ്റത്തിന്റെ വരവിനെ സഹായിക്കുന്നതിന് സജീവമായി പ്രതിജ്ഞാബന്ധരാണ്.** ***ക്രിസ്തുവിലും അകാറിയസത്തിലും രണ്ടിലും ഒരുമിച്ച് വിശ്വസിക്കാൻ സാധിക്കും എന്ന് ചിന്തിക്കുന്ന ആളുകൾക്ക് പ്രാധാനമായും ഒന്നിനെ തിരഞ്ഞെടുക്കേണ്ടി വരും അഥവാ “ഒന്ന് അല്ലെങ്കിൽ മറ്റേത്” ("either - or") എന്ന സാഹചര്യം ആണ് അവിടെ ഉള്ളത് എന്ന് അറിയുന്നത് ഗുണകരമായിരിക്കും.*** .“ഒരു ഭൃത്യനും രണ്ട് യജമാനൻമാരെ സേവിക്കാൻ സാധിക്കുകയില്ല: അവൻ ഒന്നുകിൽ ഒരുവനെ വെറുക്കും മറ്റവനെ സ്നേഹിക്കും അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കും മറ്റവനെ ദ്വേഷിക്കും (ലൂക്ക 16.13). *ക്രിസ്തുവിനെ വേണോ അതോ ക്രിസ്തുവിനെ നിരാകരിക്കണമോ എന്ന തിരഞ്ഞെടുപ്പിന്റെ ശക്തിമത്തായ അനന്തരഫലങ്ങൾ കണ്ടെത്തുവാൻ ക്രിസ്ത്യാനികൾക്ക് കിഴക്ക് നിന്നുള്ള ജ്ഞാനികളും ഹേറോദോസും തമ്മിലുള്ള വ്യത്യാസത്തെ കുറിച്ച് മനസ്സിലാക്കുക മാത്രമാണ് ചെയ്യാനുള്ളത്.* **ന്യൂ ഏജിനെ ഊട്ടിവളർത്തിയ**

**ധാരാളം പ്രവണതകൾ പ്രത്യക്ഷത്തിൽ ക്രൈസ്തവ വിരുദ്ധം ആണ് എന്ന് ഒരിക്കലും മറക്കരുത്. ക്രിസ്തീയതയുമായുള്ള അവയുടെ നിലപാടുകൾ നിഷ്പക്ഷം അല്ല മറിച്ച് അതിനെ നിർവീര്യമാക്കുന്നതാണ്:** എല്ലാ മതങ്ങളുടെ നിലപാടുകളോടും ഉള്ള തുറവിയെ കുറിച്ച് എന്തൊക്കെ പലപ്പോഴും പറയപ്പെട്ടാലും, പരമ്പരാഗത ക്രിസ്തീയതയെ സ്വീകാര്യമായ, പകരം വെയ്ക്കാവുന്നത് ആയി ആത്മാർത്ഥമായി പരിഗണിക്കപ്പെട്ടില്ല. യഥാർത്ഥത്തിൽ, പല അവസരങ്ങളിലും സമൃദ്ധമായ രീതിയിൽ വ്യക്തമാക്കപ്പെട്ടു, അതായത് "യഥാർത്ഥ ക്രിസ്തീയതയിൽ സഹിഷ്ണുതയ്ക്ക് സ്ഥാനം ഇല്ല" എന്നും കൂടാതെ ക്രിസ്തിയതയ്ക്ക് വിപരീതമായ സ്വഭാവങ്ങളെ ന്യായീകരിച്ചുകൊണ്ടുള്ള വാദങ്ങൾപോലും നിലവിലുണ്ടാകുകയും ചെയ്തു[89].

ആദ്യഘട്ടത്തിൽ ഈ എതിർപ്പ് ന്യൂ ഏജ് മായുള്ള ഉപരിവിപ്ലവമായ ബന്ധത്തിനപ്പുറത്തേക്ക് പോകുന്ന ആളുകളുടെ അത്യാപൂർവ്വ അധികാര പരിധിയിൽ ഒതുക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഈയടുത്ത കാലത്ത് വളരെ അസാധാരണമായ ശക്തിമത്തായ താൽപര്യങ്ങളുള്ള 'പകരം വെയ്ക്കാവുന്ന' ('alternative') സംസ്കാരങ്ങളുടെ എല്ലാ നിലകളിലും എല്ലാറ്റിനും ഉപരി, അത്യാധുനിക പാശ്ചാത്യ സംസ്കാരങ്ങളിലും വ്യാപിക്കാൻ തുടങ്ങി.

***സംയോജനമോ അല്ലെങ്കിൽ ആശയകുഴപ്പമോ?* ന്യൂ ഏജ് പാരമ്പര്യങ്ങൾ ബോധപൂർവ്വവും മതാത്മകവുമായി യഥാർത്ഥ വ്യത്യാസങ്ങളെ മങ്ങിയതാക്കുന്നുണ്ട്.** വ്യത്യാസങ്ങൾ താഴെ പറയുന്നു:-

- സ്രഷ്ടാവും സ്രഷ്ടിയും തമ്മിൽ
- മനുഷ്യപ്രകൃതിയും പ്രകൃതിയും (nature) തമ്മിൽ
- മതവും മന:ശാസ്ത്രവും തമ്മിൽ
- യഥാർത്ഥ്യത്തിന്റെ വസ്തുനിഷ്ഠവും ആത്മനിഷ്ഠവും തമ്മിൽ

  എന്നിവയാണ് അവ.

ആദർശപരമായ ഉദ്ദേശ്യം എപ്പോഴും വിഭജനത്തിന്റെ ദുഷ്പേരിനെ തരണം ചെയ്യുന്നു, എന്നാൽ ന്യൂ ഏജ് സിദ്ധാന്തങ്ങളിൽ ഇത് പാശ്ചാത്യ സംസ്ക്കാരങ്ങളിൽ പൊതുവെ വ്യക്തമായി തിരിച്ചറിഞ്ഞിട്ടുള്ള മൂലതത്വങ്ങളുടെ അടുക്കും ചിട്ടയുമുള്ള സംയോജനത്തിന്റെ വിഷയം ആണ്. ഒരു പക്ഷേ "ആശയകുഴപ്പം" ("confusion") എന്നു ഇതിനെ വിളിക്കുന്നത് ശരിയാണോ? **ന്യൂ ഏജ് ആശയ കുഴപ്പത്തിലാണ് വളരുന്നത് എന്ന് പറയുന്നത് വാചക കസർത്തല്ല. *ക്രിസ്ത്യൻ പാരമ്പര്യം വിശ്വാസത്തേയും ദൈവത്തേയും ലോകത്തേയും മനുഷ്യവ്യക്തിയേയും മനസ്സിലാക്കുന്നതിൽ യുക്തി വിചാരത്തിന്റെ പങ്കിനെ എപ്പോഴും വില***

***മതിച്ചിട്ടുണ്ട്*** (൯൦). തണുത്തതും കണക്കുകൂട്ടിയിട്ടുള്ളതും മനുഷ്യന് മനസ്സിലാക്കാൻ പറ്റാത്തതുമായ യുക്തിയെ നിരാകരിക്കുന്നതിൽ ന്യൂ ഏജ് വളരെയധികം ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. നമ്മുടെ എല്ലാ കഴിവുകളേയും സമീകൃതമായി ഉണർത്തുന്നതിന് ഒരു ക്രിയാത്മക ഉൾകാഴ്ചയയായി തോന്നിക്കുമെങ്കിലും പൂർണ്ണമായ മാനുഷിക ജീവിതത്തിന് അത്യന്താപേക്ഷിതമായ കഴിവിനെ മാറ്റി നിറുത്തുന്നതിനെ ഇത് ന്യായികരിക്കുന്നില്ല. യുക്തിചിന്തയ്ക്ക് സാർവ്വത്രികതത്വത്തിന്റെ മേന്മയുണ്ട്: (*Rationality has the advantage of universality* -**JCBWL**) നിഗൂഢ ശാസ്ത്രപരവും ജ്ഞാവവാദപരവും രഹസ്യാത്മകവും ആയ മതത്തിന്റെ രഹസ്യാത്മകവും മനംമയക്കുകയും ചെയ്യുന്ന സ്വഭാവത്തെ അപേക്ഷിച്ച് ഇത് എല്ലാവർക്കും സൗജന്യമായി ലഭ്യമാണ്. ആശയപരമായി ആശയകുഴപ്പമോ അല്ലെങ്കിൽ രഹസ്യം ആയതിനെയോ പ്രോൽസാഹിപ്പിക്കുന്ന എന്തിനെയും വളരെ ശ്രദ്ധാപൂർവ്വം പരിശോധിക്കേണ്ട ആവശ്യമുണ്ട്. ഇത് അത്യന്തികമായ യാഥാർത്ഥ്യത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്നതിനേക്കാളേറെ മറയ്ക്കുന്നതാണ് . ഇത് പലപ്പോഴും യുക്തി സഹജമല്ലാത്തതിൽ അഭയം കണ്ടെത്തിയിരുന്ന മുൻകാലങ്ങളിൽ ഉണ്ടായിരുന്ന ആശയപരമായ സാഹസിക ഉദ്യമങ്ങളിൽ സംഭവിച്ച ഉത്തരാധുനിക ആത്മ വിശ്വാസ നഷ്ടത്തോട് ചേർന്നു പോകുന്നതാണ്. (*It corresponds to the post-modern loss of confidence in the bold certainties of former times, which often involves taking refuge in irrationality- **JCBWL***). വിശ്വാസവും യുക്തിയും തമ്മിലുള്ള ആരോഗ്യപരമായ പങ്കാളിത്തത്തിന് എങ്ങനെയാണ് മനുഷ്യ ജീവിതത്തെ അഭിവൃദ്ധിപ്പെടുത്തുകയും സൃഷ്ടിയോടുള്ള ബഹുമാനത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് വെല്ലുവിളി.

***നിങ്ങളുടെ തന്നെ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുക*** : **ഒരുവൻ അവന്റെ തന്നെ യാഥാർത്ഥ്യത്തെ സ്രഷ്ടിക്കുന്നു എന്ന ഏറെ പ്രചരിച്ച ന്യൂ ഏജ് ബോധ്യം ആകർഷണീയമാണെങ്കിലും മിഥ്യയാണ്.** യുങ്ങിന്റെ സിദ്ധാന്തങ്ങളിൽ ഇതിന് നിർദ്ദിഷ്ട രൂപമെടുക്കപ്പെട്ടു. അതനുസരിച്ച് മനുഷ്യൻ ബാഹ്യലോകത്ത് നിന്ന് അനന്തമാനങ്ങളുള്ള ആന്തരിക ലോകത്തിലേയ്ക്കുള്ള പ്രവേശന മാർഗ്ഗമാണ്. ആന്തരിക ലോകത്തിൽ എല്ലാവരും സ്വന്തം ലോകം പടുത്തുയർത്താനോ നശിപ്പിക്കാനോ കഴിവുള്ള അബറാക്സ്സസ് (Abraxas) ആണ്. (Abraxas എന്നത് ഗ്രീക്ക് പുരാണങ്ങളിലെ ഒരു ഭൗമശക്തി എന്ന സങ്കല്പത്തെ ദൈവത്തിനും പിശാചിനുമപ്പുറമുള്ള ഒരു അതിന്ദ്രീയ യാഥാർത്ഥ്യമായി വികസിപ്പിച്ചെടുത്തതാണ്). **അനന്തമായ ഈ ആന്തരിക ലോകത്തിൽ പ്രകാശിക്കുന്ന**

**നക്ഷത്രം ആണ് മനുഷ്യന്റെ ദൈവവും അവന്റെ ലക്ഷ്യവും. ആളുകൾ അവരുടെ തന്നെ യാഥാർത്ഥ്യത്തെ സൃഷ്ടിക്കുന്നു എന്ന ആശയം സ്വീകരിക്കുന്നതിന്റെ ഏറ്റവും തീവ്ര വേദന ഉള്ളവാക്കുന്നതും പ്രശ്ന സങ്കീർണ്ണവുമായ അനന്തരഫലം, സഹനത്തെ കുറിച്ചും മരണത്തെകുറിച്ചുമുള്ള വിഷയങ്ങളാണ്: ഗൗരവമായ  അംഗവൈകല്യങ്ങൾ ഉള്ള അല്ലെങ്കിൽ മാറാരോഗങ്ങൾ ഉള്ള ആളുകൾ അവർ തന്നെയാണ് അവരുടെ മേൽ നിർഭാഗ്യം കൊണ്ടുവന്നിരിക്കുന്നത് എന്നും അല്ലെങ്കിൽ സാഹചര്യങ്ങളെ  മാറ്റാനുള്ള അവരുടെ കഴിവില്ലായ്മ ജീവിതത്തോടുള്ള അവരുടെ സമീപനങ്ങളിലെ  പോരായ്മയാണ് എന്നുള്ള  നിർദ്ദേശങ്ങളെ ഏറ്റുമുട്ടേണ്ടതായി വരുമ്പോൾ, ഈ ആളുകൾ വഞ്ചിക്കപ്പെട്ടതായും അന്തസ്സ് ഹനിക്കപ്പെട്ടതായും  അവർക്ക് അനുഭവപ്പെടുന്നു.** ഇത് വെറും താത്വികമായിട്ടുള്ള പ്രശ്നങ്ങളിൽ നിന്ന് വളരെ അകലെയാണ്; ഓരോരുത്തരും അഭിമുഖീകരിക്കുന്ന അസ്തിത്വവാദപരമായ ബുദ്ധിമുട്ടുള്ള ചോദ്യങ്ങൾക്ക് നേരെയുള്ള  സഭയുടെ അജപാലന സമീപനത്തിൽ ഇതിന് ആഴമായ പ്രതിധ്വനികൾ ഉണ്ട്. *നമ്മുടെ പരിമിതികൾ ഒരു ജീവിതയാഥാർത്ഥ്യം ആണ്, സൃഷ്ടിയായിരിക്കുന്നതിന്റെ ഭാഗവുമാണ്.* **ന്യൂ ഏജിൽ പ്രിയപ്പെട്ടവരുടെ മരണവും അതുമൂലമുള്ള ദു:ഖവും ഒരു വെല്ലുവിളിയും ഒപ്പം ഒരു അവസരമാണ് നല്കപ്പെടുന്നത്. എന്തുകൊണ്ടെന്നാൽ, പുനർജന്മത്തിനെ കൂടുതൽ പ്രയോജനപ്പെടുത്താൻ അനുയോജ്യമാക്കിയ, പാശ്ചാത്യ വത്ക്കരിക്കപ്പെട്ട ആശയത്തിൽ അഭയം തേടാനുള്ള പ്രലോഭനം ആളുകൾക്ക് മരണത്തോടുള്ള ഭയത്തിന്റെയും  എന്നേയ്ക്കും ജീവിക്കാനുള്ള അവരുടെ ആഗ്രഹത്തിന്റെയും വ്യക്തമായ തെളിവാണ്.** യേശു ക്രിസ്തുവിന്റെ ഉത്ഥാനത്തിലൂടെ ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളതിനെ തിരിച്ചുവിളിക്കാനുള്ള മിക്കവാറും അവസരങ്ങളെ നാം ഉപയോഗപ്പെടുത്തുന്നുണ്ടോ? **എല്ലാ ഞായറാഴ്ചയും വിശ്വാസ പ്രമാണത്തിൽ ക്രിസ്ത്യാനികൾ പ്രഘോഷിക്കുന്ന ശരീരത്തിന്റെ ഉയിർപ്പിൽ ഉള്ള വിശ്വാസം എത്രമാത്രം ആത്മാർത്ഥമാണ്?** നമ്മൾ  ചില അർത്ഥത്തിൽ ദൈവങ്ങളും ആണ് എന്ന  ന്യൂ ഏജ് ആശയം ആണ്  പ്രധാനമായിട്ടും ഇവിടെയുള്ള ഒരു ചോദ്യം. യാഥാർത്ഥ്യത്തെ കുറിച്ചുള്ള ഒരുവന്റെ നിർവചനത്തിൽ ആണ് തീർച്ചയായും മുഴുവൻ ചോദ്യവും  ആശ്രയിച്ചിരിക്കുന്നത്. **കത്തോലിക്ക വിദ്യാഭ്യാസത്തിന്റെയും  രൂപികരണത്തിന്റെയും  പ്രഘോഷണത്തിന്റെയും എല്ലാ തലങ്ങളിലും വിജ്ഞാന ശാസ്ത്രത്തോടും മനഃശാസ്ത്രത്തോടും ഉള്ള  ഒരു ഉത്തമമായ സമീപനം - വചനാടിസ്ഥാനത്തിൽ - ആവർത്തിച്ചുറപ്പിക്കേണ്ടതിന്റെ    ആവശ്യകതയുണ്ട്.** അതീന്ദ്രിയതയെ കുറിച്ച്

സംസാരിക്കുന്നതിന് ഫലപ്രദമായ രീതികളിൽ സ്ഥിരമായി ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വളരെ പ്രധാന്യമുള്ളതാണ്. **എല്ലാ ന്യൂ ഏജ് ചിന്താഗതികളുടെയും അടിസ്ഥാനപരമായ ബുദ്ധിമുട്ട് ഈ അതീന്ദ്രിയതയെ കണിശമായിട്ടും ഒരു അടഞ്ഞ പ്രപഞ്ചത്തിൽ ഒരുവൻ നേടിയെടുക്കേണ്ട വ്യക്തിഗതമായ ഒരു ആത്മ അതീന്ദ്രിയതയാണ് എന്നതാണ്.** (*The fundamental difficulty of all New Age thought is that this transcendence is strictly a self- transcendence to be achieved within a closed universe* - **JCBWL).**

***അജപാലനപരമായ സമ്പത്തുകൾ*** *:* ന്യൂ ഏജിന്റെ ആശയങ്ങളെ കുറിച്ചുള്ള വിലയിരുത്തലിൽ കാണാൻ സാധിക്കുന്ന കത്തോലിക്കാ സഭയുടെ പ്രാമാണിക രേഖകളെകുറിച്ചുള്ള സൂചനകൾ 8-ാം അദ്ധ്യായത്തിൽ നല്കപ്പെടുന്നുണ്ട്. വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രസംഗം, ആമുഖത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ ഉദ്ധരിക്കപ്പെടുന്നുണ്ട്. ജീവതത്തെകുറിച്ചുള്ള പുതിയ അർത്ഥം തേടിയുള്ള അന്വേഷണവും ഒരു പുതിയ പാരിസ്ഥിതിക സംവേദന ക്ഷമതയും യുക്തിയിൽ അധിഷ്ഠതമായതും നിരുൻമേഷപരവുമായ മതാത്മകതയ്ക്കപ്പുറം പോകാനുള്ള ആവേശവും തുടങ്ങിയ കാര്യങ്ങൾ മാർപാപ്പ ഈ സംസ്കാരിക പ്രവണതയിൽ വിശേഷിപ്പിക്കുന്നുണ്ട്. **എന്നാൽ, ക്രിസ്ത്യൻ വിശ്വാസവുമായി ചേർന്നുപോകാത്ത ചില അവ്യക്തമായ ഘടകങ്ങളിലേക്ക് വിശ്വാസികളുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്.** താഴെ പറയുന്നവയാണ് ആ വിഷയങ്ങൾ:-

- ഈ പ്രസ്ഥാനങ്ങൾ (ദൈവീക)വെളിപാടിനെ(*പുത്രനായ യേശു പിതാവായ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തി*) ഒട്ടും വിലമതിക്കുന്നില്ല.
- അവ്യക്തമായ ലോകകാഴ്ചപ്പാടിന് വേണ്ടി മത സിദ്ധാന്തങ്ങളെ അപേക്ഷികമാക്കാൻ ശ്രമിക്കുന്നു.
- ഒരു വിശാദേവതാവാദപരമായ (Pantheistic) ദൈവം (*വ്യക്തിയല്ലാത്ത -പ്രാപഞ്ചിക ശക്തി*) എന്ന ആശയത്തെ പലപ്പോഴും അവർ ഉന്നയിക്കുന്നു.
- നമ്മുടെ പ്രവൃത്തികൾക്ക് ദൈവത്തോടുള്ള വ്യക്തിപരമായ ഉത്തരവാദിത്വത്തിന് പകരം പ്രപഞ്ചത്തോടുള്ള ചുതതല ബോധത്തെ അവർ പകരം വെയ്ക്കുന്നു.
- ***പാപം എന്ന ശരിയായിട്ടുള്ള ആശയത്തേയും ക്രിസ്തുവിലൂടെയുള്ള പാപമോചനത്തിന്റെ ആവശ്യകതയേയും കീഴ്മേൽ മറിക്കുന്നു*** **([91])** എന്നിവയാണ് അവ.

## 6.2 പ്രായോഗിക നടപടികൾ

ന്യൂ ഏജിന്റെ നിരാളിപിടുത്തത്തിൽ എല്ലാവരും അല്ലെങ്കിൽ എല്ലാതും അതിന്റെ സിദ്ധാന്തങ്ങളുമായി ഒരേ രീതിയിൽ ബന്ധപ്പെട്ടിരിക്കുന്നില്ല എന്ന് ആദ്യമേ തന്നെ പറയുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു. അതുപോലെ തന്നെ മറ്റു രീതിയിൽ കാണാൻ കഴിയുന്ന പ്രതിഭാസങ്ങളെ പലപ്പോഴും ന്യൂ ഏജ് എന്ന ലേബലിൽ തെറ്റായി പ്രയോഗിക്കപ്പെടുകയോ അതിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടുണ്ട്. വ്യക്തികളെയോ ആചാരങ്ങളേയോ പൈശാചികമായി ചിത്രികരിക്കാൻ ന്യൂ ഏജ് എന്ന പദം ദുരുപയോഗിക്കപോലും ചെയ്തിട്ടുണ്ട്. **ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ട പ്രതിഭാസം അയഞ്ഞതായിട്ടാണെങ്കിലും, ദൈവത്തേയും മനുഷ്യവ്യക്തിയേയും ലോകത്തേയും കുറിച്ചുള്ള ക്രിസ്ത്യൻ കാഴ്ചപ്പാടിനെ പ്രതിഫലിപ്പിക്കുന്നുണ്ടോ അല്ലെങ്കിൽ അവയുടെ വൈരുദ്ധ്യത്തിലാണോ എന്നു നോക്കേണ്ടത് വളരെ അത്യാന്താപേക്ഷിതമാണ്.** ന്യൂ ഏജ് എന്ന വെറും പദപ്രയോഗം എന്തെങ്കിലുമാണെങ്കിലും അതിൽ തന്നെ ഒന്നും അർത്ഥമാക്കുന്നില്ല. **വ്യക്തികൾക്കോ, സംഘത്തിനോ, ആചാരത്തിനോ വസ്തുകൾക്കോ ക്രിസ്തീയതയുടെ കേന്ദ്രമായിട്ടുള്ള പ്രമാണങ്ങളുമായുള്ള ബന്ധം ആണ് പരിഗണിക്കേണ്ട വസ്തുത.**

✱ കത്തോലിക്കാ സഭയ്ക്ക് നന്നായി ഉപയോഗിക്കാൻ സാധിക്കുന്ന കാര്യക്ഷമമായ അതിന്റെ തന്നെ നെറ്റ് വർക്ക് ഉണ്ട്. ഉദാഹരണത്തിന് വളരെയേറെ അജപാലന കേന്ദ്രങ്ങൾ, സാംസ്കാരിക കേന്ദ്രങ്ങൾ കൂടാതെ ആത്മീയ കേന്ദ്രങ്ങളും അതിനുണ്ട്. മാതൃകാപരമായി ചർച്ചയ്ക്കും പഠനത്തിനുമുള്ള ഒരു വേദി ഒരുക്കപെടുന്നതുപോലെയുള്ള വ്യത്യസ്തതയാർന്ന ക്രിയാത്മക വഴികളിലൂടെ ന്യൂ ഏജിനെക്കുറിച്ചുള്ള ആശയകുഴപ്പത്തെ നേരിടാൻ ഈ കേന്ദ്രങ്ങളെ ഉപയോഗപെടുത്താൻ സാധിക്കും. **നിർഭാഗ്യകരം എന്ന് സമ്മതിക്കണം, വളരെയധികം സംഭവങ്ങളിൽ കത്തോലിക്ക ആത്മീയ കേന്ദ്രങ്ങൾ, സഭയിൽ, ന്യൂ ഏജ് മതാത്മകത പ്രചരിപ്പിക്കുന്നതിൽ സജീവമായി ഏർപെട്ടിരിക്കുന്നതായി കാണാം.** ആശയ കുഴപ്പങ്ങളും തെറ്റുകളും പ്രചരിപ്പിക്കുന്നത് തടയാൻ വേണ്ടി മാത്രമല്ല അതുവഴി ക്രിസ്തീയ ആത്മീയതയെ പ്രോൽസാഹിപ്പിക്കുന്നതിന് അവയെ കാര്യക്ഷമാക്കാൻ കൂടി ഇത് തീർച്ചയായും തിരുത്തപ്പെടേണ്ടതുണ്ട്. കത്തോലിക്കാ സാംസ്കാരിക കേന്ദ്രങ്ങൾ പ്രത്യേകിച്ചും പഠന സ്ഥാപനങ്ങൾ മാത്രമല്ല സത്യസന്ധമായ സംഭാഷണത്തിനുള്ള വേദികളും കൂടിയാണ് ([92]). **ശ്രേഷ്ഠമായ, പ്രത്യേക പ്രാവണ്യം ഉള്ള ചില സ്ഥാപനങ്ങൾ ഈ വിഷയങ്ങളെ കൈകാര്യം ചെയ്യുന്നുണ്ട്. ഇതെല്ലാം അമൂല്യ**

**സമ്പത്തുകൾ ആണ്. ഇവയ്ക്ക് ദൗർബല്യം അനുഭവപ്പെടുന്ന സ്ഥല ങ്ങളിൽ ഈ സമ്പത്തുക്കൾ ഉദാരമായി പങ്കുവെയ്ക്കേണ്ടതുണ്ട്.**

* വളരെകുറച്ച് ന്യൂ ഏജ് ഗ്രൂപ്പുകൾ അവരുടെ തത്വശാസ്ത്രവും പ്രവർത്ത നങ്ങളും വിശദീകരിക്കാനുള്ള എല്ലാ അവസരങ്ങളേയും സ്വാഗതം ചെയ്യു ന്നുണ്ട്. **ഈ ഗ്രൂപ്പുകളുമായുള്ള സംഭാഷണങ്ങളിലുള്ള സമീപനങ്ങൾ വളരെ ശ്രദ്ധയോടെ ആയിരിക്കണം. കത്തോലിക്ക വിശ്വാസവും ആത്മീയതയും ന്യൂ ഏജ് ചിന്തകളും പരിശീലനങ്ങളും വിമർശനാ ത്മകമായി പ്രതിഫലിപ്പിക്കാനും ഇവ രണ്ടും ഒന്നിച്ച് വിശദീകരിക്കാനും കഴിവുള്ള ആളുകളെ എപ്പോഴും ഉൾപ്പെടുത്തിക്കൊണ്ടായിരിക്കണം ആ സംഭാഷണങ്ങൾ നടത്തേണ്ടത്.** ന്യൂ ഏജിനെ കുറിച്ച് ഉള്ള വിവര ങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും വാഗ്ദാനം ചെയ്യുന്നതായി അവകാശപ്പെ ടുന്ന ആളുകൾ, ഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ ആധികാരിത (credentials) പരിശോധിക്കേണ്ടത് വളരെ പ്രാധാന്യമുള്ളതാണ്.ചില സന്ദർഭങ്ങളിൽ നിഷ്പക്ഷമായ അന്വേഷണമായി തുടങ്ങിയിട്ട് അത് പിന്നീട് പകരം വെയ്ക്കാവുന്ന മതങ്ങളുടെ പ്രോൽസാഹനത്തിലോ അല്ലെ ങ്കിൽ അവയ്ക്കുവേണ്ടിയുള്ള ശുപാർശനയിലോ എത്തിചേർന്നിട്ടുണ്ട്. **അന്താരാഷ്ട്രീയമായ ചില സ്ഥാപനങ്ങൾ "മത വൈവിധ്യത്തോടുള്ള" ("religious diversity") ബഹുമാനത്തെ പ്രോൽസാഹിപ്പിക്കുന്ന പ്രച രണപരിപാടികളിൽ സജീവമായി വ്യാപ്തരാകുകയും വിവാദപരമായ ചില സ്ഥാപനങ്ങൾക്ക് മതത്തിന്റെ സ്ഥാനം അവകാശപ്പെട്ടു കൊടു ക്കുകയും ചെയ്യുന്നുണ്ട്.** ഒരു പുതിയ മതത്തിനോ ആദ്ധ്യാത്മികത യുടെതായുള്ള സാർവ്വത്രികതയ്ക്കുവേണ്ടി പരിമിതമായ സ്വഭാവങ്ങൾ ഉള്ള പ്രത്യേക മതങ്ങൾ വഴിമാറികൊടുക്കുന്ന കാലഘട്ടത്തിലേക്ക് നീങ്ങി കൊണ്ടിരിക്കുന്നു എന്ന ന്യൂ ഏജ് കാഴ്ചപ്പാടിനോട് ചേർന്ന് പോകുന്ന താണിത്. മറിച്ച് ശരിയായ സംഭാഷണം തുടക്കം മുതലേ അനേകമായ തിനെ എപ്പോഴും ബഹുമാനിക്കുകയും എല്ലാ മതങ്ങളുടെ പാരമ്പര്യ ങ്ങളും സംയോജിക്കുന്നതിൽ, ഓരോന്നിലുള്ള വ്യത്യസ്തകളെ മങ്ങിയ താക്കാൻ ഒരിക്കലും ശ്രമിക്കുന്നത് ആയിരിക്കുകയില്ല.

* ചില തദ്ദേശിയ ന്യൂ ഏജ് ഗ്രൂപ്പുകൾ അവരുടെ മീറ്റിങ്ങുകളെ "പ്രെയർ ഗ്രൂപ്പുകൾ" എന്ന് വിശേഷിപ്പിക്കുന്നുണ്ട്. **അങ്ങനെയുള്ള ഗ്രൂപ്പുകളിൽ പങ്കെടുക്കാൻ ക്ഷണിക്കപ്പെടുന്നവർ, യഥാർത്ഥ ക്രിസ്ത്യൻ ആദ്ധ്യാ ത്മികതയുടെ അടയാളങ്ങൾ അവിടെ ഉണ്ടോ എന്ന് നോക്കേണ്ടതും ഏതെങ്കിലും വിധത്തിലുള്ള അംഗത്വ പ്രവേശന ചടങ്ങുകൾ ഉണ്ടെ ങ്കിൽ വിട്ടു നില്ക്കുകയും വേണം.** ആളുകളുടെ ദൈവശാസ്ത്രത്തിലും ആത്മീയ രൂപികരണത്തിലുമുള്ള കുറവുകളെ സത്യത്തിൽ തെറ്റായ ആരാ

ധന രീതികളിലേക്ക് പതുക്കെ ആകർഷിക്കാൻ ഈ ഗ്രൂപ്പുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. **പ്രയർ ഗ്രൂപ്പിന്റെ ഉദ്ദേശ്യത്തെക്കുറിച്ച് ശരിയായി വിധിക്കുന്നതിന് വേണ്ടി ക്രിസ്ത്യാനികളെ പ്രാർത്ഥനയുടെ യഥാർത്ഥ ലക്ഷ്യത്തേയും ഉള്ളടക്കത്തേയും - പരിശുദ്ധാത്മാവിൽ, യേശു ക്രിസ്തുവഴി, പിതാവിലേക്ക് - എന്ന് പഠിപ്പിക്കുന്നതായിരിക്കണം.** ക്രിസ്ത്യൻ പ്രാർത്ഥനയേയും യേശു ക്രിസ്തുവിന്റെ ദൈവത്തേയും എളുപ്പത്തിൽ തിരിച്ചറിയപ്പെടും ([93]). **കിഴക്കിന്റെ ജ്ഞാനത്തിൽ നിന്ന് കടം എടുക്കുന്നതിൽ ('borrowing') ഒരു ഉപദ്രവവും ഇല്ല എന്ന് ധാരാളം ആളുകൾ ധരിച്ചുവെച്ചിരിക്കുന്നുണ്ട്. എന്നാൽ അതീന്ദ്രിയ ധ്യാനത്തിന്റെ ('Transcendental Meditation (*TM*) ഉദാഹരണം, അറിയാതെ തന്നെ അവരെ തന്നെ മറ്റൊരു മതത്തിലേക്ക് (ഈ കാര്യത്തിൽ ഹിന്ദുത്വതിലേക്ക്) സമർപ്പിക്കാനുള്ള സാധ്യതയെകുറിച്ച് ക്രിസ്ത്യാനികൾ ജാഗ്രത പുലർത്തണം എന്നതാണ്.** അതീന്ദ്രിയ ധ്യാനത്തിന്റെ വക്താക്കൾ മതനിരപേക്ഷം (religious neutrality)ആണ് എന്ന് അവകാശപ്പെടുന്നെങ്കിൽ പോലും ക്രിസ്ത്യാനികൾ ജാഗരൂഗരാകേണ്ടതുണ്ട്. **എങ്ങനെയാണ് ധ്യാനിക്കുക എന്ന് പഠിക്കുന്നതിൽ പ്രശ്നങ്ങൾ ഒന്നും ഇല്ല, എന്നാൽ ധ്യാനത്തിന്റെ ലക്ഷ്യവും ഉള്ളടക്കവും യേശു ക്രിസ്തു വഴി വെളിപ്പെട്ട ദൈവത്തെ സംബന്ധിക്കുന്നതാണോ അല്ലെയോ അതോ, മറ്റു വേറെ വല്ല വെളിപാടിലേക്കാണോ എന്നോ അല്ലെങ്കിൽ വെറുതെ സ്വന്തം സത്തയുടെ നിഗൂഢമായ ആഴങ്ങളിലെക്കാണോ എന്നത് ധ്യാന പരിശീലനത്തെ വ്യക്തമായി തീരുമാനിക്കുന്നു.**

***** *ദൈവത്തിന്റെ സൃഷ്ടിയായ ഭൂമിയുടെ മേലുള്ള കരുതലിനെ* പ്രോൽസാഹിപ്പിക്കുന്ന ക്രിസ്ത്യൻ ഗ്രൂപ്പുകൾക്ക് മതിയായ അംഗീകാരം നല്കേണ്ടതുണ്ട്. സൃഷ്ടികളോടുള്ള ആദരവ് എന്ന വിഷയം ക്രിയാത്മകമായും കത്തോലിക്ക സ്കൂളുകളിൽ കൈകാര്യം ചെയ്യാവുന്ന ഒന്നാണ്. **പാരിസ്ഥിതിക പ്രസ്ഥാനങ്ങളുടെ മൗലികവാദികൾ മുന്നോട്ടുവെയ്ക്കുന്ന ഭൂരിഭാഗവും കത്തോലിക്ക വിശ്വാസവുമായി ഒത്തു പോകുന്നതിൽ ബുദ്ധിമുട്ടുന്നുണ്ട്.** പൊതുവെയുള്ള അർത്ഥത്തിൽ, പ്രകൃതിയുടെ കരുതൽ എന്നത് ദൈവം നമ്മുക്ക് നല്കിയിട്ടുള്ളതിനെ കുറിച്ചുള്ള പുതിയ ആശങ്കയുടെ കാലാനുസൃത അടയാളമാണ്, ഒരു പക്ഷേ, സൃഷ്ടിയുടെ മേലുള്ള ക്രിസ്ത്യൻ കാര്യസ്ഥതയുടെ അവശ്യമായ അടയാളം ആണത്. **എന്നാൽ ആഴമായ പരിസ്ഥിതി വാദം ("deep ecology") പലപ്പോഴും എല്ലാം ദൈവമാണ് എന്ന വാദത്തിലും ("panthestic) അവസരപരമായി ജ്ഞാനവാദ തത്വങ്ങളിലോ അടിസ്ഥാനമിട്ടിട്ടുള്ളതാണ്([94]).**

***** മൂന്നാം സഹസ്രാബ്ദത്തിന്റെ തുടക്കം സുവിശേഷ വത്കരണത്തിനുള്ള

ഒരു യഥാർത്ഥ *കൃപവരാവസ്ഥ (kairos)* തുറന്നു നല്കുന്നു. **രക്ഷാകര ചരിത്രത്തേയും കാലങ്ങളേയും പറ്റിയുള്ള ക്രൈസ്തവ ദർശനങ്ങളുടെ വിശ്വസിനീയമായ വിവരങ്ങൾക്കായ് ആളുകളുടെ മനസുകളും ഹൃദയങ്ങളും ഇപ്പോൾ തന്നെ അസാധാരണമാം വിധം തുറവിയുള്ളതാണ്.** മറ്റു സമീപനങ്ങളിൽ എന്താണ് കുറവുകൾ എന്നതിൽ ശ്രദ്ധ കൊടുക്കുന്നത് പ്രഥമ പരിഗണന ആയിരിക്കരുത്. **നമ്മുടെ വിശ്വാസസത്യങ്ങളുടെ ഉറവിടങ്ങളെ തേടുകയും അവയെ നിരന്തരമായി നവീകരിക്കുകവഴി നമ്മുക്ക് നല്ലതായും ഉചിതവുമായി ക്രിസ്തീയ സന്ദേശങ്ങളെ അവതരിപ്പിക്കാനും നല്കുവാനും സാധിക്കും. ഇതാണ് കൂടുതലായി നാം ചെയ്യേണ്ടത്.** നമ്മളെ വിശ്വസിച്ച് ഏൽപിച്ചിരിക്കുന്ന ദാനങ്ങളെ കുറിച്ച് നമ്മുക്ക് അഭിമാന ഉള്ളവരായിരിക്കാം. അതിനാൽ പ്രബലമായ സംസ്കാരങ്ങളിൽ ഈ ദാനങ്ങളെ കുഴിച്ചുമൂടാനുള്ള സമ്മർദ്ദങ്ങളെ നമ്മുക്ക് ചെറുക്കേണ്ടതായിട്ടുണ്ട് (cf മത്തായി 25:24–30). ഏറ്റവും ഫലപ്രദമായ ഉപകരണങ്ങളിൽ ഒന്നാണ് *കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം (Catechism of the Catholic Church).* **ഇപ്പോൾ ജീവിക്കുന്നവരും പണ്ട് ജീവിച്ചിരുന്നവരും ആയ ക്രിസ്ത്യൻ സ്ത്രീ പുരുഷന്മാരുടെ ജീവിതത്തിലെ 'പരിശുദ്ധിയിലേക്ക് എത്തിചേരാൻ അവർ സ്വീകരിച്ച വഴികളുടെ' ബൃഹത്തായ പൈതൃകം നമ്മുക്ക് മുന്നിൽ ഉണ്ട്.** ***എവിടെയൊക്കെ ക്രിസ്തീയതയുടെ സമ്പന്നമായ പ്രതീകങ്ങളും അതിന്റെ കലാപരവും സൗന്ദര്യകലാബോധപരവും സംഗീതാത്മകവുമായ പാരമ്പര്യങ്ങൾ അറിയപ്പെടാതെയോ അല്ലെങ്കിൽ മറന്നു പോകുകയോ ചെയ്തിട്ടുണ്ടെങ്കിൽ അവിടെയൊക്കെ ക്രിസ്ത്യാനികൾ അവരവർ തന്നെയും, അത്യന്തികമായ ദൈവത്തിന്റെ സാന്നിധ്യത്തിനുവേണ്ടിയുള്ള കൂടുതൽ അറിവും അനുഭവത്തിനുമായി അന്വേഷിക്കുന്നവരുമായ ആളുകളും, വളരെയധികം അധ്വാനിക്കേണ്ടതുണ്ട്.*** വികാരങ്ങളിലും പ്രതീകാത്മകമായ ഭാഷകളിലും എന്ത് താത്പര്യം ആണ് സ്പർശിക്കുന്നത് എന്നതിനെകുറിച്ചുള്ള കാര്യങ്ങൾ വിഷയമാക്കുകയാണെങ്കിൽ ക്രിസ്ത്യാനികളും ന്യൂ ഏജിലേക്ക് ആകൃഷ്ടരായ ആളുകളും തമ്മിലുള്ള സംഭാഷണം കൂടുതൽ വിജയകരമാകും ... **നമ്മുടെ ഉദ്ദേശ്യം യേശുക്രിസ്തുവിനെ അറിയുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും എന്നതാണെങ്കിൽ തിരുവചനത്തെകുറിച്ചുള്ള നല്ല അറിവോടെ ആരംഭിക്കേണ്ടത് പരമപ്രധാനമായ കാര്യമാണ്.** ***എന്നാൽ എല്ലാറ്റിനുപരി, മുഴുവൻ ക്രിസ്ത്യൻ സന്ദേശങ്ങളെ അർത്ഥവത്താക്കാനുള്ള ഉറപ്പുള്ള വഴി, നമ്മുടെ സാധാരണ ജീവിതത്തെ വിശുദ്ധീകരിക്കാനായുള്ള കൃത്യമായ നിമിഷങ്ങൾ നല്കുന്ന പ്രാർത്ഥനയിലേക്കും***

***കൂദാശകളിലേക്കും യേശു ക്രിസ്തുവിനെ കണ്ടുമുട്ടാൻ കടന്നുവരിക എന്നതാണ്.***

* ഒരു പക്ഷേ ലളിതവും ഏറ്റവും വ്യക്തവും ഏറ്റവും അത്യാവശ്യം എടുക്കേണ്ടതും ഏറ്റവും കാര്യക്ഷമവുമായേക്കാവുന്നതും ആയ കാര്യം ***ക്രിസ്ത്യൻ ആദ്ധ്യാത്മിക പൈതൃകത്തിന്റെ സമ്പന്നതയെ മുഴുവനായും ഉപയോഗപ്പെടുത്തുക എന്നതാണ്.*** വലിയ സന്യാസ സമൂഹങ്ങൾക്ക് ആദ്ധ്യാത്മികതയെകുറിച്ചും ധ്യാനങ്ങളെ കുറിച്ചും ശക്തമായ പാരമ്പര്യങ്ങൾ ഉണ്ട്. അതിനെയെല്ലാം കാലഘട്ടങ്ങളിലൂടെ പഠന കോഴ്സുകളിലൂടെ ഈ ഭവനങ്ങൾ, ശരിയായ അന്വേഷികൾക്ക് പ്രാപ്യം ആക്കേണ്ടതുണ്ട്. ഇത് ഇപ്പോൾ തന്നെ നടന്നുകൊണ്ടിരിക്കുന്നുണ്ട്, എന്നാൽ കൂടുതൽ ആവശ്യമായിട്ടുണ്ട്. ആളുകൾക്ക് യഥാർത്ഥ പ്രാർത്ഥനയുടെ, പരിശോധിച്ചറിഞ്ഞിട്ടുള്ള വിദ്യകളും അനുഭവങ്ങളും കൊടുത്ത് കൊണ്ട് അവരുടെ ആത്മീയ അന്വേഷണത്തെ സഹായിക്കുന്നത്, ക്രിസ്തീയ പാരമ്പര്യത്തിന്റെ സമ്പന്നതയെ വെളിപെടുത്താനും ഒരു പക്ഷേ ആ പ്രക്രിയയിലൂടെ ന്യൂ ഏജിന്റെ ആശയങ്ങളെ കുറിച്ച് ക്രിസ്തീയ വിശ്വാസത്തിന്റെ വെളിച്ചത്തിൽ വിമർശനാത്മകമായ സംഭാഷണത്തിലേക്കും വഴി തെളിയിക്കും .

വ്യക്തവും പ്രയോജനകരമായ ഒരു പ്രതിഫലനത്തിൽ പരമ്പരാഗത മതങ്ങളെ ഭദ്രാസന ദേവാലയമായും ന്യൂ ഏജിനെ ആഗോളപരമായ മേളയായും ന്യൂ ഏജിന്റെ തന്നെ ഒരു വക്താവു ചിത്രികരിച്ചിരിക്കുന്നു. ഭദ്രാസന ദേവാലയത്തിന്റെ സന്ദേശങ്ങൾ ലോകത്ത് മുഴുവനായും ഇപ്പോൾ വ്യാപിച്ചിട്ടുള്ള മേളയിലേക്ക് കൊണ്ടുവരാൻ ക്രിസ്ത്യാനികൾക്കുള്ള ഒരു ക്ഷണമായിട്ടാണ് ന്യൂ ഏജ് പ്രവണത കണക്കാക്കപെടുന്നുണ്ട്. ഈ പ്രതിഫലനം ക്രിസ്ത്യാനികൾക്ക് ഒരു ക്രിയാത്മക വെല്ലുവിളിയാണ് വാഗ്ദാനം ചെയ്യുന്നത്. കാരണം ഭദ്രാസന ദേവാലയത്തിന്റെ സന്ദേശങ്ങൾ മേളയിലെ ആളുകളിലേക്ക് ചെന്നെത്തിക്കാൻ ഉള്ള സന്ദർഭങ്ങൾ എപ്പോഴും ലഭ്യമാണ്. **ക്രിസ്ത്യാനികൾക്ക്, യേശു ക്രിസ്തുവിന്റെ സുവിശേഷം, തങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരവും തൃപ്തിപ്പെടുത്തുന്ന ആത്മീയ ഭക്ഷണവും ജീവജലവും അന്വേഷിച്ചുകൊണ്ടിരിക്കുന്നവർക്ക് എത്തിക്കാനുള്ള ഒരു ക്ഷണത്തിന് വേണ്ടി കാത്തിരിക്കേണ്ട ആവശ്യമില്ല. തീർച്ചയായും അവർ കാത്തിരിക്കാൻ പാടില്ല. ഉന്നയി**

**ച്ചിട്ടുള്ള ഈ ആവശ്യം കണ്ടറിഞ്ഞ് ക്രിസ്ത്യാനികൾ ഉടനെത്തന്നെ ദൈവവചനത്താലും കൂദാശകളാലും പരിപോഷിക്കപ്പെട്ട് ഭദ്രാസന ദേവാലയത്തിൽ നിന്ന് സുവിശേഷത്തെ അനുദിന ജീവിതത്തിന്റെ എല്ലാ മേഖലകളിലേക്ക്  കൊണ്ടുവരാൻ ശ്രമിക്കണം. –** "പോകുവിൻ ! ബലി സമാപിച്ചു!"എന്ന ലത്തീൻ കുർബ്ബാനയിലെ വാചകം വളരെ അർത്ഥ വത്താണ്. നോവോ മില്ലേനിയോ ഇന്ന്യൂന്റെ (*Novo Millennio Ineunte*) എന്ന അപസ്തോലിക പ്രബോധനത്തിൽ പരിശുദ്ധ പിതാവ്  മതനിര പേക്ഷതയുള്ള ലോകത്തിൽ ആത്മീയതയ്ക്ക് വേണ്ടിയുള്ള  വർദ്ധിച്ച താല്പര്യങ്ങൾ കാണപ്പെടുന്നതിനെക്കുറിച്ചും മറ്റു മതങ്ങൾ ഈ ആവ ശ്യത്തിലേക്ക് ആകർഷകമായ രീതികളിൽ  പ്രതികരിക്കുന്നത് എന്നതി നെകുറിച്ചും  അഭിപ്രായപ്പെടുന്നുണ്ട് . ക്രിസ്ത്യാനികളോടു ഇതു സംബ ന്ധിച്ചു ഒരു വെല്ലുവിളി നല്കികൊണ്ട് അദ്ദേഹം തുടർന്നു:  **"എന്നാൽ, പിതാവായ ദൈവത്തെ വെളിപ്പെടുത്തിയവനും ലോകത്തിന്റെ രക്ഷ കനുമായ ക്രിസ്തുവിൽ വിശ്വസിക്കാനുള്ള കൃപ സ്വീകരിച്ച നമുക്ക് ക്രിസ്തുവായുള്ള ബന്ധം, എന്തുമാത്രം ആഴങ്ങളിലേക്ക് നയിക്കാൻ സാധിക്കും എന്നത് കാണിച്ചുകൊടുക്കാനുള്ള ചുമതല ഉണ്ട്"(n.33).** ***മതപരമായ നിർദ്ദേശങ്ങൾക്കായ് ലോകമേഖലകളിൽ പങ്കെടുത്ത് അന്വേഷിച്ചുകൊണ്ടിരിക്കുന്നവർക്ക്, യഥാർത്ഥ ക്രിസ്തീയതയുടെ ആകർഷണം എല്ലാറ്റിലും ആദ്യമായി അനുഭവപ്പെടുന്നത് സഭയിലെ അംഗങ്ങളുടെ  സാക്ഷ്യത്തിലാണ്; അവരുടെ വിശ്വാസ്യതയിൽ, ശാന്ത യിൽ, ക്ഷമയിലും, പ്രസരിപ്പിലും കൂടാതെ അവരുടെ അയൽക്കാരോ ടുള്ള ഉറച്ച സ്നേഹത്തിലും ആണ്. ഇതെല്ലാം  അവരുടെ ആധികാ രികമായ വ്യക്തിപരമായ പ്രാർത്ഥനയിലൂടെ  പുഷ്ടിപ്പെട്ട വിശ്വാസ ത്തിന്റെ ഫലങ്ങളെത്രേ.***

# അധ്യായം 7
# അനുബന്ധം

## 7.1. ന്യൂ ഏജ് ആശയങ്ങളെകുറിച്ച് ചില സംക്ഷിത ആവിഷ്ക്കരണങ്ങൾ

വില്യം ബ്ലൂം ന്റെ (1992) ഹെലാസ് (പേജ് 225 f) എന്നതിൽ സൂചിപ്പിച്ച *ന്യൂ ഏജിന്റെ ആവിഷ്ക്കരണങ്ങൾ :-*

- എല്ലാ ജീവനും എല്ലാ അസ്തിത്വവും - വിവിധ സംസ്കാരങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെടുന്ന ആജ്ഞേയമായ പരമോന്നത ബോധരൂപത്തിന്റെ ആത്മാവിന്റെ പ്രത്യക്ഷീകരണമാണ്.
- എല്ലാ അസ്തിത്വത്തിന്റെയും ലക്ഷ്യവും കാരണവും സ്നേഹവും അറിവും ജ്ഞാനവും പൂർണ്ണ പ്രത്യക്ഷീകരണത്തിലേക്ക് (പ്രപഞ്ച വുമായി ഒന്നാകുന്നത്) കൊണ്ടുവരുന്നതിനാണ്.
- എല്ലാ മതങ്ങളും ഒരേ ആന്തരിക യാഥാർത്ഥ്യത്തിന്റെ പ്രകാശനങ്ങളാണ്.
- പഞ്ചേന്ദ്രീയങ്ങൾ കൊണ്ടോ ശാസ്ത്രീയ ഉപകരണങ്ങൾ കൊണ്ടോ നമ്മൾ മനസ്സിലാക്കുന്ന എല്ലാ ജീവരൂപവും അദൃശ്യവും ആന്തരി കവും യാദൃച്ഛികവും ആയ യാഥാർത്ഥ്യത്തിന്റെ ബാഹ്യരൂപം മാത്രമാണ്.
- അതുപോലെ തന്നെ മനുഷ്യർ രണ്ടു വ്യത്യസ്ത മാനങ്ങളുള്ള സൃഷ്ടി യാണ്. (1) ബാഹ്യമായ താല്ക്കാലിക വ്യക്തിത്വം (2)ബഹുവിധമാന ങ്ങളുള്ള ഒരു ആന്തരിക സ്വത്വം (ആത്മാവ് അഥവാ ഒരു ഉൽകൃഷ്ടാവസ്ഥ).
- ബാഹ്യപ്രകൃതി പരിമിതവും സ്നേഹത്തിലേക്ക് ചാഞ്ഞിരിക്കുന്നതുമാണ്.
- ആന്തരിക ജീവൻ ശരീരത്തിൽ അവതരിയ്ക്കുന്നതിന്റെ ഉദ്ദേശ്യം ബാഹ്യ വ്യക്തിയിലെ ആന്ദോളനങ്ങളെ സ്നേഹത്തിന്റെ അനുര ഞ്ജനങ്ങളാക്കാനാണ്.
- ശരീരത്തിൽ അവതരിക്കുന്ന എല്ലാ ജീവാത്മാവും സ്വയമേ ഒരു ആത്മീയ പാത തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ളവനാണ്.
- ആത്മീയ ഗുരുക്കൻമാർ ശരീരത്തിൽ അവതരിക്കേണ്ട ആവശ്യകത യിൽ നിന്ന് മോചിക്കപ്പെട്ടവരും നിരുപാധിക സ്നേഹവും അറിവും ജ്ഞാനവും നല്കുന്നവരുമാണ്. ഈ മഹനീയരിൽ ചിലർ പ്രശ സ്തരും ലോക മതങ്ങളെ പ്രചോദിപ്പിച്ചവരുമാണ്. എന്നാൽ

ചിലർ അപ്രശസ്തരും അദൃശ്യമായി പ്രവർത്തിക്കുന്നവരുമാണ്.

- എല്ലാ ജീവരൂപവും അതിന്റെ വ്യത്യസ്ത രൂപത്തിലും അവസ്ഥയിലും പരസ്പര ബന്ധിതമായ ഊർജ്ജമാണ്. ഇതിൽ നമ്മുടെ ചിന്തകളും വികാരങ്ങളും പ്രവർത്തനങ്ങളും ഉൾപ്പെടും. ആയതിനാൽ നമ്മൾ ആത്മാവും ഈ ഊർജ്ജരൂപങ്ങളുമായി പ്രവർത്തിച്ച് നമ്മുടെ യാഥാർത്ഥ്യത്തെ ഒന്നിച്ച് സൃഷ്ടിക്കുന്നു.
- ചലനാത്മക പ്രാപഞ്ചിക സ്നേഹത്തിൽ ബന്ധിതമാണെങ്കിലും നമ്മുടെ സ്വത്വത്തിന്റെയും പരിസ്ഥിതിയുടെയും എല്ലാ ജീവന്റെയും അവസ്ഥയ്ക്ക് നമ്മൾ കൂട്ടായി ഉത്തരവാദികളാണ്.
- ഇക്കാലയളവിൽ, നമ്മുടെ ഗ്രഹത്തിന്റെയും മനുഷ്യരാശിയുടെയും പരിണാമം ഒരു ദശാസന്ധിയിലെത്തി നിൽക്കുന്ന സമയത്ത്, വ്യക്തി പരവും സംഘാത്മകവുമായ ബോധത്തിന്റെ അടിസ്ഥാന പരമായ ആത്മീയ മാറ്റം നടന്നുകൊണ്ടിരിക്കുന്നു. ഇക്കാരണത്താലാണ് നാം ന്യൂ ഏജിനെ പറ്റി സംസാരിക്കുന്നത്. ചില ആളുകൾ വിളിക്കു ന്നത്പോലെ പ്രാപഞ്ചിക സ്നേഹ ഊർജ്ജത്തിന്റെ വർദ്ധമാനമായ, വിജയകരമായ അവതാരത്തിന്റെ ഫലമാണ് ഈ പുതിയ ബോധാവ സ്ഥ. ഈ പുതിയ ബോധാവസ്ഥ അതിൽ തന്നെ പവിത്രതയെ കുറി ച്ചുള്ള സ്വാഭാവിക ധാരണയേയും, പ്രത്യേകിച്ച് നിലവിലുള്ള എല്ലാ അവസ്ഥയുടെയും പരസ്പര ആശ്രയത്വം വിളിച്ചറിയിക്കുന്നതുമാണ്.
- ഈ പുതിയ ബോധാവസഥയും എല്ലാ ജീവരാശിയുടെയും ചലനാ ത്മകമായ പരസ്പര ആശ്രയത്വത്തെ കുറിച്ചുള്ള ധാരണയും, പൂർണ മായും ഒരു പുതിയ, ഗ്രഹങ്ങളെ സംബന്ധിച്ചുള്ള സംസ്കാരം ഉണ്ടാ ക്കാനുള്ള പ്രക്രിയയിലാണ് നാം ഇപ്പോൾ, എന്നതാണ് അർത്ഥമാ ക്കുന്നത്.

**ഹിലാസ് (226 ാം പേജിൽ) (ജെറമി ട്ടാർച്ചേഴ്സിന്റെ 'അനുബന്ധ ആവി ഷ്കാരങ്ങൾ' എന്നതിൽ നിന്ന് :-**

- മനുഷ്യവംശം അടക്കമുള്ള ഈ ലോകം, ഉത്കൃഷ്ടവും കൂടുതൽ ബൃഹത്തവുമായ ദിവ്യമായ പ്രകൃതിയുടെ പ്രകാശനത്തെ രൂപികരി ക്കുന്നു.
- ഒരു ഉത്കൃഷ്ടമായ ദിവ്യ സ്വത്വം എല്ലാ മനുഷ്യരിലും ഒളിഞ്ഞിരി ക്കുന്നു. അത് ഉത്കൃഷ്ടവും കൂടുതൽ വിശാലവുമായ ദിവ്യമായ പ്രകൃതിയുടെ പ്രത്യക്ഷീവത്കരണം ആണ്.
- ഈ ഉൽകൃഷ്ടപ്രകൃതിയെ ഉണർത്താൻ സാധിക്കുന്നതും ഒരു വ്യക്തിയുടെ കേന്ദ്ര വിഷയം ആക്കാൻ സാധിക്കുന്നതുമാണ്.
- ഓരോ വേറിട്ട ജീവിതത്തിന്റെ നിലനിൽപ്പിനുള്ള കാരണം ഈ ഉണർത്തലാണ്.

**ന്യൂ ഏജ് ഭാവനയുടെ പ്രധാനപ്പെട്ട സ്വഭാവങ്ങളെ കുറിച്ച് ഡേവീഡ് സ്പാൻഗളർ, എക്ചുലൈറ്റ്, ഡെസ് റീലിജിയൻ (നം. 8, സെപ്റ്റംബർ 1999, 43–ാം പേജിൽ) എന്നതിൽ താഴെ പറയുന്ന പ്രകാരം എഴുതിയി ട്ടുള്ളതാണ് :-**

- ഹോളിസ്റ്റിക് (ആഗോളവത്കരിക്കുന്നത്, എന്തുകൊണ്ടെന്നാൽ ഒരു പരമ യാഥാർത്ഥ്യം - ഊർജ്ജം ആണുള്ളത്)
- പാരിസ്ഥിതികം (ഭൂമിയാണ് നമ്മുടെ അമ്മ; നാം ഓരോരുത്തരും ഭൂമി യുടെ കേന്ദ്രനാഡിവ്യൂഹ വ്യവസ്ഥയിലെ ഒരു ന്യൂറോൺ ആണ്)
- സ്ത്രീയുടെയും പുരുഷന്റെയും സവിശേഷതകളുള്ളത്(androgynous) (മഴവില്ലും വെയിൻ/വെയങ്ങ് എന്നിവ രണ്ടും എൻ എ (NA) പ്രതീ കങ്ങളാണ്. സൈത്രണതയുടെയും പുരുഷത്വത്തിന്റെയും പരസ്പര പൂരണത്തെ ഇല്ലാതാക്കാൻ)
- രഹസ്യാത്മകം (ഏറ്റവും സാധാരണ വസ്തുക്കളിലും മറ്റെല്ലാ വസ്തു ക്കളിലും പവിത്രത കണ്ടെത്തുക)
- ഗ്രഹങ്ങളെ സംബന്ധിച്ച് (ആളുകൾ ഒരേ സമയം അവരുടെ തന്നെ സംസ്കാരങ്ങളിലേക്കും സ്നേഹത്തേയും അനുകമ്പയേയും സമാ ധാനത്തേയും ആഗോള ഗവൺമെന്റിന്റെ സ്ഥാപനത്തെപോലും പ്രോത്സാഹിപ്പിക്കാൻ കഴിവുള്ള ആഗോള പരമായ മാനത്തിലേയ്ക്ക് തുറക്കപ്പെട്ടവരും ആകണം)

## 7.2 തിരഞ്ഞെടുക്കപ്പെട്ട പദവിവരണ സഞ്ചയം

**അക്വാറിയസ് യുഗം (Age of Aquarius)** : ഓരോ ജ്യോതിഷ കാലത്തും രാശിചക്രമനുസരിച്ച് 2146 വർഷങ്ങൾ വീതമുള്ള യുഗങ്ങളായി തിരിച്ചി രിക്കുന്നു. രാശിചക്രത്തിൽ 'മഹാ ദിനങ്ങൾ' വീപരിത ദിശയിലായതി നാൽ ഇപ്പോഴത്തെ മീനയുഗം ( Age of Pisces) അവസാനിക്കാറായിരി ക്കുന്നു. ഇനി വരാനിരിക്കുന്നത് അക്വാറിയസ് യുഗമാണ്. ഓരോ കാല ഘട്ടത്തിനും പ്രത്യേകമായി പ്രാപഞ്ചികോർജ്ജം സങ്കല്പിക്കപെട്ടിരി ക്കുന്നു. അതനുസരിച്ച് ഇപ്പോഴത്തെ യുഗം യുദ്ധത്തിന്റെയും ഏറ്റുമുട്ട ലിന്റേതുമാണ്. വരാനിരിക്കുന്ന യുഗമാകട്ടെ,യോജിപ്പ്, ഒത്തൊരുമ, സമാ ധാനം, ഐക്യം തുടങ്ങിയവയുടേതാണ്. ചരിത്രപരമായ അനിവാര്യത യാണ് ഇക്കാര്യത്തിൽ ന്യൂ ഏജ് സ്വീകരിക്കുന്നത്. **ചിലരുടെ അഭിപ്രായ ത്തിൽ ഏറീസ് യുഗം (Age of Aries) യഹൂദമതത്തിന്റെയും മീനയുഗം (Age of Pisces) ക്രിസ്തുമതത്തിന്റെയും കുംഭംരാശി (Age of Aquarius) ആഗോള മതത്തിന്റേതുമാണ്.**

**ആൻഡ്രോഗിനി (Androgyny)**: നപുംസകങ്ങളെ **(hermaphroditism)** കുറിച്ചുള്ളതല്ല ഇത്. അതായത് ദ്വിലിംഗത്തിന്റെയും ശാരീരിക സ്വഭാവ

ത്തിന്റെ സാന്നിധ്യം അല്ല ഇവിടെ ഉദ്ദേശിക്കുന്നത്. എല്ലാ സ്ത്രീകളിലും പുരുഷന്മാരിലും ഉള്ള സൈത്രണവും പുരുഷത്വവുമാർന്ന സ്വഭാവങ്ങ ളുടെ സാന്നിധ്യത്തെകുറിച്ചുള്ള അറിവാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അത് *പ്രേരകശക്തിയുടെയും (animus) ആത്മാവിന്റെയും (anima)* ആന്തരിക മായ സംന്തുലിതാവസ്ഥയോടുള്ള യോജിപ്പായ അവസ്ഥയാണ് എന്ന് പറയപ്പെടുന്നു. ന്യൂ ഏജിൽ ഈ രണ്ട് രീതിയിൽ ആയിരിക്കുന്ന അവസ്ഥയെ കുറിച്ചുള്ള അറിവിൽ നിന്നുളവായ അവസ്ഥയാണ്. അതിന്റെ നിലനിൽപാണ് എല്ലാ പുരുഷന്റെയും സ്ത്രീയുടെയും സ്വഭാവം. എത്ര യധികം ഇത് വ്യാപിക്കുന്നുവോ അത്രയും കൂടുതൽ ഇത് വ്യക്തികൾ തമ്മിലുള്ള പെരുമാറ്റങ്ങളിൽ രൂപാന്തരം വരുത്തുന്നതിനെ സഹായിക്കും എന്നു കരുതപ്പെടുന്നു.

**<u>ആന്ത്രസോപ്പോസോഫി</u> (Anthroposophy)**:

1902 മുതൽ 1913 വരെ ജർമ്മൻ തിയോസോഫിക്കൽ സൊസൈറ്റിയുടെ ലീഡർ ആയിരുന്ന, പിന്നീട് ഈ പ്രസ്ഥാനം ഉപേക്ഷിച്ച ക്രോട്ട് റുഡോൾഫ സ്റ്റീനർ (1861 - 1925) പ്രസിദ്ധമാക്കിയ ഒരു ബ്രഹ്മവാദ മൂല തത്വം ആണിത്. ആത്മീയ- ദൈവീക മേഖലകളിൽ ആളുകളെ "വസ്തു നിഷ്ഠമായ അറിവിലേക്ക്" നയിക്കുന്നതിനായ് ഉദ്ദേശിച്ചുള്ള ഒരു നിഗൂ ഢതത്വം ആണിത്. പ്രപഞ്ചത്തിന്റെയും മനുഷ്യ വംശത്തിന്റെയും പരി ണാമ തത്വങ്ങൾ മനസ്സിലാക്കാൻ തന്നെ ഇത് സഹായിച്ചിട്ടുണ്ട് എന്ന് സ്റ്റീനർ വിശ്വസിച്ചിരുന്നു. എല്ലാ ശാരീരിക അവസ്ഥയ്ക്കും തുല്യമായ ഒരു ആത്മീയ അവസ്ഥയുണ്ടെന്നും ഭൂമിയിലെ ജീവിതം സൂക്ഷ്മ അശരീരി കളുടെ ഊർജ്ജത്തിനാലും അദ്ധ്യാത്മിക സാരംശത്തിനാലും സ്വാധീനി ക്കപ്പെടുന്നു എന്ന് കരുതുന്നു. ആകാശഗംഗ (akasha chronicle) തുട ക്കകാർക്ക് ലഭ്യമായ ഒരു "പ്രാപഞ്ചിക ജ്ഞാപകം"("cosmic memory") ആണ് എന്ന് പറയപ്പെടുന്നു (95).

**<u>ചാനലിംങ്ങ്</u>** (channeling): സാധാരണ അശരീരികളായ ഉയർന്ന പ്രതല ത്തിലുള്ള സ്വത്വങ്ങളിൽ നിന്നുള്ള വിവരങ്ങൾക്കായുള്ള ചാനലുകൾ ആയി പ്രവൃത്തിക്കുന്നു എന്ന് മനശാസ്ത്ര മാധ്യമങ്ങൾ അവകാശപ്പെടു ന്നു. വ്യത്യസ്തങ്ങളായ, പുരോഗിമിച്ചുകൊണ്ടിരിക്കുന്ന ഗുരുക്കന്മാരും മാലാഖമാരും ദൈവങ്ങളും സംഘ സ്വത്വങ്ങളും പ്രകൃതിപരമായ അശ രീരികളും കൂടാതെ ഉത്കൃഷ്ട സ്വത്വങ്ങളും ആയ അവസ്ഥകളെ ഇത് ബന്ധപ്പെടുത്തുന്നു.

**<u>ക്രിസ്തു</u>** (christ) **:** ന്യൂ ഏജിൽ ചരിത്രപരമായ ക്രിസ്തു എന്നത് ഒരു ആശയത്തിന്റെ അല്ലെങ്കിൽ ഊർജ്ജത്തിന്റെ അവതാരമോ അല്ലെങ്കിൽ പ്രകമ്പനങ്ങളുടെ ഒരു കൂട്ടമോ ആയ ഒന്നാണ്. ആലീസ് സെയ്‌ലി പറയു ന്നത് എല്ലാ ആളുകളും വിശ്വസിക്കുമ്പോൾ ആളുകൾക്ക് തന്നെ തന്നെ

രക്ഷിക്കാൻ കഴിയുന്ന കൂടുതൽ അവതാരങ്ങളെ വെളിപെടുത്തുന്ന, ആത്മീയത ഊർജ്ജത്തിനുമേലുള്ളത്രയും ഏകാഗ്രത സൃഷ്ടിക്കപ്പെടും എന്നതാണ് ........ **ധാരാളം ആളുകൾക്ക് ക്രിസ്തു എന്നത് പ്രാപഞ്ചിക ക്രിസ്തുവിനാൽ ആഴ്ന്നിറങ്ങിയ മറ്റു പലരിലും പോലെ ബുദ്ധനെ പോലയോ, മോസസിനെപോലെയോ മുഹമദിനെ പോലെയോ ഉള്ള ഒരു ആത്മീയ ഗുരു എന്നതിൽ കൂടുതലായി ഒന്നുമല്ല.** പ്രാപഞ്ചിക ക്രിസ്തു ഓരോ അവസ്ഥയ്ക്കും ജീവന്റെ സമ്പൂർണ്ണതയുടെയും അടി സ്ഥാനമായ ക്രിസ്ത്വത്വ ഊർജ്ജമായി അറിയപെടുന്നു. വ്യക്തികളെ എല്ലാ വരിലും ഉണ്ട് എന്ന് പറയപ്പെടുന്ന ക്രിസ്ത്വത്വത്തിന്റെ അറിവിലേക്ക് പടി പടിയായി നയിക്കേണ്ട ആവശ്യമുണ്ട് എന്ന് കരുതപ്പെടുന്നു. ന്യൂ ഏജ് അർത്ഥത്തിൽ ക്രിസ്തു എന്നത് അഹത്തിന്റെ ഏറ്റവും ഉത്കൃഷ്ടമായ പരിപൂർണ്ണാവസ്ഥയെ പ്രതിനിധീകരിക്കുന്നതാണ് **([96]).**

**ക്രിസ്റ്റൽസ്** (crystals) **:** എടുത്തുപറയത്തക്ക ആവൃത്തിയിൽ പ്രകമ്പിക്കു ന്നതായി കണക്കാക്കപ്പെടുന്നു. അതിനാൽ സ്വത്വത്തിന്റെ പരിവർത്തന ത്തിന് അവ പ്രയോജനകരമാണ്. വിവിധങ്ങളായ ചികിത്സാരീതികളിലും ധ്യാനങ്ങളിലും ഭാവന കാണുന്നതിലും 'അഭൗമയാത്രയിലും' ('astral travel') അല്ലെങ്കിൽ ഭാഗ്യ ചിഹ്നങ്ങളായും അവ ഉപയോഗിക്കുന്നു. പുറമെ നിന്ന് നോക്കിയാൽ ആന്തരിക മൂല്യങ്ങൾ അവയ്ക്കില്ല എന്നാൽ ലളിതമായി അവ ഭംഗിയുള്ളതാണ്.

**ഡെപ്ത്ത് സൈക്കോളജി** (Depth psychology) **:** ഫ്രൂഡിന്റെ പഴയകാല ശിഷ്യനായിരുന്ന സി.ജി യുങ്ങ് സ്ഥാപിച്ചതാണ് മന:ശാസ്ത്ര സ്കൂൾ. പൂർണ്ണതയ്ക്കും ആരോഗ്യത്തിനും മതവും ആത്മീയ കാര്യങ്ങളും വളരെ പ്രധാന്യമുള്ളതാണ് എന്ന് യുങ്ങ് കരുതിപോന്നു. അദ്ദേഹത്തിന്റെ രീതി കളിൽ സ്വപ്നങ്ങളെ കുറിച്ചുള്ള വ്യാഖ്യാനങ്ങളും മൂല മാതൃകയുടെ (Archctypes) വിശകലനങ്ങളും വളരെ പ്രധാനപ്പെട്ട ഘടകങ്ങൾ ആയി രുന്നു. മനുഷ്യ മനസ്സിന്റെ തലമുറകളായി കിട്ടിയ ഘടക വിത്യാസത്തിന്റെ ഭാഗമായ രൂപങ്ങൾ ആണ് മൂല മാതൃകങ്ങൾ; അവ ആവർത്തന സ്വഭാവ മുള്ള ശില്പ രചനയിലെ മുഖ്യ ഘടകങ്ങളിലും സ്വപ്നങ്ങളുടെ പ്രതി ഫലനങ്ങളിലും, ഭാവന സങ്കല്പങ്ങളിലും ഐതിഹ്യങ്ങളിലും മുത്തശ്ശി കഥകളിലും പ്രത്യക്ഷപ്പെടുന്നു.

**എനിഗ്രാം (Enneagram) :** (ഗ്രീക്ക് ഭാഷയിൽ *ennea* = ഒൻപത്, ഗ്രാമ = ചിഹ്നം). ഒരു വൃത്തത്തിൽ അടയാളപ്പെടുത്തിയ ഒൻപത് ബിന്ദുക്കളിൽ നിന്ന് ത്രികോണങ്ങൾ വഴിയോ ഷഡ്കോണുകൾ വഴിയോ രൂപപെടു ത്തിയ ചിത്രം. ദിവ്യത്വം ആരോപിക്കപ്പെടുന്നെങ്കിലും ഈ രൂപം ഒൻപത്

വ്യത്യസ്ത സ്വഭാവ രീതികളെ പ്രതിനീധികരിക്കുന്നതായും പറയുന്നു. സുഫി മിസ്റ്റിസത്തിൽ നിന്നാണ് ഇതിന്റെ ആവിർഭാവം എന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അത് ഇപ്പോഴും ദുരുഹമാണ്. ഹെലൻ പാമർ തന്റെ എനിഗ്രാം എന്ന പുസ്തകത്തിൽ ([97]) ഈ കണ്ടുപിടത്തത്തിന്, റഷ്യക്കാരനായ ജി. ഐ. ഗുവോൾജെറ്റ്, ചിലിയിലെ ക്ലോഡിയോ നാരൻജോ, എഴുത്തുകാരനായ ഓസ്ക്കർക്കാസോ എന്നിവർക്ക് കടപ്പാട് രേഖപ്പെടുത്തിയിട്ടുണ്ട്.

**എസോടെറിസിസം** (Esotericism)**:** (ഗ്രീക്ക് ഭാഷയിൽ നിന്ന് **esoteros=** ഉള്ളിലുള്ളത് എന്താണോ അത്) പൊതുവെ പറഞ്ഞാൽ, ഉയർന്ന അറിവിലേക്ക് നടന്നു കയറുന്ന ഗ്രൂപ്പുകൾക്ക് മാത്രം പ്രാപ്യം ആയ പുരാതനവും നിഗൂഢമായ അറിവ്. ഈ ഗ്രൂപ്പുകൾ, ഭൂരിപക്ഷം ഉള്ള ആളുകളിൽ നിന്ന് മറയ്ക്കപ്പെട്ട സത്യത്തിന്റെ കാവൽക്കാരായിട്ട് അവരെ തന്നെ വിശേഷിപ്പിക്കുന്നു. അറിവിന്റെ പ്രാരംഭ ദശയിലുള്ള ഈ ഗ്രൂപ്പുകളിലെ ആളുകൾ അറിവിന്റെ പ്രക്രിയയിലൂടെ വെറും ബാഹ്യവും ഉപരിപ്ലവും ആയ യാഥാർത്ഥ്യത്തിന്റെ അറിവിൽ നിന്ന് ആന്തരിക സത്യത്തിലേക്ക് നയിക്കപ്പെടുന്നു. ഈ പ്രക്രിയയിൽ അവരിലുള്ള ആഴമായ ബോധാവസ്ഥയെ ഉണർത്തപ്പെടുന്നു. ആളുകളെ, അവരിലുള്ള 'ദിവ്യമായ സ്ഫുലിംഗത്തെ' കണ്ടെത്താൻ "ആന്തരികമായ യാത്ര" നടത്താൻ ക്ഷണിക്കുന്നു. ആത്മരക്ഷ, ഈ സാഹചര്യത്തിൽ, തന്റെ സ്വത്വത്തെ കണ്ടുപിടിക്കുക എന്നതുമായി യോജിച്ചുപോകുന്നു.

**ഇവുലുഷൻ** (Evolution) : മേല് തട്ടിലുള്ള ജീവ രൂപങ്ങളിലേക്ക് ജീവനുള്ളത് പരിണാമം ചെയ്തുകൊണ്ടിരിക്കുന്നു എന്ന വിഷയത്തേക്കാൾ വളരെ കൂടുതലുള്ള വിഷയമാണ് ന്യൂ ഏജിൽ ഇതിലുള്ളത്; ശാരീരിക മാതൃക ആത്മീയ അധികാര പരിധിയിലേക്ക് ഉന്തിനീക്കപ്പെടുന്നു. അതുവഴി മനുഷ്യന്റെ ഉള്ളിലെ സഹജമായ ശക്തി അവരെ ഉയർന്ന ആത്മീയ ജീവരൂപങ്ങളിലേക്ക് മുന്നോട്ട് തള്ളും എന്നും അർത്ഥമാക്കുന്നു. മനുഷ്യർക്ക് ഈ ശക്തിയുടെ മേൽ പരിപൂർണ്ണ നിയന്ത്രണം ഇല്ല എന്നു കരുതപ്പെടുന്നു, എന്നാൽ അവരുടെ നല്ലതും ചീത്തയായതും ആയ പ്രവൃത്തികൾക്ക് ഈ ശക്തിയെ ത്വരിതപ്പെടുത്താനോ പുരോഗതിയെ തടയാനോ സാധിക്കും. മനുഷ്യരടക്കം എല്ലാ സൃഷ്ടികളും ദിവ്യത്വവുമായുള്ള സംയോജനത്തിലേക്ക് അപ്രതിരോധമാം വിധം നീങ്ങികൊണ്ടിരിക്കുകയാണ്. ഒരുവന്റെ ജനനത്തിന് മുൻപ് തുടങ്ങിയതും മരണത്തിന് ശേഷം തുടരും എന്നു പറയപ്പെടുന്ന പുരോഗമന ആത്മീയ പരിണാമത്തിലുള്ള ഈ കാഴ്ചപ്പാടിൽ പുനർജന്മത്തിന് വ്യക്തമായി പ്രധാനപ്പെട്ട ഒരു സ്ഥാനം ഉണ്ട് ([98]).

**ബോധവികാസം** (Expansion of consciousness) : പ്രപഞ്ചത്തെ അസ്തിത്വ ത്തിന്റെ തുടർച്ചയായ ഒരു ചങ്ങലയായി നിലനിൽപിന്റെ എല്ലാ നിലക ളിലും കാണുന്നു എങ്കിലും - ധാതുക്കൾ, ഫലമൂലാദികൾ, മൃഗങ്ങൾ, മനുഷ്യർ, പ്രാപഞ്ചികവും ദിവ്യവുമായ അസ്തിത്വങ്ങൾ- ഇവയെല്ലാം പര സ്പര ആശ്രയത്വത്തിലുള്ളതാണ്. മനുഷ്യർക്ക്, തന്റെ ബോധ മണ്ഡ ലത്തെ പരിമിതമായ പരിധികളിൽ നിന്ന് ഉയർത്തികൊണ്ട് ആഗോള യാഥാർത്ഥ്യത്തിന്റെ ഏകാത്മക ദർശനത്തിൽ അവരുടെ സ്ഥാനത്തെ കു റിച്ച് അറിയാൻ സാധിക്കും എന്നു പറയപ്പെടുന്നു. ന്യൂ ഏജ്, ആളുകൾക്ക് വളരെയധികം വ്യത്യസ്തങ്ങളായ 'വിദ്യകൾ' നൽകുന്നുണ്ട്. പ്രതീക്ഷിക്കുന്ന യാഥാർത്ഥ്യത്തിന്റെ ഉയർന്ന നിലയിലേക്ക് അവരെ എത്തിച്ചേരാൻ സഹായിക്കാനാണ് ഈ വിദ്യകൾ. കൂടാതെ, അറിവനായുള്ള പ്രക്രിയയിൽ പ്രതിപാദ്യ വിഷയങ്ങൾ തമ്മിൽ തമ്മിലും പ്രതിപാദ്യ വിഷയങ്ങളും വസ്തുക്കളും തമ്മിലുള്ള വേർതിരിവിനെ തരണം ചെയ്യാനുള്ള വഴിയായിട്ടും വിദ്യകൾ ആളുകളെ സഹായിക്കുന്നു. സാധാരണമായതും താഴ്ന്ന തട്ടിലുമുള്ള അറിവ് വ്യത്യസ്തമായ യാഥാർത്ഥ്യം എന്ന് കാണുന്നവയെ സംയോജിപ്പിൽ എത്തിക്കാനും ആളു കളെ വിദ്യകൾ സഹായിക്കുന്നതായി കണക്കാക്കപ്പെടുന്നു.

**ഫെൻഗ്ഷൂയി** (feng-shui) : ഭൗതികവും അന്തരീക്ഷത്തിലുള്ളതുമായ ശക്തികളെ കുറിച്ചുള്ള അറിവിനെ അടിസ്ഥാനമാക്കിയിട്ടുള്ള സ്ഥലങ്ങ ളേയും കെട്ടിടങ്ങളേയും മറ്റും ഋണ - ഊർജ്ജ പ്രവാഹങ്ങളെ വേർതി രിച്ചറിയാനുള്ള ഒരു ചൈനീസ് ഗൂഢതന്ത്രം. "മനുഷ്യ ശരീരമോ പ്രപ ഞ്ചമോ പോലെ തന്നെ ഓരോ സ്ഥലവും ഊർജ്ജ പ്രവാഹത്തിന് വിധേ യമാണ്. ഇവയുടെ സന്തുലിതാവസ്ഥ ആരോഗ്യവും ജീവനും ഉറപ്പ് തരുന്നു (99).

**നോസിസ്** (Gnosis) : പൊതുവെ പറഞ്ഞാൽ, ബുദ്ധിപരമല്ലാത്ത അറി വിന്റെ ഒരു രൂപമാണിത്. എന്നാൽ അത് സാങ്കല്പികമോ, അല്ലെങ്കിൽ രഹസ്യാത്മകമായ ആശയം ആണ്. അത് വെളിപ്പെടുത്തി കിട്ടേണ്ടതും മനുഷ്യരെ ദിവ്യമായ രഹസ്യങ്ങളിലേക്ക് യോജിപ്പിക്കാൻ കഴിവുള്ളതു മാണ്. ക്രിസ്തുമതത്തിന്റെ ആദ്യനൂറ്റാണ്ടുകളിൽ സഭാ പിതാക്കന്മാർ ഈ ജ്ഞാനവാദത്തെ, അത് വിശ്വാസത്തിന് എതിരായതുകൊണ്ട് എതിർത്തി രുന്നു. ന്യൂ ഏജിൽ ഈ ജ്ഞാനവാദ ആശയങ്ങൾ വീണ്ടും ജനിച്ചു എന്ന് ചിലർ കാണുന്നു. ന്യൂ ഏജ് മായി ബന്ധപ്പെട്ട ചില ഗ്രന്ഥകാരൻമാർ ശരിക്കും ആദ്യകാല ജ്ഞാനവാദം ഉദ്ധരിക്കുന്നുണ്ട്. അതെ സമയം ന്യൂ ഏജിൽ അദ്വൈത വാദത്തിനും (monism) ബ്രഹ്മ വാദത്തിനും (Panthe- ism) ബഹുദൈവവാദത്തിനും (Panentheism) കൊടുക്കുന്ന അമിത പ്രാധാന്യം ചില ആളുകളെ ന്യൂ ഏജ് ജ്ഞാനവാദത്തിനെ പുരാതന

ജ്ഞാനവാദത്തിൽ നിന്ന് വേർതിരിക്കാൻ നൂതന ജ്ഞാനവാദം എന്ന പദം ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്

**ഗ്രേറ്റ് വൈറ്റ് ബ്രദർഹുഡ്** (Great white Brother hood): ശ്രീമതി ബ്ളാവാസ്കിയ്ക്ക് മഹാത്മാക്കൾ അഥവാ ഗുരുക്കന്മാരുമായി ബന്ധം ഉണ്ട് എന്ന് അവകാശപ്പെട്ടിരിക്കുന്നു. ഉന്നത പദവിയിൽ ഉള്ള ഈ സ്വത്വങ്ങൾ എല്ലാം ചേർന്നതാണ് ഗ്രേറ്റ് വൈറ്റ് ബ്രദർ ഹുഡ്. അവർ മനുഷ്യവംശത്തിന്റെ പരിണാമത്തെ നയിക്കുന്നവരായിട്ടും തിയോസോഫിക്കൽ സൊസൈറ്റിയുടെ ദൗത്യങ്ങൾ നിർവ്വഹിക്കുന്നവരായിട്ടും ശ്രീമതി ബ്ലാവാസ്കി കണ്ടിരുന്നു.

**ഹെർമെറ്റിസിസം** (Hermeticism) : *കോർപ്പസ് ഹെർമെറ്റികം* എന്ന ഗ്രന്ഥത്തിലും ഹെർമെസ് ട്രിസ് മേജിസ്റ്റോസ് എന്ന സംഭവിക്കാൻ ഇടയില്ലാത്ത കാര്യങ്ങൾ ഉള്ള അലക്സാണ്ട്രിയൻ രേഖകളിലും പറഞ്ഞിരിക്കുന്നതുമായി ബന്ധപ്പെടുത്തിയിട്ടുള്ള തത്വശാസ്ത്രപരമായതും മതപരവും ആയ അനുഷ്ഠാനങ്ങളും ഉഹോപോഹങ്ങളുമാണ് ഇത്. നവോത്ഥാനകാലത്ത് ഇവ അറിയപ്പെട്ട സമയത്ത് അവ ക്രിസ്ത്യൻ തത്വങ്ങൾക്ക് മുമ്പുള്ളവയെ വെളിപെടുത്തുന്നതായി കണക്കാക്കപ്പെട്ടു. എന്നാൽ പിന്നീടുള്ള പഠനങ്ങൾ, അവ ക്രിസ്ത്യൻ കാലഘട്ടത്തിന്റെ ഒന്നാം നൂറ്റാണ്ട് തൊട്ട് ഉള്ളതാണ് എന്ന് കാണിച്ചു തന്നു ([100]). അലക്സാണ്ട്രിയൻ ഹെർമെറ്റിസിസം ആധുനിക ജ്ഞാനവാദത്തിന്റെ വലിയ സമ്പത്താണ്. ഇവ രണ്ടിനും വളരെയധികം പൊതുവായിട്ടുണ്ട്; അസ്തിത്വത്തിന്റെ സ്വഭാവം പ്രതിപാദിക്കുന്ന ശാസ്ത്രപരമായ, ദൈവാദ നിരാകരണം ഉൾകൊള്ളുന്ന ഉത്തമാംശങ്ങളെ തിരഞ്ഞെടുക്കുന്ന വാദം, പ്രപഞ്ചത്തിനെ പ്രതീകാത്മകവും ക്രിയാത്മകവും ആയ ദൃഢ പ്രഖ്യാപനം, മനുഷ്യന്റെ പതനവും പുന: സ്ഥാപനവും ആണ് അവ. പുരാതന പ്രാമുഖ്യ പാരമ്പര്യത്തിലും അല്ലെങ്കിൽ എല്ലാ മതങ്ങളുടെയും പൊതുവായ പാരമ്പര്യം എന്ന് തെറ്റായി കണക്കാക്കപ്പെടുന്ന '*നിതാന്ത തത്വശാസ്ത്രം*' ('philosophia perennis') എന്നു വിളിക്കപ്പെടുന്നതിലും ഹെർമെറ്റിക് ഊഹോപോഹങ്ങൾക്ക് ശക്തിയായ വിശ്വാസങ്ങൾ ഉണ്ട്. നവോത്ഥാന ഹെർമെറ്റിസിസത്തിൽ നിന്ന് ഉയർന്നതും ആഘോഷപരമായ മാജിക് വികസിച്ചു.

**ഹോളിസം** : "പുതിയ ദർശനത്തിലെ" ഒരു പ്രധാന വിഷയമാണിത്. ആധുനിക മനുഷ്യന്റെ മുഴുവൻ ലോകവീക്ഷണത്തേയും സംയോജിപ്പിക്കുന്ന ഒരു ആശയപരമായ ചട്ടക്കൂട് നല്കും എന്ന് ഇത് അവകാശപ്പെടുന്നുണ്ട്. ശാസ്ത്രത്തിലും അനുദിന ജീവിതത്തിലും ഉള്ള വർദ്ധിച്ചു വരുന്ന വിഘടിക്കുന്ന അനുഭവത്തിന് വിപരീതമായി "പൂർണത"

("Wholeness") എന്ന പ്രയോഗികവും അസ്തിത്വത്തിന്റെ സ്വഭാവവും പ്രതിപാദിക്കുന്ന ശാസ്ത്രപരമായതുമായ കേന്ദ്ര വിഷയം ആയി ഇത് ഉന്നയിക്കുന്നു. ചലനാത്മകമായ ബന്ധങ്ങളുടെ ഒരു യോജിപ്പുള്ള ശൃംഖ ലയായ ജൈവ സത്തയുടെ ഒരു കേവലമാത്ര ഘടകമായി പ്രപഞ്ചത്തിൽ മനുഷ്യൻ പരിഗണിക്കപെടുന്നു. ദെക്കാർത്തയും ന്യൂട്ടനും എന്തിന്റെ പേരിൽ കുറ്റപെടുത്തപ്പെട്ടുവോ, വസ്തുനിഷ്ഠതയും ആത്മനിഷ്ഠതയും തമ്മിലുള്ള, ഉദാത്തമായ ആ വ്യത്യാസത്തെ പല ശാസ്ത്രജ്ഞരും എതിർക്കുകയും ശാസ്ത്രത്തിനും മതത്തിനും തമ്മിൽ ഒരു രഞ്ജിപ്പ് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ആഗോളപരമായ ശൃംഖലയുടെ (പരി സ്ഥിതി, കുടുംബം) ഒരു ഭാഗം ആണ് മനുഷ്യൻ. മനുഷ്യൻ ഈ അർദ്ധ-അതീന്ദ്രിയാധികാരത്തിന്റെ എല്ലാ ഘടകങ്ങളുമായുള്ള യോജിപ്പിനായ് അന്വേഷിക്കണം. ഒരുവൻ പ്രകൃതിയിലും ദിവ്യമായ പ്രപഞ്ചത്തിലും ഉള്ള തന്റെ സ്ഥാനത്തെ മനസ്സിലാക്കുമ്പോൾ "പൂർണ്ണതയും" ("wholeness") "പരിശുദ്ധിയും" ("holiness") ഒരേ കാര്യമാണെന്നും അവൻ മനസ്സിലാ ക്കുന്നു. ഹോളിസത്തിന്റെ ആശയത്തിന്റെ ഏറ്റവും വ്യക്തമായ വിശദീക രണം "ഗയ്യ" ("Gaia") അനുമാനങ്ങളിലുണ്ട് (101).

<u>**ഹ്യൂമൻ പൊട്ടെൻഷ്യൻ മൂവ്മെന്റ്**</u> : തുടക്കം മുതൽ (ഇസലൻ, കാലി ഫോർണിയ, 1960 കളിൽ) ആത്മസാക്ഷാത്ക്കാരത്തിലൂടെ സർഗാത്മക തയ്ക്കുവേണ്ടി, അന്തർലീനമായ മനുഷ്യശേഷിയെ തുറന്നുവിടുന്നതിനെ പ്രോൽസാഹിപ്പിക്കുന്ന ഗ്രൂപ്പുകളുടെ ശൃംഖലാപരമായ വളർച്ചയിലേക്ക് ഇത് പരിശ്രമിച്ചിട്ടുണ്ട്. **അത്യന്തികമായി സാധാരണയായുള്ള സാമ്പ ത്തിക ആവശ്യങ്ങൾ ഉന്നം വെച്ച്, കമ്പനികൾ മാനേജ്മെന്റ് പരിശീ ലന പരിപാടികളിൽ, കൂടുതൽ കൂടുതൽ ആയി വ്യക്തിപരമായ പരിവർത്തനത്തിന് വേണ്ടിയുള്ള പലവിധ വിദ്യകൾ പ്രയോഗിക്കു ന്നുണ്ട്. വ്യക്തിത്വത്തിനപ്പുറത്തെ ശാസ്ത്ര സാങ്കേതിക വിദ്യകൾ, ആത്മീയമായ ആന്തരിക അറിവിനായുള്ള പ്രസ്ഥാനങ്ങൾ, സംഘട നപരമായ വികാസത്തിനും സംഘടനാപരമായ രൂപാന്തരികരണ ത്തിനും ആയുള്ള പ്രസ്ഥാനങ്ങൾ ഇവയെല്ലാം മതപരമല്ലാത്തതായി ഉന്നയിക്കപെടുന്നു.** എന്നാൽ യഥാർത്ഥത്തിൽ കമ്പനികളിലെ ജോലി ക്കാർ അവരുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന് എതിരായി അവരെ തന്നെ തികച്ചും അന്യമായ ഒരു ആത്മീയതയ്ക്ക് സമർപ്പിക്കപ്പെടുന്നതായി അവർക്ക് കാണാൻ സാധിക്കും. പൗരസ്ത്യ ആത്മീയതയും മനഃശാസ്ത്ര ചികിത്സാരീതിയും തമ്മിൽ വ്യക്തമായ ബന്ധങ്ങൾ ഉണ്ട്. യുങ്ങിന്റെ മനഃ ശാസ്ത്രവും ഹ്യൂമൺ പൊട്ടൻഷ്യൽ മൂവ്മെന്റും ഷാമനിസത്തിലും (shamanism) ഡ്രൂഡ്രിയിലും (Druidry) വിക്കായിലും (wicca) പോലുള്ള നവീ

കൃത പേഗൻ ആശയങ്ങളുടെ രൂപങ്ങളിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. പൊതുവായിട്ട്, വ്യക്തിപരമായ വളർച്ച, ന്യൂ ഏജ് പ്രസ്ഥാനത്തിലെ “മതപരമായ ആത്മ രക്ഷ” ("religious salvation") എന്ന രൂപമായി മനസ്സിലാക്കപ്പെടുന്നു. നമ്മുടെ ആന്തരിക ദൈവികത്വമായുള്ളതുമായി കൂടുതൽ അടുക്കുമ്പോൾ കൈവരുന്ന മനുഷ്യശേഷിയെ വികസിപ്പിക്കുന്നതു വഴി മാനുഷിക സഹനങ്ങളിൽ നിന്നും ബലഹീനതകളിൽ നിന്നും ഉള്ള വിടുതൽ നേടാം എന്ന് ഇത് ദൃഢ പ്രഖ്യാപനം നടത്തുന്നു([102]).

**ഇനിഷ്യയേഷൻ** (Initiation) : മതപരമായ ശാസ്ത്രത്തിൽ ഇത് ധാരണാപരവും /അല്ലെങ്കിൽ പരീക്ഷണാടിസ്ഥാനത്തിലുള്ള യാത്രയാണ്. അതിൽ വ്യക്തി തനിച്ചോ കൂട്ടമായോ മതപരമായ സമൂഹത്തിന്റെ, രഹസ്യ സമൂഹത്തിന്റെ (ഉദാ ഫ്രീമേസണറി) അല്ലെങ്കിൽ നിഗൂഢമായ സമൂഹത്തിന്റെ (മാന്ത്രികം, നിഗൂഡാത്മക - മറഞ്ഞിരിക്കുന്ന, ജ്ഞാനവാദപരമായ, ബ്രഹ്മവാദപരമായവ തുടങ്ങിയവ) അംഗത്വത്തിലേക്ക് ചില പ്രത്യേക അനുഷ്ഠാനങ്ങൾ വഴി പ്രവേശിപ്പിക്കുന്നു.

**കർമ്മ**(Karma): (സംസ്കൃത ഭാഷയിൽ *ക്രി* (*Kri*) = പ്രവൃത്തി) ഹിന്ദുമതത്തിലും ജൈനമതത്തിലും സുഫിസത്തിലും ഉള്ള ഒരു പ്രധാന സങ്കല്പം എന്നാൽ അതിന്റെ അർത്ഥം എല്ലായ്പ്പോഴും ഒന്നായിരിക്കില്ല. പുരാതന വേദ കാലഘട്ടത്തിൽ ഇത് അനുഷ്ഠാനപരമായ കർമ്മങ്ങൾ ആണ്; പ്രത്യേകിച്ചും ബലികളിൽ. ഇതു വഴി ഒരു വ്യക്തി മരണാന്തര ജീവിതത്തിന്റെ സന്തോഷവും അനുഗ്രഹവും പ്രാപിക്കുന്നു എന്നു കരുതുന്നു. ജൈനമതത്തിലും ബുദ്ധമതത്തിലും പ്രത്യക്ഷപെട്ടപ്പോൾ (ക്രിസ്തുവിന് ഏകദേശം 6 നൂറ്റാണ്ടുകൾക്ക് മുൻപ്), കർമ്മ എന്ന ആശയത്തിന് അതിന്റെ മോക്ഷദായകത്വം നഷ്ടപ്പെട്ടു: മുക്തിക്കായുള്ള ആത്മനെ (*atmen*) അല്ലെങ്കിൽ “അഹത്തെ” (*"Self"*) കുറിച്ചുള്ള അറിവാണ് സംസാര ചക്രത്തിന്റെ (*Samsara*) തത്വങ്ങളിൽ ഇത്. ഹിന്ദുമതത്തിൽ മരണത്തിന്റെയും പുനർജന്മത്തിന്റെയും നൈരന്തര്യമായും ബുദ്ധമതത്തിൽ പുനർജന്മമായും കണക്കാക്കപ്പെടുന്നു ([103]). ന്യൂ ഏജ് സാഹചര്യങ്ങളിൽ “കർമ്മനിയമം”("law of karma") പ്രപഞ്ച പരിണാമത്തിന്റെ ധാർമ്മികമായ തുല്യമൂല്യമുള്ളതായി കണക്കാക്കപ്പെടുന്നു. അതിന് തിന്മയോ സഹനവുമായോ ഒരു കാലത്തും ബന്ധമൊന്നുമില്ല - “പ്രപഞ്ചകേളിയുടെ”("cosmic game") ഭാഗമായി മായാദർശനങ്ങൾ അനുഭവപെടേണ്ടതുണ്ട് - എന്നാൽ അത് പ്രപഞ്ച നിയമത്തിന്റെ കാരണവും ഫലവും പരസ്പര ബന്ധിതമായ പ്രപഞ്ചത്തിന് ധാർമ്മിക സംന്തുലിതാവസ്ഥയ്ക്ക് നേരേയുള്ള പ്രവണ

തയുടെ ഭാഗവുമാണ് ([104]).

**മോണിസം** (Monism) : വസ്തുക്കൾ തമ്മിലുള്ള വ്യത്യാസം മായയാണെന്ന അതി ഭൗതിക വിശ്വാസം, ഒരേ ഒരു പ്രപഞ്ചസത്തയേ ഉള്ളൂ. എല്ലാ വസ്തുക്കളും എല്ലാ മനുഷ്യരും അതിന്റെ ഭാഗം മാത്രം. യഥാർത്ഥ്യം അടിസ്ഥാനപരമായി ആത്മീയമാണ് എന്ന് ആശയം. ന്യൂ ഏജ് മോണിസത്തിൽ ഉൾപ്പെടുന്നിടത്തോളം ഇത് സർവ്വം ബ്രഹ്മമയം എന്ന വാദത്തിന്റെ സമകാലീന രൂപം ആണ്. (ഇത് ചിലപ്പോൾ പ്രത്യക്ഷപരമായി ഭൗതിക വാദത്തെ പ്രത്യേകിച്ച് മാർക്സിസ്റ്റ് ചിന്താഗതിയോടുള്ള നിരാകരണം ആണ്). എല്ലാ ദ്വൈതപരമായ (dualism) എന്നിൽ നിന്ന് വേർപ്പെട്ട മറ്റൊരു സത്ത; എല്ലാതും പരിഹരിക്കും എന്നാണ് ഇത് അവകാശപ്പെടുന്നത്. **അതിനാൽ അതീന്ദ്രിയ ദൈവത്തിന് അവിടെ ഒരു സ്ഥാനവും ഇല്ല**. അതുകൊണ്ട് എല്ലാം *ദൈവമാണ്*. തിന്മയുടെ ഉത്ഭവം എന്ന വിഷയം ഉന്നയിക്കുമ്പോൾ ക്രിസ്ത്യാനികൾക്ക് വീണ്ടും കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. സി. ജി. യുങ്ങ് തിന്മയെ ദൈവത്തിന്റെ "നിഴൽ വശം"("shadow side") ആയിട്ടാണ് കണ്ടത്. പരമ്പരാഗത ശൈലിയിലുള്ള ദൈവ ചിന്തയിൽ 'എല്ലാം നന്മയാണ്' എന്നതാണ് ദൈവം.

**മിസ്റ്റിസിസം** (Mysticism) : ന്യൂ ഏജ് മിസ്റ്റിസിസം എന്നത് "മുഴുവനായും വേറെ" ("totally other") ദൈവവുമായുള്ള കൂടി ചേരൽ എന്നതിനെക്കാളേറെ തന്റെ ഉള്ളിലേക്ക് തന്നെ തിരിയുക എന്നതാണ്. **അത് പ്രപഞ്ചവുമായുള്ള സംയോജനം ആണ്**. അതായത് വ്യക്തി, പൂർണ്ണതയുടെ ഏകതാനതയിൽ ഉള്ള അത്യന്തികമായ ഒരു ഇല്ലാതാകൽ ആണ് അത്. സ്വബോധം എന്നത് ദിവ്യത്വത്തിന്റെ അനുഭവത്തിലേക്ക് പ്രവേശിക്കുക എന്നതാണ്. അതുകൊണ്ട് ഒരുവൻ ആധികാരികമായ ജ്ഞാനത്തിനും സർഗ്ഗശേഷിയ്ക്കും ശക്തിക്കും വേണ്ടി തന്നിലേക്ക് തന്നെ തിരിയുന്നു.

**നിയോ പാഗനിസം** (Neopaganism) : ആരുടെമേലാണോ ഈ പദം പ്രയോഗിക്കുന്നത്, അവർ പലപ്പോഴും അത് നിരാകരിക്കുന്നു. ന്യൂ ഏജുമായും സമാന്തരമായി പോകുന്ന ചിന്താധാരയും പലപ്പോഴും അതുമായി പലപ്പോഴും തമ്മിൽ ഇടപെടുകയും ചെയ്യുന്നതുമാണ്. പാരമ്പര്യ മതങ്ങൾക്കെതിരായുള്ള പ്രത്യേകിച്ചും പാശ്ചാത്യ യഹൂദ ക്രിസ്ത്യൻ പൈതൃകത്തിനഎതിരായുള്ള മഹാ പ്രതിപ്രവർത്തന തിരമാലയടിയിൽ വളരെയധികം ആളുകൾ പുരാതന, തദ്ദേശീയ, പരമ്പരാഗത *വിജാതീയ* (Pagan) മതങ്ങളെ വീണ്ടും പ്രാപിച്ചിട്ടുണ്ട്. ക്രിസ്തീയതയ്ക്ക് മുമ്പുള്ളതിനെ എല്ലാം സ്ഥലത്തിന്റെയും അല്ലെങ്കിൽ രാജ്യത്തിന്റെയും കൂടുതൽ ശരിയായ അരുപിയുടെതായി ഗണിക്കപ്പെടുന്നു. പ്രകൃതിയുടെ ശക്തികളുമായി ബന്ധ

പ്പെട്ട് പലപ്പോഴും മാതൃഭാവങ്ങളിലുള്ള മാന്ത്രികമായ അല്ലെങ്കിൽ പ്രേതാലുള്ള (shamanic) വിശ്വാസത്തോടുകൂടിയതിനെ വിഷലിപ്തമല്ലാത്ത സ്വഭാവിക മതത്തിന്റെ രൂപം ആയി കണക്കാക്കുന്നു. മനുഷ്യ വംശം ഉത്സവങ്ങളുടെ (കൃഷിയുമായി ബന്ധപ്പെട്ട) ചക്രത്തിലേക്കും ജീവിതത്തിന്റെ പൊതുവെയുള്ള ദൃഢ പ്രഖ്യാപനത്തിലേക്കും മടങ്ങി വന്നാൽ കൂടുതൽ ആരോഗ്യപരമായിരിക്കും എന്ന് പറയപ്പെടുന്നു. ചില വിജാതീയ മതങ്ങൾ ഈയടുത്തിടയായി പുനരുദ്ധരിക്കപ്പെട്ടതാണ്. അതിന്റെ തനതായ രൂപങ്ങളുമായുള്ള ബന്ധം, പ്രത്യേകിച്ചും സ്ത്രീപക്ഷവാദം, അല്ലെങ്കിൽ ചില വിഷയങ്ങളിൽ വർഗ്ഗീയ വിശുദ്ധിയെകുറിച്ചുള്ള ഐതിഹ്യങ്ങൾപോലുള്ള ആധുനിക സൈദ്ധാന്തിക ഘടകങ്ങളാൽ അധീനമാക്കപ്പെട്ട സാഹചര്യങ്ങളിൽ അവ ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട് (105).

**<u>ന്യൂ ഏജ് സംഗീതം</u>** (New Age Music): ഇത് വളർന്നുകൊണ്ടിരിക്കുന്ന വ്യവസായം ആണ്. **ഈ പറഞ്ഞ സംഗീതം പലപ്പോഴും തന്നെതന്നെയും അല്ലെങ്കിൽ ലോകവുമായും യോജിപ്പ് പ്രാപിക്കാൻ തക്ക രീതിയിൽ ആണ് ഉൾകൊള്ളിച്ചിരിക്കുന്നത്.** അതിൽ ചിലത് “സെൽട്ടിക്ക്” ("celtic")അല്ലെങ്കിൽ “ഡ്രൂഡിക്ക്” ("drudic") ആണ്. ചില ന്യൂ ഏജ് സംഗീതജ്ഞൻമാർ ബോധാവസ്ഥയും അബോധാവസ്ഥയും തമ്മിലുള്ള അനുരഞ്ജനം കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് അവരുടെ സംഗീതം എന്ന് അവകാശപ്പെടുന്നു. എന്നാൽ, പ്രധാനപ്പെട്ട പദശൈലികളുടെ ധ്യാനാത്മകവും താളാത്മകതയും ആവർത്തനം ഉണ്ടാകുമ്പോഴാണ്, ഈണത്തിന് പുറമെ, ഇത് മിക്കവാറും അങ്ങനെയായിരിക്കുക. ന്യൂ ഏജ് പ്രതിഭാസത്തിന്റെ വളരെ ഘട്ടങ്ങളിൽ കാണുന്നത് പോലെ ചില സംഗീതം ആളുകളെ ന്യൂ ഏജ് പ്രസ്ഥാനത്തിലേക്ക് കുറെ കൂടി അടുത്ത് കൊണ്ടുവരാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ മിക്കവാറും സംഗീതങ്ങൾ വെറും വാണിജ്യപരവും കലാപരവുമാണ്.

**<u>ന്യൂ തോട്ട്</u>** (New Thought) : അമേരിക്കൻ ഐക്യനാടുകളിൽ 19-ാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ട ഒരു മതപരമായ പ്രസ്ഥാനം. ഉത്ഭവം ആദർശവാദത്തിൽ നിന്നാണ്. അതിൽ ഇത് വളരെ പ്രസിദ്ധിയാർജ്ജിച്ച രൂപമായിരുന്നു. ദൈവം മുഴുവനായിട്ടും നന്മയാണ് എന്നും തിന്മ എന്നത് വെറും മായയാണ്; അടിസ്ഥാനപരമായ യാഥാർത്ഥ്യം മനസ്സ് ആണ് എന്ന് കരുതപ്പെടുന്നു. ഒരാളുടെ മനസ്സ് അവന്റെ ജീവതത്തിലെ സംഭവങ്ങൾക്ക് *കാരണം* ആയതുകൊണ്ട്, ഒരാളുടെ ജീവിത സാഹചര്യത്തിന്റെ എല്ലാ ഭാവങ്ങളുടെയും അത്യന്തികമായ ഉത്തരവാദിത്വം അവൻ എടുക്കേണ്ടതുണ്ട്.

**<u>ഒക്കൽട്ടിസം</u>** (occultism): മറഞ്ഞിരിക്കുന്ന അറിവും മനസ്സിന്റെയും പ്രകൃ

**8.** സഭയുടെ ആദ്യ നൂറ്റാണ്ടുകളിൽ പോലും ചില തെറ്റായ പ്രാർത്ഥനകൾ നുഴഞ്ഞ് കയറിയിട്ടുണ്ടായിരുന്നു. പുതിയ നിയമ ഭാഗങ്ങൾ (യോഹ 4:3, 1 തിമോ 1:3–7, 4:3–4) അങ്ങനെയുള്ള പ്രാർത്ഥനകളെ കുറിച്ചുള്ള സൂചനകൾ നല്കുന്നുണ്ട്. വിശ്വാസത്തിന്റെ തലത്തിൽ പിന്നീട് സംഭവിച്ച രണ്ട് വ്യതിചലനങ്ങളെ തിരിച്ചറിഞ്ഞിട്ടുണ്ട്; സോഡോനോസ്റ്റിസവും (psedo gnosticism) മെസെലൈനിസവും (messealinism) ആണ് അവ. ഇത് രണ്ടും സഭാപിതാക്കന്മാരെ ആശങ്കപ്പെടുത്തിയിരുന്നു. ആദ്യകാല ക്രിസ്തീയതയുടെ അനുഭവങ്ങളിൽ നിന്നും സഭാപിതാക്കന്മാരുടെ പ്രതികരണങ്ങളിൽ നിന്നും വളരെയധികം കാര്യങ്ങൾ പഠിക്കാനുണ്ട്. ഇപ്പോഴത്തെ പ്രശ്നത്തെ നേരിടുന്നതിന് അത് സഹായകരമാണ്.

സേഡോനോസ്റ്റിസ്ത്തിന്റെ തെറ്റുകളെ പരിഹരിക്കുന്നതിന്{സെഡോനോസ്റ്റിസം - ദ്രവ്യം അതിൽ തന്നെ മലിനവും താഴ്ന്ന നിലയിൽ ഉള്ളതാണെന്നും ആത്മാവിനെ ഇത്തരത്തിലുള്ള ദ്രവ്യം മറച്ചിരിക്കുന്നു എന്നും പ്രാർത്ഥന വഴി ആ അവസ്ഥയിൽ നിന്ന് സ്വതന്ത്രമാകേണ്ടതുണ്ട് എന്ന വാദം. അതുവഴി യഥാർത്ഥമായ ഉൽകൃഷ്ട അറിവി

ലേക്കും പരിശുദ്ധിയിലേക്കും കടക്കാമെന്നവർ വിശ്വസിക്കുന്നു. എല്ലാവർക്കും ഇത് സാധ്യമല്ല എന്നും ശരിക്കും ആത്മീയമായവർക്ക് മാത്രമേ ഇതിന് കഴിയുകയുള്ളൂ എന്ന് കണക്കാക്കപ്പെടുന്നു. അല്ലാത്ത സാധാരണ വിശ്വാസിയ്ക്ക് ക്രിസ്തുവിന്റെ പ്രമാണങ്ങൾ അനുസരിച്ചാൽ മതിയെന്ന് ഈ വാദക്കാർ പഠിപ്പിക്കുന്നു (8)} ദ്രവ്യത്തെ ദൈവമാണ് സൃഷ്ടിച്ചത് എന്നും അതിനാൽ ദ്രവ്യം അതിൽ തന്നെ തിന്മയല്ല എന്ന് സഭാപിതാക്കന്മാർ പ്രഖ്യാപിച്ചു. ഇതിനെക്കുറിച്ച് കൂടുതൽ വിശദീകരിച്ചുകൊണ്ട് അവർ പഠിപ്പിച്ചു. ***കൃപയുടെ ഉറവിടം എപ്പോഴും പരിശുദ്ധാത്മാവാണ് എന്നും മനുഷ്യാത്മാവിന് പരിശുദ്ധാത്മാവിനെ സ്വഭാവികമായി ലഭിക്കുന്നതല്ല എന്നും ദാനമായി ദൈവത്തിൽ നിന്ന് ചോദിച്ച് കരസ്ഥമാക്കേണ്ടതാണ് എന്നും അവർ പഠിപ്പിച്ചു.*** അതനുസരിച്ച് പ്രകാശിക്കപ്പെട്ട മനസ്സോ ഉത്കൃഷ്ട അറിവോ ഇവയൊന്നും ക്രിസ്ത്യൻ വിശ്വാസത്തെ ഉപരിപ്ലവം ആക്കുന്നില്ല. അത്യന്തികമായി സഭാപിതാക്കൻമാരുടെ പ്രബോധനം അനുസരിച്ച്, ഉത്കൃഷ്ട അറിവിന്റെ ആധികാരികമായ അടയാളം എപ്പോഴും ക്രിസ്തീയ സ്നേഹം ആണ്. അത് പ്രാർത്ഥനയുടെ ഫലവും ആണ്.

**9.** ക്രിസ്ത്യൻ പ്രാർത്ഥനയുടെ പരിപൂർണ്ണതയെ നോസ്റ്റിക്ക് അറിവിന്റെ ഉൽകൃഷ്ടത അടിസ്ഥാനപെടുത്തികൊണ്ട് വിലയിരുത്താൻ സാധിക്കില്ല.മെസെലിയനിസം (Messalianism- മാമ്മോദിസ അടക്കമുള്ള ക്രൈസ്തവ കൂദാശകൾ കൃപകൾ പ്രധാനം ചെയ്യുന്നില്ല എന്ന തെറ്റായ വിശ്വാസം) ഉന്നയിക്കുന്ന പോലെ ദിവ്യമായ അനുഭവത്തെ പരാമർശിച്ചുകൊണ്ടും ക്രിസ്ത്യൻ പ്രാർത്ഥനയെ വിധിക്കാൻ സാധിക്കുകയില്ല(9). നാലാം നൂറ്റാണ്ടിലെ ഭക്ത്യാദരവ് ഉണർത്തുന്ന ഈ തെറ്റായ പ്രവണതകൾ പരിശുദ്ധാത്മാവിലൂടെയുള്ള കൃപയെ, ഒരുവന്റെ ആത്മാവിൽ പരിശുദ്ധാത്മാവിന്റെ സാന്നിധ്യത്തിന്റെ വൈകാരികമായ അനുഭവമായിട്ടാണ് നോക്കി കാണുന്നത്. സഭാപിതാക്കന്മാർ ഈ പ്രവണതകളെ നിരാകരിച്ചുകൊണ്ട് ദൈവവുമായുള്ള ആത്മാവിന്റെ ഐക്യം പ്രാർത്ഥനയിലൂടെ ലഭിക്കുന്നത് ഒരു രഹസ്യാത്മകമായ വഴിയിലൂടെയാണ് എന്നും പ്രത്യേകിച്ച് സഭയുടെ കൂദാശകളിലൂടെയാണ് ഒരുവന് അത് ലഭിക്കുന്നത് എന്ന് ഉദ്ബോധിപ്പിച്ചു. കൂടാതെ ദൈവവുമായുള്ള ഐക്യം സഹനങ്ങളിലൂടെയും ദു:ഖങ്ങളിലൂടെ പോലും പ്രാപിക്കാൻ സാധിക്കുന്നതാണ് എന്ന് പിതാക്കന്മാർ ഉദ്ബോധിപ്പിച്ചു. **മെസേലിയൻ കാഴ്ചപ്പാടിന് വിരുദ്ധമായി സഹനങ്ങളും ദു:ഖങ്ങളും ഒരാത്മാവിനെ പരിശുദ്ധാത്മാവ് ഉപേക്ഷിച്ചു എന്നതിന്റെ അടയാളം അല്ല. പിന്നെയോ പ്രാർത്ഥനയുടെ മദ്ധ്യസ്ഥനും മാതൃകയുമായ നമ്മുടെ കർത്താവ് കുരിശിൽ അനുഭവിച്ച**

**പര്യത്യക്ത അവസ്ഥയിലുള്ള പങ്കാളിത്തം ആണെന്ന് ആത്മീയ പിതാക്കന്മാർ എപ്പോഴും അംഗീകരിച്ചിട്ടുണ്ട്** ([10]).

**10.** പാപികളായ നമ്മുക്ക് ഒരു പ്രലോഭനമാണ് ഈ രണ്ട് തെറ്റായ പ്രവണതകൾ നല്കുന്നത്. സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള അകലം ഒരിക്കലും ഉണ്ടാകരുത് എന്ന ലക്ഷ്യത്തോടെ സ്രഷ്ടാവും സൃഷ്ടിയും തമ്മിലുള്ള വ്യത്യാസത്തെ തരണം ചെയ്യാൻ മനുഷ്യനെ ഈ പ്രവണതകൾ പ്രലോഭിപ്പിക്കുന്നുണ്ട്. പിതാവിന്റെ സന്നിധിയിലേക്ക് നമ്മളെ നയിച്ച ക്രിസ്തുവിന്റെ വഴിയാൽ ഈ അകലം ഇല്ലാതായി എന്നാണ് ഈ പ്രവണതകൾ കണക്കാക്കുന്നത്. കൂടാതെ പരിശുദ്ധമായ കൃപ എന്ന് സ്വയം എന്ന് വിശേഷിപ്പിക്കുന്ന പ്രകൃത്യായുള്ള മന:ശാസ്ത്രത്തെ 'ഉത്കൃഷ്ട അറിവ് അല്ലെങ്കിൽ അനുഭവം ആയി' കണക്കാക്കി മനുഷ്യർക്ക് പ്രാപ്യമായ തലത്തിലേക്ക് കൊണ്ടുവരാനും ഈ പ്രവണതകൾ വഴി പ്രലോഭിപ്പിക്കപ്പെടുന്നുണ്ട്. ഇങ്ങനെയുള്ള തെറ്റായ പഠനങ്ങൾ ചരിത്രത്തിൽ പലപ്പോഴായി സഭയുടെ പ്രാർത്ഥനകളെ ചുറ്റിപറ്റി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവ ഒരിക്കൽ കൂടി, ദൈവത്തെ കണ്ടെത്താനുള്ള ഒരു എളുപ്പമുള്ള വഴിയായി, ആത്മീയമായോ മനശാസ്ത്രപരമോ ആയിട്ടുള്ള ഒരു തരത്തിലുള്ള പരിഹാരം എന്നവണം, അനേകം ക്രിസ്ത്യാനികളെ സ്വാധീനിക്കുന്നുണ്ട് എന്ന് തോന്നുന്നു ([11]).

**11.** ഏതു വിധത്തിലായാലും ഇത്തരം തെറ്റായ പ്രവണതകളെ അവ എവിടെ നിന്ന് ഉത്ഭവിച്ചാലും വളരെ എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കുന്നതാണ്. ക്രിസ്ത്യൻ പ്രാർത്ഥനയിൽ ധ്യാനം, വചനം മാംസം ധരിച്ച യേശുക്രിസ്തുവിന്റെ രക്ഷാകര കർമ്മത്തിലെ, ദൈവീകതയുടെ ആഴങ്ങളെ ഗ്രഹിക്കാനുള്ള അന്വേഷണമാണ്. പരിശുദ്ധാതാമാവിന്റെ ദാനങ്ങളെ കുറിച്ച് ഗ്രഹിക്കാനും ക്രിസ്തീയ പ്രാർത്ഥനയിലെ ധ്യാനം അന്വേഷിക്കുന്നു. ദൈവീകമായ ഈ ആഴങ്ങൾ അന്വേഷിക്കുന്നവർക്ക് എപ്പോഴും അത് മാനുഷിക ഭൗമിക മാനത്തിൽ വെളിപ്പെട്ടുകൊണ്ടിരിക്കുന്നവയാണ്. മറുവശത്ത്, മേല്പറഞ്ഞ തെറ്റായ പ്രവണതകളുടെ പോലെയുള്ള ധ്യാനരീതികളിൽ, ലൗകികപരമായതും ഇന്ദ്രീയപരമായതും ആശയപരമായി പരിമിതികളും ഉള്ള എല്ലാത്തിനേയും മാറ്റിവെയക്കാൻ പരമാവധി ശ്രമിക്കുന്നു. ചില ധ്യാനരീതികൾ യേശുവിന്റെ വചനത്തിലും മഹത്കൃതികളിലും ആരംഭം കുറിക്കുന്നുവെങ്കിലും പിന്നീട് അവയിലും ഇങ്ങനെ തന്നെയാണ് സംഭവിക്കുന്നത്. അങ്ങനെ ഈ ധ്യാനരീതികളിൽ ദിവ്യമായ മേഖലകളിലേക്ക് കയറാനോ അല്ലെങ്കിൽ മുങ്ങുവാനോ ഉള്ള ഒരു ശ്രമം ആണ് നടത്തുന്നത്. ദിവ്യമായ മേഖല ഭൗമികമായിട്ടുള്ളതോ ഇന്ദ്രീയങ്ങളെ കൊണ്ടു ഗ്രഹിക്കാവുന്നതോ ആശയവത്കരിക്കാനോ സാധി

ക്കാത്തത് ആണ് എന്നതാണ് വസ്തുത ([12]). ***(ജോൺപോൾ രണ്ടാമൻ മാർപാപ്പ വേദപാരഗതയായ ആവിലായിലെ വിശുദ്ധ ട്രീസയുടെ ഉദാഹരണം ആഗോള സഭയ്ക്ക് ചൂണ്ടികാട്ടുന്നുണ്ട്. വിശുദ്ധയുടെ ജീവിതത്തിൽ യേശുവിന്റെ മഹാത്മ്യത്തെ, ദൈവീകതയുടെ ആഹ്ളാദത്തിൽ മുങ്ങുന്നതിന് വേണ്ടി, മാറ്റിവെയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ചില രീതികളെ സ്വീകരിക്കാനുള്ള പ്രലോഭനങ്ങളെ വിശുദ്ധ നിരാകരിച്ചതായി പാപ്പ ചൂണ്ടികാട്ടുന്നുണ്ട്).*** ഈ പ്രവണത ഗ്രീക്ക് കാലഘട്ടത്തിന് ശേഷം ഉള്ള മതാത്മക മനോഭാവങ്ങളിൽ (പ്രത്യേകിച്ചും നിയോപ്ലാന്റോണിസത്തിൽ) പ്രകടമായിരുന്നു. അത് ഇപ്പോൾ അനേകം ആളുകളുടെ മതപരമായ പ്രേരണകളിൽ വളരെ ആഴപ്പെട്ട് കാണപ്പെടുന്നുണ്ട്. അവർ ദിവ്യമായ മേഖലകളിലേക്ക് അടുക്കാനുള്ള ശ്രമങ്ങളെ കുറിച്ചും ദിവ്യമായതിന്റെ അസനിഗ്ദമായ സ്വഭാവത്തെ കുറിച്ച് അറിയുന്നതിന് മുൻപ് തന്നെ അവരിൽ ഇത്തരം പ്രവണത ആഴപ്പെട്ട് കണ്ടുവരുന്നു.

**12.** ***ക്രിസ്ത്യൻ ധ്യാനരീതികളിൽ പൗരസ്ത്യമായതോ അക്രൈസ്തമായതോ ആയ ധ്യാനരീതികൾ സംയോജിപ്പിക്കുന്നത് അപകടപരവും തെറ്റുകൾ നിറഞ്ഞതും ആണ് എന്ന് കണ്ടെത്തിയിരിക്കുന്നു.*** ഈ ലക്ഷ്യത്തിലേക്കുള്ള നിർദ്ദേശങ്ങൾ വളരെയധികം ഉണ്ട്. അവ ചെറിയ അളവിലോ വലിയ അളവിലോ വിപ്ലകരമാണ്. ചിലർ യഥാർത്ഥ ക്രിസ്ത്യൻ ധ്യാനാത്മകതയിൽ മാനസിക - ശാരീരിക തയ്യാറെടുപ്പിനായ് മാത്രം പൗരസ്ത്യ ധ്യാനരീതികളെ ഉപയോഗിക്കുന്നുണ്ട്. മറ്റുള്ളവർകുറച്ച് കൂടി കടന്ന്, പലതരത്തിലുള്ള വിദ്യകളെ ഉപയോഗപ്പെടുത്തി, ക്രിസ്തീയ രഹസ്യാത്മകതയെകുറിച്ച് ചില എഴുത്തുക്കാർ വിവരിച്ചിട്ടുള്ളതുപോലെയുള്ള ആത്മീയ അനുഭവങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട് ([13]). വേറെ ചിലർ ആ ശ്രേഷ്ഠമായതിനെ ബിംബങ്ങളോ ആശയങ്ങളോ കൂടാതെ തന്നെ പരമ സത്യമായ ക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവത്തിന്റെ രാജത്വത്തിന്റെ അതേ തലത്തിൽ വെയ്ക്കാൻ മടി കാണിക്കുന്നില്ല. ഇത് ബുദ്ധമത ആശയങ്ങളോട് യോജിച്ചുപോകുന്നതാണ്([14]). ഈ ലക്ഷ്യത്തിലേക്ക് അവർ "ക്രിയാത്മകമല്ലാത്ത ദൈവശാസ്ത്രത്തെ" ഉപോയോഗിക്കുന്നു. ഇത്തരത്തിലുള്ള ദൈവശാസ്ത്രം, ദൈവം എന്താണെന്നുള്ളത് വിശദീകരിക്കുന്ന ദൃഢ പ്രഖ്യാപനങ്ങളുടെ അപ്പുറത്തേക്ക് കടന്നു പോകുന്നു. കൂടാതെ അനന്തമായ ദൈവത്തിന്റെ രൂപം ഈ ലോകത്തിലെ സ്രഷ്ട വസ്തുക്കളിലൂടെ വെളിവാക്കപ്പെടുന്നുണ്ട് എന്നത് ഇത്തരത്തിലുള്ള ദൈവശാസ്ത്രം നിരാകരിക്കുന്നു. അങ്ങനെ പഴയ നിയമത്തിലുള്ള ചരിത്രത്തിൽ ദൈവം ചെയ്ത രക്ഷാകര പ്രവൃത്തികളെ ധ്യാനി

ക്കുന്നത് ഉപേക്ഷിക്കാൻ നിർദ്ദേശിക്കുന്നു എന്നു മാത്രമല്ല, സ്നേഹം തന്നെയായ ഏക ദൈവം, ത്രിത്വൈക ദൈവം എന്ന സത്യത്തെ തന്നെ ഉപേക്ഷിക്കുകകൂടിചെയ്യുന്നു (15). നിശ്ചയിക്കാൻ കഴിയാത്ത, സമുദ്ര ത്തിന്റെ അഗാധതയിലുള്ള ദൈവീകതയെ മുക്കി കളയാനാണ് അവർ മേല്പറഞ്ഞ സത്യത്തെ ഉപേക്ഷിക്കുന്നത്. ഇതും ഇതിനോട് സാദൃശ്യ മുള്ള മറ്റു നിർദ്ദേശങ്ങളും (ക്രിസ്ത്യൻ ധ്യാനാത്മകതയെ പൗരസ്ത്യ വിദ്യ കളുമായി യോജിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ) അതിന്റെ ഉള്ളടക്കത്തെ കുറിച്ചും രീതികളെ കുറിച്ചും വളരെ ആഴമുള്ള പരിശോധനയ്ക്ക് വിധേ യമാക്കേണ്ടതുണ്ട്. ഇത് സിക്രിട്ടിസത്തിൽ (വ്യത്യസ്തങ്ങളായ മതങ്ങൾ, വിരുദ്ധ സംസ്കാരങ്ങൾ, തത്വശാസ്ത്രങ്ങൾ എന്നിവ യോജിപ്പിക്കുന്ന ത്) വീണേക്കാവുന്ന അപകടത്തിൽ നിന്ന് രക്ഷിക്കപ്പെടേണ്ടതിന് ഈ പരിശോധന ആവശ്യമാണ്.

# IV ദൈവവുമായുള്ള ഐക്യത്തിനുള്ള ക്രിസ്ത്യൻ വഴികൾ

**13.** ക്രിസ്ത്യൻ പ്രാർത്ഥനയുടെ ശരിയായ വഴി കണ്ടു പിടിക്കാൻ മേല്പറഞ്ഞ "ക്രിസ്തുവിന്റെ വഴിയിലെ" മുഖ്യ സ്വഭാവങ്ങളെ പരിഗണി ക്കേണ്ടതുണ്ട്. "ക്രിസ്തുവിന്റെ ഭക്ഷണം തന്നെ അയച്ച പിതാവിന്റെ ഹിതം പ്രവർത്തിക്കുകയും അവന്റെ ജോലി പൂർത്തികരിക്കുകയുമാണ് (യോഹ 4: 34)." അത്രയധികം അടുത്താണ് യേശു പിതാവുമായി ഐക്യ പ്പെട്ടിട്ടുള്ളത്. **യേശു നിരന്തരമായി ആ ഐക്യത്തെ ആഴമുള്ള പ്രാർത്ഥ നയായി രൂപാന്തരപ്പെടുത്തി.** പിതാവിന്റെ ഹിതം അനുസരിച്ചാണ് യേശു പാപികളായ മനുഷ്യരുടെ അടുത്തേക്ക്, അവനെ ക്രൂശിക്കാനുള്ളവരുടെ അടുത്തേയ്ക്ക് അയ്ക്കപ്പെട്ടത്. പിതാവിന്റെ ഹിതം അനുസരിച്ചുകൊണ്ട് പിതാവുമായി അത്രക്കണ്ട് ഐക്യപ്പെട്ടു. ഈ ഭൂമിയിലെ താല്ക്കാലിക വാസത്തിൽ, പലപ്പോഴും ഏകാന്തയിൽ പിതാവുമായി പ്രാർത്ഥനയിൽ ഐക്യപ്പെട്ടുകൊണ്ട് തന്റെ ദൗത്യത്തിനായ് ശക്തി സ്വീകരിക്കാൻ യേശു പരിശ്രമിച്ചിരുന്നു. താബോർ മലയിലെ രൂപാന്തരീകരണത്തിൽ പിതാവു മായുള്ള ഐക്യം വെളിപ്പെട്ടു. അടുത്തുതന്നെ ജറുസലെമിൽ പൂർത്തി യാകാനിരുന്ന കടന്നു പോകലിനെക്കുറിച്ച് യേശു സംസാരിച്ചു. എന്നാൽ അവിടെ ആ താബോർ മലയിൽ തന്നെ "മൂന്ന് കൂടാരങ്ങൾ" തീർത്ത് അവിടെ താമസിക്കാൻ യേശു ഒരുക്കമായിരുന്നില്ല. ***ക്രിസ്ത്യൻ പ്രാർത്ഥന എപ്പോഴും അയൽക്കാരനോടുള്ള സ്നേഹത്തിലേക്കും പ്രവൃത്തിയി***

***ലേക്കും ഞെരുക്കങ്ങളെ സ്വീകരിക്കുന്നതിലേക്കും നയിക്കുന്നതാണ്. എന്തുകൊണ്ടെന്നാൽ ഇവ തന്നെയാണ് ഒരുവനെ ദൈവത്തിന്റെ അടുത്തേയ്ക്ക് കൊണ്ടെത്തിയ്ക്കുന്നത്.***

**14.** ദൈവവുമായുള്ള ഐക്യത്തിന്റെ രഹസ്യത്തിലേക്ക് എത്തിചേരുന്നതിനെ ഗ്രീക്ക് സഭാ പിതാക്കന്മാർ "മനുഷ്യന്റെ ദിവ്യത്വവത്ക്കരണം" എന്നാണ് വിശേഷിപ്പിക്കുന്നത്. ***ഏത് തരത്തിലാണ് ഇത് സാക്ഷാത്കരിക്കുക എന്ന് ഗ്രഹിക്കണമെങ്കിൽ, മനുഷ്യൻ പ്രധാനമായും ഒരു സ്രഷ്ടിയാണെന്നും നിത്യകാലത്തേയ്ക്ക് അത് അങ്ങനെ നിലനിൽക്കുന്നു എന്നും അതിനാൽ മാനുഷിക സത്തയെ (human I) ദൈവിക സത്തയിൽ (divine I) യോജിപ്പിക്കുക എന്നത് ഒരിക്കലും സാധ്യമല്ല എന്ന് അവൻ ആദ്യമേ ഹൃദയത്തിൽ ഗ്രഹിക്കണം. ഏറ്റവും ഉയർന്ന കൃപാവരാവസ്ഥയിലായാൽ പോലും മാനുഷിക സത്തയെ ദൈവിക സത്തയിൽ യോജിപ്പിക്കുക സാധ്യമല്ല ([16]).*** എന്നിരുന്നാലും മനുഷ്യൻ ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും ആണ് സ്രഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നും ഈ രൂപത്തിന്റെ മൂലമാതൃക ദൈവപുത്രനായ യേശുക്രിസ്തുവാണ് എന്നതും നാം അംഗീകരിക്കണം. യേശു ക്രിസ്തുവിന് വേണ്ടിയാണ്, യേശുക്രിസ്തുവിലൂടെയുമാണ് നാം സ്ര്യഷ്ടിക്കപ്പെട്ടിട്ടുള്ളത് (cf കോളോ 1:16). ഈ മൂല മാതൃക മഹത്തായ ഏറ്റവും സുന്ദരമാർന്ന ക്രിസ്തീയ രഹസ്യം വെളിപ്പെടുത്തുന്നു. **പുത്രനായ യേശു, പിതാവിന്റെ പ്രതിരൂപം ആണ്. പരിശുദ്ധാത്മാവിൽ ഒരേ സത്തയുമാണ്.** പുത്രന്റെ പിതാവുമായുള്ള ഈ സാദൃശ്യം ഏറ്റവും വലിയ സത്യം ആണ്. ദൈവത്തിന്റെ മൂന്നാളുകളിൽ ഈ സാദൃശ്യം ഉണ്ട്. ദൈവവും സ്വഭാവത്തിൽ വ്യത്യസ്തമായ സൃഷ്ടികൾ തമ്മിലും ഈ സാദൃശ്യം ഉണ്ട്. ഏറ്റവും അവസാനം വിശുദ്ധ കുർബ്ബാനയിൽ (മറ്റു കൂദാശകളിലും യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും) യേശു, തന്നെ തന്നെ നമ്മുക്ക് നല്കുകയും നമ്മെ അവിടുത്തെ ദൈവീക സ്വഭാവത്തിൽ പങ്കുക്കാരാക്കുകയും ചെയ്യുന്നു ([17]). ***അപ്പോഴും നമ്മളുടെ സൃഷ്ട സ്വഭാവം ഇല്ലാതാകുന്നില്ല. കാരണം യേശു ആ സ്വഭാവത്തിൽ ആണ് മനുഷ്യനായി അവതരിച്ചത്.***

**15.** ഈ സത്യങ്ങളെ എല്ലാം കൂട്ടിചേർത്ത് പരിഗണിക്കുമ്പോൾ ഒരു അത്ഭുതവാഹമായ കണ്ടെത്തൽ നടത്താൻ നമ്മുക്ക് സാധിക്കും. ***അതായത് പരമസത്യമായ യേശുക്രിസ്തുവാകുന്ന സമ്പൂർണ്ണതയുടെ കടലിൽ വ്യക്തിസത്തയോ, മനുഷ്യപ്രകൃതിയോ അലിഞ്ഞു ചേരാതെ തന്നെ, എല്ലാ അളവു കോലുകൾ വെച്ചു നോക്കുമ്പോഴും, ക്രിസ്ത്യൻ യാഥാർത്ഥ്യത്തിൽ മറ്റു മതങ്ങളുടെ പ്രാർത്ഥനകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾചേർന്നിരിക്കുന്നു എന്ന് കണ്ടെത്താനാകും. ദൈവം സ്നേഹം ആണ്*** (1 യോഹ 4:8). ഈ ആഴമായ ക്രിസ്ത്യൻ പ്രഖ്യാപനം സ്നേഹിക്കുന്നവനും സ്നേഹിക്കപ്പെടുന്നവനും തമ്മിലും നിത്യതയിലുള്ള പങ്കു

വെയ്ക്കലും സംഭാഷണവും തമ്മിലും നിലനില്ക്കുന്ന സാദൃശ്യത്തോടുള്ള അനുരഞ്ജനത്തെ സാധ്യമാക്കുന്നുണ്ട്. ദൈവം അവനിൽ തന്നെ ഈ നിത്യതയിലുള്ള പങ്കുവെയക്കലാണ്. നമ്മുക്ക് ശരിക്കും ക്രിസ്തുവിൽ ദത്തു പുത്രരരായി പങ്കുകാരാകാൻ സാധിക്കും. അങ്ങനെ ക്രിസ്തുവിനോടു കൂടി പരിശുദ്ധാത്മാവിൽ ആബാ, പിതാവേ എന്ന് വിളിച്ച് കരയുവാൻ സാധിക്കുന്നു. ഈ അർത്ഥത്തിൽ സഭാപിതാക്കൻമാർ മനുഷ്യന്റെ ദിവ്യത്വവത്കരണത്തെ കുറിച്ച് പറയുന്നത് തീർത്തും ശരിയാണ്. ***സ്വഭാവത്തിൽ ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിൽ ഉൾചേർക്കപ്പെട്ട മനുഷ്യൻ, യേശുക്രിസ്തുവിന്റെ കൃപയാൽ ദൈവീകതയിൽ പങ്കുകാരാക്കുകയും പുത്രനിലൂടെ (ക്രിസ്തുവിൽ) പുത്രരാകുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിനെ സ്വീകരിച്ചുകൊണ്ട് ക്രിസ്ത്യാനികൾ പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുകയും ത്രിത്വൈക ദൈവത്തിന്റെ ജിവനിൽ പങ്കുകാരാക്കുകയും ചെയ്യുന്നു.***

# V ദിവ്യത്വവൽക്കരണ രീതികളിലെ വിഷയങ്ങൾ

**16.** പ്രാർത്ഥനയിൽ ദൈവവുമായുള്ള ഐക്യത്തെ തേടുന്ന എല്ലാ മതങ്ങളും അത് ഏത് വഴികളിലൂടെയാണ് കരസ്ഥമാക്കാൻ സാധിക്കുക എന്നതിനെക്കുറിച്ച് സൂചനകൾ നല്കുന്നുണ്ട്. സത്യത്തിന്റെ അംശങ്ങളെ നിഷേധിക്കാത്തതുപോലെ ([18]) ക്രിസ്ത്യൻ വഴികളല്ല എന്ന ഒറ്റ കാരണത്താൽ കത്തോലിക്ക സഭ, ഈ മതങ്ങൾ നിർദ്ദേശിക്കുന്ന വഴികളെയും നിഷേധിക്കുന്നില്ല. ***അവ കത്തോലിക്ക ആശയങ്ങളുമായുള്ള പ്രാർത്ഥനകളിലെ യുക്തിയും യഥാർത്ഥ സത്യത്തിന്റെ വിശദാംശങ്ങൾ ഉൾകൊള്ളുന്നുണ്ടെങ്കിൽ മാത്രം അവ സ്വീകാര്യമായേക്കാം. ഈ സാഹചര്യത്തിൽ മറ്റു മതങ്ങളിലെ പ്രാർത്ഥനാരീതികളിലെ വിവിധ ഘടകങ്ങളേയും ആശയങ്ങളേയും പുനരവലോകനം നടത്തി നിർവചിക്കേണ്ടതായിട്ടുണ്ട്.*** ആദ്യമായി, പ്രാർത്ഥന ജീവിതത്തിൽ സ്വീകരിക്കേണ്ടത്, പ്രഗത്ഭനായ ഗുരുവിനെയും (ക്രിസ്തു) അദ്ദേഹത്തിന്റെ ഉപദേശങ്ങളേയും ആണ്. **ആദിമകാലം തൊട്ടേ ക്രിസ്ത്യാനികളുടെ പാരമ്പര്യം ഇതായിരുന്നു.** ഒരു വിദഗ്ധനായതുകൊണ്ട് ആ ഗുരു ഒരു ആത്മീയ പിതാവ് എന്ന നിലയിൽ യഥാർത്ഥമല്ലാത്ത പ്രാർത്ഥനകളിലെ അപകടങ്ങളെ കുറിച്ച് മുൻ സൂചനകൾ നല്കേണ്ടതും പരിശുദ്ധാത്മാവിന്റെ ദാനമായ പ്രാർത്ഥന ജീവിതത്തിലേക്ക് തന്റെ ശിഷ്യരെ, ചലനാത്മകമായി ഹൃദയത്തിൽ നിന്ന് ഹൃദയത്തിലേക്കുള്ള പ്രാർത്ഥന ജീവിതത്തിലേയ്ക്ക്, നയിക്കുകയും ചെയ്യേണ്ടതുണ്ട്.

**17.** ക്രിസ്ത്യൻ കാലഘട്ടത്തിന് മുൻപ്, പരിപൂർണ്ണമായ ജീവിതത്തെ പ്രാപിക്കാനുള്ള വഴികളെ സൗകര്യപൂർവ്വം മൂന്ന് ഘട്ടങ്ങളായി തിരിച്ചിരുന്നു: ശുദ്ധീകരണത്തിന്റെ വഴി, പ്രകാശിപ്പിക്കപ്പെട്ട മനസ്സിന്റെ വഴി, ഏക ദൈവ വിശ്വാസത്തിന്റെ വഴി എന്നിവയായിരുന്നു അവ. ഈ പഠനം ക്രിസ്ത്യൻ ആത്മീയതയുടെ കാഴ്ചപ്പാടുകൾക്കായുള്ള പാഠശാലകളിൽ ഒരു മാതൃകയായി കണക്കാക്കപ്പെടുന്നു. എന്നാൽ ഇത് അപകടകരമായ തെറ്റിദ്ധാരണകൾ ഇല്ലാത്ത യഥാർത്ഥ ക്രിസ്തീയ രീതിയാണെന്ന് വ്യാഖ്യാനിക്കണമെങ്കിൽ വളരെയധികം വിശദീകരണങ്ങൾ ആവശ്യമാണ്.

**18.** യേശു ക്രിസ്തു അരുളിചെയ്തിട്ടുണ്ട് "പരമാർത്ഥ ഹൃദയർ ദൈവത്തെ കാണും" (മത്തായി 5:8) എന്ന്. ***പ്രാർത്ഥനയിലൂടെ ദൈവത്തെ അന്വേഷിക്കുന്നതിന്, ഒരുവൻ അവന്റെ പാപങ്ങളിൽ നിന്നും തെറ്റുകളിൽ നിന്നും ശുദ്ധീകരിക്കപ്പെടേണ്ടതായിട്ടുണ്ട്. സുവിശേഷങ്ങൾ എല്ലാറ്റിനുപരി സ്നേഹരാത്യത്തിൽ നിന്നും സത്യമില്ലാത്തതിൽ നിന്നുള്ള ഒരു ധാർമ്മിക ശുദ്ധികരണം ലക്ഷ്യമിടുന്നു.*** ആഴമുള്ള അർത്ഥത്തിൽ, ദൈവത്തിന്റെ ഹിതം അതിന്റെ പവിത്രയിൽ അംഗീകരിക്കുന്നതിൽ നിന്നും സ്വീകരിക്കുന്നതിൽ നിന്നും ഒരുവനെ തടയുന്നു. എല്ലാ സ്വാർത്ഥപരമായ ജന്മവാസനകളിൽ നിന്നുമുള്ള വിടുതൽ സുവിശേഷം ലക്ഷ്യമിടുന്നുണ്ട്. സ്റ്റോയിക്കുകളും നീയോപ്ലാന്റോണിസ്റ്റുകളും കരുതുന്നത് പോലെ വികാരങ്ങൾ അതിൽ തന്നെ ക്രിയാത്മകമല്ല എന്നു വരുന്നില്ല. **എന്നാൽ അവയുടെ പ്രേരണ സ്വാർത്ഥതയിലേക്കാണ്. ഈ സ്വാർത്ഥതയിൽ നിന്നാണ് ക്രിസ്ത്യാനികൾ അവരെ തന്നെ സ്വതന്ത്രരാക്കേണ്ടത്.** ഇങ്ങനെ സ്വതന്ത്രരാകേണ്ടത് പ്രാചീന ക്രിസ്ത്യൻ കാലഘട്ടത്തിൽ അപ്പാത്തിയ (apatheia), മദ്ധ്യ കാലഘട്ടങ്ങളിൽ ഇൻപാലിബിലിറ്റാസ് (impassibilitas), ഇഗ്നേഷ്യസ് ആത്മീയ ധ്യാനത്തിൽ ഇൻഡിഫറെൻസിയ (indiferencia) (വികാരങ്ങളാൽ സ്വാധീനിക്കപ്പെടാത്ത ഒരു മാനസികാവസ്ഥ) എന്നുവിളിക്കപ്പെടുന്ന അവസ്ഥയാണ്. ക്രിസ്തീയ സ്വാതന്ത്ര്യം അനുഭവിക്കുന്ന ഈ മാനസിക അവസ്ഥയിലേക്ക് എത്തുന്നതിന് വേണ്ടിയാണ്, സ്വാർത്ഥതയിൽ നിന്നുള്ള വിടുതൽ ലക്ഷ്യമിടുന്നത് **([19]).**

**തന്നെതന്നെയുള്ള നിഗ്രഹം കൂടാതെ ഇത് അസാധ്യമാണ്.** വിശുദ്ധപൗലോസ് തന്നെ വളരെ വ്യക്തമായി ഉപയോഗിക്കുന്ന പദം (പാപപ്രവണതയുടെ) "ഇന്ദ്രീയ നിഗ്രഹം" (mortification) എന്നാണ് **([20]).** *ഈ തന്നെതന്നെയുള്ള നിഗ്രഹത്തിന് മാത്രമേ മനുഷ്യനെ ദൈവത്തിന്റെ*

*ഹിതം പ്രവർത്തിക്കാനും പരിശുദ്ധാത്മാവ് നല്കുന്ന സ്വാതന്ത്ര്യത്തിലേക്ക് പങ്കാളിയാക്കാനും പ്രാപ്തനാക്കുകയുള്ളൂ.*

**19.** അതിനാൽ ഗുരുക്കന്മാരുടെ പഠനങ്ങളെ ശരിയായി വ്യാഖ്യാനിക്കേണ്ടതുണ്ട്. ദൈവത്തെ സ്നേഹത്തോടെ നിരന്തരമായി ശ്രവിക്കുന്നതൊടൊപ്പം വൈകാരികമായ എല്ലാ ചായ്‌വുകളിൽ നിന്നും ശൂന്യവത്കരണം നടത്താൻ ഗുരുക്കൻമാർ നിർദ്ദേശിക്കുന്നു. **ഈ വഴിയിൽ, പ്രാർത്ഥിക്കുന്ന മനുഷ്യൻ ശൂന്യമായ ഒരിടം തന്നിൽ ഉണ്ടാക്കുകയും അത് ദൈവത്തിന്റെ സമ്പന്നതകൊണ്ട് നിറയ്ക്കുകയും ചെയ്യും.** ***എന്നിരുന്നാലും ഹൃദയത്തിൽ ഉണ്ടാകണം എന്ന് ദൈവം ആഗ്രഹിക്കുന്ന ഇടം, വ്യക്തിപരമായ സ്വാർത്ഥതയുടെ നിരാകരണമാണ്.*** സൃഷ്ടവസ്തുക്കളുടെ നിരാകരണം ആയിരിക്കണം എന്നില്ല അത്. പ്രാർത്ഥനയിൽ ഒരുവൻ ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കണം. തങ്ങളെ സ്വാർത്ഥതയിൽ തളച്ചിടുന്ന ലോകത്തിലെ വസ്തുക്കളെ സാധിക്കുന്നിടത്തോളം ഉപേക്ഷിക്കുക തന്നെ വേണം. ഈ വിഷയത്തിൽ സെന്റ് അഗസ്റ്റിൻ ഒരു പ്രഗൽഭനായ അദ്ധ്യാപകനാണ്. "ദൈവത്തെ കണ്ടെത്താൻ ആഗ്രഹിക്കുന്നു എങ്കിൽ ബാഹ്യലോകത്തെ ഉപേക്ഷിക്കുകയും നിന്നിലേക്ക് തന്നെ നീ പുന: പ്രവേശിക്കണം" എന്ന് അദ്ദേഹം പറയുന്നു. അദ്ദേഹം തുടർന്നു പറയുന്നു, "നിങ്ങളിൽ തന്നെ നില്ക്കാതെ നിങ്ങളുടെ അപ്പുറത്തേക്ക് പോകുക. കാരണം നിങ്ങൾ ദൈവം അല്ല. ദൈവം കൂടുതൽ ആഴമായതും വലിയവനും ആണ്. ഞാൻ എന്റെ ആത്മാവിൽ അവിടുത്തെ സത്തയെ തേടുന്നു. എന്നാൽ ഞാൻ അതിനെ കണ്ടെത്തുന്നില്ല; എന്നിരുന്നാലും ദൈവത്തെ അന്വേഷിച്ചുകൊണ്ട് ധ്യാനിക്കുന്നു. സൃഷ്ടവസ്തുക്കളിലൂടെ അവിടുന്നിൽ എത്തുന്നു. ഞാൻ അവിടുത്തെ അദൃശ്യപ്രകൃതി കാണുന്നു." (റോമ 1 : 20) ([21]). **''തന്നിൽ തന്നെ നില്ക്കുക" എന്നതാണ് ഏറ്റവും വലിയ അപകടം**. സഭയുടെ വേദ പാരഗതൻ പറയുന്നു, തന്നിൽ തന്നെ ശ്രദ്ധവയ്ക്കുകയും ഒരുവൻ ദൈവമല്ലാത്തതുകൊണ്ട് അവന്റെ അപ്പുറത്തേക്ക് കടക്കുകയും ചെയ്യണമെന്ന് അദ്ദേഹം ഉപദേശിക്കുന്നു. കാരണം, **നാം ഒരു സ്രഷ്ടി മാത്രമാണ്.** ***"ദൈവം എന്നത് എന്റെ ഏറ്റവും അടിത്തട്ടിലുള്ളതിനേക്കാൾ അഗാധമായതും എന്റെ ഏറ്റവും ഉന്നത സ്ഥിതിയേക്കാൾ ഉയർന്നതും ആണ്"*** ***([22]).*** യഥാർത്ഥത്തിൽ ദൈവം തമ്മിലും നമ്മോടുകൂടെയുമാണ്. എന്നാൽ രഹസ്യാത്മകമായി നമ്മുടെ അപ്പുറത്തേയ്ക്ക് കടന്നിട്ടുള്ളതാണ് ദൈവം ([23]).

**20. തത്വാധിഷ്ഠിതമായ വീക്ഷണത്തിൽ, ഒരുവൻ മനുഷ്യനായി അവതരിച്ച യേശുവിനെ ഉപേക്ഷിക്കുന്നു എങ്കിൽ പൂർണ്ണ**

**മായ ദൈവസ്നേഹത്തിലേക്ക് കടന്നുവരുക അസാധ്യം ആണ്.** അവൻ കുരിശിൽ മരിക്കുകയും മരിച്ചവരിൽ നിന്ന് ഉയിർക്കപ്പെട്ടവനുമാണ്. അവ നിലൂടെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ കൃപയിലൂടെ നാം ദൈവ ത്തിന്റെ ആന്തരിക ജീവനിൽ പങ്കാളികളാകുന്നു. "എന്നെ കാണുന്നവൻ പിതാവിനെ കാണുന്നു" (യോഹ : 14:9) എന്ന് യേശു പറയുമ്പോൾ അവന്റെ മാനുഷിക രൂപത്തിന്റെ കാഴ്ചയും അറിവും അല്ല അവൻ അർത്ഥ മാക്കുന്നത്. ശരീരം ഒന്നിനും ഉപകരിക്കുന്നില്ല (യോഹ 6.63). എല്ലാറ്റിനു പരി അത് വിശ്വാസം വഴിയിലുള്ള കൃപയിൽ സാധ്യമായ ഒരു ദർശനം ആണ് അവൻ അർത്ഥമാക്കുന്നത്. ദൈവം, ദൈവത്തെ കുറിച്ച് ശരിക്കും നമ്മൾക്ക് വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നത്, യേശുവിന്റെ മനുഷ്യാവതാ രത്തിലൂടെ, ഇന്ദ്രിയങ്ങൾക്ക് ഗോചരമായി, നമ്മൾക്ക് നല്കുന്നു. "ആത്മാ വാണ് ജീവൻ നല്കുന്നത്..... ഞാൻ നിങ്ങളോട് പറഞ്ഞ വചനം ആത്മാവും ജീവനും ആണ് (യോഹ 6: 63). ***ദൈവം തന്നെതന്നെ വെളി പ്പെടുത്തിയ രൂപത്തിൽ നിന്നുള്ള വെറുമൊരു മാനുഷികമായ സംഗ്ര ഹണം അല്ല അത്. യേശുവിന്റെ ദിവ്യത്വത്തിന്റെ താൽക്കാലിക രൂപ മായ മാനുഷിക രൂപം എടുത്തതിൽ നിന്ന്, ദൈവീക യാഥാർത്ഥ്യത്തെ ഗ്രഹിക്കലാണത്.*** സെന്റ് ഇഗ്നേഷ്യസ് "ആത്മീയ അഭ്യാസത്തിൽ" പറയു ന്നതു പോലെ നമ്മൾ, തുടക്കം കുറിച്ച വെളിപ്പെടുത്തപ്പെട്ട സത്യത്തിൽ നിന്ന് മുന്നോട്ട് നീങ്ങി ദൈവീകത്വത്തിന്റെ അനന്തമായ പരിമളവും അന ന്തമായ മധുരവും ആവാഹിക്കാൻ ശ്രമിക്കണം (n.124). ദൈവം നമ്മളെ കൈപിടിച്ച് എഴുന്നേൽപ്പിക്കുമ്പോൾ, ഈ ലോകത്തോട് നമ്മളെ കെട്ട പ്പെടുത്തുന്ന എല്ലാത്തിൽ നിന്നും നമ്മളെ വിടുവിക്കാൻ ദൈവം ബന്ധശ്രദ്ധനാണ്. ദൈവത്തിന്റെ നിത്യമായ സ്നേഹത്തിന്റെ ത്രിത്വൈക ജിവനിലേക്ക് നമ്മളെ മുഴുവനായും അടുപ്പിക്കുന്നു. ***എന്നിരുന്നാലും ഈ ദാനം ക്രിസ്തുവിലൂടെ മാത്രമേ പരിശുദ്ധാത്മാവിൽ നമ്മുക്ക് അനുഭ വിക്കാൻ സാധിക്കുകയുള്ളൂ. നമ്മൾ അവിടുത്തെ വെളിപെടുത്തലു കളെ അവഗണിച്ച് നമ്മളുടെ തന്നെ പ്രയത്നത്താൽ ഇതു ലഭിക്കുക യില്ല എന്നു നാം ഗ്രഹിക്കണം.***

**21.** ക്രിസ്ത്യൻ ജീവിതത്തിൽ ഒരുവൻ യഥാർത്ഥത്തിൽ പ്രകാ ശിക്കപ്പെടുന്നത് (Illumination) ശുദ്ധീകരണത്തിന് ശേഷമാണ്. പിതാ വായ ദൈവം പുത്രനിലൂടെ നമ്മുടെ മേൽ ചൊരിയപ്പെടുന്ന സ്നേഹ ത്താലും പരിശുദ്ധാത്മാവിലൂടെ ലഭിക്കുന്ന അഭിഷേകത്താലും ആണ് അത്. (cfയോഹ 2:20) ആദിമസഭയുടെ കാലംത്തൊട്ട് മാമോദിസയിലൂടെ ലഭിക്കുന്ന ഉൾപ്രകാശത്തെ കുറിച്ച് സഭാ പിതാക്കന്മാർ ഓർമ്മിപ്പിക്കു ന്നുണ്ട്. ദിവ്യമായ രഹസ്യങ്ങളിലേക്ക് ഒരുവൻ പ്രവേശിച്ചതിന് ശേഷം ഈ ഉൽപ്രകാശം വിശ്വാസികളെ വിശ്വാസം വഴി ക്രിസ്തുവിനെക്കുറി ച്ചറിയാൻ പ്രാപ്തരാക്കുന്നു. **സ്നേഹത്തിലൂടെയാണ് ഇത് പ്രവർത്തി ക്കുന്നത്.** ചില സഭാപിതാക്കന്മാർ പറയുന്നുണ്ട്, മാമോദിസയിൽ ലഭി ക്കുന്ന ഈ ഉൽപ്രകാശം യേശു ക്രിസ്തുവിനെ കുറിച്ചുള്ള ജ്ഞാനത്തിന്റെ

അടിസ്ഥാനം ആണ് എന്ന് (ഫില 3:8). ഇതിനെ "തിയോറിയ" അഥവാ ധ്യാനാത്മകം ([24]) എന്നു നിർവചിക്കപ്പെടുന്നു. മാമോദിസയുടെ കൃപയിലൂടെ വിശ്വാസികൾ വിശ്വാസത്തിന്റെ രഹസ്യങ്ങൾക്ക് സാക്ഷികളാകാനും ക്രിസ്തുവിനെ കുറിച്ചുള്ള അറിവിൽ വളരാനും വിളിക്കപ്പെട്ടിരിക്കുന്നു. അവർ ഏറ്റവും അഗാധമായ ആത്മീയ സത്യങ്ങൾ അനുഭവിച്ചുകൊണ്ടാണ് സാക്ഷ്യകൾ ആകുന്നത്([25]). ദൈവത്തിൽ നിന്നുള്ള ഒരു പ്രകാശവും വിശ്വാസത്തിന്റെ സത്യങ്ങളെ ഉപരിവിപ്ലവം ആക്കില്ല. പിന്നീട് വിശ്വാസി പ്രാപിക്കുന്ന ഉൾപ്രകാശത്തിന്റെ കൃപകൾ ദൈവീക രഹസ്യങ്ങളുടെ ആഴങ്ങൾ ഗ്രഹിക്കാൻ വിശ്വാസിയെ സഹായിക്കുന്നു. ***വിശ്വാസികളായ നമ്മൾ ദൈവത്തെ തന്റെ മഹത്വത്തിൽ വരുന്ന ദിവസത്തിനായ് കാത്തിരിക്കുകയാണ്*** (1 യോഹ 3:2).

**22.** അവസാനമായി, പ്രാർത്ഥിക്കുന്ന വിശ്വാസിയ്ക്ക് ദൈവം അനുവദിക്കുകയാണെങ്കിൽ ദൈവവുമായുള്ള ഐക്യത്തിന്റെ പ്രത്യേക അനുഭവത്തിലേക്ക് കടന്നു വരാൻ സാധിക്കും. ***ദൈവവുമായുള്ള ഐക്യത്തിനുള്ള ഉപാധികൾ കൂദാശകൾ, പ്രത്യേകിച്ചും മാമ്മോദീസയും വിശുദ്ധ കുർബ്ബാനയുമാണ്*** **([26]). ഈ അടിസ്ഥാനത്തിലാണ് പരിശുദ്ധാത്മാവിന്റെ പ്രത്യേക കൃപയാൽ ദൈവവുമായുള്ള ഐക്യം, ക്രിസ്ത്യൻ ഭാഷയിൽ, മിസ്റ്റിക്കൽ എന്ന അനുഭവത്തിലേക്ക് ക്രിസ്ത്യാനി കടന്നുവരുന്നത്.**

**23.** സംശയം വേണ്ട, ഒരു ക്രിസ്ത്യാനിയ്ക്ക് ദൈവീക സാന്നിധ്യത്തിൽ കുറെ സമയം ചെലവഴിക്കുമ്പോഴേ ഈ വഴി കണ്ടെത്താൻ സാധിക്കുകയുള്ളൂ. **അവൻ, ഒരു സൃഷ്ടിയായതുകൊണ്ട് കൃപയിലൂടെ മാത്രമേ ദൈവവുമായി അടുക്കാൻ സാധിക്കുകയുള്ളൂ; അത് ഏതെങ്കിലും തരത്തിലുള്ള വിദ്യകൾ കൊണ്ട് സാധ്യമല്ല.** അങ്ങനെയല്ലായിരുന്നുവെങ്കിൽ സുവിശേഷത്തിൽ പറയുന്ന "ആത്മീയ ശിശുത്വം" എന്ന അരൂപിയ്ക്ക് അത് കടക വിരുദ്ധമാകുമായിരുന്നു. **യഥാർത്ഥ ക്രിസ്ത്യൻ രഹസ്യാത്മകത എപ്പോഴും ദൈവത്തിന്റെ ഒരു ദാനമാണ്. അതു ലഭിക്കുന്നവൻ സ്വയം അംഗീകരിക്കുന്നുണ്ട് താൻ അതിന് അയോഗ്യനാണെന്ന് ([27]).**

**24. ചില പ്രത്യേക മിസ്റ്റിക്കൽ കൃപകൾ ചില സഭാസ്ഥാപകർക്കും മറ്റു വിശുദ്ധർക്കും ലഭിച്ചിട്ടുണ്ട്. അത് അവരുടെ വ്യക്തിപരമായ പ്രാർത്ഥന അനുഭവം ആണ്. അത് അങ്ങനെതന്നെ വിശ്വാസികൾക്ക് അനുകരണീയമല്ല.** സഭാ സ്ഥാപകന്റെ പ്രാർത്ഥനകൾ അതെപോലെ മുഴുവനായും സ്വീകരിക്കാതെ പലരീതിയിലും പലതലങ്ങളിലും ആ പ്രാർത്ഥനകളിൽ പങ്കുകാരാകാൻ സാധിക്കും ([28]). സഭാ സമൂഹങ്ങളിൽ പ്രാർത്ഥനാനുഭവങ്ങൾക്ക് വളരെ ഉന്നതമായ സ്ഥാനം കൊടുത്തിട്ടുള്ളത് എപ്പോഴും വ്യക്തിപരമാക്കേണ്ടതുണ്ട്. **കാരണം *ഓരോ വ്യക്തിക്കാണ് ദൈവം പ്രാർത്ഥനയുടെ കൃപകൾ നല്കുന്നത്.***

**25.** രഹസ്യാത്മകതയെകുറിച്ച് പറയുമ്പോൾ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും സൗജന്യമായി ദൈവം നല്കുന്ന വരങ്ങളും തമ്മിൽ വേർതിരിച്ചറിയേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ എല്ലാ

ക്രിസ്ത്യാനികൾക്കും വിശ്വാസം, പ്രത്യാശ, ഉപവി എന്നിവയിലൂടെ ദൈവാനുഭവത്തിൽ എത്തിചേർന്ന് പ്രാപിക്കുന്നതാണ്. വരങ്ങളാകട്ടെ സെന്റ് പോൾ പറയുന്നതുപോലെ സഭയ്ക്കും സഭയിലെ അംഗങ്ങളുടെ വളർച്ചയ്ക്കും വേണ്ടിയാണ്. (1 കോറി 12:17). ഈ ദാനങ്ങളും വരങ്ങളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കികൊണ്ട്, വരങ്ങൾ പ്രത്യേകദാനങ്ങളല്ല എന്നും ദാനങ്ങളും വരങ്ങളും തമ്മിലുള്ള വ്യത്യാസം അയവുള്ളതാണ് എന്നും ഗ്രഹിക്കണം (റോമ 12:3–21). സഭയുടെ ഫലങ്ങളായ വരങ്ങൾ ഉപയോഗിക്കുമ്പോൾ  വിവേചനവും വിവേകവും ആവശ്യമാണ്. അതേ സമയം സഭാ മക്കൾക്ക് എല്ലാവർക്കും സഭയെ പണിതുയർത്താനുള്ള ദൗത്യം ഉണ്ട് എന്നും മനസ്സിലാക്കണം (എഫേ4 :15–16)([29]). ഇതെല്ലാം ചെയ്യുന്നത് സഭയുടെ അധികാരികളുമായി യോജിച്ചായിരിക്കണം. സഭാധികാരികളുടെ ജോലി പരിശുദ്ധാത്മാവിനെ അണയ്ക്കുകയല്ല മറിച്ച് പരീക്ഷിച്ചറിഞ്ഞ് നല്ലതിനെ മുറുകെ പിടിക്കുക എന്നതാണ്. (LG, n.12)

# VI മന:ശാസ്ത്ര ശാരീരിക രീതികൾ

**26.** ശരീരത്തിന്റെ സ്ഥാനവും ചലനവും അരൂപിയുടെ പ്രവർത്തനത്തെ സ്വാധീനിക്കുന്നുണ്ട് എന്ന് മനുഷ്യന്റെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു. പൗരസ്ത്യവും പാശ്ചാത്യവുമായ ക്രിസ്ത്യൻ ആത്മീയ ഗ്രന്ഥകർത്താക്കൾ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള ഒരു കാര്യം ഇതാണ്.

ഇവർ തങ്ങളുടെ ആശയങ്ങൾ ക്രൈസ്തവമല്ലാത്ത പൗരസ്ത്യ ധ്യാനരീതികളോടൊത്ത് പറയുമ്പോൾ, ശരീരത്തിന്റെ സ്ഥാനവും ചലനവും എന്നത് വിട്ടു കളയുന്നുണ്ടെങ്കിലും,ഒരു തരത്തിലും ശരിയായ തയ്യാറെടുപ്പുകൾ ഇല്ലാത്ത ആളുകൾക്ക് ശാരീരിക ചലനവും സ്ഥാനവും പലപ്പോഴും ശുപാർശ ചെയ്യപ്പെടുന്നുണ്ട്  എന്ന് വേണം കരുതാൻ. പ്രാർത്ഥനയിൽ ഉള്ള  ധ്യാനത്തെ  എളുപ്പമുള്ളതാക്കാനുള്ള ഘടകങ്ങളെ ആത്മീയ എഴുത്തുകാർ സ്വീകരിച്ചിട്ടുണ്ട്. അതെ സമയം അവയുടെ മൂല്യത്തെ അംഗീകരിക്കുന്നതൊടൊപ്പം ക്രിസ്ത്യൻ പ്രാർത്ഥന അനുസരിച്ച് അവ ആവിഷ്കരിക്കപ്പെട്ടാലേ ഉപയോഗപ്രദമാവുകയുള്ളൂ ([30]). ഉദാഹരണത്തിന് ക്രിസ്ത്യൻ ഉപവാസം എല്ലാറ്റിനുപരി പ്രാശ്ചിതപരിഹാരപ്രവൃത്തിയാണ്. എന്നാൽ സഭാ പിതാക്കന്മാർക്ക് ഉപവാസം എന്നത് ദൈവമായുള്ള കണ്ടുമുട്ടലിനും ആത്മ നിയന്ത്രണം ലഭിക്കുന്നതിനും ആവശ്യങ്ങളിൽ ഞെരുങ്ങുന്നവനെ കൂടുതൽ ശ്രവിക്കാനുള്ളതുമാണ്.

പ്രാർത്ഥനയിൽ മനുഷ്യൻ മുഴുവനും (ശരീരം, മനസ്സ്, ആത്മാവ്) ദൈവവുമായുള്ള ബന്ധത്തിൽ വരേണ്ടതുള്ളതുകൊണ്ട്, അവന്റെ ശാരീരിക സ്ഥാനം ധ്യാന ചിന്തകൾക്ക് ഏറ്റവും അനുയോജ്യമായ വിധത്തി

ലായിരിക്കണം ([31]). അത്തരം ഒരു ശാരീരിക സ്ഥാനം, സാംസ്കാരികവും വ്യക്തിപരവുമായ അവസ്ഥകളനുസരിച്ച് പ്രാർത്ഥനയെ വെളിപ്പെടുത്തുന്ന ഒരു അടയാളമാണ്. ചില കാര്യങ്ങളിൽ ക്രിസ്ത്യാനികൾ ഇന്ന്, ഒരുവന്റെ ശാരീരിക സ്ഥാനം എങ്ങനെ പ്രാർത്ഥനയെ സഹായിക്കും എന്നതിനെക്കുറിച്ച് വളരെ ബോധവാൻമാരാണ്.

**27.** പൗരസ്ത്യ ക്രിസ്ത്യൻ ധ്യാനരീതികളിൽ പാശ്ചാത്യ രീതിയിലുള്ള പ്രാർത്ഥനകളിൽ ഇല്ലാത്ത ശാരീരിക മാനസിക ചേഷ്ഠതകളെ വിലമതിക്കുന്നുണ്ട് ([32]). ഇത് അടിസ്ഥാനപരമായ ശാരീരിക ആസനങ്ങൽ തുടങ്ങി അടിസ്ഥാന ജീവിത പ്രക്രിയകൾ, അതായത് ശാസോച്ഛോസം അല്ലെങ്കിൽ ഹൃദയമിടിപ്പ് വരെ നീണ്ടു പോകുന്നു. ശാസോച്ഛോസത്തോടൊപ്പമുള്ള സ്വഭാവിക സ്പന്ദനത്തോട് കൂടിയ കർത്തൃ പ്രാർത്ഥന, ഉദാഹരണത്തിന്, കുറച്ച് സമയത്തെക്കെങ്കിലും വളരെ ആളുകൾക്ക് സഹായമായി തോന്നുന്നുണ്ട് ([33]). എന്നാൽ പൗരസ്ത്യ ഗുരുക്കന്മാർ എടുത്തു പറഞ്ഞിട്ടുള്ള കാര്യം, ഇത്തരത്തിലുള്ള പ്രാർത്ഥന രീതികൾ എല്ലാവർക്കും ഒരുപോലെ ഉപയോഗപ്രദമായിരിക്കില്ല എന്നതാണ്. കാരണം, എല്ലാവർക്കും ഒരു പോലെ ഭൗതിക അടയാളങ്ങളിൽ നിന്ന്, അന്വേഷിച്ചുകൊണ്ടിരിക്കുന്ന ആത്മീയ യാഥാർത്ഥ്യത്തിലേക്ക് മാറാൻ സാധിച്ചു എന്ന് വരികയില്ല.

***വേണ്ട രീതിയിൽ ശാരീരിക ചേഷ്ടതകളെ മനസ്സിലാക്കിയില്ലെങ്കിൽ അതു തന്നെ ഒരു വിഗ്രഹമായി മാറാം. അത് നമ്മുടെ ആത്മാവിനെ ദൈവത്തിലേക്ക് ഉയർത്തുന്നതിന് തടസ്സമാകും. ശാരീരിക ചേഷ്ഠയെ മുൻ നിർത്തി പ്രാർത്ഥനയെ നയിക്കുന്നത് വളരെ ബുദ്ധിമുട്ടേറിയതാണ്. അത് ശരീരത്തിന്റെ ഒരു ഭ്രമമായി അധ:പധിക്കുകയും എല്ലാ ശാരീരിക അനുഭവങ്ങളും ആത്മീയാനുഭവങ്ങളായി തെറ്റിദ്ധരിക്കപെടാനും സാദ്ധ്യതയുണ്ട്.***

**28. ചില ശാരീരിക അനുഷ്ഠാനങ്ങൾ സ്വഭാവികമായി ആത്മീയാനുഭവത്തോട് വളരെ സദൃശ്യമായ ഉൾ പ്രകാശവും സ്നേഹാനുഭവവും ശാന്തതയും ഉത്കണ്ഠയില്ലാത്ത അവസ്ഥയും മറ്റു സുഖകരമായ അവസ്ഥകളേയും നൽകുന്നതാണ്. എന്നാൽ ഇവയെ പരിശുദ്ധാത്മാവിന്റെ ആധീകാരികമായ ആശ്വസിപ്പിക്കലുകളാണ് എന്ന് ധരിച്ചാൽ അത് ആത്മീയ ജീവിതത്തെകുറിച്ചുള്ള തെറ്റായ രീതികൾ സ്വീകരിക്കുകയാകും ചെയ്യുന്നത്.** അനുഷ്ഠിക്കുന്ന ആളുകളുടെ ധാർമ്മികനില ആ അനുഭവങ്ങളോട് ചേർന്നു പോകാത്തതാകുമ്പോൾ, ആ അനുഭവങ്ങളെ മിസ്റ്റിക്കൽ അനുഭവങ്ങളായി അവർ കണക്കാക്കുന്നു. എങ്കിൽ,

അത് വളരെയെറെ മാനസിക പ്രശ്നങ്ങളിലേക്കും ധാർമ്മിക വ്യതി ചല നങ്ങളിലേക്കും നയിക്കപ്പെടുന്നു.

അസമാധാനത്തിലും ഭിന്നതയിലും കഴിയുന്ന മനുഷ്യർ പൗരസ്ത്യ മതങ്ങളിലെ ധ്യാനരീതികളിലേയ്ക്ക് ആകർഷിക്കപ്പെടുന്നു ണ്ടെങ്കിലും ബാഹ്യമായ സമർദ്ദങ്ങൾക്ക് നടുവിൽ ദൈവത്തിന്റെ മുൻപിൽ പ്രാർത്ഥിക്കുന്ന ആളുകൾക്ക് ഈ ധ്യാനരീതികൾ ആന്തരിക സമാധാനം നല്കുവാൻ ഉതകുന്നവയല്ല.

ഒരു കാര്യം വളരെ നന്നായി ശ്രദ്ധിക്കേണ്ടതുണ്ട്. **ദൈവമായുള്ള സ്ഥിര സ്വഭാവത്തിലുള്ള ഐക്യം എന്നത് പുതിയ നിയമ സുവിശേഷം പറയുന്ന 'തുടർച്ചയായുള്ള പ്രാർത്ഥനയുടെ' ഫലമാണ്. അത് ആന്ത രിക ജാകരൂകതയുടെ ഫലമാണ്. അത് ഒരിക്കലും ഒരുവൻ ദൈവ ത്തിന്റെ ഹിത പ്രാകാരം അയൽക്കാരനെ പരിപാലിക്കാൻ തന്നെ തന്നെ സമർപ്പിക്കുമ്പോൾ നഷ്ടപ്പെടുന്നതല്ല ([34]).** അതിനാൽ നിങ്ങൾ ഭക്ഷി ക്കുമ്പോഴും പാനം ചെയ്യുമ്പോഴും ദൈവത്തിന്റെ മഹത്വത്തിനായ് ചെയ്യു വിൻ (1കോറി 10:31). ***യഥാർത്ഥ പ്രാർത്ഥന എന്നത്, യഥാർത്ഥത്തിൽ ആത്മീയ പിതാക്കന്മാർ പഠിപ്പിക്കുന്നതുപോലെ, പ്രാർത്ഥിക്കുന്നവന്റെ സ്നേഹത്തെ ഉണർത്തുന്നതും സഭയുടെ ദൗത്യത്തോട് സഹകരിച്ച് ദൈവ മഹത്വത്തിനുവേണ്ടി സഹോദരരെ ശുശ്രൂഷിക്കുന്നതുമാണ്. ([35]).***

# VII ഞാനാകുന്നു വഴി :

**29.** ***സഭ അനുശാസിക്കുന്ന വിവിധങ്ങളായ ക്രിസ്ത്യൻ പ്രാർത്ഥനകളിൽ നിന്ന് ഓരോ വിശ്വാസിയും അവരുടെതായ രീതി യിൽ പ്രാർത്ഥനാ രീതികളെ കണ്ടെത്തേണ്ടിയിരിക്കുന്നു. എന്നാൽ ഏത് രീതിയിലാണെങ്കിലും വ്യക്തിപരമായി തെരഞ്ഞെടുക്കുന്ന എല്ലാ രീതികളും അത്യന്തികമായി യേശുവിലൂടെ വെളിപ്പെട്ട പിതാവി ലേയ്ക്ക് എത്തിക്കുന്നതാകണം.*** അതിനാൽ ഒരുവൻ പ്രാർത്ഥനാ രീതി കളെ തെരഞ്ഞെടുക്കുമ്പോൾ വ്യക്തിപരമായ രുചികളെക്കാളേറെ അവനെ ക്രിസ്തുവിലൂടെ പിതാവായ ദൈവത്തിലേയക്ക് നയിക്കുന്ന പരിശുദ്ധാ ത്മാവിനാൽ നയിക്കപ്പെടാൻ അനുവദിക്കണം.

**30.** വളരെ ഗൗരവമായി ദൈവത്തെ അന്വേഷിക്കുന്നവനും മരു ഭൂമിയിൽ അലയുന്ന അവസ്ഥ, ദൈവത്തെ അനുഭവിക്കാൻ കഴിയാത്ത അവസ്ഥ അനുഭവപ്പെട്ടേക്കാം. പ്രാർത്ഥനയെ ഗൗരവമായി എടുക്കുന്ന വ്യക്തിയും ഇതുപോലെയുള്ള അവസ്ഥകളിൽ നിന്ന് ഒഴിവാക്കപ്പെടുന്നില്ല

എന്ന് പ്രാർത്ഥിക്കുന്നവൻ അറിഞ്ഞിരിക്കണം. ***എന്നിരുന്നാലും പ്രാർത്ഥിക്കുന്ന ഏതു ക്രിസ്ത്യാനിയും ഇത്തരത്തിലുള്ള അനുഭവങ്ങളെ പെട്ടെന്നു തന്നെ മിസ്റ്റിക്കൽ അർത്ഥത്തിൽ "ഇരുണ്ട രാത്രി"യായി നോക്കികാണാൻ പാടില്ല.*** ഇങ്ങനെയുള്ള അവസരങ്ങളിലും പ്രാർത്ഥനയുടെ മനോഭാവം നിശ്ചയ ദാർഢ്യത്തോടെ അവൻ തുടരണം. ഒരു "സ്വഭാവികമല്ലാത്ത" അവസ്ഥയായി അവന് തോന്നിയേക്കാം. ***യഥാർത്ഥത്തിൽ ആ സമയങ്ങളാണ് ദൈവത്തോടുള്ള വിശ്വസ്തത പ്രകടിപ്പിക്കാനുള്ള കൃത്യമായ സമയങ്ങൾ. ദൈവത്തിൽ നിന്ന് ഒരാശ്വാസവും തിരിച്ചു കിട്ടാതെയിരിക്കുമ്പോഴാണ് വിശ്വസ്തത അവൻ തെളിയിക്കേണ്ടത്.***

**ക്രിയാത്മകം എന്നു തോന്നാത്ത ഈ നിമിഷങ്ങൾ, പ്രാർത്ഥിക്കുന്ന ആൾ ശരിക്കും ദൈവത്തെയാണോ അന്വേഷിക്കുന്നത് അതോ അവനെതന്നെയാണോ അന്വേഷിക്കുന്നത് എന്നു തിരിച്ചറിയാനുള്ള നിമിഷങ്ങളാണ്.** ദൈവമായുള്ള ഐക്യത്തിൽ നിന്നുള്ള ക്രിയാത്മകമോ അല്ലെങ്കിൽ മിസ്റ്റിക്കൽ അനുഭവത്തിൽ നിന്നോ ഉള്ള ശൂന്യതയ്ക്ക് അപ്പുറത്തേയ്ക്ക് പോകാൻ അവൻ തയ്യാറാണോ എന്നതൊക്കെ ഈ നിമിഷങ്ങൾ വിളിച്ചറിയിക്കുന്നുണ്ട്.

**31. ക്രിസ്ത്യൻ ധ്യാനത്തിന്റെ ഒരെയൊരു ലക്ഷ്യമായ ദൈവസ്നേഹം എന്ന യാഥാർത്ഥ്യം ഏതെങ്കിലും രീതികളോ വിദ്യകളോ വഴി കരസ്ഥമാക്കാൻ കഴിയുന്നതല്ല.** ***മറിച്ച്, നമ്മുടെ ദൃഷ്ടി നമ്മോടുള്ള സ്നേഹത്തെ പ്രതി, ദൈവ സ്നേഹം കുരിശിലേക്ക് എത്തിക്കപ്പെടുകയും ബലിയായി അർപ്പിക്കപെടാൻ പിതാവിനാൽ കൈവിടപെടുകയും ചെയ്ത യേശു ക്രിസ്തുവിലുറപ്പിച്ചുകൊണ്ടായിരിക്കണം അത് പ്രാപിക്കേണ്ടത്. (മർക്കോ 15:34).*** *അതിനാൽ അവന്റെ സ്നേഹത്തിൽ പങ്കുപറ്റാനുള്ള വഴികൾ ഏതാണെന്ന് തീരുമാനിക്കാൻ നാം ദൈവത്തെ അനുവദിക്കണം. എന്നാൽ നാം നമ്മളെതന്നെ ധ്യാനത്തിന്റെ ലക്ഷ്യമായ സൗജന്യമായ ദൈവസ്നേഹത്തിന്റെ അതേ നിലയിൽ വെയ്ക്കരുത്. ആ ദൈവ സ്നേഹം നമുക്ക് ലഭിച്ചത് പിതാവായ ദൈവത്തിന്റെ കരുണയാലും യേശുക്രിസ്തുവിലൂടെ നമ്മുടെ ഹൃദയങ്ങളിലേയ്ക്ക് വർഷിക്കപ്പെട്ട പരിശുദ്ധാത്മാവ് മൂലമാണ് എന്ന് നാം അംഗീകരിക്കേണ്ടതുണ്ട്.*

എത്ര കണ്ട് ഒരു സൃഷ്ടി ദൈവത്തിലേക്ക് അടുക്കുവാൻ അനുവദിക്കപെടുന്നുവോ അത്ര കണ്ട് പരിശുദ്ധത്രിത്വത്തിന്റെ മുൻപിൽ അവൻ ആദരിക്കപ്പെടും. ഇത്തരുണത്തിൽ സെന്റ് അഗസ്റ്റിന്റെ വാക്കുകൾ ഓർക്കു

ന്നത് നല്ലതാണ്. ***"നിനക്ക് എന്നെ സ്നേഹിതൻ എന്ന് വിളിക്കാം; ഞാൻ എന്നെ തന്നെ ഒരു സേവകനായി കണക്കാക്കുന്നു*** ***(36).*** അല്ലെങ്കിൽ നമ്മുക്ക് ഏറ്റവും സുപരിചിതമായ, ദൈവവുമായുള്ള ഏറ്റവും ഉയർന്ന ഐക്യം സമ്മാനിക്കപ്പെട്ട പരിശുദ്ധ കന്യാമറിയത്തിന്റെ വാക്കുകൾ ഓർക്കാം. ***"അവിടുന്ന് തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു" (ലൂക്കാ :48)***

***The Supreme Pontiff, John Paul II, in an audience granted to the undersigned Cardinal Prefect, gave his approval to this letter, drawn up in a plenary session of this Congregation, and ordered its publication.***
***At Rome, from the offices of the Congregation for the Doctrine of the Faith, October 15, 1989, the Feast of Saint Teresa of Jesus.***
***+ Joseph Card, Ratzinger Prefect (Pope Emiritus Benedict XVI)***
***+ Alberto Bovone***
***Titular Archbishop of Caesarea in Numidia Secretary***

*കത്തോലിക്കസഭയുടെ പരമാദ്ധ്യക്ഷനായ ജോൺപോൾ രണ്ടാമൻ, വിശ്വാസ തിരുസംഘത്തിന്റെ പ്ലനറി സെഷനിൽ തയ്യാറാക്കിയ ഈ കത്തിന്, താഴെ ഒപ്പിട്ടിരിക്കുന്ന കർദ്ദിനാൾ പ്രീഫെക്റ്റിന് അനുമതി കൊടുക്കുകയും ഇത് പ്രസിദ്ധീകരിക്കുവാൻ ഉത്തരവ് ഇടുകയും ചെയ്തു.*

*ഈശോയുടെ വിശുദ്ധയായ തെരേസയുടെ തിരുനാൾ ദിനം, 15-10- 1989,*

*റോം, വിശ്വാസ തിരുസംഘത്തിന്റെ ഓഫീസിൽ നിന്ന്*

***+ കർദ്ദിനാൾ പ്രീഫെക്റ്റ് ജോസഫ് റാറ്റ്സിംങ്ങർ***
***(പോപ്പ് എമിരറ്റസ് ബെനഡിക്റ്റ് XVI)***
***+ അൽബർട്ടോ ബോവാനെ***
***ടിട്ടൂലാർ ആർച്ച് ബിഷപ്പ്, കസെറിയ, ന്യൂമിഡിയ, സെക്രട്ടറി***

# END NOTES

* AAS 82 (1990) 362-379.

1. The expression "eastern methods" is used to refer to methods which are inspired by Hinduism and Buddhism, such as "Zen," "Transcendental Meditation" or "Yoga." Thus it indicates methods of meditation of the non-Christian Far East which today are not infrequently adopted by some Christians also in their meditation. The orientation of the principles and methods contained in this present document is intended to serve as a reference point not just for this problem, but also, in a more general way, for the different forms of prayer practiced nowadays in ecclesial organizations, particularly in associations, movements and groups.

2. Regarding the Book of Psalms in the prayer of the Church, cf. Institutio generalis de Liturgia Horarum, nn. 100-109.

3. Cf. for example, Ex 15; Deut 32; 1 Sam 2; 2 Sam 22 and some prophetic texts, 1 Chron 16.

4. Dogm. Const. Dei Verbum, n. 2. This document offers other substantial indications for a theological and spiritual understanding of Christian prayer; see also, for example, nn. 3, 5, 8, 21.

5. Dogm. Const. Dei Verbum, n. 25.

6. Regarding the prayer of Jesus, see Institutio generalis de Liturgia Horarum, nn. 3-4.

7. Cf. Institutio generalis de Liturgia Horarum, n. 9.

8. Pseudognosticism considered matter as something impure and degraded which enveloped the soul in an ignorance from which prayer had to free it, thereby raising it to true superior knowledge and so to a pure state. Of course not everyone was capable of this, only those who were truly spiritual; for simple believers, faith and the observance of the commandments of Christ were sufficient.

9. The Messalians were already denounced by St. Ephraim Syrus

(Hymni contra Haereses 22, 4, ed. E. Beck, CSCO 169, 1957, p. 79) and later, among others, by Epiphanius of Salamina (Panarion, also called Adversus Haereses: PG 41, 156-1200; PG 42, 9-832), and Amphilochius, Bishop of Iconium (Contra haereticos: G. Ficker, Amphilochiana I, Leipzig 1906, 21-77).

10. Cf., for example, St. John of the Cross, Subida del Monte Carmelo, II, chap. 7. 11.

11. In the Middle Ages there existed extreme trends on the fringe of the Church. These were described not without irony, by one of the great Christian contemplatives, the Flemish Jan van Ruysbroek. He distinguished three types of deviations in the mystical life (Die gheestelike Brulocht 228, 12-230, 17; 230, 18-32, 22; 232, 23-236, 6) and made a general critique of these forms (236, 7-237, 29). Similar techniques were subsequently identified and dismissed by St. Teresa of Avila who perceptively observed that "the very care taken not to think about anything will arouse the mind to think a great deal," and that the separation of the mystery of Christ from Christian meditation is always a form of "betrayal" (see: St. Teresa of Jesus, Vida 12, 5 and 22, 1-5).

12. Pope John Paul II has pointed out to the whole Church the example and the doctrine of St. Teresa of Avila who in her life had to reject the temptation of certain methods which proposed a leaving aside of the humanity of Christ in favor of a vague self-immersion in the abyss of the divinity. In a homily given on November 1st, 1982, he said that the call of Teresa of Jesus advocating a prayer completely centered on Christ "is valid, even in our day, against some methods of prayer which are not inspired by the Gospel and which in practice tend to set Christ aside in preference for a mental void which makes no sense in Christianity. Any method of prayer is valid insofar as it is inspired by Christ and leads to Christ who is the Way, the Truth and the Life (cf. Jn 14:6)." See: Homilia Abulae habita in honorem Sanctae Teresiae: AAS 75 (1983), 256-257.

13. See, for example, The Cloud of Unknowing, a spiritual work by an anonymous English writer of the fourteenth century.

14. In Buddhist religious texts, the concept of "Nirvana" is under-

stood as a state of quiet consisting in the extinction of every tangible reality insofar as it is transient, and as such delusive and sorrowful.

15. Meister Eckhart speaks of an immersion "in the indeterminate abyss of the divinity" which is a "darkness in which the light of the Trinity never shines." Cf. Sermo "Ave Gratia Plena" in fine (J. Quint, Deutsche Predigten und Traktate, Hanser 1955, 261).

16. Cf. Past. Const. Gaudium et spes, n. 19, 1: "The dignity of man rests above all on the fact that he is called to communion with God. The invitation to converse with God is addressed to man as soon as he comes into being. For if man exists it is because God has created him through love, and through love continues to hold him in existence. He cannot live fully according to truth unless he freely acknowledges that love and entrusts himself to his creator."

17. As St. Thomas writes of the Eucharist: "… proprius effectus huius sacramenti est conversio hominis in Christum, ut dicat cum Apostolo: 'Vivo ego, iam non ego; vivit vero in me Christus' (Gal 2:20)" (In IV Sent., d. 12, q. 2, a. 1).

18. Decl. Nostra aetate, n. 2.

19. St. Ignatius of Loyola, Ejercicios espirituales, n. 23 et passim.

20. Cf. Col 3:5; Rom 6:11ff.; Gal 5:24.

21. St. Augustine. Enarrationes in Psalmos XLI, 8: PL 36, 469.

22. St. Augustine, Confessiones 3, 6, 11: PL 32, 688. Cf. De vera Religione 39, 72: PL 34, 154.

23. The positive Christian sense of the "emptying" of creatures stands out in an exemplary way in St. Francis of Assisi. Precisely because he renounced creatures for love of God, he saw all things as being filled with his presence and resplendent in their dignity as God's creatures, and the secret hymn of their being is intoned by him in his Cantico delle Creature. Cf. C. Esser, Opuscula Sancti Patris Francisci Assisiensis, Ed. Ad Claras Aquas, Grottaferrata (Roma) 1978, pp. 83-86. In the same way he writes in the Lettera a tutti i fedeli: "Let every creature in heaven and on earth and in the sea and in the depth of the abyss (Rev 5: 13) give praise, glory and honor and blessing to

God, for he is our life and our strength. He who alone is good (Lk 18: 19), who alone is the most high, who alone is omnipotent and admirable, glorious and holy, worthy of praise and blessed for infinite ages of ages. Amen" (ibid. Opuscula… 124).

St. Bonaventure shows how in every creature Francis perceived the call of God and poured out his soul in the great hymn of thanksgiving and praise (cf. Legenda S Francisci, chap. 9, n. 1, in Opera Omnia, ed. Quaracchi 1898, Vol. VIII, p. 530).

24. See, for example, St. Justin, Apologia I, 61, 12-13: PG 6, 420-421; Clement of Alexandria, Paedagogus I, 6, 25-31: PG 8, 281- 284; St. Basil of Caesarea, Homiliae diversae 13, 1: PG 31, 424- 425; St. Gregory Nazianzen, Orationes 40, 3, 1: PG 36, 361.

25. Dogm. Const. Dei Verbum, n. 8.

26. The Eucharist, which the Dogmatic Constitution Lumen Gentium defines as "the source and summit of the Christian life" (LG 11), makes us "really share in the body of the Lord"; in it "we are taken up into communion with him" (LG 7).

27. Cf. St. Teresa of Jesus, Castillo Interior IV, 1, 2.

28. No one who prays, unless he receives a special grace, covets an overall vision of the revelations of God, such as St. Gregory recognized in St. Benedict. or that mystical impulse with which St. Francis of Assisi would contemplate God in all his creatures, or an equally global vision, such as that given to St. Ignatius at the River Cardoner and of which he said that for him it could have taken the place of Sacred Scripture. The "dark night" described by St. John of the Cross is part of his personal charism of prayer. Not every member of his order needs to experience it in the same way so as to reach that perfection of prayer to which God has called him.

29. The Christian's call to "mystical" experiences can include both what St. Thomas classified as a living experience of God via the gifts of the Holy Spirit, and the inimitable forms (and for that reason forms to which one ought not to aspire) of the granting of grace. Cf. St. Thomas Aquinas, Summa Theologiae, Ia-IIae, q. 68, a. 1 c, as well as a. 5, ad 1.

30. See, for example, the early writers, who speak of the postures taken up by Christians while at prayer: Tertullian, De Oratione XIV: PL 1, 1170; XVII: PL 1, 1174-1176; Origen, De Oratione XXXI, 2: PG 11, 550-553, and of the meaning of such gestures: Barnabas, Epistula XII, 2-4: PG 2, 760-761; St. Justin, Dialogus 90, 4-5: PG 6, 689-692; St. Hippolytus of Rome, Commentarium in Dan. III, 24: GCS I, 168, 8-17; Origen, Homiliae in Ex. XI, 4: PG 12, 377-378. For the position of the body see also, Origen, De Oratione, XXXI, 3: PG 11, 553-555.

31. Cf. St. Ignatius of Loyola, Ejercicios Espirituales, n. 76.

32. Such as, for example, that of the Hesychast anchorites. Hesychia or external and internal quiet is regarded by the anchorites as a condition of prayer. In its oriental form it is characterized by solitude and techniques of recollection.

33. The practice of the "Jesus Prayer," which consists of repeating the formula, rich in biblical references, of invocation and supplication (e.g., "Lord Jesus Christ, Son of God, have mercy on me"), is adapted to the natural rhythm of breathing. In this regard, see St. Ignatius of Loyola, Ejercicios Espirituales, n. 258

34. Cf. 1 Thess 5: 17, also 2 Thess 3: 8-12. From these and other texts there arises the question of how to reconcile the duty to pray continually with that of working. See, among others, St. Augustine, "Epistula" 130, 20: PL 33, 501-502 and St. John Cassian, De Institutis coenobiorum III, 1-3: SC 109, 92-93. Also, the Demonstration of Prayer by Aphraat, the first father of the Syriac Church, and in particular nn. 14-15, which deal with the so-called "works of Prayer" (cf. the edition of J. Parisot, Afraatis Sapientis Persae Demonstrationes IV: PS 1, pp. 170-174).

35. Cf. St. Teresa of Jesus, Castillo Interior VII, 4, 6.

36. St. Augustine, Enarrationes in Psalmos CXLII, 6: PL 37, 1849. Also see: St. Augustine, Tract. in Ioh. IV, 9: PL 35, 1410: "Quando autem nec ad hoc dignum se dicit, vere plenus Spiritu Sancto erat, qui sic servus Dominum agnovit, etex servo amicus fieri meruit."